# ബൈബിൾഭാഷ്യം


പരിശുദ്ധാത്മാവും സഭയും

പുത്രസ്വീകാര്യത്തിന്റെ ആത്മാവ്

ഡോ. ജോസഫ് പാത്രപാങ്കൽ

വരദാനങ്ങൾ സെന്റ് പോളിന്റെ ലേഖനങ്ങളിൽ

ഫാ. സീൻ കെല്ലെഹെർ

പ്രാർത്ഥനയും പരിശുദ്ധാത്മാവും

ഫാ. മാത്യു വെള്ളാനിക്കൽ

ധീരമായ കാൽവെപ്പ്

ഫാ. ജെ. വലിയമംഗലം

ഗ്രന്ഥനിരൂപണം

ബൈബിൾ ആരാധനക്രമത്തിൽ




1976

സെപ്തംബർ

www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com

ബൈബിൾവിജ്ഞാനീയത്തിന്
ഒരു ത്രൈമാസികം

# ബൈബിൾഭാഷ്യം

വാല്യം V ലക്കം 3 സെപ്റ്റംബർ, 1976

## പരിശുദ്ധാരൂപിയും സഭയും

പേജ്

പത്രാധിപക്കുറിപ്പ് 211

പുത്രസ്വീകാര്യത്തിന്റെ അരൂപി 213
ഡോ. ജോസഫ് പാത്രപാങ്കൽ

വരദാനങ്ങൾ സെന്റ് പോളിന്റെ ലേഖനങ്ങളിൽ 227
ഫാ. സീൻ കെല്ലെഹെർ

പ്രാർത്ഥനയും പരിശുദ്ധാരൂപിയും 237
ഫാ. മാത്യു വെള്ളാനിക്കൽ

ധീരമായ കാൽവെപ്പ് 255
ഫാ. ജെ. വലിയമംഗലം

ഗ്രന്ഥനിരൂപണം 264

ബൈബിൾ ആരാധനക്രമത്തിൽ 266

സെന്റ് തോമസ് അപ്പോസ്തോലിക് സെമിനാരി
വടവാതൂർ, കോട്ടയം – 686010

www.malankaralibrary.com

## വരിക്കാരുടെ ശ്രദ്ധയ്ക്ക്

1 ബൈബിൾഭാഷ്യം മാർച്ച്, ജൂൺ, സെപ്തംബർ, ഡിസംബർ മാസങ്ങളിലാണ് പ്രസിദ്ധീകരിക്കുക.

2 ലേഖകരുടെ വ്യക്തിപരമായ അഭിപ്രായങ്ങൾ പത്രാധിപസമിതി അംഗീകരിക്കുന്നതാകണമെന്നില്ല.

3 പ്രസിദ്ധീകരണത്തിനുള്ള ലേഖനങ്ങൾ, പകരം അയയ്ക്കുന്ന പ്രസിദ്ധീകരണങ്ങൾ, നിരൂപണത്തിനുള്ള ഗ്രന്ഥങ്ങൾ, അന്വേഷണങ്ങൾ, അഭിപ്രായങ്ങൾ എന്നിവ ചീഫ് എഡിറ്റർ, ബൈബിൾ ഭാഷ്യം, വടവാതൂർ കോട്ടയം– 686010എന്ന വിലാസത്തിൽ അയയ്ക്കുക.

4 വരിസംഖ്യ മുൻകൂർ, മണിയോർഡറായി അയയ്ക്കുക. ചെക്കുകൾ സ്വീകരിക്കുന്നതല്ല.

5 കത്തിടപാടുകളിൽ രജിസ്റ്റർനമ്പർ പ്രത്യേകം കാണിച്ചിരിക്കണം.

മേൽവിലാസം

മാനേജർ
ബൈബിൾഭാഷ്യം
വടവാതൂർ
കോട്ടയം–686010

വാർഷികവരിസംഖ്യ

| | |
|---|---|
| മലയാളം | 7 ക. |
| ഒററപ്രതി | 1. 75 ക. |
| ഇംഗ്ലീഷ് | 10 ക. |
| ഒററപ്രതി | 2. 50 ക. |

www.malankaralibrary.com

# പത്രാധിപക്കുറിപ്പ്

അഭൂതപൂർവ്വവും നവ്യവുമായൊരു ചൈതന്യവിശേഷം കത്തോലിക്കാസഭയിൽ ഇന്നനുഭവവേദ്യമാണ്. ഏററം ലൗകികീകൃതമായ ഒരു സമൂഹത്തിൽ രൂപംകൊള്ളുകയും വളർച്ച പ്രാപിക്കയും ചെയ്ത കരിസ്മാററിക് നവീകരണപ്രസ്ഥാനം ഇന്ന് സഭയിലാകമാനം ചലനം സൃഷ്ടിക്കുന്നു. അല്മായരാണ് ഈ പ്രസ്ഥാനത്തിനു മുൻകയ്യെടുത്തതെങ്കിലും വൈദികരും വൈദികവിദ്യാർത്ഥികളും സന്യാസീസന്യാസിനികളുമെല്ലാം അതിൽ അതീവതാല്പര്യം പ്രകടിപ്പിച്ചുതുടങ്ങിയിട്ടുണ്ട്.

രണ്ടാം വത്തിക്കാൻ കൗൺസിൽ തുടങ്ങിവച്ച ''അധുനാധുനീകരണം'' സ്ഥലകാലസാഹചര്യങ്ങൾക്കനുസൃതമായ അനുരൂപണങ്ങൾക്ക് വഴിതെളിച്ചു. ഇന്നതു് ആദ്ധ്യാത്മികനവീകരണത്തിന്റെ പാതയിൽ എത്തിനിൽക്കുകയാണ്. സംഘാതമായ അനുരൂപണങ്ങൾക്കുപരി വ്യക്തിതലത്തിലുള്ള പരിവർത്തനത്തിനു പ്രാമുഖ്യം ലഭിച്ചുവരികയാണെന്നു തോന്നുന്നു. ഇതു് ഒരു നവ്യപന്തക്കുസ്തായുടെ പ്രതീതിയാണുളവാക്കുക. അരൂപിയുടെ പ്രവർത്തനത്തെപ്പററിയുള്ള ആഴമായ അവബോധം വിശ്വാസികൾക്കുണ്ടായിത്തുടങ്ങിയിരിക്കുന്നു. ദൈവാരൂപി ലോകത്തിലേയ്ക്കു് പുതുജീവൻ നിശ്വസിക്കുകയത്രേ. അരൂപിയിലധിഷ്ഠിതമായ സമ്പൂർണ്ണജീവിതനവീകരണമാണ് ഇതിന്റെ ഫലം.

ഈ പശ്ചാത്തലത്തിലാണ് ബൈബിൾഭാഷ്യം ക്രൈസ്തവജീവിതത്തിൽ പരിശുദ്ധാരൂപിയുടെ പ്രവർത്തനത്തെപ്പററിയുള്ള പുതിയനിയമപഠനങ്ങൾ അവതരിപ്പിക്കുക. സുവിശേഷങ്ങളെ ആസ്പദമാക്കിയുള്ള പഠനമായിരുന്നല്ലോ കഴിഞ്ഞ ലക്കം. ഈ ലക്കത്തിൽ പ്രധാനമായും അപ്പസ്തോലനടപടിയിലും പൗലോസ് ശ്ലീഹായുടെ ലേഖനങ്ങളിലുമുള്ള പഠനങ്ങളാണുള്ളതു്.

ധർമ്മാരാം കോളേജിലെ ഡീനും വി. ഗ്രന്ഥാധ്യാപകനുമായ ജോസഫ് പാത്രപാങ്കൽ ക്രിസ്ത്യാനികളുടെ ജീവിതത്തിൽ അരൂപിയുടെ ധർമ്മം റോമ. 8–ാം അധ്യായത്തെ ആസ്പദമാക്കി വിവരിക്കുന്നു. വി. പൗലോസിന്റെ ദൈവശാസ്ത്രസമ്പുഷ്ടമായ ഈ ലേഖനത്തിന്റെ കേന്ദ്രാധ്യായത്തെപ്പററി ലേഖകൻ നടത്തുന്ന പഠനം ഏവർക്കും ആധ്യാത്മികപ്രചോദനമരുളാൻ പോന്നതാണ്.

www.malankaralibrary.com

ബാംഗ്ലൂരിലെ റിഡംപ്റ്ററിസ്റ്റ് സെമിനാരിയിൽ വി. ഗ്രന്ഥം പഠിപ്പിക്കുന്ന സീൻ കെല്ലെഹെർ സഭാജീവിതത്തിൽ വരദാനങ്ങൾക്കുള്ള സ്ഥാനത്തെപ്പറ്റി പ്രതിപാദിക്കുന്നു. വി. പൗലോസിന്റെ ലേഖനങ്ങളുടെ വെളിച്ചത്തിൽ, അദ്ദേഹം വരദാനങ്ങളുടെ ഉത്ഭവവും സ്വഭാവവും വിവരിക്കുന്നു. തുടർന്ന് വിവിധ വരങ്ങളെപ്പറ്റിയുള്ള വിശകലനമാണ്.

പ്രാർത്ഥനയിൽ അരൂപിയുടെ ധർമ്മമാണ് ഫാ. മാത്യു വെള്ളാനിക്കൽ വിശദീകരിക്കുക. ഈശോയുടെ പ്രാർത്ഥനയിൽ അരൂപിക്കുള്ള സ്ഥാനത്തെപ്പറ്റി പറഞ്ഞിട്ട് ക്രിസ്ത്യാനികളുടെ പ്രാർത്ഥനയെപ്പറ്റി പ്രതിപാദിക്കുന്നു. പ്രാർത്ഥനാവരത്തിന്റെ ഒരു പ്രത്യേകരൂപമായ ഭാഷാവരത്തേയും അദ്ദേഹം വിശകലനം ചെയ്യുന്നുണ്ട്.

കോട്ടയം സെമിനാരിയിലെ അധ്യാപകനായ ജോസഫ് വലിയമംഗലത്തിന്റേതാണ് അടുത്ത ലേഖനം. വി. ഗ്രന്ഥത്തിൽ ഉന്നതബിരുദം നേടിയിട്ടുള്ള ഇദ്ദേഹത്തിനു ദൈവശാസ്ത്രത്തിൽ ഡോക്ടറേറ്റും തത്ത്വശാസ്ത്രത്തിൽ മാസ്റ്റർ ബിരുദവുമുണ്ട്. അദ്ദേഹം നടപടി പുസ്തകത്തിന്റെ വെളിച്ചത്തിൽ സഭയുടെ സാർവ്വത്രികദൗത്യത്തിൽ പരിശുദ്ധാരൂപി വഹിക്കുന്ന പങ്കിനെപ്പറ്റി പഠനം നടത്തുന്നു.

www.malankaralibrary.com

# പുത്രസ്വീകാര്യത്തിന്റെ അരൂപി: റോമ. 8

ആത്മാവ്, പുത്രസ്വീകാര്യം, സ്വാതന്ത്ര്യം, നിയമം, പാപം എന്നീ പദങ്ങൾ വിശുദ്ധ പൗലോസിന്റെ ലേഖനങ്ങളിൽ, പ്രത്യേകിച്ച് റോമാക്കാർക്കും ഗലാത്തിയാക്കാർക്കുമുള്ള ലേഖനങ്ങളിൽ, ഉടനീളം കാണാം. പ്രസ്തുത ആശയങ്ങളെപ്പററിയും അവ തമ്മിലുള്ള പരസ്പരബന്ധത്തെപ്പററിയും വിശദമായി പഠിക്കുമ്പോൾ വ്യക്തമാകുന്നത് ഇവയുടെ എല്ലാം അടിസ്ഥാനമായി നില്ക്കുന്ന യാഥാർത്ഥ്യം ഉത്ഥിതനായ ക്രിസ്തുവിന്റെ ആത്മാവാണെന്നാണ്. നിയമത്തിന്റേയും പാപത്തിന്റേയും മരണത്തിന്റേയും അടിമത്തത്തിൽ നിന്ന് മനുഷ്യനെ മോചിപ്പിച്ച് ദൈവപുത്രസ്ഥാനത്തേയ്ക്ക് അവനെ ഉയർത്തുന്നത് പരിശുദ്ധാത്മാവാണ്. അതുകൊണ്ടാണ് ആത്മാവിനെ സ്വീകരിച്ചവരായ ഗലാത്തിയാക്കാരുമായി അഭിപ്രായഭിന്നത ഉണ്ടായപ്പോൾ പൗലോസ് ചോദിക്കുന്നത്, ''നിങ്ങൾ ആത്മാവിനെ സ്വീകരിക്കുന്നത് നിയമത്തിന്റെ പ്രവൃത്തികളിൽനിന്നോ അതോ വിശ്വാസത്തോടുകൂടിയ വചനശ്രവണത്തിൽനിന്നോ?'' (ഗാല. 3: 2) അരൂപിയുടെ ദാനവും അനുഭവവും വിശ്വാസിയുടെ ജീവിതത്തിൽ നിറഞ്ഞുനില്ക്കേണ്ട ഒന്നാണ്. ഈ അനുഭവം താൻ ഒരു പുതിയ സൃഷ്ടിയാണെന്നും പുതിയ ഒരു മനുഷ്യസമൂഹത്തിലെ അംഗമാണെന്നുമുള്ള ബോധ്യം അവനു നല്കും.

ക്രിസ്തീയജീവിതത്തിൽ അരൂപിയുടെ സ്ഥാനം മനോഹരമായി വിവരിച്ചിട്ടുള്ള ഒരു ഭാഗമാണ് റോമാക്കാർക്കുള്ള ലേഖനം 8-ാം അദ്ധ്യായം. റോമാക്കാർക്കുള്ള ലേഖനത്തിന്റെ മധ്യഭാഗത്ത് വരുന്നതുകൊണ്ട് ഈ അദ്ധ്യായത്തെ ലേഖനത്തിന്റെ ഹൃദയഭാഗമെന്ന് സഭാപിതാക്കന്മാർ വിശേഷിപ്പിക്കുന്നു. ദൈവശാസ്ത്രപരമായ പല ഉൾക്കാഴ്ചകളുള്ള ഈ ഭാഗത്ത് പൗലോസിന്റെ പ്രബോധനത്തിന്റെ ഏററവും രൂപഭദ്രമായ പ്രതിപാദനം കാണാം.

ദൈവശാസ്ത്രപരമായ ഈ വിശകലനങ്ങൾ 5-ാം അദ്ധ്യായം മുതൽ ആരംഭിക്കുന്നു. ദൈവത്തിന്റെ അനന്തസ്നേഹംമൂലം അവിടുത്തെ കോപത്തിൽനിന്ന് ക്രിസ്ത്യാനികൾ മോചിപ്പിക്കപ്പെട്ടിരിക്കുന്നു (റോമ. 5: 1-11). പാപത്തിൽനിന്നും (5: 12-21) മരണത്തിൽനിന്നും (6: 1-14) നിയമത്തിൽ നിന്നുമുള്ള (7: 1-6)

www.malankaralibrary.com

സ്വാതന്ത്ര്യം ഈ വിമോചനത്തിൽ അടങ്ങിയിട്ടുണ്ട്. അത് നിഷേധാത്മകവശം മാത്രമാണ്. യഥാർത്ഥത്തിൽ ഈ മോചനം പുതിയ ജീവിതത്തിലേയ്ക്കുള്ള— ആത്മാവിലുള്ള ജീവിതത്തിലേയ്ക്കുള്ള– പ്രവേശനമാണ്. ഈ പുതിയ ജീവിതത്തിന്റെ സിരാകേന്ദ്രം ആത്മാവത്രേ. വിശ്വാസികൾക്ക് പുത്രസ്ഥാനം നല്കുന്നത് ഈ ആത്മാവാണ്. അതുകൊണ്ടാണ് പൗലോസ് പറയുന്നത്: ''അടിമത്തത്തിന്റെ അരൂപിയെയല്ല മറിച്ച് പുത്രസ്വീകാര്യത്തിന്റെ അരൂപിയെയാണ് നിങ്ങൾ സ്വീകരിച്ചിരിക്കുന്നത്''' (റോമ. 8: 15). യവനരുടെ ഭാഷയിൽ കാണുന്ന ഒരു സാങ്കേതിക പദമാണ് പുത്രത്വം (ഹ്യുയോതെസിയ). ദത്തെടുക്കുക എന്ന സമ്പ്രദായം യഹൂദർക്ക് അജ്ഞാതമായിരുന്നു. തെരഞ്ഞെടുപ്പ് എന്ന അർത്ഥത്തിൽ ഇസ്രായേലിന്റെ ദത്തെടുപ്പിനെപ്പററി ശ്ലീഹാ പറയുന്നുണ്ട് (റോമ. 9: 4). ആത്മാവു വഴിയായുള്ള വിശ്വാസികളുടെ ദത്തെടുപ്പിനെപ്പററിയും പൗലോസിന്റെ ലേഖനങ്ങളിൽ കാണാം (റോമ. 8: 23; ഗാലാ. 4: 3; എഫേ· 1: 15). സപ്തതിയിൽ ഈ പദം കാണുന്നില്ല. പൗലോസ് ഈ പ്രയോഗം ഗ്രീക്കുഭാഷയിൽനിന്നും കടമെടുത്തതാണെന്ന് അനുമാനിക്കാം. യവനചിന്താഗതി അനുസരിച്ച് ആരെങ്കിലും ഒരാളെ ദത്തെടുത്താൽ ദത്തെടുക്കപ്പെട്ടയാൾ ദത്തെടുക്കുന്ന ആളിന്റെ കുടുംബത്തിലെ അംഗമായിത്തീരുകയും അയാളുടെ കുടുംബത്തിന്റെ പേരിനും സ്വത്തിനും അവകാശിയായിത്തീരുകയും ചെയ്യുന്നു. പൗലോസിന്റെ വീക്ഷണമനുസരിച്ച് ദത്തെടുപ്പുവഴി പാപി ദൈവവുമായി ഒരു പുതിയ ബന്ധത്തിലേപ്പെടുകയും അതുവഴി ദൈവം അയാളുടെ പിതാവായിത്തീരുകയും അങ്ങനെ അയാൾ ക്രിസ്തുവിനോടുകൂടി സ്വർഗ്ഗീയസമ്പത്തിന്റെ കൂട്ടവകാശിയായിത്തീരുകയും ചെയ്യുന്നു. ഗലാത്തിയക്കാരുടെ ലേഖനം മൂന്നും (3: 23) നാലും (4: 7) അദ്ധ്യായങ്ങളിൽ എങ്ങനെയാണ് പാപികൾ പാപത്തിന്റെ ദാസ്യത്തിൽനിന്നും ദൈവമക്കളുടെ സ്വാതന്ത്ര്യത്തിലേയ്ക്ക് ആനയിക്കപ്പെടുന്നത് എന്നു ശ്ലീഹാ വ്യക്തമാക്കുന്നു. ഈ പരിവർത്തനത്തെയാണ് പൗലോസ് ദത്തെടുപ്പ് എന്ന് വിളിക്കുന്നത്. വിശ്വാസവും മാമ്മോദീസായുംവഴി വിശ്വാസികൾ ദൈവപുത്രരായിത്തീരുകയും അതുവഴി ക്രിസ്തുവിനെ സ്വീകരിക്കയും ചെയ്യുന്നു. ഇതവരെ ക്രിസ്തുവിന്റെ വ്യക്തിത്വവുമായി ഒന്നാക്കിത്തീർക്കുന്നു (റോമ. 3: 26–29), അങ്ങനെ അവർ വാഗ്ദാനപ്രകാരമുള്ള അവകാശികളുമായിത്തീരുന്നു (റോമ. 3: 29).

പൗലോസിനെ സംബന്ധിച്ചിടത്തോളം വിശ്വാസികൾക്കു ലഭിക്കുന്ന ഈ ദത്തുപുത്രസ്ഥാനം ബാഹ്യമാത്രമായ ഒന്നല്ല. മറിച്ച്, ദൈവാരൂപിയും മനുഷ്യാത്മാവും തമ്മിലുള്ള ഗാഢമായ ഐക്യംവഴി ഒരാന്തരിക രൂപാന്തരണം നടക്കുന്നുണ്ട്. വിശ്വാസിക

www.malankaralibrary.com

ളിലുള്ള അരൂപിയുടെ സാന്നിദ്ധ്യത്തെ അവക്ക് നൽകപ്പെട്ടിരിക്കുന്ന അച്ചാരമായും (arrabon, 2 കൊറി. 1: 22; 5: 5; എഫെ. 1: 13) ആദ്യഫലമായും (aparchē, റോമ. 8: 23) പൗലോസ് വിശേഷിപ്പിക്കുന്നു. ഈ വിശേഷണങ്ങൾ എല്ലാം അരൂപിയുടെ ദാനംമൂലം വിശ്വാസികൾക്ക് ഒരു നവജീവൻ ലഭിക്കുന്നുണ്ടെന്ന് വ്യക്തമാക്കുന്നു. അവർ ഒരു പുതിയ സൃഷ്ടിയും (2 കൊറി. 5: 1) പുതിയ ജനപദവും (എഫേ. 2: 15) ദൈവത്തിന്റെ പുതിയ ആലയവുമാണ് (1 കൊറി. 3: 16). അതോടൊപ്പംതന്നെ ഈ പ്രയോഗങ്ങൾ വ്യക്തമാക്കുന്നത് ഒരച്ചാരം മാത്രമായാണ് അരൂപി നമുക്ക നൽകപ്പെട്ടിരിക്കുന്നതെന്നാണ്. ആത്മാവിന്റെ ആദ്യഫലങ്ങൾ മാത്രമേ നമുക്ക് നൽകപ്പെട്ടിട്ടുള്ളു. നാം അരൂപിയാൽ ഇനിയും പൂർണ്ണമായി നിറയപ്പെട്ടിട്ടില്ല. നമുക്ക ലഭിക്കാനിരിക്കുന്ന പ്രതിഫലത്തിന്റെ അച്ചാരവും ഉറപ്പുമാണ് അരൂപി. നമ്മുടെ ദത്തുപുത്രസ്ഥാനത്തിന്റെ അടിസ്ഥാനവും അച്ചാരവുമാണ് അവിടുന്ന്. അതുപോലെ പുതിയ ജീവിതത്തിന്റെ അടിസ്ഥാനതത്ത്വമായി, നിയമമായി, അരൂപി വർത്തിക്കുന്നു.

## ആത്മാവ്– ക്രിസ്ത്യാനിയുടെ പുതുജീവന്റെ സ്രോതസ്സ് (8: 1–13)

"ഈശോമിശിഹായിലുള്ള ജീവാത്മാവിന്റെ നിയമം പാപത്തിന്റേയും, മരണത്തിന്റേയും നിയമത്തിൽനിന്ന് എന്നെ സ്വതന്ത്രനാക്കിയിരിക്കുന്നു" (റോമ. 8: 2). നിയമത്തോടെതിർത്ത് വിശ്വാസികളുടെ സ്വാതന്ത്ര്യം സംരക്ഷിക്കുവാൻ വ്യഗ്രത കാണിക്കുന്ന പൗലോസ് (ഗാല. 5: 1) ഇതാ വേറൊരു നിയമത്തിന്റെ– ആത്മാവിന്റെ നിയമത്തിന്റെ– വക്താവായി രംഗപ്രവേശം ചെയ്യുകയാണ്. ഇവിടെ നിയമംകൊണ്ട് എന്താണ് പൗലോസ് വിവക്ഷിക്കുന്നത്? മൂശയുടെ നിയമത്തിനു പകരമുള്ള വേറൊരു നിയമമാണോ? അല്ല! കാരണം പൗലോസു പറയുന്നു, "നിങ്ങൾ നിയമത്തിനു കീഴല്ല, മറിച്ച് കൃപയ്ക്കു കീഴാണല്ലോ" (റോമ. 6: 16). ജറമിയാസിന്റേയും എസക്കിയേലിന്റെയും പ്രവചനങ്ങളുടെ വെളിച്ചത്തിൽ മാത്രമേ ആത്മാവിന്റെ നിയമം മനസ്സിലാക്കാൻ സാധിക്കു. യാഹ്‌വേയുടെ പക്കലേയ്ക്കു് തിരിച്ചുവരുവാനുള്ള മനഃസ്ഥിതി ഇസ്രായേൽ ജനം കാണിക്കാതിരുന്നപ്പോൾ ഭാവിയിൽ യാഹ്‌വേ അവരുമായി വേറൊരു ഉടമ്പടിയിൽ ഏർപ്പെടുമെന്ന് ജറമിയാ പ്രവചിക്കുന്നു (31: 31–34). ഈ പുതിയ ഉടമ്പടിയുടെ പ്രത്യേകതയെപ്പററി ജറമിയാസ് പറയുന്നു, "എന്റെ നിയമം അവരുടെ അന്തഃരംഗത്തിൽ സ്ഥാപിതമാകും, അതു ഞാൻ അവരുടെ ഹൃദയത്തിൽ എഴുതും" (വാക്യം 33). അങ്ങനെ പുതിയ ഉടമ്പടി കൂടുതൽ ആന്തരികവും വ്യക്തി

www.malankaralibrary.com

പരവുമാണ്. ഇതേ വാക്കുതന്നെ എസക്കിയേലും ഉപയോഗിക്കുന്നു. ഒരു വ്യത്യാസം ഉണ്ട്. നിയമത്തിനുപകരം 'എന്റെ അരൂപി' എന്നാണ് ഉപയോഗിച്ചിരിക്കുന്നത്. ''ഞാൻ എന്റെ അരൂപി നിങ്ങളിൽ നിക്ഷേപിക്കും. അങ്ങനെ നിങ്ങളെന്റെ കല്പനകൾ അനുസരിച്ച് നടക്കുന്നവരും എന്റെ ന്യായവിധികൾ അനുസരിക്കുന്നവരും ആകും'' (എസെ. 36: 27; 36: 22–32).

നിയമംകൊണ്ട് ഇവിടെ ഉദ്ദേശിക്കുന്നത് പ്രേരകശക്തി, ആന്തരിക ചൈതന്യം എന്നൊക്കെയാണ്. വിശ്വാസികളെ സംബന്ധിച്ചിടത്തോളം ആത്മാവാണ് ഈ പ്രേരകശക്തി അഥവാ പ്രവർത്തനതത്വം. ഇതുവഴി ആത്മാവിനനുസൃതം വ്യാപരിക്കുവാൻ അതായത്, മൂശയുടെ നിയമം അനുശാസിക്കുന്ന കാര്യങ്ങൾ ചെയ്യുവാൻ അവർക്ക് സാധിക്കുന്നു (ഗലാ. 5: 25). ഇസ്രായേലിനെ ദൈവസ്നേഹത്തിലേയ്ക്ക് അടുപ്പിക്കുവാൻവേണ്ടിയുള്ളതായിരുന്നു പഴയനിയമത്തിലെ നിയമങ്ങൾ (ആവർത്തനം 6: 4–6). എന്നാൽ യോഗ്യതാസമ്പാദനത്തിന്റെ പേരിൽ പാപം നിയമത്തെ ദുഷിപ്പിക്കുകയും മനുഷ്യനെ പാപത്തിലേയ്ക്ക് നയിക്കയും ചെയ്തു. അതുകൊണ്ട് ബാഹ്യമായി മാത്രം മനുഷ്യനെ നിയന്ത്രിക്കുവാൻ കഴിയുന്ന വേറൊരു പുതിയ നിയമം തരുന്നതിനുപകരം ദൈവം ആന്തരികമായ ഒരു പ്രവർത്തനചൈതന്യം നല്കുകയാണ് ചെയ്യുന്നത്. ഇതിനെയാണ് പൗലോസ് ജീവാത്മാവിന്റെ നിയമം എന്നു വിളിക്കുന്നത് (റോമ. 8: 2). ഇതുവഴി വിശ്വാസികളുടെ എല്ലാ പ്രവർത്തനങ്ങളും ആഗ്രഹങ്ങളും അരൂപിയുടെ നിയന്ത്രണത്തിനും പ്രേരണയ്ക്കും വിധേയമായിത്തീരുന്നു. ഈ ജീവാത്മാവിന്റെ നിയമത്തിന്റെ പ്രത്യേകത അത് സ്നേഹത്തിൽ അധിഷ്ഠിതമാണെന്നതാണ്. ഈ സ്നേഹം നമ്മേയും സ്നേഹത്തിലേയ്ക്കാനയിക്കുന്നു. എന്നാൽ അതൊരു കല്പനയല്ല; ആന്തരികമായ ഒരു ശക്തിവിശേഷമത്രേ. അത് പുറത്തുനിന്നും നമ്മുടെമേൽ അടിച്ചേല്പിക്കപ്പെടേണ്ടതല്ല നമ്മുടെ ഉള്ളിൽ അനുഭവപ്പെടേണ്ട ഒരു ആവശ്യമാണ്. ഈ സ്നേഹചൈതന്യമാണ് ദത്തുപുത്രസ്ഥാനത്തിൽ വിശ്വാസികളെ വളർത്തുകയും നയിക്കയും ചെയ്യുന്നത്. ജീവാത്മാവിന്റെ ചൈതന്യത്താൽ നയിക്കപ്പെടുമ്പോൾ വിശ്വാസികൾ ബാഹ്യമായ എല്ലാ നിയമത്തിൽനിന്നും സ്വതന്ത്രരായി യഥാർത്ഥ ദൈവപുത്രരായിത്തീരുന്നു.

പൗലോസിന്റെ ലേഖനത്തിലെ മറെറാരു പ്രതിപാദ്യമാണ് ആത്മാവിലുള്ള ജീവിതവും ജഡത്തിലുള്ള ജീവിതവും തമ്മിലുള്ള വ്യത്യാസം. ഓരോ മനുഷ്യനിലുമുള്ള അടിസ്ഥാനപ്രവണതയാണ് ജഡത്തിന്റെ അഭിലാഷമനുസരിച്ച് ജീവിക്കുക എന്നത്. ഈ പ്രവണതയുടെ ഫലമായി തന്നിലുള്ള ഉത്ത

www.malankaralibrary.com

മാംസത്തിനനുസരിച്ച് ജീവിക്കുവാനോ ചിന്തിക്കുവാനോ ആഗ്രഹിക്കുന്നുണ്ടെങ്കിലും, അതു പലപ്പോഴും നടക്കാതെപോകുന്നു. ഈ സാഹചര്യത്തിലാണ് ദൈവാരൂപി അവനെ ഒരു പുതിയ തലത്തിലേയ്ക്ക് ഉയർത്തുന്നത്, ഒരു പുതിയ വീക്ഷണഗതിയിലേയ്ക്കും പ്രവർത്തനരീതിയിലേയ്ക്കും നയിക്കുന്നത്. ഈ ആത്മാവ് നമ്മുടെ രക്ഷ ഉറപ്പു നൽകുകയും ദത്തുപുത്രസ്ഥാനം അനുഭവിക്കുവാൻ നമ്മെ അർഹരാക്കുകയും ചെയ്യുന്നു.

'ആത്മാവിൽ' 'ജഡത്തിൽ' എന്നീ പ്രയോഗങ്ങൾ ശരീരസംബന്ധമായ പദങ്ങളായി എടുക്കരുത്. വിപരീതങ്ങളായ രണ്ടു ജീവിതരീതികളെയാണ് അവ സൂചിപ്പിക്കുക. ജഡത്തിൽ വ്യാപരിക്കുന്നവൻ ആദത്തിന്റെ പാപംമൂലം അധഃപതിച്ച മനുഷ്യപ്രകൃതിയിൽ പങ്കുപററുന്നു. അതിന്റെ ഫലം മരണമാണ്. മാമ്മോദീസാവഴി ക്രിസ്തുവിന്റെ മരണത്തിൽ അവിടുത്തോട് ഐക്യപ്പെട്ട് ഒരു പുതിയ ജീവിതത്തിലേയ്ക്ക് പ്രവേശിക്കുന്നവനാണ് അരൂപിയിൽ വ്യാപരിക്കുന്നവൻ. ഉത്ഥിതനായ ക്രിസ്തുവിന്റെ സാന്നിദ്ധ്യം എന്നും അവനോടുകൂടിയുണ്ട്. ഇതു് നിത്യജീവന്റെ ഉറപ്പ് അവനു പ്രദാനം ചെയ്യുന്നു.

ക്രിസ്തീയ ജീവിതത്തിന്റെ രണ്ട് അടിസ്ഥാനതത്വങ്ങളായ ശരീരവും ആത്മാവും തമ്മിലുള്ള വ്യത്യാസം ജഡത്തിന്റെ പ്രവൃത്തികളിൽനിന്നും പൗലോസ് വ്യക്തമാക്കുന്നു (ഗലാ. 5: 19_22). ആത്മാവിന്റെ ഫലങ്ങളായ സ്നേഹം, സന്തോഷം, സമാധാനം, ക്ഷമ, ദയ, സൽഗുണം, വിശ്വാസം, വിനയം, ആത്മനിയന്ത്രണം ഇവ പുറപ്പെടുവിക്കുവാൻ തന്നിൽ കുടികൊള്ളുന്ന ആത്മാവിനെ അനുവദിക്കുകയാണ് ഓരോ ക്രിസ്ത്യാനിയുടേയും കടമ (ഗലാ. 5: 22). തന്നിലുള്ള ആത്മാവിന്റെ പ്രവർത്തനത്തിന് എത്രമാത്രം ഒരു ക്രിസ്ത്യാനി തന്നെത്തന്നെ തുറന്നുകൊടുക്കുന്നുവോ, അത്രമാത്രം തന്റെ ദത്തുപുത്രസ്ഥാനത്തിന്റെ ഔന്നത്യം അയാൾക്കു അനുഭവവേദ്യമാകും. ഈ അനുഭവം അയാളുടെ പ്രവർത്തനത്തേയും, മനോഭാവത്തേയും, ജീവിതത്തെത്തന്നേയും ഗ്രസിച്ചുകഴിയുമ്പോൾ തന്നെ കീഴ്പ്പെടുത്തുവാൻ പരിശ്രമിക്കുന്ന ജഡത്തിന്റെ അഭിലാഷങ്ങളെ നിയന്ത്രിക്കുവാൻ അയാൾക്കു കഴിയും.

## പിതൃത്വവും പുത്രസ്ഥാനവുമായുള്ള ആത്മാവിന്റെ ബന്ധം (8: 14–17)

ദൈവത്തിന്റെ പിതൃത്വത്തെപ്പററി വിശ്വാസികൾ മനസ്സിലാക്കുന്നതു് ആത്മാവു വഴിയാണ്. അതുകൊണ്ടാണ് ശ്ലീഹാ പറയുന്നതു്, ദൈവത്തിന്റെ ആത്മാവിനാൽ നടത്തപ്പെടുന്നവർ



www.malankaralibrary.com

ആരോ അവരാകുന്നു ദൈവത്തിന്റെ മക്കഠം (റോമ. 8: 14). പുതുജീവന്റെ സ്രോതസ്സായി ആത്മാവിനെ അംഗീകരിച്ചുകഴിഞ്ഞാൽ ഈ ആത്മാവിനാൽ നയിക്കപ്പെടുവാനും നിയന്ത്രിക്കപ്പെടുവാനും നാം നമ്മെതന്നെ അനുവദിക്കണം. ഇതു് പെട്ടെന്നു നടക്കുന്ന കാര്യമല്ല. ജീവിതകാലം മുഴുവനും നാം അരൂപിയാൽ നയിക്കപ്പെടണം. എന്നാൽ ഇതു് ഒരിക്കലും വ്യക്തിസ്വാതന്ത്ര്യത്തെ ഹനിക്കുന്നില്ല. മനുഷ്യവ്യക്തിത്വത്തെ നിമ്മാജ്ജനം ചെയ്യുന്ന രീതിയിലുള്ള ദൈവസാന്നിദ്ധ്യം നമ്മിലില്ലതന്നെ. ഇതു കൂടുതൽ മനസ്സിലാക്കുവാൻ ഒരു വ്യക്തിക്കു് വേറൊരു വ്യക്തിയുടെമേലുള്ള വ്യക്തിപരമായ സ്വാധീനത്തെപ്പററി ചിന്തിച്ചാൽ മാത്രംമതി. ഈ സ്വാധീനം മററൊരാളുടെ വ്യക്തിത്വത്തെ നിഹനിക്കുന്നില്ല.

നമ്മിലുള്ള ആത്മാവിന്റെ സാന്നിദ്ധ്യംമൂലം ദൈവം നമ്മുടെ പിതാവാണെന്നും നാം അവിടുത്തെ മക്കളാണെന്നുമുള്ള അവബോധം നമ്മിലുളവാകുന്നു. അരൂപിയുടെ ദാനംവഴി നാം ദൈവപുത്രരാകുന്നു. അരൂപിയിൽ നാം പുത്രരാണെന്നുള്ളതിനു് തെളിവു് ദൈവത്തെ പിതാവേ എന്നു വിളിക്കുവാനുള്ള കഴിവത്രേ (ഗലാ. 4: 6). വിളിക്കുക എന്നതിനു് 'നിലവിളിക്കുക' എന്നത്ഥമുള്ള krazomen എന്നാണു് പൗലോസ് ഉപയോഗിക്കുന്നതു്. ഉറക്കെ പ്രഖ്യാപിക്കുക എന്നതാണതിന്റെ ധ്വനി

ആത്മാവിന്റെ സാന്നിദ്ധ്യംമൂലം പാപിയായ തന്റെ ദത്തുപുത്രസ്ഥാനത്തേക്കുയത്തുന്ന ദൈവത്തിന്റെ കരുണ നമുക്കു വ്യക്തമാകുന്നു. ക്രിസ്തു തന്റെ പിതാവിനെ അഭിസംബോധന ചെയ്തതുപോലെ നമുക്കും ദൈവത്തെ പിതാവേ എന്നു വിളിക്കുവാൻ സാധിക്കുന്നതു് ക്രിസ്തുവിന്റെ നമ്മിലുള്ള സാന്നിദ്ധ്യം മൂലവും അവിടുത്തെ ആത്മാവിന്റെ പ്രവത്തനം മൂലവുമാണു്. ഇപ്രകാരം ആത്മാവു് നമ്മിൽ പ്രവത്തിക്കുമ്പോഴാണു് നമ്മുടെ ദത്തുപുത്രസ്ഥാനത്തെപ്പററി നാം യഥാത്ഥത്തിൽ അവബോധമുള്ളവരാകുന്നതു്. ക്രിസ്തുവിന്റെ രക്ഷാകരപ്രവൃത്തികഠം മനസ്സിലാക്കുമ്പോഠം മാത്രമേ നാം ദത്തെടുക്കപ്പെട്ടവരാണെന്നും, ദൈവം നമ്മുടെ പിതാവാണെന്നും, നാം അവിടുത്തെ മക്കളാണെന്നുമുള്ള സത്യം ഏററുപറയുവാൻ നമുക്കു സാധിക്കുകയുള്ളു (1 യോഹ. 1: 31). ഇതു നമ്മുടെ സ്വന്തം കഴിവുകൊണ്ടു് സാധിക്കുന്നതല്ല; ആത്മാവിന്റെ പ്രവത്തനഫലമാണു്. പൗലോസ് വ്യക്തമാക്കുന്നതുപോലെ, ''നാം ദൈവത്തിന്റെ മക്കളാണെന്നു് ഈ ആത്മാവു് നമ്മുടെ ആത്മാവിനു് സാക്ഷ്യം നല്കുകയും ചെയ്യുന്നു'' (റോമ. 8: 16).

ആത്മാവിന്റെ ദാനംമൂലം ദത്തുപുത്രരായ നാം നമ്മുടെ പിതാവിന്റെ സ്വത്തിനു മുഴുവൻ അവകാശികളാകുന്നു. ഒരത്ഥ

www.malankaralibrary.com

ത്തിൽ ദത്തെടുക്കുന്നതിന്റെ ഉദ്ദേശ്യംതന്നെ തന്റെ സ്വത്തിന് ഒരവകാശിയെ കണ്ടുപിടിക്കുകയാണല്ലോ. ഇവിടെ അവകാശം, തരുന്നവന്റെ ഔദാര്യത്തെ ആശ്രയിച്ചാണിരിക്കുന്നത്. ദൈവത്തിന്റെ ദത്തുപുത്രരെന്ന നിലയിൽ നമുക്കു ലഭിക്കുന്ന അവകാശം നമ്മുടെ കഴിവുകൊണ്ടു ലഭിക്കുന്ന ഒന്നല്ല; അതു ദൈവത്തിന്റെ അനന്തകാരുണ്യത്തിന്റെ ഫലമാണ്. ഈ ദത്തുപുത്രസ്ഥാനം നമ്മെ ക്രിസ്തുവിനോടുകൂടി കൂട്ടവകാശികളാക്കുന്നു. ക്രിസ്തു അവകാശിയാണെന്നുള്ള ആശയം ദുഷ്ടരായ കൃഷിക്കാരുടെ ഉപമയിൽ വ്യക്തമായിക്കാണുവാൻ കഴിയും (മത്താ. 21: 38; 25: 34).

നാം ക്രിസ്തുവിനോടുകൂടി എങ്ങനെയാണ് കൂട്ടവകാശികളാകുന്നത് എന്നും പൗലോസ് വ്യക്തമാക്കുന്നുണ്ട്. നാം ക്രിസ്തുവിനോടുകൂടി സഹിച്ചാൽ അവിടുത്തോടുകൂടി മഹത്വം പ്രാപിക്കും (വാ. 17). മഹത്വം പ്രാപിക്കുക എന്നതാണ് ഈ അവകാശത്തിന്റെ ലക്ഷ്യം. പാപം മനുഷ്യനെ ഈ മഹത്വത്തിൽനിന്ന് അകററിക്കളഞ്ഞു (റോമ. 3: 23). ദൈവത്തിന്റെ നീതീകരണം മൂലം മനുഷ്യന് വീണ്ടും പ്രത്യാശയ്ക്കു വകയുണ്ട്. ഇതിനായി നാം ക്രിസ്തുവിനോടുകൂടി സഹിക്കണം. നാം അവനോടുകൂടി മരിച്ചാൽ അവനോടുകൂടി ജീവിക്കും; നാം സഹിക്കുമെങ്കിൽ അവനോടുകൂടി വാഴും (2 തിമോ. 2: 11). ക്രിസ്തുശിഷ്യന്റെ ജീവിതം ക്രിസ്തുവിന്റെ ജീവിതമാതൃകയിലായിരിക്കണമെന്നാണ് പൗലോസ് ഇവിടെ വിവക്ഷിക്കുന്നത്. ക്രിസ്തു നമ്മുടെ മാതൃക മാത്രമല്ല, അവിടുന്ന് നമ്മുടെ വഴിയുംകൂടിയാണ്. നമ്മുടെ ജീവിതം സഹനത്തിലും മഹത്വത്തിലും അവിടുത്തെ ജീവിതത്തോടനുരൂപപ്പെടണം. അവിടുത്തെ പീഡകളിൽ പങ്കുചേർന്നും, അവിടുത്തെ മരണത്തിൽ അവിടുത്തോടു സാദൃശ്യപ്പെട്ടും (പീലി. 3: 11) "നാം ഈശോയുടെ മരണം വഹിക്കണം" (2 കൊറി. 4: 10). അപ്പോഠം അവിടുത്തെ ജീവൻ നമ്മുടെ ശരീരങ്ങളിൽ പ്രത്യക്ഷപ്പെടും (2 കൊറി. 4: 10).

## ആത്മാവും പുത്രരും പ്രപഞ്ചമഹത്വീകരണവും (8:18–25)

ആത്മാവിലുള്ള പുത്രസ്വീകാര്യത്തിന്റെ അവകാശം അനുഭവിക്കണമെങ്കിൽ നാമും ക്രിസ്തുവിനോടുകൂടി സഹിക്കണം എന്നു പറഞ്ഞശേഷം ആ സഹനത്തിന്റെ പ്രത്യേകത പൗലോസ് വ്യക്തമാക്കുന്നു. മഹത്വം സഹനത്തിലൂടെയാണ് കൈവരുന്നത്, ജീവൻ മരണത്തിലൂടെയും. ഈ സഹനം മഹത്വത്തിൽ പ്രവേശിക്കുന്നതിന് ആവശ്യമാണ്. അതുകൊണ്ടാണ് ഇപ്പോഴത്തെ സഹനം വരുവാനിരിക്കുന്ന മഹത്വവുമായി താരതമ്യപ്പെടുത്തുവാൻ സാദ്ധ്യമല്ല എന്നു ശ്ലീഹാ പറയുന്നത്.

www.malankaralibrary.com

മഹത്വത്തെ ലക്ഷ്യമാക്കിയുള്ള സഹനത്തെ വിശദീകരിക്കുവാനായി പൗലോസ് സൃഷ്ടപ്രപഞ്ചത്തിന്റെ ചിത്രം നമ്മുടെ മുമ്പിലവതരിപ്പിക്കുകയാണ്. നമ്മെപ്പോലെതന്നെ ലോകം മുഴുവൻ സഹിക്കുന്നുണ്ട്. മഹത്വത്തിലേയ്ക്കുള്ള പാത സഹനമാണെന്നുള്ളതു ഒരു സാർവ്വത്രിക നിയമമാണ്. പ്രകൃതിയുടേയും മനുഷ്യന്റേയും ഈ സഹനത്തിന്റെ അന്ത്യം എല്ലാം ക്രിസ്തുവിൽ മഹത്വീകരിക്കപ്പെടുന്ന യുഗാന്ത്യപൂർത്തീകരണത്തിലാണ്.

ഈ മഹത്വീകരണത്തിനായി സൃഷ്ടപ്രപഞ്ചവും മനുഷ്യനും പരസ്പരം സഹായിക്കണം. പ്രതീക്ഷാനിർഭരമായ സൃഷ്ടപ്രപഞ്ചമാണ് മനുഷ്യൻ തനിക്കുചുററും കാണുന്നതു്. ദൈവം സൃഷ്ടപ്രപഞ്ചത്തെ ക്ഷയത്തിന്റെ അടിമത്തത്തിൽനിന്ന് ദൈവമക്കളുടെ സ്വാതന്ത്ര്യത്തിലേയ്ക്ക് നയിക്കും എന്ന പ്രത്യാശയാണതു് (റോമ. 8: 21). അതുപോലെതന്നെ ആത്മാവിന്റെ പ്രഥമഫലം അനുഭവിക്കുന്ന മനുഷ്യൻ പ്രപഞ്ചത്തിനു് മഹത്വത്തിന്റേയും രൂപാന്തരത്തിന്റേയും പ്രത്യാശയും ഉറപ്പും നൽകുന്നു (റോമ. 8: 23). കാരണം മഹത്വീകരണം മനുഷ്യനിൽ ആരംഭിച്ചിരിക്കുന്നു. വളരെ കുറച്ചു നേട്ടങ്ങളും വളരെയേറെ സാധ്യതകളുമുള്ള ഒന്നായാണ് പൗലോസ് പ്രപഞ്ചത്തെ വീക്ഷിക്കുന്നതു്. അതിനു് എന്തോ കുറവുണ്ട്; പക്ഷെ, അതു നികത്തപ്പെടും. പൂർത്തീകരണത്തിന്റെ ഈ പ്രതീക്ഷയോടെയാണ് അഴിഞ്ഞുപോകാൻ അതു സന്നദ്ധമാകുന്നതു്. എന്നാൽ ഈ മഹത്വീകരണം സ്വാഭാവികമായി നടക്കുന്ന ഒന്നല്ല. മറിച്ചു്, ദൈവത്തിന്റെ ശക്തമായ കരങ്ങൾ അതിനു പിന്നിൽ പ്രവർത്തിക്കേണ്ടിയിരിക്കുന്നു.

എന്നാൽ ഈ പ്രത്യാശയുടെ നടുവിലും സൃഷ്ടപ്രപഞ്ചം നെടുവീർപ്പിടുന്നതായും പൗലോസ് പറയുന്നു. അന്തിമമഹത്വീകരണത്തിനുമുമ്പായി സൃഷ്ടപ്രപഞ്ചം പ്രസവവേദനയനുഭവിക്കുന്നു. ഈ താരതമ്യം വ്യക്തമാക്കുന്നതു് വലിയ സഹനത്തിനു ശേഷം വരുവാനിരിക്കുന്ന തികച്ചും നവീനമായ ഒന്നിന്റെ ആവിർഭാവത്തെയാണ്. വിശ്വാസത്തിനു മാത്രമേ ഈ പ്രതിഭാസത്തിനു പിന്നിലുള്ള അദൃശ്യകരം കാണുവാൻ കഴിയുകയുള്ളു. ഈ അർത്ഥത്തിലാണ് ''നാം അറിയുന്നു'' എന്നു് പൗലോസ് 22-ാം വാക്യത്തിൽ പറയുന്നതു്. ഈ അറിവു് വിശ്വാസത്തിൽനിന്നുള്ളതാണ്. പ്രപഞ്ചത്തിന്റെ ഈ നെടുവീർപ്പ് എന്തിനാണെന്നു് പ്രപഞ്ചം അറിയുന്നില്ല. എന്നാൽ വിശ്വാസംമൂലം നാമതറിയുന്നു.

ഭൗതികപ്രപഞ്ചത്തിന്റെ ഭാവിയെപ്പററിയുള്ള ആധുനിക ശാസ്ത്രവിജ്ഞാനം പൗലോസിന്റെ വീക്ഷണത്തിൽനിന്നും തി

www.malankaralibrary.com

കച്ചും വിഭിന്നമാണ്. എന്നാൽ പൗലോസിൻെറ വാദഗതി വ്യക്തമായി മനസ്സിലാക്കിയാൽ ഈ വ്യത്യാസം അപ്രസക്തമാണെന്നു കാണാം. പൗലോസിൻെറ ലക്ഷ്യം മനുഷ്യനും സൃഷ്ടപ്രപഞ്ചവും തമ്മിലുള്ള അഭേദ്യബന്ധം തൻെറ വായനക്കാരെ അനുസ്മരിപ്പിക്കുകയെന്നതാണ്. ഈ ബന്ധം തന്നെയാണ് സൃഷ്ടിയുടെ പുസ്തകത്തിലും വിവരിച്ചിരിക്കുന്നതു്. വിശ്വാസംമൂലമാണ് നാം ഈ ബന്ധം മനസ്സിലാക്കുന്നതു്. ഈ ബന്ധം യാദൃച്ഛികമായി ഉണ്ടായ ഒന്നല്ല. അതു ദൈവത്തിൻെറ പ്രവർത്തനത്തിൻെറ ഫലമാണ്. അതിനാൽത്തന്നെ അതു് മനുഷ്യനു് ചില ഉത്തരവാദിത്വങ്ങളും നല്കുന്നുണ്ടു്. സൃഷ്ടപ്രപഞ്ചത്തിൻെറ മേൽ മുഴുവനും പാപത്തിൻേറയും രക്ഷയുടേയും പരിണതഫലമുണ്ടാകുമെന്നു് വിശ്വാസംമൂലം നാം ഗ്രഹിക്കുന്നു. തികച്ചും ആധ്യാത്മികമായ അർത്ഥത്തിലാണ് നാം ഈ ഭാഗത്തെ മനസ്സിലാക്കേണ്ടതു്.

23-ാം വാക്യത്തിൽ സൃഷ്ടപ്രപഞ്ചത്തിൻെറ ഭാഗമായ മനുഷ്യൻ പ്രപഞ്ചത്തോടുകൂടി നെടുവീപ്പിടുന്നതായി പൗലോസ് പറയുന്നു. അതുപോലെതന്നെ ഇപ്പോഴും ശരീരത്തിൽ ജീവിക്കുന്ന വിശ്വാസികൾക്കു് പ്രപഞ്ചത്തിൻെറ മഹത്വീകരണത്തിലുള്ള പ്രത്യാശയിലും പങ്കുചേരാൻ കഴിയുമെന്നു് അദ്ദേഹം പറയുന്നു. പ്രത്യാശയുടേയും നെടുവീപ്പിടലിൻേറയും ഈ അവസ്ഥ പരസ്പരവിരുദ്ധമാണെന്നു് വിശ്വാസികൾക്കു തോന്നാം. എന്നാൽ ഈ വൈരുദ്ധ്യം വളരെ പ്രസക്തിയുള്ള ഒന്നാണ്. വിശ്വാസി ആത്മാവിൻെറ ആദ്യഫലങ്ങൾ സ്വീകരിച്ചിട്ടുണ്ടെങ്കിലും ആത്മാവിനാൽ നിറയപ്പെട്ടിട്ടില്ല. നമ്മുടെ മർത്ത്യശരീരത്തിലുള്ള ആത്മാവിൻെറ സാന്നിദ്ധ്യം വരുവാനിരിക്കുന്ന പുതിയ യുഗത്തിൻെറ ഒരാസ്വാദനമാണ്. എന്നാലും നമ്മുടെ ശരീരം മർത്ത്യമാണ്. വിശ്വാസവും മാമ്മോദീസായുംവഴി ക്രിസ്തുവിനോടു സംയോജിക്കപ്പെട്ടിരിക്കുന്ന ക്രിസ്ത്യാനിയെ സംബന്ധിച്ചുടത്തോളം വെറും ഒരു സൃഷ്ടി എന്ന നിലയിലുള്ള അസ്തിത്വം ഒരു ക്രിസ്ത്യാനിയെന്ന നിലയിലുള്ള അസ്തിത്വത്തിനു് തടസ്സമാണ്. ഈ പ്രതികൂലാവസ്ഥ സഹനത്തിലൂടെയാണ് വ്യക്തമാകുന്നതു്. എന്നാൽ ഈ സഹനമാകട്ടെ വരുവാനിരിക്കുന്ന മഹത്വത്തിൻെറ പ്രതീകമാണ്. ആകയാൽ പ്രപഞ്ചവും മനുഷ്യരും നെടുവീപ്പിടുകയും പ്രസവവേദന അനുഭവിക്കയും ചെയ്യുന്നു. ഈ സാഹചര്യത്തിൽ വിശ്വാസിയുടെ ദൗത്യം ക്ഷമയോടെ കാത്തിരിക്കുകയാണ്.

ഈ മഹത്വത്തിലേയ്ക്കുള്ള നീക്കം സൃഷ്ടപ്രപഞ്ചത്തേയും പ്രപഞ്ചത്തിൻെറ കേന്ദ്രബിന്ദുവായ മനുഷ്യനേയും സംബന്ധിച്ച് ദൈവത്തിൻെറ പദ്ധതിയുടെ സാക്ഷാത്ക്കാരവും അവയുടെ സ്വാഭാവികമായ അന്ത്യങ്ങളിലേയ്ക്കുള്ള നീക്കവുമാണ്. ക്രിസ്തു

www.malankaralibrary.com

വിൽ ആരംഭിക്കുകയും ആത്മാവുവഴി തുടരുകയും ചെയ്യുന്ന രക്ഷാകരപദ്ധതിയെ തടസ്സപ്പെടുത്തുവാൻ ചരിത്രത്തിന്റെ ഗതിവിഗതികൾക്ക സാധ്യമല്ല. അതുപോലെതന്നെ പ്രപഞ്ചത്തിന്റെ നശ്വരതയോ, മനുഷ്യശരീരത്തിന്റെ നാശമോ ആന്തരിക മനുഷ്യന്റെ ബലഹീനതയോ ഇതിനെ തടസ്സപ്പെടുത്തുന്നില്ല. കാരണം ദൈവമാണ് എല്ലാത്തിനേയും നയിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നത്. ഇതിന്റെ ലക്ഷ്യം തന്റെ പ്രവൃത്തിയുടെ ഫലമായ രക്ഷയിലേയ്ക്കും മഹത്വത്തിലേയ്ക്കും എല്ലാവരേയും ആനയിക്കുകയാണ്. ഇതിനുവേണ്ടിയാണ് ദൈവം നമ്മെ വിളിച്ചിരിക്കുന്നതും, നീതീകരിച്ചിരിക്കുന്നതും, മഹത്വത്തിലേയ്ക്ക് നയിച്ചുകൊണ്ടിരിക്കുന്നതും (വാ. 30).

## ആത്മാവ് പ്രാർത്ഥിക്കുവാൻ നമ്മെ സഹായിക്കുന്നു (8: 26–27)

പുത്രസ്ഥാനത്തിന്റെ ആത്മാവിനെ സ്വീകരിച്ചിരിക്കുന്ന വിശ്വാസികൾ ഞെരുക്കങ്ങളേയും കഷ്ടതകളേയും പ്രത്യാശയോടെ സഹിക്കണം. നാം നെടുവീർപ്പിടുമ്പോൾ നമ്മിലുള്ള ആത്മാവും നെടുവീർപ്പിടുകയാണ് ചെയ്യുന്നത്. ഇപ്രകാരം ഈ ആത്മാവ് നമ്മുടെ അഭിലാഷങ്ങൾക്ക് അർത്ഥം നൽകുകയും നമ്മുടെ ഈ ലോകജീവിതം അനായാസകരമാക്കിത്തീർക്കുകയും ചെയ്യുന്നു. വിശ്വാസിയും ആത്മാവും തമ്മിലുള്ള ഈ സന്ധിക്കൽ നടക്കുന്നത് പ്രാർത്ഥനയിലാണ്. പ്രാർത്ഥനാജീവിതത്തിലുള്ള മന്ദതയും, ദൈന്യതയും നമ്മെ നിരാശരാക്കുകയോ, നമ്മുടെ ദത്തുപുത്രസ്വീകാര്യത്തെപ്പററി സംശയാലുക്കളാക്കുകയോ അരുത്. കാരണം ഈ ആത്മാവ് നമ്മെ പ്രാർത്ഥിക്കുവാൻ സഹായിക്കുന്നു. നമ്മുടെ പ്രാർത്ഥനയുടെ ദൗർബ്ബല്യം അടങ്ങിയിരിക്കുന്നത് അതിന്റെ കുറവിലല്ല, മറിച്ച്, അതിന്റെ സ്വഭാവത്തിലാണ്. പ്രാർത്ഥിക്കുന്ന വിധമാണ് പ്രാധാന്യമർഹിക്കുന്നത്. പ്രീശനെപ്പോലെയാകാതെ ചുങ്കക്കാരന്റെ മനോഭാവത്തോടെ നാം പ്രാർത്ഥിക്കണം. എങ്ങനെയാണ് പ്രാർത്ഥിക്കേണ്ടത് എന്ന് ചുങ്കക്കാരനറിവില്ലായിരുന്നു. തത്ഫലമായി അയാൾ വലിയ എളിമയോടുകൂടി കണ്ണുകൾപോലും ഉയർത്താതെ ദൈവത്തിന്റെ കരുണ യാചിച്ചു. എന്തു പ്രാർത്ഥിക്കണമെന്നറിവില്ലാതെ പ്രാർത്ഥിക്കുന്നതാണ് യഥാർത്ഥപ്രാർത്ഥന.

ഈ അർത്ഥത്തിൽ പ്രാർത്ഥനയെ മനസ്സിലാക്കുമ്പോഴാണ് ആത്മാവ് നമ്മെ പ്രാർത്ഥിക്കുവാൻ സഹായിക്കുന്നത് എങ്ങനെയാണന്ന് വ്യക്തമാകുന്നത്. ആത്മാവ് ഏതെങ്കിലും പ്രത്യേക പ്രാർത്ഥനാരീതിയല്ല നമ്മെ പഠിപ്പിക്കുന്നത്. ആത്മാവിന്റെ

www.malankaralibrary.com

പ്രവർത്തനംമൂലം പറയപ്പെടുവാൻ വഹിയാത്ത നെടുവീർപ്പുകൾ നമ്മിൽ ഉളവാകുന്നു. ഇതിൻെറ ഫലമായി നമ്മുടെ അയോഗ്യതയും ബലഹീനതയും നമുക്കു വ്യക്തമാകും. അതോടൊപ്പംതന്നെ നമ്മുടെ ഉന്നതമായ വിളിയെപ്പററിയുള്ള ബോധ്യവും. ദൈവത്തെ 'ആബാ', പിതാവേ എന്നു് അഭിസംബോധനചെയ്യുമ്പോൾ ഈ സത്യമാണു് നാം ഏററു പറയുന്നതു്. ക്രൈസ്തവ പ്രാർത്ഥനയുടെ സവിശേഷതയായ ഈ അഭിസംബോധന ലിററർജിയിൽ നിന്നെടുത്തതാകാൻ വഴിയുണ്ടു്. ക്രിസ്തു പഠിപ്പിച്ച പ്രാർത്ഥനയോടുള്ള വിശ്വസ്തതകൊണ്ടാവാം 'ആബാ' എന്ന അറമായ വാക്കുതന്നെയാണു് ഗ്രീക്കിലും ഉപയോഗിച്ചിരിക്കുന്നതു്. ഈശോയുടെ കർത്തൃത്വത്തെ വ്യക്തമായി ഏററുപറയുന്ന ഈ പദം അറമായ ഭാഷയിൽ തന്നെ ഉപയോഗിക്കുന്നതുകൊണ്ടു് പ്രാർത്ഥനയ്ക്കു് ഒരു പ്രത്യേക ആകർഷണം കൈവരുന്നു. പൗലോസ് വ്യക്തമാക്കുന്നതുപോലെ 'ആബാ' എന്ന പദത്തിൽ അടങ്ങിയിരിക്കുന്ന അർത്ഥസമ്പുഷ്ടിയോടുകൂടി പ്രാർത്ഥിക്കുവാൻ നമുക്കു തനിയേ കഴിയുകയില്ല. ഇതിനു് ആത്മാവിൻെറ സഹായം ആവശ്യമാണു്.

ഈ ആത്മാവിൻെറ സഹായത്തോടെ, ആത്മാവിൻെറ നെടുവീർപ്പുകളോടെ നാം പ്രാർത്ഥിക്കുന്നു. ഈ പ്രാർത്ഥനയ്ക്കു് നിശ്ചിതരൂപമുണ്ടായിരിക്കണമെന്നില്ല. നമ്മുടെ ഹൃദയത്തിൻെറ വികാരവിചാരങ്ങൾ നമുക്കജ്ഞാതമായ രൂപത്തിൽ അരൂപി ദൈവത്തിനു സമർപ്പിച്ചുകൊള്ളും. ഏശയ്യായെപ്പോലെയും (ഏശ.6), പത്രോസിനെപ്പോലെയും (ലൂക്കാ 5: 8–9) നാം ദൈവത്തിൻെറ അനന്തവല്ലഭത്വത്തിൻേറയും മഹത്വത്തിൻേറയും മുമ്പിൽ നമ്മുടെ ബലഹീനതയും പാപാവസ്ഥയും ഏററുപറയുക. ഈ സാഹചര്യത്തിലാണു് ആത്മാവിൻെറ സഹായം നമുക്കാവശ്യമായി വരുന്നതു്. നമ്മുടെ ആരാധനയും, കൃതജ്ഞതയും, സമർപ്പണവും, യാചനയും പ്രാർത്ഥനയാകണമെങ്കിൽ അതു് ആത്മാവിൻെറ തലത്തിലേയ്ക്കുയരണം. അപ്പോൾ ഈ ആത്മാവു് നമ്മുടെ പ്രാർത്ഥനകളെ സ്വന്തമാക്കി പിതാവിനു സമർപ്പിക്കുന്നു. ആത്മാവിൻെറ സഹായത്താൽ മാത്രമേ നമ്മുടെ പ്രാർത്ഥന ദൈവപുത്രരുടെ പ്രാർത്ഥനയാകൂ. ആത്മാവിൻെറ സഹായമില്ലാതെ പ്രാർത്ഥിച്ചാൽ അതിഭാഷണത്താൽ കേൾക്കപ്പെടുമെന്നു കരുതുന്ന പുറജാതികളെപ്പോലെയാകും നാം. ഏററവും സത്യസന്ധവും വിനീതവുമായിരിക്കേണ്ട നമ്മുടെ പ്രാർത്ഥനയിൽ കപടഭക്തി കടന്നുകൂടാതിരിക്കേണ്ടതിനു് നിരന്തരം ആത്മാവുമായി ഐക്യത്തിൽ വർത്തിക്കണം. കാരണം ഈ ആത്മാവിനു മാത്രമേ നാം എന്താണെന്നും എന്തു പ്രാർത്ഥിക്കണമെന്നും വ്യക്തമാക്കിത്തരുവാൻ കഴിയുകയുള്ളു.

www.malankaralibrary.com

## ആത്മാവും പുനരുത്ഥാനത്തിന്റെ ശത്രുക്കളും (8: 31–39)

മനുഷ്യനേയും സൃഷ്ടപ്രപഞ്ചത്തേയും മഹത്വീകരണത്തിലേക്കു നയിക്കുന്ന ഈ ആത്മാവിന്റെ സഹായത്താൽ ഏതു പ്രതിബന്ധത്തേയും നേരിടുവാൻ ക്രിസ്ത്യാനിക്കു കഴിയും. 8–ാം അദ്ധ്യായത്തിന്റെ അവസാനഭാഗം ക്രിസ്ത്യാനിയുടെ ജീവിതത്തിലുണ്ടാകാവുന്ന പ്രതിബന്ധങ്ങളെപ്പററിയും അവയ്ക്കുള്ള പ്രതിവിധികളെപ്പററിയും പൗലോസ് പ്രതിപാദിക്കുന്നു. അതോടൊപ്പം തന്നെ ഈശോമിശിഹായിലുള്ള ദൈവസ്നേഹത്തെപ്പററി ഒരു സ്തുതിഗീതവും കൂടിയാണീ ഭാഗം. നാം ശരീരത്തിൽ ജീവിക്കുന്നതുകൊണ്ടും, ലോകം മഹത്വീകരിക്കപ്പെട്ടിട്ടില്ലാത്തതിനാലും ദൈവത്തിന്റെ ദാനം വിശ്വാസത്തെപ്രതിയുള്ള പോരാട്ടത്തിൽനിന്നും നമ്മെ ഒഴിവാക്കുന്നില്ല. തന്നെ സ്നേഹിക്കുന്നവരുടെ നന്മക്കായി ദൈവം എല്ലാം സംയോജിപ്പിക്കുന്നതു് അവരെ പരീക്ഷകളിൽനിന്നു് ഒഴിവാക്കിക്കൊണ്ടല്ല, അവരെ വിശ്വാസത്തിന്റെ വിജയത്തിലേക്കു് നയിച്ചുകൊണ്ടാണു്. ഒരു വശത്തു് ദൈവത്തിന്റെ സ്നേഹം അവർ കാണുന്നു, മറുവശത്തു് ദൈവസ്നേഹത്തിൽനിന്നു് തങ്ങളെ അകററുന്ന ശക്തികളേയും.

ഈ സാഹചര്യത്തിൽ നാം നഷ്ടധൈര്യരാകേണ്ടതില്ല. കാരണം വിധിയാളനായ ദൈവത്തിന്റെ വിധി എപ്രകാരമാണെന്നു് നമുക്കറിയാം. തന്റെ പുത്രന്റെ മരണത്തിലൂടേയും ഉത്ഥാനത്തിലൂടേയും ദൈവം നമുക്കു് അനുകൂലമായി വിധി പ്രസ്താവിച്ചിരിക്കുകയാണു്. ഇതു് ദൈവത്തിനു് നമ്മോടുള്ള സ്നേഹത്തിന്റെ അടയാളമാണു്. സ്നേഹത്തിന്റെ ഈ പ്രവൃത്തിയെ നശിപ്പിക്കുവാൻ ശത്രുവിനെ ദൈവം ഒരിക്കലും അനുവദിക്കുകയില്ല. പൗലോസ് 8–ാം അദ്ധ്യായത്തിന്റെ ആദ്യഭാഗത്തു് ഈ കാര്യം എടുത്തു പറയുന്നുണ്ടു്. ഈശോമിശിഹായിൽ വ്യാപരിക്കുന്നവർക്കു് ശിക്ഷാവിധിയില്ല. ക്രിസ്തുവിന്റെ പ്രവൃത്തികളെല്ലാം നമ്മെ ശിക്ഷാവിധിയിൽനിന്നു് രക്ഷിക്കുവാൻവേണ്ടിയായിരുന്നു. അതുകൊണ്ടു് നാം ശിക്ഷാവിധി ചെയ്യപ്പെടുക അസാദ്ധ്യമാണു്. ഈശോ തന്റെ ശരീരത്തിൽ ആ ശിക്ഷാവിധിയനുഭവിച്ചു (വാ. 3). എന്നാൽ ക്രിസ്തു അതിനെ അതിജീവിച്ചു. അതിനാൽ ദൈവമക്കളെ ശിക്ഷാവിധിയിലുൾപ്പെടുത്തുവാൻ ശത്രുക്കൾ ശ്രമിക്കുകയാണെങ്കിൽ നമുക്കുവേണ്ടി ശത്രുക്കളോടു പൊരുതുവാൻ ക്രിസ്തു നമ്മോടുകൂടിയുണ്ടു്.

ക്രിസ്തീയജീവിതത്തിന്റെ ശത്രുക്കളെ പൗലോസ് വ്യക്തികളായി കണക്കാക്കുകയാണു്. കാരണം അവയെല്ലാം ഒരു ശത്രുവിന്റെ വിവിധ പ്രകാശനങ്ങളാണു്. വിശ്വാസികളെ ഞെരു

www.malankaralibrary.com

ക്കന്നതായി പൗലോസ് വിവരിക്കുന്ന വിഷമതകളെല്ലാം സ്വജീവിതത്തിൽ വിവിധ ഘട്ടങ്ങളിലായി അദ്ദേഹംതന്നെ അനുഭവിച്ചവയാകുന്നു. അപ്പസ്തോലനെന്ന നിലയിൽ അനുഭവിക്കേണ്ടിവന്നിട്ടുള്ള കഷ്ടതകളും അതിൽ വരിച്ച വിജയവും അനുസ്മരിച്ചുകൊണ്ട് പൗലോസ് സ്വയം ഒരു ജേതാവാണെന്ന് പ്രഖ്യാപിക്കുന്നു. ഈ വിജയം സ്വന്തം പ്രകൃതിയുടെ ബലഹീനതയും ദൈവസ്നേഹത്തിൻെറ ശക്തിയും അദ്ദേഹത്തിനു വ്യക്തമാക്കിക്കൊടുത്തു. യഥാൎത്ഥത്തിൽ പൗലോസ് ജേതാവായിരുന്നില്ല. കാരണം പരീക്ഷണങ്ങളിൽനിന്ന് ഒഴിഞ്ഞുമാറുവാനാണ് അദ്ദേഹം ശ്രമിച്ചത്. അദ്ദേഹം ഈ പ്രതിബന്ധങ്ങളോട് എതിൎത്തുനില്ക്കുകയല്ല ചെയ്തത്. മറിച്ച്, പരീക്ഷണങ്ങളെ അഭിമുഖീകരിച്ച് അവയ്ക്കു സ്വയം വിധേയനാക്കിക്കൊണ്ട് ക്രിസ്തുവിൽ വെളിപ്പെടുത്തപ്പെട്ട ദൈവസ്നേഹത്തിൻെറ ശക്തിയിൽ പങ്കുപററുക മാത്രമാണ് ചെയ്തത്. ഈ രീതിയിലുള്ള വിജയത്തെയാണ് പൗലോസ് വിജയമകുടം എന്നു വിളിക്കുന്നത്.

ഒരു പടികൂടി മുന്നോട്ടുപോയി പൗലോസ് രക്ഷാകരചരിത്രം മുഴുവനും പ്രത്യവലോകനം ചെയ്യുകയാണ്. ക്രിസ്തീയജീവിതത്തിൽ വന്നുകൂടാവുന്ന പ്രതിബന്ധങ്ങളെ കണ്ടിട്ട് അവയൊന്നും അവൎക്ക് യാതൊരുപദ്രവും ചെയ്യുകയില്ലെന്ന് പൗലോസ് ഉറപ്പു നൽകുന്നു. അദ്ദേഹം വിവരിക്കുന്ന പ്രതിബന്ധങ്ങൾ വ്യക്തിപരമായ അനുഭവത്തിനതീതമാണെങ്കിലും ''എനിക്കുറപ്പുണ്ട്'' (വാ. 38) എന്ന അദ്ദേഹത്തിൻെറ തീർച്ച കണ്ടാൽ ഇതെല്ലാം സ്വന്തജീവിതത്തിലനുഭവിച്ച ഒരാളുടെ സാക്ഷ്യംപോലെ തോന്നും. മരണത്തെപ്പററിയും, ആയുസ്സിനെപ്പററിയും, ഉയരത്തെപ്പററിയും, ആഴത്തെപ്പററിയും, ഉള്ളവയെപ്പററിയും, വരാനിരിക്കുന്നവയെപ്പററിയും പൗലോസ് പറയുന്നുണ്ട്. വെളിപാടിൻെറ പുസ്തകത്തിൽ കാണുന്നതുപോലുള്ള സ്വർഗ്ഗീയവും അതിമാനുഷവുമായ ശക്തികളെപ്പററിയാണ് ഇവിടെ വിവക്ഷ. പൗലോസിൻെറ ലേഖനങ്ങളിൽ പല ഭാഗത്തും ഇതു കാൺവാൻ കഴിയും. ബാക്കിയുള്ള സൃഷ്ടങ്ങളെപ്പോലെ അരൂപിയുടെ ഒരു ലോകവും ക്രിസ്തു സൃഷ്ടിച്ചു എന്ന ധാരണയാണ് പൗലോസിനുള്ളത് (കൊളോ. 1: 16). ഈ അരൂപികൾ പൂൎണ്ണമായി അശുദ്ധരോ പൂൎണ്ണമായി നല്ലവരോ അല്ല. കാരണം ക്രിസ്തുവിൻെറ കുരിശിലെ പരിഹാരം അവൎക്കു ലഭിക്കുന്നതായി പൗലോസ് പറയുന്നു (കൊളോ. 1: 20). അതുപോലെ ക്രിസ്തുവിൻെറ കുരിശിലെ മരണം ഈ അരൂപികളുടെമേലുള്ള വിജയമായും പറയുന്നുണ്ട് (കൊളോ. 2: 15). ദൈവം സകലത്തിലും സകലവും ആകേണ്ടതിന് ക്രിസ്തുവിൻെറ സാൎവ്വലൗകികാധികാരത്തെ അ-

www.malankaralibrary.com

വർ അംഗീകരിക്കണമെന്നും (1 കൊറി. 15: 24) അങ്ങനെ അവരും ക്രിസ്തുവിന്റെ രാജ്യത്തിന്റെ അംഗങ്ങളായിത്തീരുമെന്നും ശ്ലീഹാ പറയുന്നു (1 കൊറി. 15: 28).

രക്ഷാകരചരിത്രത്തിന്റെ ഈ ലക്ഷ്യപ്രാപ്തിക്കായി പരിശുദ്ധാത്മാവുവഴി നമ്മുടെ ഹൃദയങ്ങളിൽ ചിന്തിയിരിക്കുന്ന ദൈവസ്നേഹത്തോടു വിശ്വസ്തരായിരിക്കുവാൻ ഈ ആത്മാവ് നമ്മെ സഹായിക്കുന്നു (റോമ. 5: 5). ക്രിസ്തുവിൽ വെളിപ്പെടുത്തപ്പെട്ടിരിക്കുന്ന ദൈവസ്നേഹം ആത്മാവുവഴി നമുക്കു നല്കപ്പെട്ടിരിക്കുകയാണ്. ഈ സ്നേഹംമൂലം നാം ദൈവപുത്രരായിത്തീർന്നിരിക്കുന്നു. ഇതേ ശക്തികൊണ്ടുതന്നെ വിശ്വാസത്തിനെതിരായി നമ്മിൽനിന്നോ, മറ്റു മനുഷ്യരിൽനിന്നോ നമ്മുടെ ശക്തിക്കതീതമായ മറ്റു പ്രകൃതിശക്തികളിൽനിന്നോ ഉണ്ടാകാവുന്ന സകല പ്രതിബന്ധങ്ങളേയും തരണം ചെയ്യുവാൻ സാധിക്കും. ദൈവത്തിന്റെ ആത്മാവുവഴി നമുക്കു നൽകപ്പെട്ടിരിക്കുന്ന ഒരു ദാനമാണിത്. നാം ദൈവപുത്രരാണെന്നതിന്റെ അച്ചാരവും ഉറപ്പും ഇതുതന്നെയാണ്.

ഡോ. ജോസഫ് പാത്രപാങ്കൽ

ധർമ്മാരാംകോളേജ്,
ബാംഗ്ളൂർ

വിവ. തോമസ് പോത്തനാമുഴി

www.malankaralibrary.com

# വരദാനങ്ങൾ സെൻറ് പോളിൻെറ ലേഖനങ്ങളിൽ

പുതിയനിയമത്തിൽ 1 പത്രോ. 4: 10 ഒഴികെ സെൻറ് പോൾ മാത്രം ഉപയോഗിക്കുന്ന ഒരു പദമാണു വരദാനം (charism). കൃപാവരം (grace) എന്നർത്ഥം വരുന്ന കാരിസ് (charis) എന്ന ഗ്രീക്ക പദത്തിൽനിന്നാണു് കാരിസം എന്ന പദത്തിൻെറ ഉത്ഭവം. ദൈവത്തിൻെറ ഔദാര്യം (graciousness of God) എന്നാണു് ഇതിൻെറ ഏററവും അടിസ്ഥാനപരമായ അർത്ഥം. ഒരു പ്രത്യേക വ്യക്തിയിൽ പ്രത്യേക സാഹചര്യത്തിൽ ദൈവത്തിൻെറ ഔദാര്യസമൃദ്ധി സാക്ഷാത്കൃതമാകുന്നതാണു് വരദാനം.

**സെൻറ് പോളിൻെറ ലേഖനങ്ങൾ 'വര'ങ്ങളെപ്പററി നാലു് സന്ദർഭങ്ങളിൽ പ്രതിപാദിക്കുന്നുണ്ടു്.**

| 1 കൊറി. 12: 8–10 | 1 കൊറി. 12: 28 | റോമ. 12: 6–8 | എഫേ. 4: 2 |
|---|---|---|---|
| വിജ്ഞാധത്തിൻെറ വചനം | അപ്പസ്തോലന്മാർ | പ്രവചനം | അപ്പസ്തോലന്മാർ |
| അറിവിൻെറ വചനം | പ്രവാചകർ | സേവനം | പ്രവാചകന്മാർ |
| വിശ്വാസം | പ്രബോധകർ | ബോധനം | സുവിശേഷപ്രസംഗകർ |
| രോഗശാന്തിയുടെ വരങ്ങൾ | അത്ഭുതപ്രവർത്തകർ (അക്ഷരാർത്ഥത്തിൽ ശക്തികൾ) | ഉപദേശം ആശ്വസിപ്പിക്കൽ | ഇടയന്മാർ |
| അത്ഭുതപ്രവർത്തനം | രോഗശാന്തികൾക്കുള്ള വരം | കൊടുക്കുന്നതിലുള്ള ഉദാരത | ബോധകന്മാർ |
| പ്രവചനം | സഹായികൾ | ഉത്സാഹപൂർവ്വമായ നേതൃത്വം | |
| അരൂപികളെ വിവേചിക്കാനുള്ള കഴിവു് | നായകന്മാർ | | |
| വിവിധ ഭാഷകൾ | പലവിധ ഭാഷകൾ | കരുണകാണിക്കൽ, കാരുണ്യപ്രവൃത്തികൾ | |

www.malankaralibrary.com

ആദ്യത്തെ മൂന്നു ലിസ്റ്റുകളോടു് അനുബന്ധിച്ചു് വരം എന്ന പദം പ്രയോഗിച്ചിട്ടുണ്ടു്. എഫേ. 4: 11-ൽ വിവരിക്കുന്ന വരങ്ങളുടെ ലക്ഷ്യം ക്രിസ്തുവിന്റെ മൗതികശരീരത്തിന്റെ നിർമ്മാണവും (വാ. 12) ശിരസ്സാകുന്ന ക്രിസ്തുവിലേക്കുള്ള അംഗങ്ങളായ വിശ്വാസികളുടെ വളർച്ചയും (വാ. 15) ആകുന്നു. പഴയനിയമത്തിന്റെ പശ്ചാത്തലത്തിൽ വളർച്ച (growth), നിർമ്മാണം (building) എന്നീ രൂപകങ്ങൾക്കു് പരിശുദ്ധമായ ഒരർത്ഥവിശേഷം ലഭിക്കുന്നുണ്ടു്. ദൈവത്തിന്റെ മുന്തിരിച്ചെടിയാണു് ഇസ്രായേൽ; ദൈവംതന്നെ അതു നട്ടു; ശിക്ഷകളിലൂടെ അതു പറിച്ചെടുത്തു; എങ്കിലും പുനഃസ്ഥാപനത്തിനുശേഷം സ്ഥിരവും പ്രശാന്തവുമായ വളർച്ച വാഗ്ദാനംചെയ്തു (സങ്കീ. 80: 8; 2 സാമു. 7: 10; ആമോസ് 9: 15). എസെക്കിയേലിന്റെ പുസ്തകത്തിൽ ദൈവത്തിന്റെ ഭവനമായിട്ടു് ഇസ്രായേലിനെ സംബോധനചെയ്യുന്നു. ജറെമിയാസിന്റെ ഗ്രന്ഥത്തിൽ (1: 10) ഈ രണ്ടു രൂപകങ്ങളും സംയോജിപ്പിച്ചിരിക്കുന്നതു കാണാം: ''പറിച്ചെടുക്കുവാനും, തട്ടിത്തകർക്കുവാനും, പടുത്തുയർത്തുവാനും, നട്ടുപിടിപ്പിക്കുവാനും രാഷ്ട്രങ്ങളുടേയും, രാജ്യങ്ങളുടേയുംമേൽ ഞാനിന്നു് നിന്നെ നിയമിക്കുന്നു.'' കൊറീന്ത്യർക്കുള്ള ഒന്നാം ലേഖനത്തിലും (3: 6, 9, 10) ഈ രണ്ടു പ്രതീകങ്ങളും കാണാം: ''ഞാൻ നട്ടു, അപ്പോളോ നനച്ചു.... നിങ്ങൾ ദൈവത്തിന്റെ വയലും, ഭവനവുമാകുന്നു.... ക്രിസ്തുവാകുന്ന അടിസ്ഥാനമല്ലാതെ മറ്റൊരടിസ്ഥാനമിടുവാൻ ആർക്കും സാധിക്കയില്ല.'' വരങ്ങൾ നല്കപ്പെടുന്നതു് വ്യക്തികളുടെ സ്വന്ത താല്പര്യങ്ങൾക്കു വേണ്ടിയല്ല; പ്രത്യുത സഭയുടെ വളർച്ചയ്ക്കും, മൗതികശരീരത്തിന്റെ നിർമ്മാണത്തിനും വേണ്ടിയാണെന്നു് വ്യക്തമാകുന്നു. വരം അതിന്റെ സ്വഭാവത്താൽത്തന്നെ സഭയുമായി ബന്ധപ്പെട്ടതത്രേ.

### വരങ്ങളുടെ ഉത്ഭവം

ആദ്ധ്യാത്മികവരങ്ങൾ പ്രാപിക്കുന്നതിനും പ്രയോഗിക്കുന്നതിനും കൊറീന്തിലെ ക്രൈസ്തവർ പ്രകടിപ്പിച്ചിരുന്ന വ്യഗ്രതയ്ക്കു്, അവരുടെ യവനസംസ്കാരപശ്ചാത്തലം ഒരു പരിധിവരെ കാരണമായിട്ടുണ്ടെന്നു് John Mekenzie ചൂണ്ടിക്കാണിക്കുന്നു. യവനസംസ്കാരത്തിന്റെ സ്വാധീനവലയത്തിൽപ്പെട്ടിരുന്ന ജനങ്ങൾ അക്കാലത്തു് മതകാര്യങ്ങളിൽ ആവേശംകൊണ്ടിരുന്നു. നിഗൂഢാനുഷ്ഠാനങ്ങളി (mysteries) ലുള്ള താല്പര്യം, അമ്പലങ്ങളോടും പൂജാരികളോടുമുള്ള ആദരവു്, ''ദൈവികമനുഷ്യരിൽ''നിന്നു് രോഗശാന്തി പ്രാപിക്കുന്നതിനുള്ള താല്പര്യം ഇവയെല്ലാം ഇതു വ്യക്തമാക്കുന്നു. ഇത്തരത്തിലുള്ള മതതീക്ഷ്ണതയുടെ ക്രൈസ്തവരൂപമാണു് കൊറീന്ത്യരുടെ കരിസ്മാറ്റിക് ആവേ-

www.malankaralibrary.com

ശത്തിൽ ദൃശ്യമാകുന്നതു്. ഇക്കാരണത്താൽ, സെൻറ് പോളിന്റെ കാലത്തെ കൊറീന്ത്യൻസഭയെ ഇതര കാലഘട്ടങ്ങളിലും, സ്ഥലങ്ങളിലുമുള്ള മററു സഭകളുടെ രൂപരേഖയായി പരിഗണിക്കാനാവില്ല.

സെൻറ് പോളിന്റെ വീക്ഷണത്തിൽ വരങ്ങളുടെ മൗലികസ്രോതസ്സ് ദൈവമാണ് (1 കൊറി, 12: 28). എങ്കിലും ക്രിസ്തുവാണ് സഭയെ വരങ്ങൾകൊണ്ട് ധന്യമാക്കുന്നതെന്നും (എഫേ. 4: 11) അവ അരൂപിയുടെ പ്രവർത്തനങ്ങളാണെന്നും (1 കൊറി. 12: 7) പോൾ പറയുന്നുണ്ട്. ''അരൂപിക്കടുത്ത കാര്യങ്ങളെക്കുറിച്ചു'' അതായതു്, ദൈവാരൂപിയുമായി സഗാഢം ബന്ധപ്പെട്ട കാര്യങ്ങളെക്കുറിച്ചു്, എന്ന ആമുഖത്തോടുകൂടിയാണ് വരങ്ങളെപ്പററിയുള്ള പ്രതിപാദനം അദ്ദേഹം ആരംഭിക്കുന്നതു് (1 കൊറി. 12: 1). 1 കൊറി. 14: 32—ൽ ''പ്രവാചകരുടെ അരൂപി''യെപ്പററി അദ്ദേഹം പറയുന്നു. ഇതിന്റെ അർത്ഥം ആത്മാവിന്റെ പ്രചോദനങ്ങൾക്കു് പ്രവാചകർ വിധേയരാണ് എന്നത്രേ. അങ്ങനെ വരങ്ങളും, ആത്മാവുമായുള്ള ബന്ധം സെൻറ് പോളിന്റെ വീക്ഷണത്തിൽ പ്രധാനപ്പെട്ട ഒന്നാണ്.

## വരങ്ങളുടെ സവിശേഷതകൾ

സെൻറ് പോൾ വരമെന്തെന്നു് നിർവ്വചിക്കുന്നില്ല. ''ക്രിസ്തുവിൽ'' ''ക്രിസ്തുവിന്റെ ശരീരം'' തുടങ്ങി അദ്ദേഹം സാധാരണ ഉപയോഗിക്കുന്ന പല പ്രയോഗങ്ങളുടേയും അർത്ഥം അവ ഉപയോഗിച്ചിരിക്കുന്ന സന്ദർഭത്തിൽനിന്നു മാത്രമേ മനസ്സിലാക്കാൻ സാധിക്കൂ. അതുപോലെതന്നെയാണ് വരത്തിന്റേയും കാര്യം. അതിന്റെ സ്വഭാവത്തേയോ, ഘടനയേയോപററി യാതൊരു വിശദീകരണവും അദ്ദേഹം നല്കുന്നില്ല.

ആദിമസഭയ്ക്കുമാത്രം അനുഭവിക്കുവാനുള്ള പ്രത്യേക ദാനങ്ങളല്ല വരങ്ങൾ. മറിച്ചു്, സഭയുടെതന്നെ ഒരവശ്യഘടകമാണവ. സെൻറ് പോളിന്റെ കാഴ്ചപ്പാടിൽ കരിസ്മാററിക്കു് അല്ലാത്ത സഭ ഒരു വൈരുദ്ധ്യമാണ്. കരിസ്മാററിക് തീക്ഷ്ണതയിൽ കൊറീന്ത്യൻസഭ എല്ലാക്കാലത്തേയും സഭയ്ക്കു് ഒരു മാതൃകയല്ലെന്നതു് ശരിയാണ്. പക്ഷേ സഭയ്ക്കു് ഏതെങ്കിലും കാലഘട്ടത്തിൽ അവയെ ഒഴിച്ചുനിർത്താമെന്നു് വരുന്നില്ല. വരങ്ങളും സ്ഥാപനങ്ങളും സഭയുടെ രണ്ടവശ്യഘടകങ്ങളാണ്. എന്നാൽ അവ തമ്മിലുള്ള അതിർത്തി നിർണ്ണയിക്കുക എളുപ്പമല്ല. ഒരു ക്രൈസ്തവവ്യക്തിയെ സംബന്ധിച്ചിടത്തോളം ഒരു പ്രത്യേകവരം അത്യാവശ്യമായിരിക്കയില്ല; എന്നാൽ വരങ്ങൾ സഭയുടെ അടിസ്ഥാനപരമായ ഒരാവശ്യമാണ്.

www.malankaralibrary.com

മനുഷ്യനെ നീതീകരിക്കുന്ന വിശ്വാസത്തിൽനിന്നും, വരപ്രസാദത്തിൽ (sanctifiying grace) നിന്നും വ്യത്യസ്തമാണ് വരങ്ങൾ. വരങ്ങൾ ഏററവും സമൃദ്ധമായുണ്ടായിരുന്ന കൊറിന്ത്യൻസഭയ്ക്കുള്ള രണ്ടു ലേഖനങ്ങളിലും സെൻറ് പോൾ ഏററവും കർക്കശവും, പരിഹാസാത്മകവുമായ ഭാഷ ഉപയോഗിച്ചിരിക്കുന്നതു് ഒരു വൈരുദ്ധ്യമായി തോന്നാം. കരിസ്മാററിക് പ്രവർത്തനവും അപൂർണ്ണമായ ക്രൈസ്തവസമർപ്പണവും ഒന്നിച്ചു പോകാമെന്ന വസ്തുത വി. മത്തായിയും സൂചിപ്പിക്കുന്നു (മത്താ. 7: 15–23).

1 കൊറി. 13–ാം അദ്ധ്യായത്തിലെ ഉപവിയെപ്പററിയുള്ള പ്രസിദ്ധമായ ഗീതകം ലേഖനരചനയ്ക്കുശേഷം കൂട്ടിച്ചേർക്കപ്പെട്ട ഒന്നാണെന്നു് ചില പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു. 1 കൊറി. 12, 14 അദ്ധ്യായങ്ങളിലെ വരങ്ങളെപ്പററിയുള്ള ചിന്താധാരയ്ക്കു് 13–ാം അദ്ധ്യായം വിഘ്നംസൃഷ്ടിക്കുന്നതുപോലെ തോന്നുന്നു. എന്നാൽ 13–ാം അദ്ധ്യായം പിന്നീടു കൂട്ടിച്ചേർത്തതാണു് എന്ന വാദം സ്വീകാര്യമല്ല. കാരണം കരിസ്മാററിക് ജീവിതവും ഉപവിക്കടുത്ത ജീവിതവുംതമ്മിലുള്ള ബന്ധം ചൂണ്ടിക്കാണിക്കുക, കരിസ്മാററിക് ജീവിതം ഫലപ്രദമാകണമെങ്കിൽ അതു് ഉപവിയുടെ ജീവിതവുമായി ഗാഢമായി ബന്ധപ്പെട്ടിരിക്കണം എന്നു വ്യക്തമാക്കുക, ഇവയൊക്കെയാണു് സെൻറ് പോളിൻെറ ലക്ഷ്യങ്ങൾ. വരവും ഉപവിയും ഒന്നല്ല, രണ്ടാണു്; എന്നാൽ അവ തമ്മിൽ ഗാഢമായ ബന്ധമുണ്ടു്.

പൊതുനന്മയ്ക്കുവേണ്ടിയാണു്, ക്രിസ്തീയസമൂഹത്തെ പടുത്തുയർത്തുന്നതിനുവേണ്ടിയാണു്, വരങ്ങൾ നല്കപ്പെടുന്നതു്. വിചിത്രമെന്നു പറയട്ടെ, കൊറീന്തിലെ സഭയിൽ വിവിധവരങ്ങൾ ഭിന്നതകൾക്കു കാരണമായി. ഉപരിപ്ലവമായി ചിന്തിച്ചിരുന്ന കൊറീന്ത്യർ ജനശ്രദ്ധയാകർഷിക്കുന്ന വരങ്ങൾക്കു് കൂടുതൽ പ്രാധാന്യം നല്കിയിരുന്നു. ഇക്കാരണത്താലാണു് ഭാഷാവരത്തിനു് വരങ്ങളുടെ പട്ടികയിൽ ഏററം താഴ്ന്നസ്ഥാനം പൗലോസ്ശ്ലീഹാ നൽകുന്നതും (1കൊറി. 12: 10, 28), ഈ ദാനത്തിൻെറ പ്രാധാന്യം അല്പം കുറച്ചുകാണിക്കുന്നതും (1കൊറി. 14: 1–25). അതുകൊണ്ടു് വരങ്ങളുടെ ലക്ഷ്യം ഉപവിയത്രേ. വരങ്ങൾക്കു് ചൈതന്യമേകേണ്ടതും, അവയുടെ ഉപയോഗത്തെ നയിക്കേണ്ടതും ഉപവിയാണു് (1 കൊറി 14: 4f, 12, 26; എഫേ 2: 4f). സഭയിൽ വരങ്ങൾക്കു് പ്രാമുഖ്യം ലഭിച്ചുവരുന്ന ഇന്നും അപ്പസ്തോലൻെറ പ്രബോധനം പ്രസക്തമത്രേ. ഒരു യഥാർത്ഥ ദൈവശാസ്ത്രജ്ഞനെ ന്യായമായും കരിസ്മാററിക് ആയി പരിഗണിക്കാം. എന്നാൽ അദ്ദേഹം തൻെറ വരം വിനിയോഗി

www.malankaralibrary.com

കുന്നതു് ഉപവിയോടുകൂടിയായിരിക്കണം. ഔദ്ധത്യവും, സ്വാർത്ഥതയും നിറഞ്ഞ സമീപനങ്ങൾ ദൈവശാസ്ത്രജ്ഞൻെറ വരത്തെ നിഷ്പ്രയോജനമാക്കും.

കരിസ്മാററിക് ജീവിതവും, ഉപവിക്കടുത്ത ജീവിതവും തമ്മിലുള്ള ഗാഢമായ ബന്ധം സെൻറു് പോളിൻെറ ആദ്ധ്യാത്മികചിന്തയുടെ സുപ്രധാന ഘടകമാണ്. അക്കാലത്തെ ഗ്രീക്കു് മിസ്റ്റിസിസത്തിൽനിന്നും വ്യത്യസ്തമാണിതു്. സെൻറുപോളിൻെറ അഭിപ്രായത്തിൽ അരൂപിയുടെ രണ്ടു വിധത്തിലുള്ള ദാനങ്ങളാണുള്ളതു്:

a) ഉപവിയും, ഉപവി സജ്ജീവമാക്കുന്ന സുകൃതങ്ങളും

b) ഉപവിയെ ആശ്രയിച്ചും, സുകൃതങ്ങളുമായി ബന്ധപ്പെട്ടും പ്രവർത്തിക്കുന്ന വരങ്ങൾ.

ഉപവിയാണു് വരങ്ങൾക്കു് മൂല്യം നൽകുന്നതു്. ധാർമ്മിക നിയമങ്ങൾക്കു് അതീതമാണെന്നു നടിക്കുന്ന ബാഹ്യമാത്രമായ ഒരു മതാവേശമായി അധ:പതിക്കുവാൻ അവയെ ഒരിക്കലും അനുവദിച്ചുകൂടാ.

## വരങ്ങളുടെ വിവിധ രൂപങ്ങൾ

ഈ ലേഖനത്തിൻെറ പ്രാരംഭത്തിൽ കൊടുത്തിരിക്കുന്ന നാലു ലിസ്ററുകളിലൂടെ കണ്ണോടിക്കുകയാണെങ്കിൽ 19 തരത്തിലുള്ള വരങ്ങളെ അല്ലെങ്കിൽ ശുശ്രൂഷകളെപ്പററി പരാമർശിച്ചിട്ടുണ്ടെന്നു കാണാം. മെത്രാന്മാരേയും, പുരോഹിതന്മാരേയും, ഡീക്കന്മാരെയും ഇവിടെ പരാമർശിച്ചുകാണുന്നില്ല. സെൻറു് പോളിൻേറതുതന്നെയാണെന്നു പൊതുവേ അംഗീകരിക്കപ്പെട്ടിരിക്കുന്ന ലേഖനങ്ങളിൽ 'പുരോഹിതൻ' (presbyteros) എന്ന പദം ഉപയോഗിച്ചിട്ടേയില്ല. മെത്രാന്മാരേയും, ഡീക്കന്മാരേയുംപററി ഫിലി. 1: 1–ൽ മാത്രമേ പരാമർശിക്കുന്നുള്ളു. ഇവ രണ്ടും ബഹുവചനരൂപങ്ങളാണുതാനും. റോമ. 12: 8–ൽ കാണുന്ന പ്രൊയിസ്തമെനോസ് (proistamenos) എന്ന അവ്യക്തമായ പദത്തിനു് കാർമ്മികനെന്നു അർത്ഥം കല്പിച്ചുകൂടെങ്കിൽ വരങ്ങളിൽ ഒന്നിനുപോലും ദിവ്യബലിയിലെ കാർമ്മികത്വവുമായി ബന്ധമില്ല. തിടുക്കത്തിൽ, ഉത്സാഹത്തോടെ, ശുഷ്കാന്തിയോടെ തുടങ്ങിയ അർത്ഥങ്ങളുള്ള en spoude എന്ന വിശേഷണം ഈ പദത്തോടു കൂട്ടിച്ചേർത്തിരിക്കുന്നതുകൊണ്ടു് 'പരിചരണ'(caring for) ത്തിൻെറ ധ്വനിയാണു് മുന്നിട്ടു നില്ക്കുന്നതു്. കൊറിന്ത്യർക്കുള്ള ഒന്നാം ലേഖനത്തിൽ മാത്രമേ വരങ്ങളുടെ പട്ടികയിൽ ഭാഷാവരത്തെക്കൂടി ഉൾപ്പെടുത്തുന്നുള്ളു.

www.malankaralibrary.com

പ്രവചനത്തേയോ പ്രവാചകന്മാരേയോപറ്റി നാലു പട്ടികകളും എടുത്തുപറയുന്നുണ്ട്. നാലിലും കാണുന്ന വരം ഇതുമാത്രമാണെന്നു പറയാം. ഓരോ വരത്തിന്റേയും പ്രവർത്തനമണ്ഡലങ്ങൾക്ക് അതിർത്തി നിർണ്ണയിക്കുവാനോ ഒന്നിനെ മറ്റൊന്നിൽ നിന്ന് വേർതിരിക്കുവാനോ എളുപ്പമല്ല. ഒരേ ശുശ്രൂഷയെത്തന്നെ കാണിക്കുന്നതിന് വിവിധ പദങ്ങൾ ഉപയോഗിച്ചിട്ടുണ്ട്. സെന്റ് പോളിന്റെ പദപ്രയോഗങ്ങൾ എപ്പോഴും ഒരേ രീതിയിലല്ല. അതുപോലെ ചില പദങ്ങളുടെ അർത്ഥം അവ്യക്തമാണ്. ഏതെങ്കിലും തരത്തിലുള്ള വചനശുശ്രൂഷയെ സൂചിപ്പിക്കുന്നവയാണ് പല വരങ്ങളും എന്നതു് ശ്രദ്ധാർഹമാണ്. ഇതു വ്യക്തമാകത്തക്കവിധം ഇവയിൽ ചില വരങ്ങളെ നമുക്ക് ചുരുക്കമായിട്ടൊന്നു വിശദീകരിക്കാം.

## അപ്പസ്തോലന്മാർ

സമാന്തരസുവിശേഷങ്ങളിൽ പൊതുവേയും, ലൂക്കായുടെ സുവിശേഷത്തിൽ പ്രത്യേകിച്ചും 'അപ്പസ്തോലൻ' എന്ന പദവി പന്ത്രണ്ടുപേർക്ക് മാത്രമായി സംവരണം ചെയ്തിരിക്കുന്നു. നടപടി പുസ്തകത്തിലൊരിടത്തു് (14:4) സെന്റ് പോളിനും, ബർണ്ണബാസിനും, ഈ പദവി കൊടുക്കുന്നുണ്ടു്. സെന്റ് പോളിന്റെ വീക്ഷണത്തിൽ പന്ത്രണ്ടുപേരുടെ സമൂഹത്തേക്കാൾ വലുതാണ് അപ്പസ്തോലസമൂഹം. 1 കൊറി 15: 5–ലും, 7–ലും വളരെ വ്യക്തമായി കാണിച്ചിട്ടുണ്ട് അപ്പസ്തോലസമൂഹവും പന്ത്രണ്ടുപേരുടെ സമൂഹവും തമ്മിലുള്ള വ്യത്യാസം. സെന്റ് പോളിന്റെ അപ്പസ്തോലപദവിയുടെ അടിസ്ഥാനം ഉത്ഥാനം ചെയ്ത ക്രിസ്തുവിനെ ദർശിച്ചതും, സുവിശേഷം പ്രസംഗിക്കാനുള്ള കല്പന ലഭിച്ചതുമായിരുന്നു (1 കൊറി 9: 1 ff). അദ്ദേഹത്തിന്റെ ലേഖനങ്ങളിൽ അപ്പസ്തോലന്മാർ എന്നു വിളിക്കുന്നവരെയെല്ലാം തന്നോടു സമന്മാരായി അദ്ദേഹം പരിഗണിച്ചിരുന്നുവെന്ന് തീർത്തുപറയുവാൻ സാധിക്കുകയില്ല.

ക്രൂശിതനായ ക്രിസ്തുവിനെ പ്രഘോഷിക്കുകയും (1 കൊറി 1: 18) അനുരഞ്ജനത്തിന്റെ സന്ദേശം (2 കൊറി 5: 19) അറിയിക്കുകയുമാണ് അപ്പസ്തോലന്റെ കർത്തവ്യം. അങ്ങനെ അദ്ദേഹം ക്രിസ്തുവിന്റെ പ്രതിപുരുഷനാണ് (2 കൊറി 5: 20). തന്റെ പ്രസംഗത്തിലൂടെയും, സഹനത്തിലൂടെയും (2 കൊറി 4 10–12) മുഴുവൻ ജീവിതത്തിലൂടെയും അദ്ദേഹം കർത്താവിന്റെ രക്ഷാകരമരണത്തെ മറ്റുള്ളവരുടെ മുമ്പിൽ അവതരിപ്പിക്കുന്നു. മെത്രാൻ, പുരോഹിതൻ, ഡീക്കൻ എന്നിവരുടെ ജോലികളും, അപ്പസ്തോലന്റെ ജോലിയും തമ്മിലുള്ള വ്യത്യാസം പിൽക്കാല പ

www.malankaralibrary.com

തിയനിയമഗ്രന്ഥങ്ങളിൽ കൂടുതൽ പ്രകടമാകുന്നുണ്ട് (1 പത്രോ. 1: 1; 5: 1 ഇവ താരതമ്യപ്പെടുത്തുക. അപ്പസ്തോലനായും, പുരോഹിതനായും ലേഖനകർത്താവ് സ്വയം പരിഗണിക്കുന്നു).

## പ്രവാചകൻ

പ്രവചനവരത്തിൻെറ വ്യക്തമായ നിർവ്വചനം സെൻറ് പോൾ നൽകുന്നില്ല. എല്ലാ വരങ്ങളേക്കാൾ പ്രവചനവരത്തിനാണ് സെൻറ് പോൾ കൂടുതൽ പ്രാധാന്യം കൊടുക്കുന്നത് (1കൊറി 14: 1). ആരാധനാസമ്മേളനങ്ങളിൽ ഉപയോഗിച്ചിരുന്നതും, പ്രായോഗികകാര്യങ്ങൾ സംബന്ധിച്ചുള്ളതും ഹൃദയരഹസ്യങ്ങൾ വെളിപ്പെടുത്തുന്നതും, മാനസാന്തരം സാധിക്കുന്നതുമായ ഒരു കരിസ്മാററിക് ദാനമായിട്ടാണ് അതിനെ 1 കൊറി 14: 22–24–ൽ ചിത്രീകരിച്ചിരിക്കുന്നത്. പ്രവാചകരിൽ പുരുഷന്മാരും സ്ത്രീകളും ഉണ്ടായിരുന്നു (1 കൊറി 2: 5). സെൻറ് പോൾ തന്നെത്തന്നെ ഒരു പ്രവാചകനായി പരിഗണിക്കുന്നില്ല.

## പ്രബോധകർ, സുവിശേഷപ്രഘോഷകർ

ഇവർ യഥാർത്ഥത്തിൽ വ്യത്യസ്തരാണെങ്കിൽ അവരെ വ്യതിരിക്തമാക്കുന്നതെന്താണെന്ന് നിശ്ചയിക്കുവാൻ നിവൃത്തിയില്ല. പുതിയനിയമത്തിൽ മൂന്നു പ്രാവശ്യം മാത്രമേ ''സുവിശേഷപ്രഘോഷകൻ'' എന്ന പദം കാണുന്നുള്ളു.

## വിജ്ഞാനം, അറിവ്

ഈ പദങ്ങളോടു ചേർന്ന് 'വചനം' പ്രയോഗിച്ചുകാണുന്നു: വിജ്ഞാനത്തിൻെറ വചനം, അറിവിൻെറ വചനം. സാധാരണഗതിയിലുള്ള ക്രിസ്തീയപ്രബോധനങ്ങൾ പകർന്നുകൊടുക്കുവാനുള്ള കഴിവാണ് അറിവ്. ക്രിസ്തീയ രഹസ്യങ്ങളിലേക്ക് ചുഴിഞ്ഞിറങ്ങുവാനുള്ള വരമാണ് വിജ്ഞാനം. ഇന്നത്തെ സാഹചര്യത്തിൽ ഒരു മതബോധകന് അറിവിൻെറ വരവും, പ്രതിഭാസമ്പന്നനായ ഒരു ദൈവശാസ്ത്രജ്ഞന് വിജ്ഞാനത്തിൻെറ വരവും ഉണ്ടെന്നു പറയാം.

## രോഗശാന്തിയുടെ വരം

രോഗശാന്തിയുടേയും, അത്ഭുതങ്ങളുടേയും അസാധാരണമായ അനുഭവങ്ങൾ സാദ്ധ്യമാണെന്ന് സെൻറ്പോളിന്, നന്നായി അറിയാമായിരുന്നു. ക്രിസ്തുനാഥൻെറ അത്ഭുതങ്ങളെപ്പററി



www.malankaralibrary.com

സമാന്തരസുവിശേഷങ്ങൾ വളരെയധികം പ്രതിപാദിക്കുന്നുണ്ടെങ്കിലും അദ്ദേഹം അതേപ്പറ്റി സൂചിപ്പിക്കുന്നുപോലും ഇല്ലെന്നതു് ശ്രദ്ധാർഹമാണു്. എന്നാൽ തന്റെതന്നെ അത്ഭുതശക്തികളെപ്പറ്റി അദ്ദേഹം തികച്ചും ബോധവാനായിരുന്നു. അപ്പസ്തോലൻ എന്ന അവകാശവാദത്തിനു് തെളിവുകൂടിയാണതു്. സുവിശേഷങ്ങളിലെ അത്ഭുതങ്ങൾക്കെതിരായി ഇന്നു് ഉയർന്നുവന്നിരിക്കുന്ന ആരോപണങ്ങൾക്കു് സെന്റ് പോളിന്റെ സാക്ഷ്യത്തിനു മുമ്പിൽ നിലനില്പില്ല. താൻ അത്ഭുതങ്ങൾക്കു സാക്ഷ്യം വഹിച്ചുവെന്നു മാത്രമല്ല, അവ പ്രവർത്തിക്കയും ചെയ്തുവെന്നു് അദ്ദേഹം തറപ്പിച്ചു പറയുന്നു. ''പരിപൂർണ്ണ ക്ഷമയോടുകൂടി അടയാളങ്ങളും, അത്ഭുതങ്ങളും, ശക്തിപ്രവർത്തനങ്ങളുംവഴി യഥാർത്ഥ അപ്പസ്തോലന്റെ അടയാളങ്ങൾ നിങ്ങളുടെ മുമ്പിൽ ഞാൻ കാണിച്ചു'' (2 കൊറി 2: 12). അത്ഭുതപ്രവർത്തനങ്ങളെ സൂചിപ്പിക്കുന്ന പദങ്ങൾ വ്യത്യസ്തങ്ങളാണു്. മർക്കോസ് 16:18–ലെ രോഗികളുടെമേലുള്ള കൈവെപ്പുമായും, മർക്കോസ് 6:13–ലെയും, യാക്കോ 5: 15–ലെയും രോഗിലേപനവുമായും ഈ പദത്തിനു് ബന്ധമുണ്ടായിരിക്കാം.

## നേതൃത്വം (Guidings)

കുബെർനെസേസ് (Kuberneseis) എന്ന പദത്തിന്റെ പദാനുപദവിവർത്തനമാണിതു്. ബഹുവചനരൂപമാണു്. പുതിയനിയമത്തിൽ 1കൊറി 12: 28–ൽ മാത്രമാണിതു കാണുന്നതു്. ഈ ഗ്രീക്കു പദത്തിൽനിന്നു് Gubernium എന്ന ലത്തീൻപദവും, ഫ്രഞ്ചിലൂടെ Government എന്ന ഇംഗ്ലീഷ് പദവും വരുന്നു. ബോട്ടോടിക്കുക, കുതിരയെ നിയന്ത്രിക്കുക, രഥം ഓടിക്കുക, രാഷ്ട്രത്തെ ഭരിക്കുക എന്നീ അർത്ഥങ്ങളിൽ ഈ ഗ്രീക്കു പദം ഉപയോഗിക്കാം. പൊതുവേ പറഞ്ഞാൽ, സംഘടിപ്പിക്കുവാനും, ഭരിക്കുവാനുമുള്ള കഴിവു് എന്നാണിതിനർത്ഥം. പരിശുദ്ധാത്മാവിന്റെ ദാനങ്ങളുടെ കൂട്ടത്തിൽ ഈ കഴിവിനേയും ഉൾപ്പെടുത്തിയിരിക്കുന്നതു്, വളരെയധികം പ്രാധാന്യമർഹിക്കുന്ന വസ്തുതയാണു്. ഇതു് ശരിക്കു മനസ്സിലാക്കുകയും കാര്യമായി ഗണിക്കുകയും ചെയ്തിരുന്നെങ്കിൽ, പാശ്ചാത്യസഭയിൽ വളരെക്കാലമായി നിലനില്ക്കുന്ന കൗദാശികാധികാരവും ഔദ്യോഗികാധികാരവും തമ്മിലുള്ള വിഭജനം അസ്ഥാനത്താകുമായിരുന്നു.

## ഭാഷാവരം

ആരാധനാസമയത്തു് അഗ്രാഹ്യമായ പദങ്ങൾ ഉച്ചത്തിൽ ഉരുവിടുക ചില യവനമതങ്ങളിലും, പാശ്ചാത്യ ഏഷ്യൻമത-

www.malankaralibrary.com

ങ്ങളിലും പതിവായിരുന്നു. ആദ്യകാലസഭയിൽ ഈ ആചാരത്തിൻെറ പ്രചാരത്തിനും, അതുപോലെതന്നെ ക്രമേണയുള്ള അതിൻെറ പ്രചാരലുബ്ധതയ്ക്കും കാരണം ഈ സാംസ്ക്കാരിക പശ്ചാത്തലമാണെന്നു് മെക്കൻസി (J. L. MeKenzie) അഭിപ്രായപ്പെടുന്നു. അതിനാൽ കരിസ്മാററിക് പ്രാർത്ഥനാസമ്മേളനങ്ങളിലൂടെ നമ്മുടെ പ്രാർത്ഥനാജീവിതം പുനരുജ്ജീവിപ്പിക്കാം; എന്നാൽ അന്നത്തെ സാംസ്ക്കാരിക പ്രത്യേകതകൾക്കനുസൃതമായി രൂപംകൊണ്ട പ്രാർത്ഥനാരൂപത്തെ സ്വീകരിക്കേണ്ടതില്ല എന്ന നിഗമനത്തിൽ നമുക്കു് എത്തിച്ചേരാം.

കേൾവിക്കാർക്കു് ദുർഗ്രഹമായ ഹർഷോന്മത്തവചനങ്ങളിലൂടെയുള്ള പ്രാർത്ഥനയും, സ്തുതിപ്പും, ആരാധനയും എന്നാണു് ഭാഷാവരത്തിനർത്ഥം. പരിശുദ്ധാത്മാവിൻെറ നിറവിൽനിന്നുമാണു് ഇതുത്ഭവിക്കുക. നടപടിപുസ്തകത്തിൽ ഇതിനെ മാമ്മോദീസായുമായി ബന്ധപ്പെടുത്തിയിരിക്കുന്നു. പത്രോസിൻെറ ഉപദേശത്തിനുശേഷം കൊർണേലിയൂസും കുടുംബവും മാമ്മോദീസാ സ്വീകരിച്ചപ്പോൾ, ''വചനം കേട്ടുകൊണ്ടിരുന്ന സകലരുടെമേലും പരിശുദ്ധാത്മാവു് വന്നു വസിച്ചു.'' അവർ ''പല ഭാഷകൾ സംസാരിക്കുവാനും ദൈവത്തെ മഹത്വപ്പെടുത്തുവാനും തുടങ്ങി''(നട. 10: 44, 46; cf 19: 6). ഭാഷകളിലുള്ള സംസാരം മനുഷ്യരോടല്ല ദൈവത്തോടാണു്. അതുകൊണ്ടു് സമൂഹത്തിനു് നന്മയുണ്ടാകണമെങ്കിൽ അവയെ വ്യാഖ്യാനിക്കേണ്ടിയിരിക്കുന്നു.

## വിശ്വാസം

1 കൊറി. 12: 9–ൽമാത്രമേ ഇതിനെ വരങ്ങളുടെ പട്ടികയിൽപ്പെടുത്തുന്നുള്ളു. ഈ വരം എല്ലാവർക്കും നല്കപ്പെട്ടിട്ടില്ലെന്നു് ഈ വാക്യത്തിൽനിന്നു് വ്യക്തമാണു്. ഈ അദ്ധ്യായത്തിൽ വിശ്വാസത്തെ ഒരു കരിസ്മാററിക്ദാനമായി സെൻറു് പോൾ പരിഗണിക്കുമ്പോൾ, പാപിയായ മനുഷ്യനെ നീതീകരിക്കുന്ന രക്ഷാകരവിശ്വാസമാകുന്ന അടിസ്ഥാനദാനത്തെയല്ല അദ്ദേഹം അർത്ഥമാക്കുന്നതെന്നു് വ്യക്തമാണു്. സെൻറു് പോളിൻെറ ലേഖനങ്ങളിലെ 'വര'ദ്യോതകമായ പദങ്ങൾ എത്രമാത്രം അവ്യക്തവും, അപൂർണ്ണവുമാണെന്നു് ഇതിൽനിന്നു് നമുക്കെളുപ്പം മനസ്സിലാക്കാം. 'ദൈവം പൗലോസിനു് പല കഴിവുകളും നല്കിയെങ്കിലും വ്യക്തമായി വിശദീകരിക്കുന്നതിനുള്ള കഴിവുമാത്രം നല്കിയില്ല' എന്ന സി. എസ്. ലൂവിസി (C. S. Lewis) ൻെറ അഭിപ്രായം ഇവിടെ അനുസ്മരണീയമാണു്.

അത്ഭുതപ്രവർത്തനങ്ങൾ, അടയാളങ്ങൾ, എന്നിവ അശുദ്ധാത്മാവിൽനിന്നല്ല, പ്രത്യുത, ദൈവത്തിൽനിന്നാണു്

www.malankaralibrary.com

വരുന്നതു് എന്നു് വിവേചിക്കുവാനുള്ള കഴിവാണു് വിശ്വാസം. 13-ാം അദ്ധ്യായത്തിൽ മലകളെ നീക്കുവാൻ പര്യാപ്തമായ വിശ്വാസത്തെപ്പററി സെൻറു് പോൾ പറയുന്നുണ്ടു്. ഒരത്ഭുത രോഗശാന്തിയുമായി ബന്ധപ്പെടുത്തി ക്രിസ്തുനാഥൻതന്നെ പറഞ്ഞ വാക്കുകളുടെ പ്രതിധ്വനിയാണിവിടെ കാണുക. നിങ്ങൾക്കു് ഒരു കടുകുമണിപോലുള്ള വിശ്വാസമുണ്ടെങ്കിൽ ഈ മലയോടു് ഇവിടെനിന്നു് മാറുവാൻ നിങ്ങൾ പറഞ്ഞാൽ അതു മാറും (മത്താ. 17: 20).

## ഉപസംഹാരം

എല്ലാ വരങ്ങളും അത്ഭുതകരവും, ആശ്ചര്യജനകവുമായ വിധത്തിലുള്ളവയായിരുന്നുവെന്നു് സെൻറു് പോൾ പഠിപ്പിച്ചിരുന്നില്ല. സഭയുടെ ഒരു പ്രത്യേകതയായി വരങ്ങൾ എല്ലായ്പോഴും നിലനില്ക്കും. ഓരോ യഥാർത്ഥ ക്രൈസ്തവനും ഒരുവിധത്തിൽ ഒരു കരിസ്മാററിക്കാണു്. വലുതും ചെറുതുമായ വരങ്ങളുണ്ടു്. എല്ലാവർക്കും ഏതെങ്കിലും ഒരു വരം ഉണ്ടാകും. സമാധാനസ്ഥാപകരും, സംഘാടകശക്തിയുള്ളവരും നല്ല മതബോധകരും സൽസ്വഭാവികളും ശാന്തശീലരുമെല്ലാം കരിസ്മാററിക്കുകൾതന്നെ. അവർ മലകളിൽനിന്നു് അതു പ്രഘോഷിക്കാത്തതുകൊണ്ടു് അവരുടെ വരത്തിനു് കുറവു വരുന്നില്ല. മഹാന്മാരായ ദൈവശാസ്ത്രജ്ഞന്മാർ, സന്യാസസഭാസ്ഥാപകർ, സഭാനേതാക്കന്മാർ, എം. ജെ. ലാഗ്രാൻജു്, കർദ്ദിനാൾ കാർഡൈൻ തുടങ്ങിയവരെപ്പോലുള്ള പരിഷ്ക്കർത്താക്കൾ എന്നിവരെല്ലാം പ്രമുഖരായ കരിസ്മാററിക്കുകളാണെന്നതിനു് സംശയമില്ല.

നാം വലിയവരോ ചെറിയവരോ ആരായിരുന്നാലും നമുക്കുമാത്രം സാധിക്കുന്ന ചില കാര്യങ്ങളുണ്ടു്. നമ്മുടെ പങ്കു് നിർവ്വഹിക്കുകയാണു് നാം ചെയ്യേണ്ടതു്. "വിശുദ്ധരെ സജ്ജീകരിക്കുക.... വിശ്വാസൈക്യം നമുക്കെല്ലാം കൈവരുന്നതുവരെ മിശിഹായുടെ ശരീരം പണിതുയർത്തുക.... ശിരസ്സായ ക്രിസ്തുവിലേക്കു് എല്ലാവിധത്തിലും വളരുക" (എഫേ. 4: 12-15).

സീൻ കെല്ലെഹെർ

ബാംഗ്ലൂർ

വിവ. മാത്യു പന്തലാനിക്കൽ

www.malankaralibrary.com

# പ്രാർത്ഥനയും പരിശുദ്ധാരൂപിയും

പിതാവും പുത്രനും തമ്മിലുള്ള ബന്ധത്തിന്റെ വൈയക്തിക പ്രകാശനമാണല്ലോ പരിശുദ്ധാത്മാവ്. തന്മൂലം പിതാവും പുത്രനുമായും, പിതാവും ദൈവമക്കളുമായുമുള്ള ആത്മാർത്ഥമായ സംഭാഷണങ്ങളിലെല്ലാം ദൈവാത്മാവും അവശ്യം സന്നിഹിതനത്രേ. അതിനാൽ അരൂപിയിലുള്ള, അരൂപിയിൽ പ്രേരിതമായ ഒന്നായിട്ടല്ലാതെ ക്രിസ്തീയപ്രാർത്ഥനയെപ്പററി പറയാനാവില്ല. ക്രിസ്തുവിന്റേയും ക്രിസ്ത്യാനികളുടേയും പ്രാർത്ഥനയിൽ ദിവ്യാരൂപിക്കുള്ള പങ്ക് സുവിശേഷങ്ങളുടെ വെളിച്ചത്തിൽ കാണുകയാണ് ഈ ലേഖനോദ്ദേശ്യം.

## അരൂപി യേശുവിന്റെ പ്രാർത്ഥനാജീവിതത്തിൽ

യേശുവിന്റെ പ്രാർത്ഥനാജീവിതത്തെപ്പററി സുവിശേഷങ്ങൾ ഏറെയൊന്നും പറയുന്നില്ല. ഏകാന്തതയിൽ പിതാവിനോട് ചേർന്നിരിക്കാനാഗ്രഹിച്ച്, പ്രാർത്ഥിക്കാനാവേശം തോന്നിയപ്പോഴെല്ലാം ജനക്കൂട്ടത്തിൽനിന്ന് യേശു മാറിപ്പോയതായി കാണുന്നു. പിതാവുമായുള്ള തന്റെ സൗഹൃദം പരദൃഷ്ടിയിൽപ്പെടാൻ അവിടുന്ന് അധികം അനുവദിച്ചില്ല. തത്ഫലമായി, യേശുവിന്റെ പ്രാർത്ഥനാജീവിതത്തെ സംബന്ധിച്ച് ചുരുങ്ങിയൊരറിവേ നമുക്കു ലഭിച്ചിട്ടുള്ളൂ. എന്നിരുന്നാലും രേഖപ്പെടുത്തപ്പെട്ടിട്ടുള്ള പ്രാർത്ഥനാവസരങ്ങൾ യേശുവിന്റെ പ്രാർത്ഥനയുടെ അഗാധമായ അർത്ഥം വെളിപ്പെടുത്തുവാൻ പോരുന്നവയാണ്. ''പരിശുദ്ധാത്മാവിൽ ആനന്ദിച്ച്'' (ലൂക്കാ 10: 21–22) എഴുപത്തിരണ്ടു ശിഷ്യന്മാർ തങ്ങളുടെ പ്രേഷിതദൗത്യനിർവ്വഹണത്തിനുശേഷം തിരിച്ചെത്തിയപ്പോൾ യേശു അരൂപിയിൽ ആഹ്ളാദപൂരിതനായി. ''സ്വർഗ്ഗത്തിന്റേയും ഭൂമിയുടേയും കർത്താവായ എന്റെ പിതാവേ! നീ ഇവ ജ്ഞാനികളിലും വിവേകികളിലുംനിന്നു മറച്ച്, ശിശുക്കൾക്കു വെളിപ്പെടുത്തിയതിനാൽ നിന്നെ ഞാൻ പുകഴ്ത്തുന്നു'' എന്ന് ഈ സന്ദർഭത്തിൽ ഈശോ ഉത്ഘോഷിച്ചതായി സുവിശേഷത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. ഈ പ്രാർത്ഥനയിൽ യേശുവിന്റെ ദൈവപുത്രസ്ഥാനത്തിന്റെ അതുല്യമഹത്വവും മനോഹാരിതയും വെളിപ്പെടുന്നതിനോടൊപ്പം മാനുഷികമായ അവിടുത്തെ വികാരവിചാരങ്ങളും പ്രതികരണങ്ങളും ദൃശ്യമാകു

www.malankaralibrary.com

ന്നുണ്ട്.[1] യേശുവിന്റെ സ്വന്തമായി നിലനിന്ന് അവിടുത്തെ നാമത്തിൽ പ്രവർത്തിച്ചിരുന്ന ശിഷ്യർ, അവർക്ക് ലഭിച്ച വരങ്ങളിൽ ആനന്ദംകൊള്ളുമ്പോഴാണ് യേശു ആനന്ദിക്കുക. "പിശാചുക്കൾപോലും അങ്ങേ നാമത്തിൽ ഞങ്ങൾക്ക് കീഴടങ്ങുന്നു," ശിഷ്യർ സന്തോഷത്തോടെ യേശുവിനെ അറിയിച്ചു (ലൂക്കാ 10: 17). അവരുടെ വിജയാഹ്ളാദം അവിടുത്തെ അന്തരാത്മാവിൽ ആനന്ദത്തിന്റെ അലയടികൾ സൃഷ്ടിച്ചു.

പിശാചുക്കൾ പുറത്താക്കപ്പെടുന്നതുകൊണ്ടുണ്ടായ സന്തോഷത്തെക്കാൾ ശ്രേഷ്ഠമാണ് ഈ ആനന്ദം. ദൃശ്യമായവയെക്കാൾ അദൃശ്യമായവയത്രേ, ഈ ആനന്ദത്തിനു നിദാനം. "നിങ്ങളുടെ പേരുകൾ സ്വർഗ്ഗത്തിൽ എഴുതപ്പെട്ടിരിക്കുന്നു" (ലൂക്കാ. 10: 20) എന്ന വാഗ്ദാനത്തിന്റെ ഫലമത്രേ യേശുവിന്റെ ആനന്ദം. ദൈവത്തേയും ദൈവവാഗ്ദാനങ്ങളേയുംപ്പറ്റിയുള്ള അറിവിൽ നിന്നുയിർക്കൊള്ളുന്ന ഈ ആനന്ദത്തിന് അതിന്റെ ഉറവിടമായ ദിവ്യാത്മാവിയുമായി ബന്ധമുണ്ട്. മഹനീയമായ ഈ ആനന്ദാനുഭവം ഒരു കൃതജ്ഞതാപ്രാർത്ഥനയായി പുറത്തുവരുന്നു. പുത്രനെ പിതാവിനഭിമുഖമായി നിറുത്തി അരൂപി തന്റെ ശക്തി ആവിഷ്ക്കരിക്കയാണിവിടെ. അപ്പോൾ കൃതജ്ഞതാസ്തോത്രം പൂർണ്ണ അർത്ഥത്തിൽത്തന്നെ പൊട്ടിപ്പുറപ്പെട്ടു. യേശു പിതാവിങ്കലേക്കു തിരിഞ്ഞ് പിതാവിന്റെ പ്രതാപമഹത്വങ്ങൾ പ്രഖ്യാപിക്കുന്നു: "പിതാവേ നിന്നെ ഞാൻ സ്തുതിക്കുന്നു; നിനക്കു ഞാൻ നന്ദി പറയുന്നു."

സുവിശേഷത്തിലെ ഏറ്റം ശ്രേഷ്ഠമായ പ്രാർത്ഥനാരൂപമാണിതെന്നു പറയാം. ഇതു വെറും 'നന്ദി'പ്രകടിപ്പിക്കലല്ല. ദൈവം ചെയ്തതിനെപ്പറ്റിയുള്ള പ്രശംസയും സ്തുതിയും ആണ്. വെറും മാനുഷികപ്രതികരണമായി ഇതിനെ കാണാൻ പററുകയില്ല. ദൈവാനുഭവത്തിൽനിന്നും സ്വാഭാവികമായി പ്രവഹിക്കുന്ന പ്രതികർമ്മമാണിതു്. ഇതുപോലെ അരൂപിയാൽ പ്രേരിതമായ സ്തുതിഗീതങ്ങൾ ഏലീശാ (1: 41) സക്കറിയാ (1: 67 മു.) ശെമയോൻ (2: 22 മു.) തുടങ്ങിയവരും ആലപിക്കുന്നതായി കാണുന്നു.

### പ്രാർത്ഥനയും ആത്മാവബോധവും

അരൂപിയിൽ പ്രചോദിതമായ ഈ പ്രാർത്ഥന തന്റെ ദൈവപുത്രസ്ഥാനത്തെപ്പററിയുള്ള യേശുവിന്റെ അവബോധത്തിന്റെ പ്രകാശനമാകുന്നു. ഈ അവബോധം അവിട

1. Cf. J. Guillet, Jesus Christ Yesterday and Today, London, 1965, 124-126

www.malankaralibrary.com

ത്തേക്കു് എപ്പോഴും ഉണ്ടായിരുന്നു. പ്രചോദനങ്ങൾക്കനുസരിച്ചു് മനുഷ്യനായ യേശുവിലെ ഈ അവബോധം പ്രതികരണങ്ങൾ കാണിക്കുന്നു. ദൈവപിതാവു് മനുഷ്യമക്കളോടു കാണിക്കുന്ന ഔദാര്യപൂർണ്ണമായ ഓരോ കൃത്യവും തന്റെ പുത്രസ്ഥാനത്തെ അനുസ്മരിപ്പിക്കുന്ന ഓരോ പുതിയ അനുഭവമായിത്തീരുന്നു. ജ്ഞാനസ്നാനത്തിലും രൂപാന്തരീകരണത്തിലും അരൂപി പിതാവിനു പുത്രനോടുള്ള സ്നേഹമായി പ്രത്യക്ഷപ്പെടുന്നു: ''നീയെന്റെ പ്രിയ പുത്രനാകുന്നു; നിന്നിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു.''[2] ഇവിടെ പുത്രത്വത്തെപ്പറ്റിയുള്ള വ്യക്തമായ അവബോധത്തോടെ പിതാവിനു് തന്റെ സ്നേഹമർപ്പിക്കാൻ അരൂപി യേശുവിനെ പ്രാപ്തനാക്കുകയത്രേ! പിതാവിനെ സംബന്ധിച്ചിടത്തോളം സ്നേഹമെന്നതു് ആത്മദാനമെങ്കിൽ പുത്രന്റെ ഭാഗത്തുനിന്നു് ഇതു് നന്ദിപൂർവ്വകമായ സ്വീകരണമാണു്: ''പിതാവേ, ഞാനങ്ങയെ വാഴ്ത്തുകയും അങ്ങേയ്ക്കു് നന്ദിപറയുകയും ചെയ്യുന്നു.'' അവർക്കു പരസ്പരം അരൂപിയിൽ നിറഞ്ഞ സന്തോഷവും, അകലാത്ത അടുപ്പവും, സംപൂർണ്ണധാരണയും, പരിപൂർണ്ണ ഐക്യവുമാണുള്ളതു്.

### അരൂപിയിലുള്ള പ്രാർത്ഥനയും ആനന്ദവും

'മെസയാനിക ആനന്ദം.'

ലൂക്കാ 10: 21–22–ലെ യേശുവിന്റെ പ്രാർത്ഥന ആനന്ദനിർഭരമാണു്. ഈ ആനന്ദം രക്ഷയുടെ വാഗ്ദാനപൂർത്തീകരണത്തിൽ നിന്നുത്ഭവിക്കുന്നു. അതിനാൽ ഈ ആനന്ദം മെസയാനികമത്രേ. മനുഷ്യരുടെയിടയിൽ ദൈവഹിതം നിറവേററിക്കണ്ടപ്പോൾ യേശുവാണിതു് ആദ്യമായി അനുഭവിച്ചറിഞ്ഞതു്. ദൈവവാഗ്ദാനപൂർത്തീകരണത്തിൽ ദൈവജനം ആസ്വദിക്കാനിരുന്ന ആനന്ദത്തിന്റെ ഒരു മുന്നനുഭവമായിരുന്നു ഇതു്. ലൂക്കായുടെ സുവിശേഷത്തിൽ പലയിടത്തും ഈ ആനന്ദത്തിന്റെ അലയടികൾ കാണാം. യേശുവിന്റെ അത്ഭുതങ്ങൾ കണ്ടപ്പോൾ ജനക്കൂട്ടത്തിനുണ്ടായ സന്തോഷവും (13: 17; 18: 37) യേശുവിന്റെ സന്ദർശനത്തിൽ സക്കേവൂസിന്റെ ആനന്ദവും (19: 6) പ്രസംഗത്തിനിടയിൽ യേശുതന്നെ പ്രഖ്യാപിച്ച സന്തോഷവും (15: 7, 32) ശ്രദ്ധേയമത്രേ. ശൈശവവിവരണങ്ങളിലും (1–2) ഈ ആനന്ദം തിരതല്ലുന്നുണ്ടു്.[3]

### ആനന്ദം ക്രിസ്തീയ ജീവിതത്തിൽ

സന്തോഷം ക്രിസ്തീയ ജീവിതത്തിന്റെ സന്തത സഹചാരിയും അവശ്യഫലവുമത്രേ. വി. യോഹന്നാൻ തന്റെ ക്രിസ്തു

2. Cf. Lk 3:22; 9:35
3. For a study of this theme cf. J. Navone, "Lucan Joy", Scripture 20 (1968), 49-62

www.malankaralibrary.com

നുഭവും മററുള്ളവരുമായുള്ള ഇതിന്റെ പങ്കുവയ്ക്കലും വിവരിക്കുന്നതു നോക്കുക; ''ആദിമുതൽ ഉണ്ടായിരുന്നവനെ– ഞങ്ങൾ കാണുകയും കേൾക്കുകയും ചെയ്തവനെ– ജീവന്റെ വചനമായിരിക്കുന്നവനെത്തന്നെ ഞങ്ങൾ നിങ്ങളെ അറിയിക്കുന്നു.... ഇതു് ഞങ്ങൾ എഴുതുന്നതു്, നിങ്ങളിലുള്ള ഞങ്ങളുടെ സന്തോഷം പൂർണ്ണമാകുന്നതിനത്രേ'' (1 യോ. 1: 4). ക്രിസ്ത്വനുഭവം പങ്കുവയ്ക്കുന്നതിന്റെ ആത്യന്തികലക്ഷ്യം സന്തോഷംതന്നെ. ''ഞങ്ങളുടെ സന്തോഷം'' എന്നതു് അപ്പസ്തോലന്മാരുടേയും അവരോടു ചേർന്ന് ക്രിസ്ത്വനുഭവം പങ്കുവച്ചവരുടേയും സന്തോഷവും തജ്ജന്യമായ സൗഹൃദവുമാണു്. യോ. 15–ൽ ക്രിസ്തുവുമായുള്ള ഐക്യം മുന്തിരിവള്ളിയുടേയും ശാഖകളുടേയും പ്രതിരൂപങ്ങളിൽ വിവരിക്കുന്നിടത്തു് ഇതു കൂടുതൽ വ്യക്തമായി കാണാം. ക്രിസ്തുവുമായുള്ള ഐക്യം നമ്മെ സന്തോഷത്തിലേക്കു നയിക്കുന്നു. ''എന്റെ സന്തോഷം നിങ്ങളിലായിരിക്കാനും നിങ്ങളുടെ സന്തോഷം പൂർത്തിയാകുവാനുമാകുന്നു ഞാൻ ഇവ നിങ്ങളോടു പറയുന്നതു്'' (യോ. 15: 11). അപ്പസ്തോലനടപടികളിലും[4] പൗലോസിന്റെ ലേഖനങ്ങളിലും[5] ക്രിസ്തീയ സന്തോഷത്തെപ്പററിയുള്ള പരാമർശങ്ങൾ അനവധിയുണ്ടു്. ഈ ആനന്ദമത്രേ സ്തുതിയുടേയും കൃതജ്ഞതയുടേയും ക്രിസ്തീയ പ്രാർത്ഥനകളിൽ മുററിനില്ക്കുന്നതു്.

ആനന്ദം അരൂപിയുടെ ദാനം

ഈ ക്രിസ്തീയാനന്ദം നൈമിഷികമായൊരു വികാരാവേശമല്ല. പ്രത്യുത, ദൈവരാജ്യത്തിന്റെ അടയാളവും അതിൽ മറഞ്ഞിരിക്കുന്ന അമൂല്യനിധിയുമത്രേ.[6] ഇതു നമുക്കു സമ്പാദിക്കാനും കഴിയണം. അസ്വസ്ഥതയുടേയും അന്വേഷണത്തിന്റേയും കുറെ നാളുകൾക്കുശേഷമേ എത്യോപ്യായിൽനിന്നുള്ള ഷണ്ഡനു് ഇതു് ആസ്വദിക്കാൻ കഴിഞ്ഞുള്ളു. (നടപടി 8: 39). വി. മത്തായിയുടെ സുവിശേഷത്തിലെ കച്ചവടക്കാരൻ എല്ലാം വിററിട്ടത്രേ നിധിയടങ്ങിയ വയൽ സ്വന്തമാക്കിയതു് (മത്താ. 13: 44). ഏറെ തിരച്ചിലിനുശേഷമാണു് ആ സ്ത്രീക്കു് തന്റെ നഷ്ടപ്പെട്ട നാണയം കണ്ടുകിട്ടി സന്തോഷിക്കുവാൻ കഴിഞ്ഞതു് (ലൂക്കാ. 13: 9).

വേദനയിലൂടെ കടന്നുചെന്നാണു് ഈ ആനന്ദം കൈവശമാക്കേണ്ടതു്. ഈ ''കടന്നുപോകലി''ലൂടെ ആദ്യമായി, സാ

4. Acts 8:8; 11:23; 13:48, 52; 15:31
5. 2 Cor 13:11; Phil. 3:1; 4:4; Col 1:11
6. Cf. A. Ridouard, "La joie messianique", Assemblées du Seigneur 5 (1966), 66

www.malankaralibrary.com

ക്ഷാത്കൃതമായ ദൈവരാജ്യത്തിലെ സന്തോഷം അനുഭവിച്ചതു് യേശുവാകുന്നു (യോഹ. 13: 1, 31, 32). വേദനകൾക്കിടയിലാണു് ഇതു കണ്ടെത്തുന്നതെന്നു് അപ്പസ്തോലന്മാർക്കവിടുന്നു മുന്നറിയിപ്പു നല്കി (മത്താ 5: 12; യോഹ. 16: 20 മു.): "....നിങ്ങളുടെ ദുഃഖം സന്തോഷമായി പകരും." വി. യാക്കോബു് ക്രിസ്തീയ സഹോദരരെ ഉപദേശിക്കുന്നു: "....പരീക്ഷകളുണ്ടാകുമ്പോൾ അവയെല്ലാം സന്തോഷസംദായകമായി പരിഗണിക്കുവിൻ" (യാക്കോ. 1: 2). കുരിശിലെ മൗഢ്യത്തിൽ കണ്ടെത്തുന്ന സന്തോഷത്തെപ്പറ്റി പ്രതിപാദിക്കുന്ന അനേകം വേദപുസ്തകവാക്യങ്ങളുണ്ടു്.7

ഈ ആനന്ദം മനുഷ്യപ്രകൃതിയിൽനിന്നു സ്വാഭാവികമായി പുറപ്പെടുന്നതല്ലെന്നു മാത്രമല്ല, മനുഷ്യന്റെ സ്വാഭാവികതാല്പര്യങ്ങൾക്കു വിരുദ്ധവുമാണു്. ഇതു് യേശുവിന്റെ ഒരു ദാനംതന്നെ. നമുക്കിതു തരുവാനാഗ്രഹിക്കുകയും ഇതിനായി പിതാവിനോടു യാചിക്കുകയും ചെയ്യുന്ന യേശുവിനോടുള്ള നമ്മുടെ വ്യക്തിപരമായ അടുപ്പത്തിൽ നിന്നത്രേ ഈ സന്തോഷം ഉയിർകൊള്ളുന്നതു്.8 വിശ്വാസ–സ്നേഹ– പ്രത്യാശകളുടെ ഒരു ജീവിതത്തിലേ ഈ യഥാർത്ഥസന്തോഷം ലഭ്യമാകൂ.9 യേശുവിലുള്ള നമ്മുടെ പുതിയ ജീവിതത്തിന്റെ വിധാതാവായ ദിവ്യാത്മാവിയുടെ ഒരു ദാനമാണു് ഈ ആനന്ദം.10 പോൾ റോമാക്കാരെ അഭിവാദ്യം ചെയ്യുന്നു: "പരിശുദ്ധാത്മാവിന്റെ ശക്തിയിൽ നിങ്ങൾ പ്രത്യാശാഭരിതരാകുന്നതിനു്, പ്രത്യാശ നല്കുന്ന ദൈവം വിശ്വാസത്തിൽനിന്നുള്ള സമാധാനവും സന്തോഷവുംകൊണ്ടു നിങ്ങളെ നിറയ്ക്കട്ടെ" (റോമ. 15: 13). തന്മൂലം യേശുവിന്റെ പ്രാർത്ഥനയിലെ "ആത്മാവിയിൽ ആഹ്ലാദിച്ച്" എന്ന വാക്കുകൾ വളരെ അർത്ഥപൂർണ്ണമാണു്. ആത്മാവിയിലുള്ള യഥാർത്ഥ ജീവിതത്തിന്റെ അവശ്യഫലമാണു് സ്തോത്രപ്രാർത്ഥനയെന്നു ഈ വാക്കുകൾ വ്യക്തമാക്കുന്നു.

## പ്രാർത്ഥന: ആത്മാവിയോടുള്ള തുറന്ന മനോഭാവം (ലൂക്ക. 3: 21–22)

ജ്ഞാനസ്നാനവേളയിൽ യേശു പ്രാർത്ഥിക്കുന്നതാണു് രംഗം. "അവിടുന്നു പ്രാർത്ഥിക്കവേ സ്വർഗ്ഗം തുറന്നു് പരിശുദ്ധാത്മാവു് അവിടുത്തെ മേലിറങ്ങിവന്നു." ഈ വാചകം പ്രാർത്ഥനയും ആത്മാവിയുടെ പ്രവർത്തനവും തമ്മിലുള്ള പരസ്പരപൂരകസ്വഭാ

7. Acts 5:41; 2 Cor 7:4; 8:2; Phil 2:17f; Col. 1:24.
8. Jn. 14:28; 15:11; 16:24; 17:13.
9. Cf. Rom 12:12; 1 Cor 13:6; Ph 1:25; 1 Pet 1:8.
10. Cf. Rom 14:17; Gal 5;22; 1 Thes 1:6

www.malankaralibrary.com

വം തെളിയിക്കുന്നു.11 ലൂക്കായുടെ സുവിശേഷത്തിൽ പൊതുവേ, അരൂപിയുടെ ഫലദായകത്വം, സ്വീകരിക്കുന്നവരുടെ പ്രാർത്ഥനാനുഭവവുമായി ബന്ധപ്പെടുത്തിക്കാണുന്നു. എലിസബത്തും (1: 41–42) സക്കറിയായും (1: 67 മു.) അരൂപിയിൽ നിറഞ്ഞു ദൈവത്തെ സ്തുതിക്കുന്നു. സൈമൺ ദൈവാരൂപിയാൽ പ്രേരിതനായി ദേവാലയത്തിൽ വന്ന യേശുവിനെ കരങ്ങളിലെടുത്തു ദൈവത്തെ വാഴ്ത്തുന്നു (2: 35). പ്രാർത്ഥിക്കുന്ന യേശുവിന്റെമേൽ അരൂപി ഇറങ്ങിവരുന്നതു്, അരൂപിയും പ്രാർത്ഥനയും തമ്മിലുള്ള ബന്ധം കാണിക്കുന്നു 12 തന്റെ ദൗത്യനിർവ്വഹണത്തിലുടനീളം അരൂപിയാൽ നയിക്കപ്പെടുന്നവനായിട്ടാണു് യേശുവിനെ ലൂക്കാ അവതരിപ്പിക്കുക (4: 1, 14, 18). അരൂപിയിൽ സന്തോഷിക്കവേ യേശുവിൽനിന്നു് പ്രാർത്ഥന പൊട്ടിവിരിയുന്നു. ''.... പിതാവേ ഞാനങ്ങേ സ്തുതിക്കുന്നു....'' (ലൂക്കാ. 10: 21). പ്രാർത്ഥനാമനോഭാവത്തിൽ പിതാവിനോടു് ചോദിക്കുന്നവർക്കു് അരൂപിയെ നൽകുന്നതായി യേശു പഠിപ്പിക്കുന്നു (ലൂക്കാ. 11: 13).

## അരൂപി ക്രിസ്ത്യാനികളുടെ പ്രാർത്ഥനയിൽ

ക്രിസ്ത്യാനികളുടെ പ്രാർത്ഥനയിൽ അരൂപിക്കുള്ള പങ്കു് പൗലോസ് വെളിപ്പെടുത്തുന്നുണ്ടു്. ''ബലഹീനരായ നമ്മെ പരിശുദ്ധാത്മാവു് സഹായിക്കുന്നു. എങ്ങനെ പ്രാർത്ഥിക്കണമെന്നോ എന്തു പ്രാർത്ഥിക്കണമെന്നോ നമുക്കറിഞ്ഞുകൂടാ. ആത്മാവുതന്നെ അവാച്യമായ വേദനയോടെ നമുക്കുവേണ്ടി പ്രാർത്ഥിക്കുന്നു'' (റോമ. 8: 26–27).

### അരൂപി: നമ്മുടെ പ്രാർത്ഥനയുടെ ആത്മാവു്

അരൂപിയാൽ പ്രേരിപ്പിക്കപ്പെടാത്തതും പരിപോഷിപ്പിക്കപ്പെടാത്തതുമായ പ്രാർത്ഥനയില്ല. പിതാവും മക്കളുമായുള്ള ഏതു സംഭാഷണത്തിലും അരൂപിയുടെ സാന്നിദ്ധ്യമുണ്ടാകണം. കാരണം, ദിവ്യാരൂപി പിതൃപുത്രബന്ധത്തിന്റെ വ്യക്തിരൂപമാണു്. ''ദൈവാരൂപിയാൽ നയിക്കപ്പെടുന്നവരാകുന്നു ദൈവമക്കൾ'' (റോമ. 8: 14). പ്രാർത്ഥനയ്ക്കാവശ്യമായ വ്യവസ്ഥ പിതൃസന്നിധിയിൽ സ്വയം ആയിരിക്കുകയത്രേ. ''നീ പ്രാർത്ഥിക്കുമ്പോൾ.... പിതാവിനോടു് പ്രാർത്ഥിക്കുക'' (മത്താ. 6: 6). പിതാവു നിന്റെ പ്രാർത്ഥന കാണുകയും കേൾക്കുകയും അറിയുകയും ചെയ്യുന്നു. അതിനാൽ പ്രാർത്ഥന പിതാവുമായുള്ള നമ്മുടെ

11. Cf. J. Navone, "Prayer", Scripture 20 (1968), 115.

17. Cf. മാത്യു വെള്ളാനിക്കൽ, പ്രാർത്ഥനാനുഭവം – ലൂക്കായുടെ സുവിശേഷത്തിൽ, ബൈബിൾഭാഷ്യം 5 (1976), pp. 30–31.

www.malankaralibrary.com

ഒരു രഹസ്യകാര്യമായിരിക്കണം. നമ്മെത്തന്നെ പിതാവിനു് നിശബ്ദമായി സമർപ്പിക്കുന്നതാണു് യഥാർത്ഥ പ്രാർത്ഥന.

പ്രാർത്ഥന പിതൃപുത്രബന്ധത്തിന്റെ അനുഭവം

ദൈവം മനുഷ്യർക്കു് പിതാവാണെന്ന സത്യം മതബോധമുള്ള എല്ലാവർക്കും വ്യക്തമായറിയാം. എന്നാൽ പ്രാർത്ഥനയിൽ ഈ അറിവിനേക്കാൾ വളരെ കാര്യങ്ങൾ അടങ്ങിയിട്ടുണ്ടു്. അവിടെ പിതൃസന്നിധിയിൽ ദൈവമക്കൾക്കുള്ള അഗാധമായ അനുഭൂതിയും സാക്ഷാത്കരണവും ഉണ്ടാകുന്നു. നമ്മൾ പിതാവിന്റെ സവിധത്തിലായിരിക്കുമ്പോൾ നമ്മുടെ യഥാർത്ഥഭവനത്തിലാണെന്ന അനുഭവം ഉണ്ടാകുന്നില്ലെങ്കിൽ അവിടെ സമ്മേളിക്കുന്നതിനർത്ഥമുണ്ടോ?

പുത്രസഹജമായ പ്രാർത്ഥന

പിതൃപുത്രബന്ധത്തിന്റെ അനുഭൂതി പകരുന്ന പ്രാർത്ഥന യേശുവിന്റെ പ്രാർത്ഥനാനുഭവത്തിന്റെ തുടർച്ചതന്നെയാണു്... "അവൻ പ്രാർത്ഥിക്കുമ്പോൾ സ്വർഗ്ഗത്തിൽനിന്നൊരു സ്വരമുണ്ടായി: നീ എന്റെ പ്രിയ പുത്രനാകുന്നു, നിന്നിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു."[13]

യേശുവിന്റെ പ്രാർത്ഥനാനുഭവത്തിന്റെ തുടർച്ചയായ നമ്മുടെ പ്രാർത്ഥനയുടെ ഉറവിടവും ദൈവാത്മാവുതന്നെ.[14]

ദൃശ്യവും സ്പൃശ്യവുമായി അരൂപിയുടെ സാന്നിദ്ധ്യം നമുക്കനുഭവപ്പെട്ടെന്നിരിക്കില്ല. അവിടുന്നു നമ്മുടെ മുമ്പിലല്ല, ഉള്ളിലുണ്ടു്. നമ്മോടു കാര്യങ്ങൾ പറയുകയല്ല അവിടുത്തെ കൃത്യം, പ്രത്യുത, പുത്രനെപ്പോലെ, പിതാവിനെയും പിതൃവചനത്തെയും പററി നമ്മെ അവബോധമുള്ളവരാക്കുകയത്രേ. നമ്മുടെതന്നെ ആത്മാവു് നമുക്കു് ഇന്ദ്രിയഗ്രാഹിയല്ല. എങ്കിലും നമ്മിൽ കുടികൊണ്ടു് നമ്മെ സജീവരാക്കുന്നതു് നമ്മുടെ ആത്മാവാണു്. ഇങ്ങനെതന്നെ പിതാവിന്റെ ജീവൻ പകർന്നുതന്നുകൊണ്ടു് നമ്മുടെ ആത്മാവിന്റെ ജീവനായിരിക്കുന്നതു്, പരിശുദ്ധാത്മാവത്രേ. അവിടുന്നു് നമ്മുടെ അന്തരാത്മാവിൽ പുത്രന്റെതന്നെ പ്രാർത്ഥന ഉണർത്തുകയും, പുത്രനു പിതാവിനോടുള്ള വികാരങ്ങളും, പ്രതികരണങ്ങളും സൃഷ്ടിക്കുകയും ചെയ്യുന്നു. അവിടുന്നു് നമ്മിൽ ജീവിക്കുന്നു എന്നതിനു തെളിവുകളാണിവ.

---

13. Lk 3:21-22; 9:28, 29, 35.
14. Cf. M. Ramsey, "Jesus and the Spirit", in the Charismatic Christ, London, 1974, 31-32.

www.malankaralibrary.com

ദിവ്യാത്മാവു് നമ്മുടെ പ്രാർത്ഥനാനുഭവത്തിന്റെ സാക്ഷി

ഗാലാ: 4: 6-ൽ ദൈവപുത്രന്റെയും, പുത്രസ്വീകാര്യത്തിന്റെയും അരൂപിയെ നാം പ്രാപിച്ചിരിക്കുന്നെന്നും, അതിനാലാണു് ദൈവത്തെ 'ആബാ' എന്നു വിളിക്കാൻ നമുക്കു് കഴിയുന്നതെന്നും പറഞ്ഞിരിക്കുന്നു.

ഗലാ. 4: 4-7ന്റെ ഘടന

| | | |
|---|---|---|
| വാ. 4 | A | എന്നാൽ സമയത്തിന്റെ പൂർണ്ണതയിൽ |
| | B | തന്റെ പുത്രനെ ദൈവം അയച്ചു.... |
| 5 | C | നമ്മെ പുത്രരാക്കുന്നതിനു |
| 6 | D | വേണ്ടി നിങ്ങൾ മക്കളായിരിക്കകൊണ്ടു |
| | A′ | തന്റെ പുത്രന്റെ ആത്മാവിനെ ദൈവം |
| | B′ | നിങ്ങളുടെ ഹൃദയത്തിലേക്കു് അയച്ചു |
| | C′ | ദൈവത്തെ 'ആബാ, പിതാവേ' എന്നു വിളിക്കുന്ന (ആത്മാവിനെ) |
| 7 | D′ | ഇനി നിങ്ങൾ മക്കൾ അല്ലാതെ ദാസന്മാരല്ല. |

ഈ പഠനത്തിൽ ചില സംഗതികൾ വ്യക്തമാകുന്നുണ്ടു്. ദൈവമാണു് പുത്രനേയും അരൂപിയേയും അയയ്ക്കുന്നതു് (ABA′B′). അരൂപി പുത്രന്റെ അരൂപി തന്നെ. 'ആബാ' എന്നു വിളിക്കുന്ന അരൂപിയുടെ പ്രവർത്തനം പുത്രസ്വീകാര്യത്തിന്റെ അരൂപിയോടു നേരിട്ടു ബന്ധപ്പെട്ടിരിക്കുന്നു. (C′C′) അതിനാൽ പുത്രൻ അയക്കപ്പെട്ടിരിക്കുന്ന ഉദ്ദേശത്തിനായി, അതായതു്, നമ്മൾ ദൈവപുത്രരായി സ്വീകരിക്കപ്പെടുകയും അതിന്റെ പ്രകാശനം പ്രാർത്ഥനാജീവിതത്തിൽ "ആബാ" എന്ന വിളിയിലൂടെ വെളിവാക്കുകയും ചെയ്യുവാൻതന്നെ ദൈവാരൂപിയും അയയ്ക്കപ്പെടുന്നു. നമ്മുടെ ദൈവപുത്രസ്ഥാനത്തിനു് ഉറപ്പു നല്കുകയും, പുത്രസഹജമായി 'പിതാവേ' എന്നു വിളിച്ചുകൊണ്ടു ദൈവത്തെ സമീപിക്കുവാൻ നമ്മെ പ്രാപ്തരാക്കുകയും ചെയ്തുകൊണ്ടു് ദൈവാരൂപി നമ്മിൽ വസിക്കുന്നു. നാം ദൈവമക്കളാണെന്നു് ഈ

www.malankaralibrary.com

ആത്മാവുതന്നെ നമ്മുടെ ആത്മാവിനു സാക്ഷ്യം നല്കുന്നു (റോമ 8: 15– 16).[15]

അരൂപി പ്രാർത്ഥനാനുഭവത്തിന്റെ അടിസ്ഥാനം

'ആബാ' എന്നു നമ്മെക്കൊണ്ടു വിളിപ്പിക്കുന്നതിൽ അരൂപിക്കുള്ള പങ്കുമൂലം നമ്മുടെ പ്രാർത്ഥനാനുഭവത്തിന്റെ ഹേതുവും, അരൂപിയായിത്തീരുന്നു. അരൂപി ദൈവപുത്രന്റെ അരൂപിയാണെന്നതു് ഈ നിഗമനത്തെ ബലപ്പെടുത്തുന്നു. നമ്മുടെ പുത്രപദവിയിലും പുത്രസഹജമായ പ്രാർത്ഥനാനുഭവത്തിലും ദിവ്യാരൂപിക്കുള്ള പങ്കു് വി. പൗലോസ് സൂചിപ്പിക്കുന്നു: ''ദൈവാരൂപിയാൽ നയിക്കപ്പെടുന്നവർ ദൈവമക്കളാകുന്നു'' (റോമ 8: 14). അരൂപിയിൽ നമുക്കുള്ള ഭാഗഭാഗിത്വത്തേയും നമ്മുടെ പ്രാർത്ഥനാനുഭവത്തിന്റെ മൂലമായി അരൂപി വർത്തിക്കുന്നതിനേയും അപ്പസ്തോലൻ തുടർന്നു വിവരിക്കുന്നു. ഗാലാത്തിയക്കുള്ള ലേഖനത്തിൽ കാണുന്നതനുസരിച്ചു് ദൈവം അരൂപിയെ അയയ്ക്കുന്നു. റോമാക്കാർക്കുള്ള ലേഖനത്തിൽ ദിവ്യാരൂപിയെ നമ്മൾ സ്വീകരിക്കുന്നതായത്രേ ശ്ലീഹാ പ്രസ്താവിക്കുക. ദിവ്യാത്മാവുതന്നെ ദൈവത്തെ 'ആബാ' എന്നു വിളിക്കുന്നതായി ഗാലാത്യർക്കുള്ള ലേഖനം പറയുമ്പോൾ, സ്വീകരിച്ച അരൂപിയാൽ നാം വിളിക്കുന്നതായിട്ടത്രേ റോമാക്കാർക്കുള്ള ലേഖനം സാക്ഷിക്കുക. ഇങ്ങനെ ദൈവാരൂപിയുടെ പ്രവർത്തനവും, അരൂപിയുടെ പ്രചോദനത്താൽ മക്കളെന്ന നിലയിൽ പിതാവിനോടു പ്രാർത്ഥിക്കുന്ന നമ്മുടെ പ്രവർത്തനവും തമ്മിൽ വളരെ അടുത്ത ബന്ധമുള്ളതായിക്കാണാം.

അരൂപി നമ്മിലും, നമുക്കുവേണ്ടിയും പ്രാർത്ഥിക്കുന്നു

''അരൂപി നമ്മുടെ ബലഹീനതയിൽ നമ്മെ സഹായിക്കുന്നു; വേണ്ടിയിരിക്കുന്നതുപോലെ എന്തു പ്രാർത്ഥിക്കണമെന്നു് നാം അറിയുന്നില്ല. എന്നാൽ ഈ ആത്മാവു പറയപ്പെടുവാൻ പാടില്ലാത്ത നെടുവീർപ്പുകളോടെ നമുക്കുവേണ്ടി പ്രാർത്ഥിക്കുന്നു'' (റോമ 8: 26). ശരിയായി പ്രാർത്ഥിക്കാനറിയുന്നതും കഴിയുന്നതും വെറുമൊരു മാനുഷികപ്രവൃത്തിയല്ല. നമ്മുടെ ഇല്ലായ്മയിൽ അരൂപി പ്രവർത്തിച്ചാലേ നമുക്കതു കഴിയൂ. 'ബലഹീനത' എന്ന പദം മതപരമായ അർത്ഥത്തിൽ നാം മനസ്സിലാക്കണം. അരൂപിയുടെ സഹായം ആവശ്യമുള്ള മനുഷ്യന്റെ പരിമിതികളത്രേ ബലഹീനതകൾ.[16] ദൈവശക്തി പ്രവർത്തനനിരതമാകേണ്ട മാനു

15. For a study on the Holy Spirit as the active principle of our filial prayer, cf. W. Marchel, Abba, Pere, Rome, 1963, 238–243.

16. Cf. J. Cambier, "La Priere de l'Esprit, fondement de l'espérance", Assemblées du Seigneur, 47 (1970), 13.

www.malankaralibrary.com

ഷിക ദൗർബല്യംതന്നെ ഇതു്. അതിനാൽ മാനുഷികബലഹീനതയിൽ അരൂപി നമ്മുടെ സഹായത്തിനെത്തുന്നു.

നമ്മിലുള്ള പരിമിതമായ ദൈവികത നമുക്കുപരിയായ ദൈവികതയോടു ചെയ്യുന്ന അർത്ഥനയാണു പ്രാർത്ഥന.17 പ്രാർത്ഥിക്കുമ്പോൾ നമുക്കു നമ്മുടെതന്നെ ആവശ്യങ്ങളെപ്പററിയോ, ദൈവത്തിൻെറ ഉദ്ദേശങ്ങളെപ്പററിയോ ഒന്നുംതന്നെ അറിഞ്ഞുകൂടാ. മനുഷ്യബുദ്ധിയോ മനസ്സോ അല്ല പ്രാർത്ഥനയിലെ നിർണ്ണായകഘടകം. പ്രകാശനമരുളാത്ത ഒരാഗ്രഹംതന്നെയും നമ്മിലുള്ള ദൈവികതയുടെ പ്രവർത്തനമാണു്. നമുക്കുതന്നെയും ഇതിൻെറ അർത്ഥം വ്യക്തമല്ലെന്നിരുന്നാലും ദൈവം അതറിയുകയും നമുക്കുത്തരമരുളുകയും ചെയ്യുന്നു. കാരണം, ദൈവാത്മാവു് തിരുസന്നിധിയിൽ വിശുദ്ധന്മാർക്കുവേണ്ടി മദ്ധ്യസ്ഥം യാചിക്കുന്നു.18

''പറയപ്പെടുവാൻ വഹിയാത്ത നെടുവീർപ്പുകളോടെ''

റോമ 8: 26_27_ൽ ദിവ്യാരൂപിയുടെ പ്രാർത്ഥനയുടെ രണ്ടു പ്രത്യേകതകൾ ചൂണ്ടിക്കാണിക്കുന്നു. ഒന്നു്, നമുക്കുവേണ്ടിയുള്ള പ്രാർത്ഥനകൾ അവാച്യമായ വേദനയോടെ നിർവ്വഹിക്കുന്നു. ഇതു 'കരിസ്മാററിക്' ഭാഷയല്ല, തനിയെ ഒരുവനും ഇഹത്തിൽവച്ചു സംസാരിക്കാനാവാത്ത ഒരു സ്വർഗ്ഗീയഭാഷയത്രേ. ''നെടുവീർപ്പുകൾ'' ക്രിസ്തീയ പ്രാർത്ഥനയുടെ അപൂർണ്ണതയെ ഓർമ്മിപ്പിക്കുന്നു! പരിശുദ്ധാത്മാവിൻെറ പ്രഥമ ഫലങ്ങളനുഭവിക്കുന്ന നാമും നമ്മുടെ ശരീരത്തിൻെറ വീണ്ടെടുപ്പിനായി പരമവേദന അനുഭവിക്കയാണു്, ദത്തുപുത്രസ്ഥാനത്തിനായി കാത്തിരിക്കയാണു്'' (റോമ 8: 23). ദൈവമാകുന്ന രഹസ്യത്തെ സ്പർശിക്കുന്നതിനാൽ, നമുക്കുതന്നെ രൂപപ്പെടുത്താനോ, പ്രാപിക്കാനോ കഴിയാത്ത പ്രാർത്ഥനയുടെ ലക്ഷ്യം, പരിശുദ്ധാത്മാവു് ദൈവികരീതിയിൽ നിറവേററുന്നു. ഇങ്ങനെ നമ്മെ സഹായിക്കാൻ വന്നിട്ടു് അവിടുന്നു നമ്മുടെ പ്രാർത്ഥനയെ നിരസിക്കയില്ല. അവിടുന്നതു വിശുദ്ധീകരിച്ചു്, സ്വർഗ്ഗീയഭാഷയിലാക്കി, പിതാവിനനുയോജ്യമാക്കി പകർത്തുന്നു. മനുഷ്യൻെറ ബലഹീനതയിൽ നിന്നുയരുന്ന, മാംസത്തിനടുത്ത പ്രാർത്ഥനയുടെമേൽ ഇങ്ങനെ ദൈവാരൂപി വിജയം വരിക്കുന്നു.

''അരൂപിയുടെ ഇംഗിതമെന്തെന്നു് അവിടുന്നറിയുന്നു.''

ഈ പ്രാർത്ഥനയുടെ മറെറാരു സവിശേഷത, ഇതു്' 'ദൈവഹിതത്തിനു യോജിച്ചതുപോലുള്ള'' ''അരൂപിയുടെ ഇംഗിത

17. Cf. C. H. Dodd, The Epistle of Paul to the Romans. London, 1959, p. 150.
18. Cf. J. Cambier, art. cit., 15

www.malankaralibrary.com

മാണ്'' എന്നതുതന്നെ (റോമാ 8: 27). ജീവനും സമാധാനവും ലക്ഷ്യമായുള്ള അരൂപിയുടെ അനുഭവം, അഥവാ സ്നേഹനിർഭരമായ അറിവാണ് ഈ പ്രാർത്ഥന: ''ശരീരത്തിന്റെ പ്രവണത ജീവനും സമാധാനവുമത്രേ'' (റോമാ. 8: 6). ക്രിസ്തുവിന്റെ പൂർണ്ണമയിൽ വിശ്വാസികളെ രൂപാന്തരപ്പെടുത്താൻ അരൂപി ആഗ്രഹിക്കുന്നു. നവീകരിക്കുന്നവൻ ദൈവാത്മാവാകയാൽ ഈ നവീനത്വം അവിടുത്തേതുമത്രേ. ഇതു സാക്ഷാത്കരിക്കുന്ന ദിവ്യാത്മാവ് മനുഷ്യവ്യക്തിത്വത്തെ നശിപ്പിക്കുന്നില്ല, അതു സ്വീകരിച്ച്, ദൈവത്തിന്റെ രക്ഷ കൈക്കൊള്ളുവാൻ തക്കവിധം നവീകരിക്കുന്നു. ദൈവരഹസ്യങ്ങളെല്ലാം അരൂപിക്കറിയാം. ക്രിസ്തുവിലുള്ള വിശ്വാസത്തിൽ ജീവിക്കുന്നവർക്ക് ഈ അറിവ് പകർന്നുകൊടുക്കുന്നു.

ദൈവാത്മാവിയുടെ ഈ പ്രാർത്ഥന വിശ്വാസികൾക്ക് അഗ്രാഹ്യമായി അവശേഷിക്കുന്നു. എങ്കിലും കർത്താവിന്റെ അരൂപിയാൽ അവർ നിരന്തരം മഹത്വത്തിൽനിന്നും മഹത്വത്തിലേക്കും കൃപയിൽനിന്നു കൃപയിലേക്കും രൂപാന്തരം പ്രാപിക്കുന്നു. ഇങ്ങനെ അരൂപിയുടെ പ്രവർത്തനം മനുഷ്യനെ ദൈവസുതന്റെ നിലയിൽ നിർത്തി ദത്തുപുത്രസ്ഥാനത്തിന്റെ പൂർണ്ണതയിലേക്കു വളരാൻ അവനെ ക്ഷണിക്കയും ചെയ്യുന്നു. ഈ രൂപാന്തരീകരണപ്രക്രിയയിൽ അരൂപി വിശ്വാസിയിൽ, സ്തുതി, ആരാധന, കൃതജ്ഞത എന്നിവയും സഹോദരഭാവവും തട്ടിയുണർത്തുന്നു. സ്നേഹബന്ധത്തിൽ പരസ്പരവും, ആരാധനയിലും പ്രാർത്ഥനയിലും പിതാവിനോടും വിശ്വാസികളെ ചേർത്തു ബന്ധിപ്പിച്ചുകൊണ്ട്, അരൂപി, തങ്ങളുടെ സഭാജീവിതത്തിൽ വളർച്ച പ്രാപിക്കാൻ അവരെ സഹായിക്കുന്നു.[19] നമ്മിലുള്ള ദൈവാരൂപിയുടെ പ്രാർത്ഥന നിഷ്ക്രിയ ജീവിതരീതിയാണെന്നു ഇതുകൊണ്ടർത്ഥമാകുന്നില്ല. നമ്മുടെ ഭാഗത്തുനിന്ന് നിരന്തരവിശുദ്ധീകരണവും, ദൈവപ്രസാദത്തോടും ഔദാര്യത്തോടുമുള്ള വിശ്വസ്തതയും ഇതാവശ്യപ്പെടുന്നുണ്ട്.

''ഈ ആത്മാവു വിശുദ്ധന്മാർക്കുവേണ്ടി മദ്ധ്യസ്ഥം പറയുന്നു''

ഇവിടെ 'വിശുദ്ധർ' എന്നു വിവക്ഷിക്കുന്നതു്, പിതാവിന്റെ രക്ഷാകരപദ്ധതിയിലും ക്രിസ്തു സാധിച്ച രക്ഷയിലും ഉള്ള വിശ്വാസത്താൽ വിശുദ്ധീകരിക്കപ്പെടുന്ന വിശ്വാസികളെ എല്ലാവരേയുമാണ്.'' തന്റെ പുത്രൻ വളരെ സഹോദരന്മാരിൽ കടിഞ്ഞൂലാകുവാൻ അവന്റെ ഛായയുടെ സാദൃശ്യംകൊണ്ട് അ

19. Cf. J. A. Fitzmoyer, The Letter to the Romans, JBC, 317

www.malankaralibrary.com

വരെ അടയാളപ്പെടുത്തി'' (റോമാ 8: 28–30). യേശുവിന്റെ കൃപയിലൂടെ വ്യക്തമാക്കപ്പെട്ട പിതാവിന്റെ സ്നേഹത്തിൽ നമുക്ക പങ്കുനല്കുന്ന പരിശുദ്ധാത്മാവിന്റെ സംസർഗ്ഗമാണതു്. അങ്ങനെ കൃപതന്നെയായ വിശ്വാസത്തിന്റെ ജീവിതം നയിക്കാൻ നമ്മിലുള്ള ആത്മാവിന്റെ പ്രാർത്ഥന കൂടിയേതീരൂ.

നമ്മുടെ ബലഹീനതയിൽ നമ്മെ സഹായിക്കാനെത്തുന്ന പരിശുദ്ധാത്മാവിന്റെ ജോലിയാണു് ''അറിയുകയും'' ''പ്രാർത്ഥിക്കുവാൻ കഴിയുകയും.'' നമ്മിൽ വസിച്ചുകൊണ്ടു് അവിടുന്നു നമ്മിൽ പുത്രസഹജമായ ഒരു ഹൃദയം രൂപപ്പെടുത്തുന്നു. ''യേശു കർത്താവാണെന്നു് പറയുവാൻ'' ദിവ്യാത്മാവിൽനിന്നാണു് നാം പഠിക്കുക (1 കോറി. 12: 3). 'ആബാ' എന്നു വിളിക്കാൻ ദൈവാരൂപിയത്രേ നമ്മെ കഴിവുള്ളവരാക്കുന്നതു്. ബലഹീനത നമ്മെ വലയംചെയ്തു കീഴ്പെടുത്തുമ്പോൾ, നമുക്കുവേണ്ടി അവാച്യമായ വേദനയോടെ കേണപേക്ഷിക്കുന്ന, നമുക്കുവേണ്ടിയും, നമ്മുടെ നാമത്തിലും പിതാവേ എന്നു വിളിക്കുന്ന അരൂപിക്കു നമുക്കു് കീഴ്വഴങ്ങാം.

ദിവ്യാരൂപി, നമ്മുടെ പ്രാർത്ഥനയുടെ വിഷയം

യഥാർത്ഥ ക്രിസ്തീയപ്രാർത്ഥനയുടെ വിഷയസംബന്ധിയായി ദ്വിവിധതത്ത്വങ്ങൾ ആവിഷ്കരിക്കാം. ദൈവത്തെ നമ്മുടെ ആഗ്രഹങ്ങളുടേയും ഭാവനകളുടേയും പൂർത്തീകരണത്തിനു കൂട്ടുനിർത്താൻ പ്രേരിപ്പിക്കുന്ന ദൈവമക്കൾക്കു ചേരാത്ത യാചനകൾ ഒഴിവാക്കുക.20 മറിച്ചു് ദൈവത്തിന്റെ സ്നേഹത്തിനും അറിവിനും വിധേയമായതും പുത്രസഹജമായതുമായ ആവശ്യങ്ങൾ ഉൾപ്പെടുത്തുക.

ഈ വിധത്തിൽ പ്രാർത്ഥനയെ വീക്ഷിക്കുമ്പോൾ, യഥാർത്ഥ ക്രിസ്തീയപ്രാർത്ഥനയുടെ വിഷയം പരിശുദ്ധാത്മാവാണെന്നു് വ്യക്തമാകും. അരൂപിയാൽ പ്രചോദിതനായ ക്രൈസ്തവൻ എല്ലാററിലുമുപരിയായി യാചിക്കുന്നതു്, അരൂപിയെ കൂടുതലായി അവന്റെമേൽ വർഷിക്കണമെന്നും തത്ഫലമായി പിതാവിനെ മഹത്വപ്പെടുത്തുന്ന പുത്രനിലേയ്ക്കു് അനുരൂപപ്പെടുവാൻ വരം തരണമെന്നുമത്രേ. ഇങ്ങനെ ക്രിസ്തീയ ജീവിതത്തിനും പ്രവർത്തനത്തിനുമായി നല്കപ്പെടുന്ന ദിവ്യദാനങ്ങളെ സംപൂർണ്ണമായി തന്നിൽ സമാഹരിക്കുന്ന, അതിശ്രേഷ്ഠവരമായി അരൂപി തന്നെത്തന്നെ നല്കുന്നു. യേശുവും പിതാവും നമുക്കു തരാനാഗ്രഹി

20. We see Jesus refusing thus the requests of a disciple (Lk 9: 59–61), Martha (Lk 10 : 39–42), Peter (Mt 17: 4–8), James and John (Lk 9: 52–55).

www.malankaralibrary.com

ക്കുന്നതു്, പന്തക്കുസ്തായിലെ ദാനമായ അരൂപിയെത്തന്നെയാണു്. മറേറതു വരത്തേക്കാളുപരിയായി നാം പ്രാർത്ഥിക്കേണ്ടതും ഈ വരത്തിനായിട്ടത്രേ. ''ഞാൻ പിതാവിനോടു ചോദിക്കും, നിങ്ങളോടുകൂടി എന്നും ഇരിക്കേണ്ടതിനായി; മറെറാരു ആശ്വാസപ്രദനെ അവൻ നിങ്ങൾക്കു തരും'' (യോഹ. 14: 16; 16: 7). ലൂക്കാ 11: 13-ൽ യേശു, അരൂപിയെ ഏററം വലിയ വരവും നന്മയുമായി എടുത്തുകാണിക്കുന്നു. ''ദുഷ്ടരായ നിങ്ങൾ മക്കൾക്കു് നല്ല ദാനങ്ങൾ കൊടുക്കുവാൻ അറിയുന്നെങ്കിൽ നിങ്ങളുടെ പിതാവു തന്നോടു ചോദിക്കുന്നവർക്കു് തൻെറ പരിശുദ്ധാത്മാവിനെ എത്രയധികമായി നല്കുകയില്ല''[21]. പ്രാർത്ഥനയുടെ വിഷയം അരൂപിയായിരിക്കണമെന്നും ഇവിടെ ഉദ്ദേശിക്കുന്നുണ്ടു്.

''അങ്ങേ മനസ്സു നിറവേററട്ടെ''

പിതാവിൻെറയും പുത്രൻെറയും അന്യോന്യാത്മകസ്നേഹമാണു് അരൂപി. ഒരിക്കൽ നല്കപ്പെട്ടാൽ ഈ സ്നേഹം നമ്മുടെ ഹൃദയത്തെ നിറയ്ക്കുകയും അവരുടെ ഹിതത്തിനു വിധേയരാകുവാൻ നമ്മെ പ്രാപ്തരാക്കുകയും ചെയ്യും. നമുക്കും ലോകത്തിനുമായി ചെയ്യേണ്ട ഏക അഭ്യർത്ഥന 'അങ്ങേ ഇഷ്ടത്തിനു് കീഴ്‌വഴങ്ങുവാൻ ശക്തിയും, തികഞ്ഞ ആത്മാർത്ഥതയിൽ, ''പിതാവേ എന്നിലും ലോകത്തിലെങ്ങും അങ്ങേ മനസ്സു നിറവേററട്ടെ'' എന്നു പറയാനുള്ള കഴിവും തരണമെ' എന്നാണു്. ഇതു് അത്ര എളുപ്പമല്ലെന്നു് ഈശോയുടെ ഗദ്സമനിയിലെ പ്രാർത്ഥന തെളിയിക്കുന്നു. എങ്കിലും ദൈവമക്കളെന്നനിലക്കു് യഥാർത്ഥ ക്രൈസ്തവൻെറ യാചനാപ്രാർത്ഥനകൾ ഈ വിധമായിരിക്കണം. അരൂപിയാൽ പ്രേരിതമായ ഈ പ്രാർത്ഥന അവനെ ആനന്ദത്തിലേക്കു് നയിക്കുകയും ചെയ്യും: ''ചോദിക്കുവിൻ, നിങ്ങളുടെ സന്തോഷം പൂർണ്ണമാകുമാറു് നിങ്ങൾക്കു ലഭിക്കും'' (യോഹ 16: 24).

''കർത്താവേ, പ്രാർത്ഥിക്കുവാൻ ഞങ്ങളെ പഠിപ്പിക്കണമെ''

ദൈവാരൂപിയുടെ സാന്നിദ്ധ്യം പ്രാർത്ഥനയുടെ അവശ്യഘടകമാണു്. വ്യക്തിപരമായ മനോഭാവത്തിനനുരൂപമായി അവിടുത്തെ സാന്നിദ്ധ്യം അടുത്തും ഫലപ്രദമായും അനുഭവവേദ്യമാകും. നമ്മുടെ അടിസ്ഥാനപരമായ ദൗർബല്യത്തെപ്പററിയുള്ള പൂർണ്ണാവബോധത്തോടെ തികഞ്ഞ ആത്മാർത്ഥതയിൽ നമ്മെത്തന്നെ ദിവ്യാരൂപിക്കു് സ്വയം തുറന്നുകൊടുക്കണം. ''ശരിയായി പ്രാർത്ഥിക്കുവാൻ നമുക്കറിഞ്ഞുകൂടാ'' (റോമാ 8: 26). യേശു പ്രാർത്ഥിക്കുന്നതു കണ്ടപ്പോൾ ശിഷ്യന്മാർ സ്വന്തം അജ്ഞത ഏ

21. Note that 'the Holy Spirit in Lk 11: 13 takes the place of 'good things' in Mt. 7: 11.



www.malankaralibrary.com

റുപറഞ്ഞു: ''നാഥാ, പ്രാർത്ഥിക്കുവാൻ ഞങ്ങളെ പഠിപ്പിക്കണമെ'' (ലൂക്കാ 11: 1). പ്രാർത്ഥിക്കാനുള്ള നമ്മുടെ കഴിവുകേട് നാം അംഗീകരിക്കുകതന്നെ വേണം. വിഷമസന്ധികളിൽപോലും പ്രാർത്ഥിക്കാൻ നമുക്കു അഭിരുചിയോ മനസ്സോ ഇല്ല, ''ഒരു മണിക്കൂർ എന്നോടുകൂടെ ഉണർന്നിരിക്കാൻ നിങ്ങൾക്ക് കഴിയാതെ പോയി........ നിങ്ങൾ ഉണർന്നിരുന്നു പ്രാർത്ഥിക്കുവിൻ'' (മത്താ 26: 40, 41). പ്രാർത്ഥനതന്നെ പ്രാർത്ഥനയുടെ പ്രഥമലക്ഷ്യമായിത്തീരുന്നു.

### പ്രാർത്ഥനയും ഭാഷാവരവും

റോമാക്കാർക്കുള്ള ലേഖനം 8-ാം അദ്ധ്യായം 26-ാം വാക്യത്തിൽ കാണുന്നതുപോലെ, നെടുവീർപ്പോടെ പ്രാർത്ഥിക്കുന്ന ദൈവാത്മാവ്, പ്രാർത്ഥനയിൽ ഏർപ്പെടുന്ന ക്രൈസ്തവന് പ്രാർത്ഥനയിൽ താൻ ഏകാകിയല്ലെന്നും, തന്റെ ഉള്ളിലിരുന്ന് മാദ്ധ്യസ്ഥം യാചിക്കുന്ന ആത്മാവിൽനിന്ന് പ്രാർത്ഥിക്കേണ്ടതെല്ലാം ഉയരുന്നുവെന്നും ഒരവബോധം നല്കുന്നു. കൊറീന്ത്യർക്കുള്ള ഒന്നാം ലേഖനം 14-ാം അദ്ധ്യായത്തിൽ പൗലോസ് ഇക്കാര്യം പ്രത്യേകം സൂചിപ്പിക്കുന്നു. ഇതു് പ്രാർത്ഥനയും ഭാഷാവരവും തമ്മിലുള്ള ബന്ധം അന്വേഷിക്കുവാൻ നമ്മെ പ്രേരിപ്പിക്കുന്നു.

### ഭാഷാവരത്തിന്റെ മാഹാത്മ്യം

അന്യഭാഷയിൽ സംസാരിക്കുന്നവൻ മനുഷ്യരോടല്ല, ദൈവത്തോടത്രേ സംസാരിക്കുന്നതെന്ന് 1 കൊറി. 14-ൽ കാണുന്നു. അയാൾ പറയുന്നതു് ആർക്കും മനസ്സിലാകുന്നില്ല. എന്നാൽ ആത്മാവിൽ സംസാരിക്കയാണ് അയാൾ. ഇവിടെ 'അന്യഭാഷ' യഥാർത്ഥത്തിൽ ദൈവത്തോട് സംഭാഷിക്കുന്നതിനുള്ള പ്രത്യേക ഭാഷയത്രേ. ഇതു് ഒരുവന് ഹൃദയപൂർവ്വം ആഗ്രഹിക്കാവുന്ന ആദ്ധ്യാത്മിക ദാനങ്ങളിൽ ഒന്നാകുന്നു.22 കൊറീന്ത്യരേക്കാൾ അന്യഭാഷകൾ സംസാരിക്കുവാൻ തനിക്കു സാധിക്കുന്നതിൽ പൗലോസ് ദൈവത്തെ സ്തുതിക്കുന്നു (1 കൊറി. 14: 18). അദ്ദേഹം ആ സമൂഹത്തിൽ എല്ലാവരും അന്യഭാഷകൾ സംസാരിക്കണമെന്നാഗ്രഹിക്കുന്നു (1 കൊറി: 14: 5). അന്യഭാഷ സംസാരിക്കുന്നവൻ തനിക്കുതന്നെ പുണ്യാഭിവൃദ്ധി കൈവരുത്തുന്നു (1 കൊറി. 14: 4). അതുകൊണ്ടു് അന്യഭാഷകൾ സംസാരിക്കുന്നതു് വിലക്കപ്പെടരുതു് (1 കൊറി. 14: 39).

### ഭാഷാവരം എന്നാൽ എന്തു്?

ഭാഷാവരം ഒരസാധാരണ സംഗതിയായോ, മററു ഭാഷയിൽ ആശയം കൈമാറുന്നതിനുള്ള ഒരു മാർഗ്ഗമായോ കൊറീന്ത്യക്കു

22. Cf. 1 Cor 14: 2; 12: 4-11.

www.malankaralibrary.com

ള്ള ഒന്നാം ലേഖനം പതിനാലാം അദ്ധ്യായത്തിൽ സൂചിപ്പിക്കുന്ന തേയില്ല. മറിച്ച് ഭാഷാവരവും അതിന്റെ ഉപയോഗവും വളരെ സാധാരണമായി കണ്ടുകൊണ്ട്, പൗലോസ് മററു വരങ്ങളിലേക്ക് തന്റെ സമൂഹത്തിന്റെ ശ്രദ്ധ തിരിച്ചുവിടുവാൻ നിർബന്ധിതനാകുന്നു (1 കൊറി. 14: 5). മററുള്ളവർക്ക് തങ്ങളുടെ സ്വന്തഭാഷയിൽ സന്ദേശം ഗ്രഹിക്കുവാൻ സാധിക്കുമെന്ന ഒരു നേരിയ സൂചനപോലും അതിലില്ല. അന്യഭാഷകളിൽ സംസാരിക്കുന്നത് വ്യാഖ്യാനിക്കുവാനുള്ള വരം പരിശുദ്ധാത്മാവിയുടെ ഒരു പ്രത്യേക ദാനമായതുകൊണ്ട് (1 കൊറി. 14: 13) മാനുഷിക ഭാഷയിലുള്ള പാണ്ഡിത്യം ഒരുവന് ഈ വ്യാഖ്യാനവരം സംലഭ്യമാക്കുന്നില്ല.

അന്യഭാഷ സംസാരിക്കുമ്പോൾ സമാധിയോ, പാരവശ്യമോ ഉണ്ടാകുന്നുവെന്നും യാതൊരു സൂചനയുമില്ല. ഈ വരം ലഭിച്ചിട്ടുള്ള ഒരുവന് പൗലോസ് ചെയ്യുന്നതുപോലെ (1 കൊറി. 14: 18–19) തന്റെ നിശ്ചയപ്രകാരം അതുപയോഗിക്കുകയോ, ഉപയോഗിക്കാതിരിക്കുകയോ ചെയ്യാം. അങ്ങിനെ ഉപയോഗിക്കുമ്പോൾ അത് സമൂഹത്തിന്റെ ആദ്ധ്യാത്മികാഭിവൃദ്ധിക്ക് ഉപകരിപ്പിക്കാം.

അത്മാവിയുടെ പ്രാർത്ഥന

ബുദ്ധിശൂന്യമായി അവശേഷിക്കുന്ന ഒരു പ്രാർത്ഥനയായി പൌലോസ് ഇതിനെ കാണുന്നു. അദ്ദേഹം പറയുന്നു, 'ഞാൻ അന്യഭാഷയിൽ പ്രാർത്ഥിക്കുമ്പോൾ എന്റെ അത്മാവിയാണു പ്രാർത്ഥിക്കുന്നത്. എന്റെ ബുദ്ധിയോ ഫലങ്ങളില്ലാതിരിക്കുന്നു' (1 കൊറി. 14: 14). അതിനാൽ, വ്യക്തമായി ഗ്രഹിക്കാവുന്ന ഒരാശയം ഇല്ലാതെതന്നെ ഈ പ്രാർത്ഥനയ്ക്ക് വലിയ പ്രേരണയും ചലനവും ഉളവാക്കുവാൻ സാധിക്കും.23 ഇത് ദൈവത്തിന് നിരന്തരം സ്തോത്രവും നന്ദിയും സമർപ്പിക്കുന്നതിന് ഏററവും യുക്തമായ ഭാഷയാണ് (1 കൊറി 14: 15–17). ഒരു പക്ഷേ, ഇതിനെ മനുഷ്യഭാഷയിലേയ്ക്കു പകർത്താൻ പററാത്ത ''അഗ്രാഹ്യമായ പ്രാർത്ഥന'' എന്നു വിളിക്കാം. ആദ്ധ്യാത്മികഗുരുക്കന്മാർ എക്കാലത്തും അഭിനന്ദിക്കുന്ന മനസ്സിന്റെ പ്രശാന്തമായ സ്വസ്ഥത ഉളവാക്കുന്നു എന്നതാണ് വ്യക്തിപരമായ പ്രാർത്ഥനയിൽ ഇതിനുള്ള ഏററവും വലിയ ഗുണവിശേഷം. ഈ അർത്ഥത്തിൽ ഇത് റോമാക്കാർക്കുള്ള ലേഖനം 8–ാം അദ്ധ്യായം 26–ാം വാക്യത്തിൽ വിശേഷിപ്പിക്കുന്നതുപോലെ വ്യക്തിപരമായ പ്രാർത്ഥന

23. Cf. G. T. Montague, "Baptism in the Spirit and speaking in tongues: a biblical appraisal", Theoldig 21 (1973), 350.

www.malankaralibrary.com

ജ്ജുള്ള ഒരു മനോഹരരീതിയും ആത്മാവിന്റെ രോദനവുമാണ്. ഇതു് അരൂപിയുടെ പ്രാർത്ഥനയോടു വളരെ അടുത്തുവരുന്നു.

നടപടി രണ്ടാം അദ്ധ്യായം അടയാളങ്ങളുടെ മൂല്യം പ്രകടമാക്കുന്ന ഒരു പ്രത്യേക വിവരണമാണ്.24 ഈ അദ്ധ്യായം ഒഴികെ എല്ലായിടത്തും, അരൂപിയുടെ ആധിപത്യം സ്ഥാപിതമാകുന്ന ആദ്യസമ്പർക്കത്തിന്റെ അനുഭവം വെളിപ്പെടുത്തുന്ന അന്യഭാഷാവരത്തെ സൂചിപ്പിക്കുന്ന വിവരണങ്ങൾ ഒരേ സ്വഭാവമുള്ളവയാണ്. ചില വിവരണങ്ങളിൽ ആകസ്മികമായി ഉണ്ടാകുന്ന പരമാനന്ദപ്രദമായ അനുഭവത്തിന്റെ പരിമാണം വർദ്ധമാനമായിക്കാണുന്നു എന്നതാണ് ഒരു വ്യത്യാസം.

### സമൂഹപ്രാർത്ഥനയിൽ ഭാഷാവരം

ഭാഷാവരം പ്രധാനമായും, മനുഷ്യരോടെന്നതിനേക്കാൾ ദൈവത്തോടു സംസാരിക്കുന്നതായും, ഒരുവന്റെ ആദ്ധ്യാത്മിക ജീവിതം കെട്ടിപ്പടുക്കുന്നതിനുവേണ്ടിയുള്ളതാണെങ്കിലും സമൂഹത്തിൽ പറയപ്പെടുന്നതും വ്യാഖ്യാനം ആവശ്യമുള്ളതുമായ ഒരു സന്ദേശം ഉൾക്കൊള്ളുന്നതായും പൗലോസ് എഴുതുന്നുണ്ട് (1 കൊറി. 14: 2, 4). അദ്ദേഹം പറയുന്നു, നിങ്ങളെല്ലാവരും അന്യഭാഷകളിൽ സംസാരിക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു.... അന്യഭാഷകൾ സംസാരിക്കുന്നവൻ സഭയുടെ ആദ്ധ്യാത്മികാഭിവൃദ്ധിക്കുതകുന്ന വിധം വ്യഖ്യാനങ്ങൾ നല്കുന്നില്ലെങ്കിൽ അയാളേക്കാൾ വലിയവനാണ് പ്രവചിക്കുന്നവൻ,.... അതുകൊണ്ടു് അന്യഭാഷയിൽ സംസാരിക്കുന്നവൻ വ്യാഖ്യാനവരത്തിനായി പ്രാർത്ഥിക്കട്ടെ (1 കൊറി. 14: 5, 13). ഒരാൾ അന്യഭാഷയിൽ സംസാരിക്കുന്നതിന്റെ ഈണവും താളവും മററൊരാൾ പങ്കുചേർന്ന് ആ അനുഭവത്തിന്റെ വ്യാഖ്യാനം നല്കുന്നതു് പ്രാർത്ഥനാസമൂഹങ്ങളുടെ വളർച്ചയ്ക്കുതകുമെന്നു മനസ്സിലാക്കാം. ഒരു ഗാനത്തിലെ പദങ്ങൾ അതിലെ സംഗീതധാര വ്യാഖ്യാനിക്കുന്നതുപോലെ, അന്യഭാഷയിലെ സന്ദേശം അവ്യക്തവും അഗ്രാഹ്യവുമായ ഒരു മതാത്മകവികാരം വെളിപ്പെടുത്തുന്നുവെങ്കിൽ, വ്യാഖ്യാതാവു് ആ മതവികാരം ആന്തരികമായി ഗ്രഹിക്കുകയും അതിനു വ്യക്തമായ രൂപം നല്കുകയും ചെയ്യുന്നു.25 വ്യഖ്യാനവരം അന്യഭാഷ സംസാരിക്കുന്നവനുതന്നെയോ (1 കൊറി. 14: 13) മററൊരു ക്രൈസ്തവനോ (1 കൊറി. 14: 27) നല്കപ്പെടാം. ഒരു പ്രാർത്ഥനാസമൂഹത്തിന് അന്യഭാഷാവരം സിദ്ധിച്ചിട്ടില്ലെങ്കിൽ അവിടെ അന്യഭാഷ സംസാരിക്കുന്നതിൽ അ

24. For a detailed study of it Cf. G. T. Montague, art. cit,, 349-355.
25. Cf. J. Behan, "Hermeneuo, TDNT II 665.

www.malankaralibrary.com

ത്ഥമില്ല. കാരണം, അതു സഭയുടെ വളർച്ചയ്ക്കു് ഉപകരിക്കുകയി ല്ല. എന്നാൽ വ്യക്തിപരപ്രാർത്ഥനയെന്ന നിലയിൽ ഭാഷകളിലു ള്ള പ്രാർത്ഥന സമൂഹപ്രാർത്ഥനകളിൽപോലും തള്ളിപ്പറയുന്നില്ല. ''വ്യാഖ്യാതാവു് ഇല്ലാത്തപക്ഷം അന്യഭാഷ സംസാരിക്കുന്ന വൻ സഭയിൽ മൗനമവലംബിക്കുകയും തന്നോടും ദൈവത്തോടും സംസാരിച്ചുകൊണ്ടിരിക്കുകയും ചെയ്യട്ടെ'' (1 കൊറി. 14: 28).

ഭാഷാവരം ഇന്നത്തെ പ്രാർത്ഥനയിൽ

ക്രിസ്തീയ നവീകരണത്തിലെ അനുഗൃഹീതനീക്കമായ 'ക രിസ്മാററിക്പ്രസ്ഥാനം' ഭാഷാവരം പ്രാർത്ഥനാനുഭവത്തിന്റെ ഭാഗമായി ഊന്നിപ്പറയുന്നു. അരൂപിയിലുള്ള ജീവിതം, സേവ നം, സഹായം, അദ്ധ്യാപനം, ഭരണം തുടങ്ങിയ മാധ്യമങ്ങളി ലൂടെ കരിസ്മാററിക് ജീവിതത്തെ വെളിപ്പെടുത്തുന്നതിനുള്ള സാദ്ധ്യത നാം അംഗീകരിക്കുന്നുവെങ്കിൽ[26] ഭാഷാവരം, പ്രവച നം, രോഗശാന്തി തുടങ്ങി പൊതുഗുണത്തിനായി തന്നെത്തന്നെ ദിവ്യാരൂപി വെളിപ്പെടുത്തുന്ന മാദ്ധ്യമങ്ങളിലൂടെ അതു പ്രകട മാക്കുക എത്രയോ എളുപ്പം! ഓരോരുത്തർക്കും ആത്മാവിന്റെ വ രം നല്കപ്പെടുന്നതു് പൊതുനന്മയ്ക്കുവേണ്ടിയാണു്. ''ഒരുവനു് വി ജ്ഞാനം.... അപരനു് രോഗശാന്തി അരുളാനുള്ള വരം.... ഒരുവ നു് പ്രവചനത്തിനുള്ളവരം നല്കപ്പെടുമ്പോൾ മററൊരുവനു് അ ത്ഭുതപ്രവർത്തനത്തിനുള്ളവരം നല്കപ്പെടുന്നു'' (1 കൊറി. 12: 7-10).

ഭാഷാവരം, നാം കണ്ടതുപോലെ, സ്തുതിയുടേയും, സ്നേഹ ത്തിന്റേയും പ്രാർത്ഥനയ്ക്കുള്ള ഒരു സവിശേഷദാനമാണു്.[27] അരൂ പി വന്നതിന്റെ ആദ്യഫലം സ്തുതികളാലപിക്കുന്ന ഒരു സമൂഹമാ യിരുന്നു (നടപടി 2: 11; എഫേ. 1: 12). അങ്ങനെ ആത്മാവിൽ നവമാക്കപ്പെട്ട വചനാനുഭവത്തിന്റെ സ്തുതിപാടുന്ന പശ്ചാത്തല ത്തിൽ ക്രൈസ്തവസമൂഹം ആദ്യമായി സ്ഥാപിതമായി. ക്രൈസ്ത വസമൂഹത്തിന്റെ ഈ സ്ഥാപനത്തിനുവേണ്ടിത്തന്നെയാണു് ഭാ ഷാവരവും പ്രവചനവരവും നല്കപ്പെടുന്നതു്. പ്രസ്തുത വരങ്ങൾ അസാധാരണങ്ങളല്ലാത്തതുകൊണ്ടും അവ ഇന്നു് തിരുസ്സഭയുടെ നവീകരണത്തിനു് ആവശ്യമായതുകൊണ്ടും ഇന്നു നിലവിലി രിക്കുന്ന കരസ്മാററിക് മൂവ്മെന്റിന്റെ വേദപുസ്തകാടിസ്ഥാ നവും, ആദ്ധ്യാത്മികവരങ്ങൾക്കായി അതുവഴി അന്വേഷിക്കു ന്നവരിൽ സംഭവിക്കുന്ന ക്രിസ്തീയ നവീകരണവും നമുക്കു് അം ഗീകരിച്ചാസ്വാദിക്കുകയെങ്കിലും ചെയ്യാം (1 കൊറി. 14: 1).

---

26. Rom 12:6f; 1 Cor 12:4f.

27. Cf. J. M. Ford, "The Theology of Tongues in relationship to the Individual", Bib Tod, April (1970, 3319).

www.malankaralibrary.com

## ഉപസംഹാരം

മുകളിൽ നാം കണ്ട അപഗ്രഥനത്തിൽനിന്ന് താഴെപ്പറയുന്ന നിഗമനങ്ങൾ സ്വീകരിക്കാം. യേശുവിൻെറ കാര്യത്തിൽ കണ്ടതുപോലെ ദൈവവും മനുഷ്യനും തമ്മിലുള്ള സംഭാഷണത്തിൻെറ അന്തർധാര പരിശുദ്ധാരൂപിയത്രേ. പ്രാർത്ഥനയിൽ നമ്മുടെ കഴിവുകേടിനെപ്പററിയുള്ള അവബോധത്തോടൊപ്പം, ആത്മാവിനോടുള്ള അടിസ്ഥാനപരമായ തുറന്ന മനോഭാവം കൂടിയാണ് ഇത്.

ദൈവത്തിൻെറ നന്മ അനുഭവിച്ചതിൻെറ പ്രതികരണമായി അരൂപിയുടെ പ്രേരണയാൽ നടത്തുന്ന സ്തുതിയുടേയും നന്ദിപ്രകാശനത്തിൻേറയും പ്രാർത്ഥനകളാണ് സുവിശേഷത്തിലെ ഏററം ഉന്നതമായ പ്രാർത്ഥനാരൂപങ്ങൾ. അരൂപിയിലുള്ള യഥാർത്ഥ ജീവിതത്തിൽനിന്നുദ്ഭൂതമാകുന്ന ആനന്ദത്തിൽനിന്നു പൊട്ടിവിടരുന്നതാകകൊണ്ട് ഈ പ്രാർത്ഥന സ്വയം പ്രേരിതമാണ്. സ്വീകരിക്കുന്നവൻെറ പ്രാർത്ഥനാമനോഭാവത്തിനാനുപാതികമാണ് അരൂപിയുടെ ഫലങ്ങൾ. അവൻ തന്നിൽ ഉജ്ജീവിപ്പിക്കുകയും, നിലനിർത്തുകയും ചെയ്യുന്ന തോതനുസരിച്ച് അവൻെറ പ്രാർത്ഥന ആധികാരികവും ഫലപ്രദവുമാകുന്നു. ആത്മാവു നമ്മിലുണ്ടെന്നുള്ളതിൻെറ പ്രത്യക്ഷലക്ഷണം, അവിടുന്ന് ദൈവപുത്രൻെറ പ്രാർത്ഥന നമ്മുടെ ഹൃദയത്തിൽ നിറഞ്ഞു കവിയുവാൻ ഇടയാക്കുന്നതും, പുത്രന് പിതാവിൻെറനേർക്കുള്ള വികാരങ്ങളും പ്രതികരണങ്ങളും നമ്മിലുളവാക്കുന്നതുമാകുന്നു.

നമ്മിൽ പ്രാർത്ഥിച്ചുകൊണ്ടും, നമുക്കുവേണ്ടി മാദ്ധ്യസ്ഥം വഹിച്ചുകൊണ്ടും, പ്രാർത്ഥനയിൽനിന്നകന്നുപോയ നമ്മെ വിശുദ്ധീകരിച്ച് പ്രാർത്ഥിക്കുവാൻ പ്രാപ്തരാക്കുന്നത് ദൈവാരൂപിയാണ്. നമ്മിലുള്ള അരൂപിയുടെ പ്രാർത്ഥന ബുദ്ധിയുടേതല്ല. ആത്മാവിൻെറ പ്രാർത്ഥനയായ ഭാഷാവരത്തിൻെറ രൂപം ദിവ്യാരൂപി സ്വീകരിച്ചെന്നുവരാം.

അതുകൊണ്ട് പ്രാർത്ഥനയിൽ യാചിക്കേണ്ട ഏററം വിശിഷ്ടവരങ്ങൾ പരിശുദ്ധാത്മാവും (ലൂക്ക 11; 13) അവിടുത്തെ ആദ്ധ്യാത്മികദാനങ്ങൾക്കായുള്ള ദാഹവുമാണ് (1 കൊറി 14:1). പ്രാർത്ഥനയ്ക്കുള്ള വരം സഭയുടെ ഇന്നത്തെ നവീകരണത്തിൻെറ പശ്ചാത്തലത്തിൽ പ്രത്യേകം ശുപാർശ ചെയ്യപ്പെടേണ്ടതുതന്നെ.

സെന്തോമസ് സെമിനാരി
കോട്ടയം 10

ഫാ. മാത്യു വെള്ളാനിക്കൽ

വിവ. സി. അമേന്ദ

www.malankaralibrary.com

# ധീരമായ കാൽവെപ്പ്

'ക്രിസ്ത്യാനികൾ' എന്നു് അന്ത്യോക്യായിൽവെച്ചു് ആദ്യമായി പേർ ലഭിച്ച മതസമൂഹത്തിന്റെ ഉത്ഭവവും വളർച്ചയും സംബന്ധിച്ച വിവരങ്ങൾ ആരായുക, ആ വിശ്വാസം പരമ്പരാഗതമായി ലഭിച്ച ക്രൈസ്തവർക്കു് എന്നും പ്രയോജനപ്രദമാണു്.[1] മതദാർശനികർക്കും എക്യുമെനിസസംരംഭങ്ങളിൽ ദത്തശ്രദ്ധരായിരിക്കുന്നവർക്കും ഇതു് അത്യാവശ്യവുമത്രേ. 'അപ്പസ്തോലനടപടി' എന്ന പുതിയനിയമഭാഗം മാത്രമാണു് ക്രൈസ്തവസഭയുടെ ആദ്യഘട്ടങ്ങളിലെ ചരിത്രത്തിലേയ്ക്കു് വെളിച്ചംവീശുന്ന പ്രധാന പ്രമാണരേഖ. എ. ഡി. ഒന്നാം നൂററാണ്ടിന്റെ മദ്ധ്യഘട്ടത്തിൽ ജറുസലത്തു് ജന്മമെടുത്ത ക്രൈസ്തവസഭ അത്ഭുതകരമാംവിധം ദ്രുതഗതിയിൽ ദിഗന്തങ്ങൾവരെ വ്യാപിച്ചു. പരിശുദ്ധാത്മാവിന്റെ പ്രത്യേക പ്രചോദനമാണു് ഈ വിശ്വാസപ്രചാരണത്തിനു് കാരണമെന്നു് വി. ലൂക്കാ അപ്പസ്തോലനടപടിയിൽ വ്യക്തമാക്കുന്നു. ഇക്കാരണത്താൽ നടപടി പുസ്തകത്തിനു് 'പരിശുദ്ധാത്മാവിന്റെ സുവിശേഷ'മെന്ന അപരാഭിധാനംതന്നെ ലഭിച്ചിട്ടുണ്ടു്.

സുവിശേഷഘോഷണമുന്നേററത്തിൽ ആദിമസഭയിൽ പരിശുദ്ധാത്മാവു് വഹിച്ച പ്രത്യേകപങ്കു് ചുരുക്കമായി മനസ്സിലാക്കുവാൻ ശ്രമിക്കുകയാണു് ഈ ലേഖനത്തിന്റെ ലക്ഷ്യം. ആദ്യപ്രേഷിതർക്കു് തങ്ങളുടെ ക്രിസ്ത്വനുഭവം സാർവ്വലൗകികമാക്കുവാൻ തരണംചെയ്യേണ്ടിവന്ന പ്രതിബന്ധങ്ങൾ നാനാമുഖങ്ങളായിരുന്നു. യഹൂദേതരരെ സഭയിലേയ്ക്കു് സ്വീകരിക്കുന്നതായിരുന്നു മുഖ്യപ്രശ്നം. ഇക്കാര്യത്തിൽ പരിശുദ്ധാത്മാവിന്റെ പ്രത്യേക പരിപാലന സുധീരമായ ഒരു കാൽവെപ്പിനു് ആദി

---

1. നടപടി 11, 26. 'ക്രിസ്ത്യാനി' എന്നതു് ആദ്യം ഒരു പരിഹാസപേരു് (nickname) ആയിരുന്നിരിക്കാം. Cfr J. L. Mckenzie, *Dictionary of the Bible*, Milwaukce, 1965, P. 130.

പ്രധാനമായും നടപടിപുസ്തകത്തെ ആധാരമാക്കിയുള്ള പഠനമായതുകൊണ്ടു് അതിൽനിന്നുള്ള ബൈബിൾ ഉദ്ധരണികൾക്കു് പുസ്തകത്തിന്റെ പേരു് നല്കാതെ അദ്ധ്യായവും വാക്യവും മാത്രം കൊടുക്കുക എന്ന രീതിയാണു് ഈ ലേഖനത്തിൽ സ്വീകരിച്ചിരിക്കുന്നതു്.

www.malankaralibrary.com

മസഭയിൽ പ്രചോദനം നല്കി. ഈ സംഭവത്തിൽനിന്നു് ഇന്നത്തെ എക്യുമെനിസസംരംഭങ്ങൾക്കു് എന്തു പ്രചോദനം സ്വീകരിക്കുവാൻ കഴിയുമെന്നും ചിന്തിക്കേണ്ടതുണ്ടു്.

## പ്രഥമ സുവിശേഷഘോഷണം– പരിശുദ്ധാത്മാവിൻെറ പ്രവൃത്തി

പന്തക്കുസ്താദിനത്തിൽ അപ്പസ്തോലന്മാരുടെമേലുണ്ടായ പരിശുദ്ധാത്മാവിൻെറ ആവാസമായിരുന്നു[2] ക്രിസ്തുശിഷ്യരുടെ പ്രേഷിതപ്രവർത്തനമുന്നേററത്തിനു തുടക്കംകുറിച്ചതു്. തൻെറ ആത്മാവിൻെറ ശക്തിയിലാവണം താനാരംഭിച്ച പ്രവൃത്തി മുന്നേറേണ്ടതെന്നു് ക്രിസ്തുനാഥൻതന്നെ നിശ്ചയിച്ചിരുന്നതായി നടപടി ഗ്രന്ഥകർത്താവു് വ്യക്തമാക്കുന്നുണ്ടു്: ''പരിശുദ്ധാത്മാവു് നിങ്ങളുടെമേൽ ആവസിക്കും, നിങ്ങൾക്കു ശക്തി ലഭിക്കും, അപ്പോൾ ജറുസലത്തും യൂദാമുഴുവനിലും സമറിയായിലും ദിഗന്തങ്ങൾവരേയും എനിക്കു നിങ്ങൾ സാക്ഷ്യംവഹിക്കണം'' (1:8).[3] പരിശുദ്ധാത്മാവിൻെറ ആവാസത്തിനുശേഷം പത്രോസ് നടത്തിയ പ്രഥമ പ്രഭാഷണം (2: 14–41), അപ്പസ്തോലന്മാർ കുടിച്ചു മത്തരായി എന്ന ആരോപണത്തെ നേരിടുന്നതിനു മാത്രമായിരുന്നില്ല; യുഗാന്ത്യത്തിൽ സംഭവിക്കുവാനിരുന്ന ദൈവത്തിൻെറ അനുഗ്രഹവർഷത്തിൻെറ സാക്ഷ്യവുമായിരുന്നു: ''അവസാനനാളുകളിൽ എൻെറ ആത്മാവിനെ അവരുടെമേൽ വർഷിക്കും; അവർ പ്രവചിക്കും'' (2: 17). ക്രിസ്തുവിൻെറ നാമത്തിൽ നടന്ന ഏററം ഫലപ്രദമായ ആദ്യത്തെ സുവിശേഷഘോഷണമായിരുന്നു അതു്. 'നിങ്ങൾ കുരിശിൽതറച്ച യേശുവിനെ ദൈവം, കർത്താവും മിശിഹായും ആയി ഉയർത്തി.... അവനെ അംഗീകരിച്ചവർ ജ്ഞാനസ്നാനം സ്വീകരിച്ചു. അവർ ഉദ്ദേശ്യം മൂവായിരം പേരായിരുന്നു' (2; 36, 41).

ജറുസലത്തുനിന്നു് അപ്പസ്തോലന്മാർ നാനാദിക്കിലേക്കും പിരിഞ്ഞുപോകുന്നതിനുമുമ്പു് പരിശുദ്ധാത്മാവിൻെറ മാർഗ്ഗനിർദ്ദേശത്തിനായി കാത്തിരിക്കുവാൻ ഉത്ഥാനംചെയ്ത ക്രിസ്തു

2. പന്തക്കുസ്താ സംഭവത്തെക്കുറിച്ചു് ''ബൈബിൾഭാഷ്യ''ത്തിൽ ഒരു ലേഖനം പ്രതീക്ഷിക്കാം.

3. നടപടി 1, 15 ff- ൽനിന്നും മനസ്സിലാകുന്നതുപോലെ പരിശുദ്ധാവിൻെറ പ്രത്യേകമായ ആവാസത്തിനു് മുമ്പുതന്നെ അപ്പസ്തോലസംഘം സഭയുടെ സംഘടനാപരമായ കാര്യങ്ങളിൽ ശ്രദ്ധിക്കുവാൻ തുടങ്ങിയിരുന്നു. അത്ര ദൃശ്യമായ തോതിലായിരുന്നില്ലെങ്കിലും പരിശുദ്ധാത്മാവിൻെറ സഹവാസം പന്തക്കുസ്തായുടെ മുമ്പുതന്നെ ശിഷ്യന്മാർക്കുണ്ടായിരുന്നുവെന്നും ധരിക്കണം (നടപടി 1, 1/ യോഹ. 20:22).

www.malankaralibrary.com

നാഥൻതന്നെ അവക്ക് നിർദ്ദേശം നല്കിയിരുന്നു: ''നിങ്ങൾ പിതാവിന്റെ വാഗ്ദാനം പാത്തിരിക്കണം. വളരെ നാളുകൾ കഴിയുന്നതിനുമുമ്പ് നിങ്ങൾ പരിശുദ്ധാത്മാവിൽനിന്ന് മാമോദീസ സ്വീകരിക്കും'' (1: 4). തന്റെ ശിഷ്യരിൽ സംഭവിക്കണമെന്ന് യേശു ആഗ്രഹിച്ച പുനർജ്ജനമായിരുന്നു അത് (യോഹ. 3: 5). ഉത്ഥാനം ചെയ്തുകഴിഞ്ഞ് ക്രിസ്തുനാഥൻതന്നെ ഈ പരിശുദ്ധാത്മാവിനെ ശിഷ്യരുടെമേൽ അയയ്ക്കണമെന്നതായിരുന്നു ദൈവത്തിന്റെ പദ്ധതി. കാരണം, തന്റെ പുനരുത്ഥാനവും മഹത്വീകരണവും വഴിയാണ്, ക്രിസ്തുനാഥൻ സർവ്വാധികാരം നേടിയതും ജീവദായകമായ ആത്മാവായി പ്രവർത്തിക്കുവാൻ തുടങ്ങിയതും (2: 23 / 1 കൊറി. 15: 44; 2 കൊറി. 3: 13). അതിനാൽ സഭയിൽ പരിശുദ്ധാത്മാവിന്റെ സാന്നിദ്ധ്യവും പ്രവർത്തനവും ക്രിസ്തുവിന്റെതന്നെ സാന്നിദ്ധ്യവും രക്ഷാകരപ്രവർത്തനത്തിന്റെ തുടർച്ചയുമാണ്: ''പരിശുദ്ധാത്മാവ് നിങ്ങളുടെമേൽ വരും. നിങ്ങൾ എനിക്ക സാക്ഷികളാകുകയും ചെയ്യും'' (1. 8 / യോഹ. 14: 15, 26; 13 ff). പിതാവിനെക്കുറിച്ചുള്ള രഹസ്യങ്ങൾ ക്രിസ്തു വെളിപ്പെടുത്തിയതുപോലെ ക്രിസ്തുവിനെപ്പററിയുള്ള രഹസ്യങ്ങൾ അരൂപി വെളിപ്പെടുത്തുന്നു.4

പ്രധാനപുരോഹിതന്മാരും മൂപ്പന്മാരുംചേർന്ന് അപ്പസ്തോലന്മാരെ ബന്ധിക്കുകയും ക്രിസ്തുവിന്റെ നാമത്തിൽ യാതൊന്നും സംസാരിക്കരുതെന്ന് താക്കീതു നല്കുകയും ചെയ്തപ്പോൾ, തങ്ങൾക്ക് ദൈവത്തെയാണ് കൂടുതൽ ശ്രവിക്കേണ്ടതെന്ന് പറയാനുള്ള ശക്തി പ്രദാനം ചെയ്തത് പരിശുദ്ധാത്മാവാണ് (4: 8 f). അവർ കാരാഗൃഹത്തിൽനിന്ന് വിമോചിതരാവുകയും വീണ്ടും മററു സഹോദരരുമായി ഒരുമിച്ചുകൂടുകയും ചെയ്തപ്പോൾ അവർ നിന്നിരുന്ന സ്ഥലംതന്നെ ഇളകുന്നുവെന്നു തോന്നുമാറ് അവർ ദൈവാത്മാവിനെക്കൊണ്ട് നിറഞ്ഞു (4: 31). തികഞ്ഞ വിശ്വാസവും ധൈര്യവും പരസ്പരൈക്യവും അവരിൽ മുററിനിന്നിരുന്നു (4: 32 f).

## വിജാതീയരുടെയിടയിലെ പ്രേഷിതവേല

പന്തക്കുസ്താദിനത്തിലും തുടർന്നുള്ള ദിവസങ്ങളിലും ജറുസലത്ത് രൂപംകൊണ്ട (2: 47) ക്രിസ്തുവിശ്വാസികളുടെ സമൂഹത്തിൽ യഹൂദർ മാത്രമാണ് ഉണ്ടായിരുന്നത്. ക്രിസ്തീയസമൂഹം യഹൂദമതത്തിന്റെ ഒരു അവാന്തരവിഭാഗമായിട്ടാണ് പരിഗണി

4. ''ബൈബിൾഭാഷ്യം'' മുൻലക്ക(ജൂൺ 1976)ത്തിൽ യേശുവും പരിശുദ്ധാത്മാവുമെന്ന വിഷയത്തെക്കുറിച്ച് കൂടുതൽ ചർച്ചചെയ്തിരിക്കുന്നത് കാണുക.

www.malankaralibrary.com

ക്കപ്പെട്ടുപോന്നതു്. ആദിമക്രിസ്ത്യാനികൾ യഹൂദാചാരങ്ങൾ അനുഷ്ഠിക്കുകയും സിനഗോഗുകളിൽ പോകുകയും ചെയ്തിരുന്നു.5 പഴയനിയമമായിരുന്നു അവരുടേയും വിശുദ്ധ ഗ്രന്ഥം. എന്നാൽ ആ ഗ്രന്ഥത്തിന്റെ പക്ഷങ്ങളിൽ അവർ യേശുവിനെ ദർശിച്ചു.

യഹൂദമതത്തിൽനിന്നു് വേറിട്ടുനില്ക്കുവാൻ പത്രോസ് ഉൾപ്പെടെയുള്ള ജറുസലം സമൂഹം യാതൊരു കാരണവും കണ്ടില്ല. അവരുടെ പ്രേഷിതപ്രവർത്തനം ആരംഭത്തിൽ യഹൂദരുടെയിടയിൽ മാത്രമായി ഒതുങ്ങിനിന്നു. ക്രിസ്തുനാഥന്റെ ജീവിതകാലത്തു് അവർക്ക് ലഭിച്ച നിർദ്ദേശവും ഇതുതന്നെയായിരുന്നല്ലോ. 'ഇസ്രായേൽ ഗോത്രത്തിൽനിന്നു് നഷ്ടപ്പെട്ടുപോയ ആടുകളുടെ അടുക്കലേയ്ക്കു് നിങ്ങൾ പ്രധാനമായി പോകുവിൻ' (മത്താ. 10:5). സ്വാഭാവികമായി ക്രിസ്തുമതവികസനത്തിനുള്ള സാദ്ധ്യത യവനസാമ്രാജ്യത്തിൽ താമസിച്ചിരുന്ന യഹൂദരുടെ സ്ഥലങ്ങളിലും സിനഗോഗുകളിലുമായിരുന്നു. യഹൂദേതരരുമായുള്ള സമ്പർക്കംമൂലം കൂടുതൽ തുറന്ന മനഃസ്ഥിതി കാട്ടുവാനുള്ള ഒരു സാഹചര്യമായിരുന്നു അവരുടേതെങ്കിലും ആ വഴിയും സുഗമമായിരുന്നില്ല.

വിജാതീയരുടെ ഇടയിലുള്ള പ്രേഷിതവേലയുടെ തുടക്കം പരിശുദ്ധാത്മാവിന്റെ പ്രചോദനവും പ്രവർത്തനവും മൂലമാണെന്നതിൽ നടപടി ഗ്രന്ഥകർത്താവിനു് തെല്ലും സംശയമില്ല. എസ്തപ്പാനോസിന്റെ രക്തസാക്ഷിത്വം വിജാതീയരുടെയിടയിൽ പ്രേഷിതപ്രവർത്തനം നടത്തുവാൻ കൂടുതൽ അവസരമുണ്ടാക്കി. അദ്ദേഹത്തിന്റെ രക്തസാക്ഷിത്വത്തെത്തുടർന്നു് ജറുസലത്തെ സഭയ്ക്കു് നേരിടേണ്ടിവന്ന മതപീഡനങ്ങൾ അനേകം ക്രിസ്ത്യാനികളെ ജറുസലത്തുനിന്നും പലായനം ചെയ്യുന്നതിനു് പ്രേരിപ്പിച്ചു. ഓടിപ്പോയവർ തങ്ങൾ ചുററിസഞ്ചരിച്ചിരുന്ന സ്ഥലങ്ങളിൽ ദൈവവചനം പ്രസംഗിച്ചു (അദ്ധ്യായം 8). എന്നിരുന്നാലും തുടർന്നുള്ള രണ്ടദ്ധ്യായങ്ങളിൽ പ്രതിപാദിക്കുന്ന സംഭവങ്ങളോടുകൂടിയാണു് വിജാതീയരുടെയിടയിലെ പ്രേഷിതപ്രവർത്തനത്തിന്റെ ഔദ്യോഗികമായ ഉദ്ഘാടനം നടന്നതു്.

## പൗലോസിന്റേയും കൊർണേലിയൂസിന്റേയും മാനസാന്തരം

ദൈവം തന്റെ ആത്മാവിലൂടെ അത്ഭുതകരമായി പ്രവർത്തിച്ചതുകൊണ്ടാണു് പൗലോസിന്റേയും കൊർണേലിയൂസി

5. Cfr H. Conzelmann, *History of Primitive Christianity*, tr. from German by J. E. Steely, London, 1973, pp. 43f.; C. B. Caird, *The Apostolic Age*, London, 1955, p. 83.

www.malankaralibrary.com

ന്റേയും മാനസാന്തരം സാധിക്കുന്നത്. പത്രോസുവഴി നടന്ന കൊർണേലിയൂസിന്റെ മാനസാന്തരവും മാമോദീസായും, യഹൂദേതരരെ സഭയിലേയ്ക്കു പ്രവേശിപ്പിക്കാമെന്ന തത്വത്തിന്റെ അംഗീകാരമായിരുന്നു. പൗലോസിന്റെ മാനസാന്തരംമൂലം വിജാതീയരുടെ വക്താവായി യഹൂദൻതന്നെയായ വലിയ ഒരു അപ്പോസ്തോലനേയും ആദിമസഭയ്ക്കു ലഭിച്ചു. ഉത്ഥാനംചെയ്ത ക്രിസ്തു പൗലോസിനെ നേരിട്ടുവിളിക്കുകയാണല്ലോ ചെയ്തത്. കർത്താവ് നിർദ്ദേശിച്ചപ്രകാരം ഡമാസ്ക്കസിൽ അനനിയാസിന്റെ കൈവെപ്പുമൂലം പൗലോസ് പരിശുദ്ധാത്മാവിനാൽ പൂരിതനായി. പത്രോസിനുണ്ടായ ദിവ്യദർശനംവഴിയാണ് കൊർണേലിയൂസിന്റെ മാനസാന്തരം സാദ്ധ്യമാകുന്നത്. ഈ സംഭവങ്ങളിൽ മദ്ധ്യവർത്തികളാകുവാൻ ദൈവം തെരഞ്ഞെടുത്ത അനനിയാസിനും പത്രോസിനും പല ബുദ്ധിമുട്ടുകളും അനുഭവപ്പെട്ടു. ക്രിസ്ത്യാനികളുടെ കടുത്ത ശത്രുവായിരുന്നു എന്ന കാരണത്താൽ പൗലോസിനെ അനനിയാസ് സംശയിച്ചു (9: 13 f). കൊർണേലിയൂസ് പരിച്ഛേദനം നടത്തിയിട്ടില്ലാത്ത ആളായിരുന്നതു് പത്രോസിനെ അസ്വസ്ഥനാക്കി. വിജാതീയരുമായുള്ള സംസർഗ്ഗം യഹൂദനിയമങ്ങൾക്ക് എതിരായിരുന്നു (10: 14). പരിശുദ്ധാത്മാവുവഴി ദൈവം തന്റെ പദ്ധതി പത്രോസിനും അനനിയാസിനും വെളിപ്പെടുത്തി അവരെ ധൈര്യപ്പെടുത്തുകയാണുണ്ടായതു്.

## നിർണ്ണായകതീരുമാനവും ധീരമായ കാൽവെപ്പും

'ദൈവം ശുദ്ധിയാക്കിയതിനെ നീ അശുദ്ധമെന്നു വിളിക്കരുതു്' എന്നു് കർത്താവു് പത്രോസിനോടു പറഞ്ഞു (10: 15). വിജാതീയനായ കൊർണേലിയൂസിന്റേയും ബന്ധുമിത്രങ്ങളുടേയുംമേൽ പരിശുദ്ധാത്മാവിന്റെ ആവാസം ഉണ്ടായിക്കണ്ടപ്പോൾ മാത്രമാണ്, നേരത്തെ ദർശനത്തിൽകിട്ടിയ ആജ്ഞയുടെ അർത്ഥം പത്രോസിനു് മനസ്സിലായതു് (10: 44 ff). അവർ മാമോദീസ സ്വീകരിക്കുന്നതിനും അവരുടെമേൽ കൈവെപ്പു നടത്തുന്നതിനും മുമ്പുതന്നെ6 അവർ പരിശുദ്ധാത്മാവിനാൽ നിറഞ്ഞു എന്നതാണ് പത്രോസിൽ അത്ഭുതം ജനിപ്പിച്ചതു്. പരിച്ഛേദനം നടത്തിയവരല്ലാതിരുന്നിട്ടും അവർ പരിശുദ്ധാത്മാവിനാൽ പവിത്രീകൃതരായതു്, ദൈവത്തിനു് അവർ സ്വീകാര്യരാണെന്നതിന്റെ സ്പഷ്ടമായ തെളിവായി പത്രോസ് മനസ്സിലാക്കി. 'നമ്മെപ്പോലെതന്നെ പരിശുദ്ധാത്മാവിനെ സ്വീകരിച്ച

6. ജ്ഞാനസ്നാനത്തിനു പുറമെ, പരിശുദ്ധാത്മാവിനെ സ്വീകരിക്കുന്നതിനു് പ്രത്യേക കൈവെപ്പുശുശ്രൂഷ നടത്തിയിരുന്നതായി കാണാം (നടപടി 8: 15ff.; 19, 1ff.).

www.malankaralibrary.com

ഇവക്കു് ജ്ഞാനസ്നാനം നല്കാതിരിക്കുവാൻ ആർക്ക് കഴിയും' എന്നു് പത്രോസ് ഉറക്കെ ചോദിച്ചുപോയി. കൊർണേലിയൂസി നും കൂട്ടർക്കും ജ്ഞാനസ്നാനം നൽകുകയും ചെയ്തു.

പത്രോസിന്റെ ഭാഗത്തുനിന്നുണ്ടായ ഈ നീക്കം യഹൂദ ക്രിസ്ത്യാനികൾക്കു് മനസ്സിലാക്കുവാൻ സാധിച്ചില്ല. അവർ അ ദ്ദേഹത്തെ ചോദ്യം ചെയ്യുവാൻ മുതിന്നു. 'ദൈവത്തോടു് എതി ത്തുനില്ക്കുവാൻ താനാരുമല്ല' എന്നതായിരുന്നു പത്രോസിന്റെ വ്യക്തമായ മറുപടി (11: 17). അങ്ങനെ അസാദ്ധ്യമെന്നു കരു തിയതു് സാദ്ധ്യമായി. ധീരമായ ഒരു കാൽവെപ്പായിരുന്നു അ തു്. ഛേദനകമ്മത്തിനു് വിധേയരാകാതെ അഥവാ, ബാഹ്യമാ യി യഹൂദരാകാതെതന്നെ വിജാതീയരെ സഭയിലേയ്ക്കു സ്വീക രിക്കാമെന്നുള്ള ഉറച്ച തീരുമാനത്തിൽ ആദിമസഭ ചെന്നെത്തി. യഹൂദാചാരങ്ങളിൽനിന്നും സ്വതന്ത്രമാക്കപ്പെട്ട സഭയ്ക്കു് സാവ്വത്രി കതയിലേയ്ക്കു് ദ്രുതഗതിയിൽ നീങ്ങുവാനും സാധിച്ചു.[7] ''ജറുസ ലംസഭ സാവ്വത്രികസഭയായിരുന്നില്ല. അവരം തന്റെ ആദ്യകാ ലത്തെ ഇടുങ്ങിയ വ്യക്തിത്വം നഷ്ടപ്പെടുത്തിക്കൊണ്ടു് നവ്യമേ ഖലകളിലേയ്ക്കു് പ്രവേശിച്ചതുവഴിയാണു് സാവ്വത്രികസഭയാ യിതീന്നതു്.''[8]

## ജറുസലം കൗൺസിൽ

'ദൈവം മുഖംനോക്കുന്നവനല്ലെന്നും സകല ജാതികളി ലും അവനെ ഭയപ്പെടുകയും നീതി പ്രവത്തിക്കുകയും ചെയ്യുന്ന വർ അവനു് സ്വീകാര്യരാണെന്നു'മുള്ള പത്രോസിന്റെ ബോ ദ്ധ്യവും അതിനു് പത്രോസ് നല്കിയ നീതീകരണവും പ്രശ്നം പൂണ്ണമായി പരിഹരിക്കുവാൻ പര്യാപ്തമായില്ല.

പൗലോസിന്റേയും അദ്ദേഹത്തിന്റെ സന്തതസഹചാ രിയായ ബർണബാസിന്റേയും ഊജ്ജിതപ്രവത്തനങ്ങൾമൂലം വിജാതീയരുടെയിടയിലെ പ്രേഷിതവേല ശക്തിയായി മുന്നേ

---

7. എസ്തപ്പാനോസിന്റെ രക്തസാക്ഷിത്വത്തിനുശേഷം പല ഭാഗങ്ങ ളിലായി ചിതറിയ ക്രിസ്തു അനുയായികൾ വിജാതീയരുടെയിടയിൽ സുവിശേഷപ്രസംഗം നടത്തിയിരുന്നു (നടപടി 11: 19ff). എന്നാൽ അതു് സഭയുടെ ഔദ്യോഗികനയമായിരുന്നില്ല. ഈ ഔദ്യോഗിക അംഗീകാരമാ ണു്, കൊർണേലിയൂസിന്റെ മാനസാന്തരകഥയും ജറുസലം കൗൺസിലി ന്റെ വിധിതീർപ്പുംവഴി നടപടി ഗ്രന്ഥകത്താവു് സ്ഥാപിക്കുക.

8. Cfr L. Legrand, "Local Church and Universal Church in the Acts of the Apostles" in *Vidiyajyoti*, Aug. 1976 Vol. 40/7, p. 295.

www.malankaralibrary.com

റിക്കൊണ്ടുതന്നെയായിരുന്നു. തങ്ങൾക്ക വാഗ്ദാനംചെയ്ത രക്ഷ യഹൂദർ പലേടത്തും എതിർത്തപ്പോൾ 'വിജാതീയർക്കൊരു പ്രകാശമായിരിക്കുക' എന്നതാണ് തൻെറ വിളിയുടെ യഥാത്ഥലക്ഷ്യമെന്ന് പൗലോസിന് ബോദ്ധ്യമായി (13: 47; 9: 15). എന്നാൽ, വിവിധ ദേശങ്ങളിൽ സുവിശേഷഘോഷണം നടത്തിയവർ അന്ത്യോക്യായിൽ മടങ്ങിവന്നപ്പോൾ 9 യൂദയായിൽനിന്നുള്ള കുറേപ്പേരുമായി ഏറ്റുമുട്ടേണ്ടിവന്നു. പരിച്ഛേദനകാര്യത്തിൽ നിർബ്ബന്ധബുദ്ധിയുള്ളവരായിരുന്ന യൂദയായിൽനിന്നുള്ളവർ. ഇതു് ഒരു വലിയ ഭിന്നിപ്പിനു വഴിതെളിച്ചു (15: 1f). പ്രശ്നപരിഹാരത്തിനായി, ശിഷ്യന്മാരേയും ജറുസലത്തെ മൂപ്പന്മാരേയും സമീപിക്കുന്നതിന് പൗലോസും കൂട്ടരും തീരുമാനിച്ചു. മാതൃസഭയെന്നനിലയിൽ ജറുസലം സഭയ്ക്കുണ്ടായിരുന്ന പ്രാധാന്യം കൊണ്ടോ, പത്രോസുൾപ്പെടെയുള്ള ശിഷ്യന്മാരും മൂപ്പന്മാരും ജറുസലത്തായിരുന്നതുകൊണ്ടോ ആകാം അവർ അങ്ങോട്ടു ദൃഷ്ടികൾ തിരിച്ചതു്. പരിച്ഛേദനകർമ്മത്തിൻേറയും മററു യഹൂദമതാചാരങ്ങളുടേയും കാര്യത്തിൽ വ്യഗ്രത പുലർത്തിയതു് ജറുസലം സഭയായിരുന്നു എന്നുള്ള വസ്തുത ഇവിടെ സ്മത്തവ്യമാണ്.

ജറുസലത്തു്, ശിഷ്യന്മാരും പ്രധാനികളും ഒരുമിച്ചുകൂടുകയും അവരുടെയിടയിൽ ചൂടേറിയ വാദപ്രതിവാദങ്ങൾ നടക്കുകയും ചെയ്തു (15: 6). അപ്പോൾ, ഈശോമിശിഹായിൽക്കൂടിയുള്ള രക്ഷയുടെ അവകാശം വിശ്വാസികൾക്കെല്ലാമാണെന്ന് പരിശുദ്ധാത്മാവുവഴി ദൈവം തനിക്ക് എങ്ങനെ വെളിപ്പെടുത്തിയെന്നു്, കൊർണേലിയൂസ് സംഭവത്തിൽ തനിക്കുണ്ടായ അനുഭവത്തെ പരാമർശിച്ചുകൊണ്ടു് പത്രോസ് വ്യക്തമാക്കി (15: 7–11). പൗലോസും ബർണബാസുംവഴി എന്തെല്ലാം അടയാളങ്ങളും ധീരകൃത്യങ്ങളുമാണ് ദൈവം വിജാതീയരുടെയിടയിൽ പ്രവർത്തിച്ചതെന്ന് കേൾക്കുവാനും കൗൺസിൽ അംഗങ്ങൾക്ക് അവസരം ലഭിച്ചു (15: 12). എന്നാൽ യഥാസ്ഥിതികരുടെ തലവനായിരുന്ന യാക്കോബു് നൈയാമിക വിശുദ്ധിയോടു ബന്ധപ്പെട്ട ചട്ടങ്ങളെപ്പററി അപ്പോഴും ആകുലചിത്തനായിരുന്നു (15: 20). ഏതായാലും വിജാതീയരെസംബന്ധിച്ചു്

9. വിജാതീയരുടെയിടയിലുള്ള പ്രേഷിതദൗത്യത്തെ സംബന്ധിച്ചിടത്തോളം അന്ത്യോക്യാ വളരെ മുമ്പേതന്നെ ഒരു മാതൃസഭയുടെ സ്ഥാനം കൈവരിച്ചു കഴിഞ്ഞിരുന്നു. ജറുസലംസഭയുടെ യഥാസ്ഥിതികമനോഭാവമായിരുന്നു ഇതിന് കാരണമെന്നു കരുതാം. യേശുവിൻെറ ബന്ധത്തിൽപ്പെട്ട ആൾക്കൂടിയായിരുന്ന യാക്കോബ് ജറുസലത്തെ യഹൂദക്രൈസ്തവരുടെ മേൽ കൂടുതൽ സ്വാധീനം കൈവരിച്ചു. ജറുസലം കൗൺസിലിൽ യാഥാസ്ഥിതികമനോഭാവക്കാരുടെ വക്താവായി അദ്ദേഹം വർത്തിക്കുന്നതു് ഈ പശ്ചാത്തലത്തിൽവേണം മനസ്സിലാക്കുവാൻ.

www.malankaralibrary.com

പൊന്തിവന്ന പ്രധാന പ്രശ്നത്തിന്— പരിച്ഛേദനംവഴി യഹൂദരാകാതെതന്നെ സഭയിലേയ്ക്കു ചേരാമോ എന്ന പ്രശ്നത്തിന്— പ്രതികൂലമായ നിലപാട് യാക്കോബ് സ്വീകരിക്കാതിരുന്ന സ്ഥിതിക്ക് അദ്ദേഹത്തിൻെറ മററു ചില നിർദ്ദേശങ്ങൾക്ക വഴങ്ങുവാൻ കൗൺസിൽ തയ്യാറാകുന്നതും കാണാം (15: 13–21).[10] അന്തിമതീരുമാനങ്ങൾക്ക് പരിശുദ്ധാത്മാവിൻെറ അംഗീകാരമുള്ളതായും രേഖപ്പെടുത്തിയിരിക്കുന്നു (15: 28).

## ദിഗന്തങ്ങൾവരെ

ലോകം മുഴുവനിലും രക്ഷയുടെ സുവിശേഷം പ്രചരിപ്പിക്കുകയെന്ന ക്രിസ്തുശിഷ്യരുടെ ദൗത്യം വ്യക്തമായി ആവിഷ്കരിക്കുവാൻ, ജറുസലം കൗൺസിലിൻെറ ഔദ്യോഗികതീരുമാനത്തോടുകൂടി വി. ലൂക്കായ്ക്കു സാധിക്കുന്നു. നടപടിഗ്രന്ഥത്തിൻെറ ബാക്കിഭാഗം പൗലോസിൻെറ സാർവ്വത്രികസുവിശേഷപ്രചരണത്തിലാണ് ശ്രദ്ധ പതിക്കുന്നത്. 'നമ്മുടെ കർത്താവായ ഈശോമിശിഹായിൽ വിശ്വസിക്കുക; എന്നാൽ നിങ്ങൾ രക്ഷപെടും' (16: 13), ഇതായിരുന്നു പൗലോസിൻെറ പ്രഭാഷണങ്ങളുടെ രത്നചുരുക്കം. എന്നാൽ അദ്ദേഹത്തിൻെറ മാർഗ്ഗം സുഗമമായിരുന്നില്ല. മരണവക്ത്രംവരെ തന്നെ എത്തിച്ച കഷ്ടതകളെക്കുറിച്ച് പൗലോസ് പ്രസ്താവിക്കുന്നുണ്ടല്ലോ (20: 19/2 കൊറി 11: 23 ff). എന്നാൽ ദൗർഭാഗ്യങ്ങളും എതിർപ്പുകളും കാരാഗൃഹബന്ധനങ്ങളുമെല്ലാം, അന്ന് വിജാതീയലോകത്തിൻെറ കേന്ദ്രവും, അന്നറിയപ്പെട്ടിരുന്ന ലോകത്തിൻെറ തലസ്ഥാനവുമായ റോമിലേയ്ക്ക് ഈശ്വരവിധിയാൽ പൗലോസിനെ നയിച്ചു. അങ്ങനെ സുവിശേഷഘോഷണത്തിനായി പൗലോസിനെ റോമിൽ സമാധാനത്തിൽ വിട്ടുകൊണ്ട് ലൂക്കാ നടപടിഗ്രന്ഥത്തിന് വിരാമമിടുന്നു: 'പൗലോസ് തൻെറ സ്വന്തം വകകൊണ്ട് ഒരു വീട് കൂലിക്കുവാങ്ങി രണ്ടു വത്സരം അതിൽ പാർക്കുകയും തൻെറ അടുക്കൽ വന്നവരെയെല്ലാം അവിടെ സ്വീകരിക്കുകയും ചെയ്തു. അവൻ ദൈവരാജ്യത്തെപ്പററി പ്രസംഗിക്കുകയും നമ്മുടെ കർത്താവായ ഈശോമിശിഹായെപ്പററി നിർവിഘ്നം പരസ്യമായി ഉപദേശിക്കുകയും ചെയ്തു' (28: 30f).

## എക്യുമെനിസത്തിൻെറ ഈ യുഗത്തിൽ

അപ്പസ്തോലനടപടിയിൽ അന്തർലീനമായിരിക്കുന്ന മതപരമായ മുഖ്യആശയങ്ങൾക്ക് എക്യുമെനിസത്തിൻെറ ഈ കാ-

---

10. സെൻറ് പോൾ ഈ അനുശാസനങ്ങളിൽ ചിലത് പിന്നീട് ഇളവു ചെയ്തുകൊടുക്കുന്നുണ്ടെന്നുള്ളത് ശ്രദ്ധാർഹമാണ് (1 Cor 8: 1ff).

www.malankaralibrary.com

ഘട്ടത്തിൽ എന്തു പ്രസക്തിയാണുള്ളതെന്നു് ചിന്തിക്കുന്നതു് യുക്തമാണല്ലോ. ആദിമസഭയ്ക്കു് നേരിടേണ്ടിയിരുന്ന ആളുകൾ മൂന്നുതരക്കാരായിരുന്നു: യഹൂദക്രൈസ്തവർ, ഗ്രീക്കുക്രൈസ്തവർ, വിജാതീയർ അഥവാ അക്രൈസ്തവർ. ആധുനികസഭയ്ക്കും ഇടപെടേണ്ടതു് പ്രധാനമായും മൂന്നു തരത്തിലുള്ള ആളുകളുമായിട്ടാണു്: കത്തോലിക്കർ, കത്തോലിക്കരല്ലാത്ത ക്രൈസ്തവർ, അക്രൈസ്തവർ (അവിശ്വാസികളെ ഈ ചർച്ചയിൽ പെടുത്തേണ്ടതില്ല). ഭാരതത്തിൽ ബഹുഭൂരിഭാഗവും ഹൈന്ദവരാണല്ലോ. ഈശ്വരവിശ്വാസത്തിലും സഹോദരസ്നേഹത്തിലും ഇവരിലനേകരോടു യോജിച്ചുപോകുന്നതിനു് ക്രിസ്ത്യാനികൾക്കു് യാതൊരു തടസ്സവുമല്ല. കൊർണേലിയൂസുമായുള്ള സംഭാഷണവേളയിൽ പരിശുദ്ധാത്മാവു് പത്രോസിനു വെളിപ്പെടുത്തിയ അടിസ്ഥാനതത്ത്വം— ദൈവത്തെ സ്വീകരിക്കുകയും നീതിപ്രവർത്തിക്കുകയും ചെയ്യുന്നവർ ഏതു ജനപദത്തിൽപ്പെട്ടവരായാലും ദൈവത്തിനു് സ്വീകാര്യരാണെന്നുള്ള തത്ത്വം— ഇവിടെ വിസ്മരിക്കരുതു്. ജറുസലം കൗൺസിലിലും ഇക്കാര്യം വി. പത്രോസ് ഊന്നിപ്പറഞ്ഞു: 'ഹൃദയഗ്രാഹിയായ ദൈവം നമുക്കെന്നപോലെ വിജാതീയർക്കും പരിശുദ്ധാത്മാവിനെ നല്കിയതിനാൽ അവരും ദൈവത്തിനു് സംപ്രീതരാണെന്നു് സ്പഷ്ടമായിരിക്കുന്നു' (15: 8).

മാനസാന്തരവും തജ്ജന്യമായ ആത്മവിശുദ്ധീകരണവുമാണു് ആത്മാവുവഴിയുള്ള ജ്ഞാനസ്നാനത്തിന്റെ ഫലങ്ങൾ. ഈ ആദ്ധ്യാത്മികപുനർജ്ജനനം മതത്തിന്റെ അന്തസ്സത്തയായി കാണുന്ന നമ്മുടെ അക്രൈസ്തവ സഹോദരങ്ങൾക്കു് നമ്മുടെ ദൈവാരാധനയിൽ സജീവഭാഗഭാഗിത്വം നല്കിക്കൂടേ? അവരുടെ ആരാധനക്രമങ്ങളിൽ സ്വീകാര്യമായവയിൽ നമുക്കും ചേർന്നുകൂടേ? ക്രിസ്തുനാഥൻ പരാമർശിക്കുന്ന 'സത്യത്തിലും ആത്മാവിലുമുള്ള ആരാധന' (യോഹ. 4: 23) എന്ന മഹത്സത്യത്തിന്റെ അംഗീകാരം മാത്രമായിരിക്കുകയില്ലേ അതു്?[11]

സെൻറു് തോമസ്സെമിനാരി കോട്ടയം–10          ഫാ. ജെ. വലിയമംഗലം

വിവ. തോമസ് കണ്ണാങ്കൽ

11. "സ്വന്തം മതത്തോടുള്ളത്ര ആദരവു് മററു മതങ്ങളോടും വ്യത്യസ്തമതാനുയായികൾക്കു് ഉണ്ടാകുന്ന കാലം ആസന്നമായിരിക്കുന്നു" എന്നു് ക്രാന്തദർശിയായ ഗാന്ധിജി പറഞ്ഞിട്ടുള്ളതു് ഇവിടെ പ്രസക്തമാണു്. Cf. Harijan, Feb. 2, 1934.

www.malankaralibrary.com

# ഗ്രന്ഥനിരൂപണം

**ഡോ. ജോസഫ് കോട്ടൂരുസ്സൽ, ബൈബിൾ പ്രശ്നങ്ങൾ,** കോട്ടയം, 1975, പേജ് 244; വില 5. 75; **ബൈബിൾ ചിന്തകൾ,** കോട്ടയം, 1976, പേജ് 115, വില 4.00. വിതരണം: ബുക്ക്സ്റ്റാൾ, സെൻറ് തോമസ് സെമിനാരി, വടവാതൂർ, കോട്ടയം – 686010.

ക്രൈസ്തവജീവിതത്തിൽ വിശുദ്ധഗ്രന്ഥപഠനത്തിനുള്ള സ്ഥാനവും സ്വാധീനവും അനുപമമമാണ്. ദൈവവചനത്തെപ്പററിയുള്ള രണ്ടാം വത്തിക്കാൻ കൗൺസിലിൻെറ ഉദ്ബോധനങ്ങൾ ബൈബിൾപഠനത്തിന് വലിയ ഉത്തേജനം നൽകി. വിശുദ്ധ ലിഖിത പാരായണത്തിനും ധ്യാനത്തിനും കേരളക്രൈസ്തവരെ സഹായിക്കുന്ന ഉത്തമഗ്രന്ഥങ്ങൾ കുറവാണ്. വടവാതൂർ സെമിനാരിയിലെ ബൈബിൾ പ്രൊഫസറായ ഡോ. ജോസഫ് കോട്ടൂരുസ്സലിൻെറ ഈ കൃതികൾ ബൈബിൾപഠനോത്സുകരായ കേരളക്രൈസ്തവക്ക് തീർച്ചയായും ഉപകാരപ്രദമായിരിക്കും.

പഴയനിയമത്തിലേയും പുതിയനിയമത്തിലേയും സങ്കീർണ്ണമായ ചില ഭാഗങ്ങളെ ബൈബിൾവിജ്ഞാനീയത്തിലെ നൂതനവീക്ഷണങ്ങളുടെ വെളിച്ചത്തിൽ ശാസ്ത്രീയമായി വിശദീകരിക്കുന്ന ഒരു ഗ്രന്ഥമാണ് ''ബൈബിൾ പ്രശ്നങ്ങൾ''. ലോകസൃഷ്ടി, പുരുഷനും സ്ത്രീയും, പറുദീസായും പാപവും, മഹാപ്രളയം തുടങ്ങി ഉൽപത്തി പുസ്തകത്തിലെ പല കെട്ടുപിണഞ്ഞ പ്രശ്നങ്ങളേയും അപഗ്രഥിച്ച് ബൈബിളിൻെറ സന്ദേശം ഈ ഗ്രന്ഥം ഭംഗിയായി അവതരിപ്പിക്കുന്നു. ക്രിസ്തുവിൻെറ അത്ഭുതങ്ങൾ, ഉപമകൾ മുതലായ വിഷയങ്ങളും, മനുഷ്യപുത്രൻ എന്ന അവിടുത്തെ നാമധേയവും വിശദമായ പഠനത്തിന് വിധേയമായിട്ടുണ്ട്. ''ദൈവത്തിൻെറ ഭോഷത്തം'' എന്ന അദ്ധ്യായത്തിൽ കുരിശിൻെറ ഭോഷത്തം സ്നേഹത്തിൻെറ ഭോഷത്തമാണെന്ന് രക്ഷാകരചരിത്രത്തിൻെറ മുഴുവൻ പശ്ചാത്തലത്തിൽ ഗ്രന്ഥകർത്താവ് വിശദീകരിക്കുന്നു. അവതരണരീതി ലളിതവും സരളവുമാണെങ്കിലും പണ്ഡിതോചിതമായ ഈ ഗ്രന്ഥത്തിലെ അദ്ധ്യായങ്ങളെല്ലാം ചിന്തോദ്ദീപകങ്ങളാണ്.

ചില തെരഞ്ഞെടുത്ത ബൈബിൾസംഭവങ്ങൾ വിശദീകരിച്ച് നമ്മുടെ അനുദിന ക്രിസ്തീയജീവിതത്തിന് ഉപകരിക്കുന്ന പ്രായോഗിക പാഠങ്ങൾ നിർദ്ദേശിക്കുകയാണ് ''ബൈബിൾ ചിന്തകൾ'' ചെയ്യുന്നത്. വിവിധ വിഷയങ്ങൾ ചർച്ച ചെയ്യുന്ന 30 അദ്ധ്യായങ്ങളുണ്ട് ഈ ഗ്രന്ഥത്തിൽ. ബൈബിൾസംഭവങ്ങളെ ആനുകാലിക സംഭവങ്ങളും അനുദിന ജീവിതാനുഭവങ്ങളുമായി ബന്ധപ്പെടുത്തി അവയുടെ ആദ്ധ്യാത്മികസന്ദേശം ഏവർക്കും സുഗ്രഹമാക്കുവാൻ ഗ്രന്ഥകാരനുള്ള കഴിവ് സ്തുത്യർഹമാണ്. സാമാന്യജനങ്ങളുടെ ക്രിസ്തീയജീവിതത്തിന് പ്രചോദനം നൽകത്തക്കവിധത്തിൽ ലളിതവും ആകർഷകവുമായ ശൈലിയിൽ വിശുദ്ധഗ്രന്ഥഭാഗങ്ങളെ അവതരിപ്പിക്കുന്ന കാര്യത്തിൽ ഈ പുസ്തകം ഒരു നല്ല കാൽവയ്പാണ്. കുടുംബപ്രാർത്ഥനയോടനുബന്ധിച്ച് ജ്ഞാനവായനയ്ക്കായി ഉപയോഗിക്കാൻ പററിയതാണ് ഈ ചെറുഗ്രന്ഥം.

ഈ ബൈബിൾഗ്രന്ഥങ്ങൾക്ക് പ്രചുരപ്രചാരം നേരുകയും ഗ്രന്ഥകാരനിൽനിന്നു് ഇതുപോലുള്ള സദ്ഗ്രന്ഥങ്ങൾ ഇനിയും പ്രതീക്ഷിക്കുകയും ചെയ്യുന്നു.

ഫാ. ജോർജ്ജ് മങ്ങാട്ട്

www.malankaralibrary.com

## ദൈവമേഖല

തെയ്യാർ ദ് ഷർദാന്റെ 'Le Milieu Divin' എന്ന ഗ്രന്ഥത്തിന്റെ മലയാളവിവർത്തനം

വിവ. ജേക്കബ് തടത്തിൽ, ജോർജ്ജ് നെല്ലിശ്ശേരി

ജനതാ ബുക്ക്സ്റ്റാൾ, തേവര – കൊച്ചിൻ

ബുക്ക്സ്റ്റാൾ, സെമിനാരി, വടവാതൂർ, കോട്ടയം.

പേജ് 226. വില 7. 50.

അഗാധമായ ദർശനവും ആഴമേറിയ ആധ്യാത്മികതയും കൈമുതലായുണ്ടായിരുന്ന ഒരു മഹാ പ്രതിഭയായിരുന്നു 'അണുയുഗത്തിലെ അക്വീനാസ്' എന്ന അപരനാമത്താൽ അറിയപ്പെടുന്ന തെയ്യാർ ദ് ഷർദാൻ. ആധ്യാത്മികവും ഭൗതികവുമായ വിഭിന്നതലങ്ങളെ സമന്വയിച്ചുകൊണ്ടുള്ള ഒരു നൂതന ദർശനമായിരുന്നു അദ്ദേഹത്തിന്റേതു്. ഈ നവീനദർശനം 'ദൈവമേഖല'യിൽ ദൃശ്യമാണ്.

നമ്മുടെ അസ്തിത്വത്തിന്റെ അടിവേരുകൾ പ്രപഞ്ചത്തിലാണെന്നും ആ പ്രപഞ്ചത്തിൽനിന്ന് വേറിട്ടുനിന്നുകൊണ്ട് ആധ്യാത്മികതയെ അപഗ്രഥിക്കാനാവില്ലെന്നും തെയ്യാർ ഈ പുസ്തകത്തിൽ സ്ഥാപിക്കുന്നു. സുവിശേഷസത്യങ്ങളിൽ അടിയുറച്ചു വിശ്വസിക്കുന്ന ക്രൈസ്തവന് ലോകവുമായി എങ്ങനെ ബന്ധപ്പെട്ടുപോകാമെന്ന് അദ്ദേഹം വ്യക്തമാക്കുന്നുണ്ട്. നമ്മുടെ പ്രവർത്തനങ്ങൾവഴി നാം ദൈവത്തിന്റെ സൃഷ്ടികർമ്മത്തിൽ പങ്കുചേരുന്നുവെന്നും, മാനവസമൂഹത്തിന്റെ വിമോചനം വിശ്വത്തിന്റേയും വിമോചനമാണെന്നും, അതിനാൽ ദൈവത്തേയും ലോകത്തേയും ഒന്നിപ്പിച്ചുകൊണ്ടുപോകാതെ ആർക്കും പരിപൂർണ്ണത കൈവരിക്കാൻ കഴിയുകയില്ലെന്നും അദ്ദേഹം അടിയുറച്ചു വിശ്വസിക്കുന്നു. മനുഷ്യപ്രവർത്തനം ക്രിസ്തുവിന്റെ മൗതികശരീരത്തെ സമ്പൂർണ്ണമാക്കുകയാണ് ചെയ്യുക. അതിനാൽ നമ്മുടെ പ്രവർത്തനങ്ങൾ വിശുദ്ധമാകുന്നു.

പ്രവർത്തനങ്ങൾപോലെതന്നെ നമ്മുടെ അസ്തിത്വം അനവരതം അഭിമുഖീകരിക്കുന്ന ദുരൂഹമായ യാതനകളും സഹനങ്ങളും മരണംതന്നെയും നമ്മെ ക്രിസ്തുവുമായി ഐക്യപ്പെടുത്തുവാൻ സഹായിക്കുന്നുവെന്ന് തെയ്യാർ കരുതുന്നു.

ഇങ്ങനെ നമ്മുടെ പ്രവർത്തനങ്ങളുടേയും സഹനങ്ങളുടേയും വിശുദ്ധീകരണംവഴി നാം ക്രിസ്തുവുമായി ബന്ധപ്പെടുന്നു. എല്ലാററിനേയും വിശുദ്ധീകരിക്കുന്ന ക്രിസ്തുവിന്റെ സർവ്വസാന്നിധ്യമാണ് ദൈവമേഖല. പ്രപഞ്ചക്രിസ്തുവിനെപ്പററിയുള്ള വി. യോഹന്നാന്റേയും വി. പൗലോസിന്റേയും പ്രബോധനങ്ങളാണ് തെയ്യർദിയൻ ദർശനത്തിന്റെ അന്തർധാരയായി നിലകൊള്ളുന്നതു്.

ഏവംവിധമായ ഉന്നതദർശനങ്ങൾ ഉൾക്കൊള്ളുന്ന 'ദൈവമേഖല' മലയാളത്തിലേയ്ക്കു് വിവർത്തനം ചെയ്തതിൽ മലയാളികളായ നമുക്കു സന്തോഷിക്കാം. ഗഹനമായ ആശയങ്ങൾ ഉൾക്കൊള്ളുന്ന ഈ പുസ്തകം ഇത്രയുമെങ്കിലും ലളിതമായി വിവർത്തനം ചെയ്യാൻ സാധിച്ചതിൽ ഇതിന്റെ വിവർത്തകർക്ക് അഭിമാനം കൊള്ളാം. ഫാ. പോൾ മാറോക്കിയുടെ പ്രൗഢമായ അവതാരിക വായനക്കാർക്ക് 'ദൈവമേഖല'യുടെ അന്ത:സത്തയിലേയ്ക്കു് പ്രവേശിക്കുവാൻ സഹായകമായി നിലകൊള്ളുന്നു. പുസ്തകത്തിന്റെ അവസാനം കൊടുത്തിരിക്കുന്ന വിഷയസൂചിക വളരെ ഉപകാരപ്രദമാണ്. ആധുനിക ലോകത്തിൽ വളരെയധികം സ്വാധീനം ചെലുത്തുന്ന തെയ്യാർദിയൻ ദർശനം ഉൾക്കൊള്ളുന്ന ദൈവമേഖല പ്രസിദ്ധീകരിച്ച ജനതാ സർവ്വീസസ് അഭിനന്ദനം അർഹിക്കുന്നു. ഈ ഉത്കൃഷ്ടഗ്രന്ഥം ഏവർക്കും ഒരു കൈത്തിരിയായിരിക്കും എന്നതിൽ സന്ദേഹമില്ല.

എം. ആട്ടേൽ.



www.malankaralibrary.com

# ബൈബിൾ ആരാധനക്രമത്തിൽ

## സ്ലീവാക്കാലം 3-ാം ഞായർ- മത്താ. 5: 1-12

സുവിശേഷഭാഗ്യങ്ങൾ

മലയിലെ പ്രസംഗം: സ്ഥലം ഗലീലിപ്രദേശത്തുള്ള ഒരു കുന്ന്. ശ്രോതാക്കൾ ഭാവികാലക്രിസ്തുശിഷ്യന്മാരെ പ്രതിനിധാനം ചെയ്യുന്ന ശ്ലീഹന്മാർ. പ്രസംഗവിഷയം ദൈവരാജ്യത്തെക്കുറിച്ചുള്ള സുവിശേഷം. ദുർഭഗരെ ഭാഗ്യവാന്മാരെന്ന് വിളിച്ചുകൊണ്ടു ആരംഭിക്കുന്ന പ്രസംഗം ശ്രോതാക്കളുടെ ശ്രദ്ധ പിടിച്ചുപററുന്നു.

9 ഭാഗ്യങ്ങൾ ഉൾക്കൊള്ളുന്ന ഒന്നാണ് ഇന്നത്തെ സുവിശേഷഭാഗം. ആദ്യത്തെ 8 ഗണം ഭാഗ്യവാന്മാരും ഏതെങ്കിലും വിധത്തിൽ ദരിദ്രരുടെ ഗണത്തിൽപ്പെട്ടവരാണ്. 9-ാം ഗണം ഭാഗ്യവാന്മാർ പീഡിതരാണ്. ഏശയ്യായുടെ പ്രവചനമനുസരിച്ച് രക്ഷയുടെ സുവിശേഷം ദരിദ്രരോട് പ്രസംഗിക്കപ്പെടുന്നു (ഏശയ്യാ. 6; 1-3). സ്വർഗ്ഗരാജ്യം വാഗ്ദാനമായി സ്വീകരിക്കുന്നവരാണവർ.

1. **ആത്മാവിൽ ദരിദ്രർ:** യഥാർത്ഥത്തിൽ ഇല്ലായ്മ അനുഭവപ്പെടുന്നവരും അതിനനുസൃതമായ മാനസികനിലവാരം പുലത്തുന്നവരുമാണ് ദരിദ്രർ. ദരിദ്രരെ ഉപദ്രവിക്കുന്ന ധനവാന്മാക്കെതിരായി പ്രവാചകന്മാർ സ്വരം ഉയർത്തിയിരുന്നു (ഏശയ്യ 3: 14; ഏറമ്യ 5: 28; ആമോസ് 2: 6-8). ആത്മീയദാരിദ്ര്യത്തിനു പുറമെ ഭൗതികദാരിദ്ര്യംകൂടെ ഇഷ്ടപ്പെടുന്നവരായിരിക്കണം ക്രിസ്തുശിഷ്യന്മാർ (മത്താ. 6: 19-33). ദൈവത്തിലുള്ള ആശ്രയവും അപ്പണവുമാണ് യഥാർത്ഥ ആത്മീയദാരിദ്ര്യം.

2. **ദുഃഖിതർ.... ആശ്വസിപ്പിക്കപ്പെടും:** വേദനാജനകമായ ഒരു സ്ഥിതിവിശേഷത്തിൽ കഴിയുന്നവരാണ് ദുഃഖിതർ. ഇസ്രായേല്യരുടെ അനുഭവം, ദൈവം ദുഃഖിതരെ ആശ്വസിപ്പിക്കുന്നുവെന്നാണ് (ഏശയ്യ 49: 13-15). ദുഃഖിതരെ ആശ്വസിപ്പിച്ചുകൊണ്ടാണ് ക്രിസ്തു പരസ്യജീവിതകാലം ചെലവഴിച്ചത്. ആശ്വാസപ്രദനെ അവിടുന്നു തുടന്നു സഭയ്ക്കു നൽകുകയും ചെയ്തു (യോഹ. 14: 16).

3. **താഴ്മയുള്ളവർ.... ഭൂമി അവകാശമാക്കും:** സങ്കീർത്തകൻ (37, 11) പറയുന്നു, ദരിദ്രൻ ഭൂമി അവകാശമാക്കുമെന്ന്. ആകയാൽ താഴ്മയുള്ളവർ ദരിദ്രന്മാർതന്നെ. ദുഷ്ടരോട് എതിക്കാത്തതും പ്രതികാരം ചെയ്യാത്തതുമായ താഴ്മ അഥവാ ശാന്തശീലം അനുകരണീയമായ ഒരു ഗുണമാണ്. ''വലയുന്നവരും ഭാരംചുമക്കുന്നവരും എന്റെ അടുക്കൽ വരുവിൻ.... ഞാൻ ശാന്തശീലനാകുന്നു. എന്നിൽനിന്നു പഠിക്കുവിൻ.'' (മത്താ. 11: 28-29) ''ഭൂമി അവകാശമാക്കും'' എന്ന വാഗ്ദാനം ദൈവം പൂവ്വപിതാക്കന്മാക്കു നല്കിയതാണ്. (ഉല്പ. 15: 7). തേനും പാലും ഒഴുകുന്ന (പുറപ്പാട് 3: 8) ഫലസമൃദ്ധമായ (ആവ. 8: 7-10.) ഭൂമിയാണ് അവക്ക് വാഗ്ദാനം ചെയ്യ

www.malankaralibrary.com

പ്പെട്ടതു്. പില്ക്കാലത്തു ഈ വാഗ്ദാനം നീതിമാന്മാർക്കു മാത്രമേ നല്കുന്നുള്ളു (ഏശ. 57: 13). പുതിയ നിയമകാലത്തു അവകാശമാക്കുന്നതു നിത്യജീവനാണു്, സ്വർഗ്ഗരാജ്യമാണു് (എബ്രാ. 11: 8–16).

4. **നീതിക്കുവേണ്ടി വിശപ്പും ദാഹവും സഹിക്കുന്നവർ:** ഭക്ഷണം ദൈവദാനമാണു്. ഈ ദാനത്തിനുവേണ്ടിയുള്ള യാചന കർത്തൃപ്രാർത്ഥനയിലുണ്ടു് (മത്താ. 6: 11). ദൈവവചനത്തെക്കുറിച്ചു് വിശപ്പും ദാഹവും ഉള്ളവരെക്കുറിച്ചു് ആവർത്തനപുസ്തകത്തിൽ പറയുന്നു (ആവ. 8: 3). ആത്മീയമായി വിശപ്പും ദാഹവും ഉള്ളവരെ തൃപ്തരാക്കുന്ന ഭക്ഷണത്തെക്കുറിച്ചും (യോഹ. 6) ജീവജലത്തെക്കുറിച്ചും (യോഹ. 7: 37–39). പുതിയ നിയമം പ്രതിപാദിക്കുന്നുണ്ടല്ലോ. നീതിയെക്കുറിച്ചു് വിശപ്പും ദാഹവും സഹിക്കുന്നവരെക്കുറിച്ചാണു് ഇവിടെ പ്രതിപാദ്യം. ക്രിസ്തുശിഷ്യന്മാരുടെ നീതി ഏതെന്നു്, പ്രീശന്മാരുടെ നീതിക്കു് പൂർണ്ണത വരുത്തിക്കൊണ്ടാണു് ക്രിസ്തു വിശദമാക്കുന്നതു് (മത്താ. 5: 20–28). ദാനധർമ്മവും പ്രാർത്ഥനയും ഉപവാസവും എല്ലാം ദൈവത്തിനു് പ്രീതികരമായി നടത്തുന്നതിലാണു് ഈ നീതി അടങ്ങിയിരിക്കുന്നതു് (മത്താ. 6: 2–18). ഇത്തരത്തിലുള്ള നീതിക്കുവേണ്ടി വിശക്കുന്നവർ തൃപ്തരാകും.

5. **കരുണയുള്ളവർക്കു.... കരുണ ലഭിക്കും:** പഴയനിയമത്തിലും പുതിയനിയമത്തിലും ധനികർ അപലപിക്കപ്പെടുന്നതു അവർ ദരിദ്രരോടു് കരുണയില്ലാതെ പെരുമാറുന്നതുകൊണ്ടുമാത്രമാണു്. ഓസിയാസു പ്രവാചകൻ പറയുന്നു, ദൈവം ബലിയേക്കാൾ കൂടുതലായി കരുണ ഇഷ്ടപ്പെടുന്നുവെന്നു്(6: 6). പാപികളോടു് കരുണ കാണിക്കുന്നു എന്ന ആരോപണത്തിനും ഈ വാക്യം ഉദ്ധരിച്ചാണു് ക്രിസ്തു മറുപടി നൽകിയതു് (മത്താ. 9: 13). പിതാവിൻെറ കാരുണ്യമാണു് പുത്രൻ പ്രകടമാക്കുന്നതു്. നല്ല ശമ്രായൻെറ ഉപമവഴിയും ക്രിസ്തു ഇതുതന്നെ പഠിപ്പിക്കുന്നു. അവസാനനാളുകളിൽ അനുഗൃഹീതരാകുന്നതു് അവശരോടും ആർത്തരോടും അനുകമ്പ കാണിക്കുന്നവർ മാത്രമാണു് (മത്താ. 25: 34–36).

6. **ശുദ്ധ ഹൃദയൻ.... ദൈവത്തെ കാണും:** ബാഹ്യാനുഷ്ഠാനങ്ങളിൽ ഒതുങ്ങിനില്ക്കുന്ന, ശുദ്ധതയെ യൂദന്മാർ കാര്യമായി കരുതിയിരുന്നു. ആന്തരികതയ്ക്കു് പ്രാധാന്യമുള്ള ഒരു ശുദ്ധതയ്ക്കാണു് പ്രവാചകന്മാരും സങ്കീർത്തകനും സ്വരമുയർത്തുന്നതു് (സങ്കീ. 24, 3–6). പാപമാണു് ഹൃദയത്തെ അശുദ്ധമാക്കുന്നതു്. ഹൃദയം ശുദ്ധമാക്കേണ്ടതു് പാപമോചനം വഴിയാണു്, പരിശുദ്ധാത്മാവുവഴിയാണു് (സങ്കീ. 51: 12). ബാഹ്യാചാരങ്ങൾവഴി ഹൃദയശുദ്ധത കൈവരുന്നതല്ല (മത്താ. 23: 25).

7. **സമാധാനമുണ്ടാക്കുന്നവർ.... ദൈവപുത്രരെന്നു് വിളിക്കപ്പെടും:** ഹൃദയത്തിൽ സമാധാനമുള്ളവർ ചുററും സമാധാനാന്തരീക്ഷം സൃഷ്ടിക്കുന്നു. ഏശയ്യാ മിശിഹായെ സമാധാനരാജാവായാണു് കാണുന്നതു് (ഏശയ്യാ 9: 5). ക്രിസ്തു ജീവൻ കൈവെടിഞ്ഞതു സമാധാനം സ്ഥാപിക്കാനായിരുന്നു (എഫേ. 2: 14–18).

8. **നീതിനിമിത്തം പീഡിപ്പിക്കപ്പെടുന്നവർ:** ക്രിസ്തു പഠിപ്പിച്ച ജീവിതരീതിയാണു നീതി. അതോടുള്ള ആഭിമുഖ്യംനിമിത്തം ക്രിസ്ത്യാനികൾ പീഡിതരാകും. അപ്പോൾ സ്വർഗ്ഗരാജ്യം അവർക്കുള്ളതാകുന്നു.

9. **ക്രിസ്തുവിനെപ്രതി പീഡിപ്പിക്കപ്പെടുന്നവർ:** ''മിഷൻപ്രഭാഷണത്തിലും (മത്താ. 10: 17–25) മററവസരങ്ങളിലും (മത്താ. 24: 9–13) മതമർദ്ദനങ്ങളെക്കുറിച്ചു ക്രിസ്തു പറയുകയുണ്ടായി (യോഹ. 15: 18–21 കാ

www.malankaralibrary.com

ണുക). ക്രിസ്തുവിനെപ്രതി ശിഷ്യർ പീഡിതരായി. ക്രിസ്തുവിനെപ്രതി പീഡ സഹിക്കുന്നതിൽ ക്രിസ്ത്യാനികൾ സന്തോഷിക്കണമെന്ന ആഹ്വാനമാണ് അവക്ക് കിട്ടിക്കൊണ്ടിരുന്നത് (പത്രോ. 4: 12–14); എബ്രാ. 10: 32–38). സുവിശേഷഭാഗ്യങ്ങളിലൂടെ രക്ഷയെക്കുറിച്ചുള്ള വിജ്ഞാപനവും വിശുദ്ധിയിലേയ്ക്കുള്ള വിളിയുമാണ് നാം ശ്രവിക്കുന്നത്.

ഫാ. തോമസ് കയ്യാലപ്പറമ്പിൽ

## സ്ളീവാക്കാലം 4–ാം ഞായർ– ലൂക്കാ 12: 30–40

ഇന്നത്തെ സുവിശേഷത്തിൽ പ്രധാനമായും നാലു ചിന്തകളാണ് ഉള്ളത്: മനുഷ്യൻ ലൗകികമായ വ്യഗ്രതകളിൽനിന്ന് സ്വതന്ത്രനാകണം (വാ. 30–31). ഭയപ്പെട്ടിട്ട് ആവശ്യമില്ല (വാ. 32). ഉള്ളതു വിററ് ഭിക്ഷ കൊടുക്കണം. (വാ. 33–34) ക്രിസ്തുവിൻെറ വരവിനെ ഉണർവ്വോടും വിശ്വസ്തതയോടുംകൂടെ കാത്തിരിക്കണം (വാ. 35–40).

നമ്മുടെ ഉത്ക്കണ്ഠകളിൽനിന്നും വ്യഗ്രതകളിൽനിന്നും വിമുക്തി നേടണമെങ്കിൽ ദൈവപരിപാലനയിൽ നമുക്കു പ്രത്യാശയുണ്ടാകണം. ഉല്ക്കണ്ഠാകുലനായാലും മനുഷ്യന് ഒരിക്കലും തൻെറ ജീവിതം അല്പമെങ്കിലും നീട്ടുവാനോ ഉയരം കൂട്ടുവാനോ സാധിക്കുന്നില്ല. പിന്നെന്തിനു ഭക്ഷണത്തെപ്പററിയും വസ്ത്രത്തെപ്പററിയും ആകുലപ്പെടണം. ഹ്രസ്വകാലംമാത്രം ജീവിക്കുന്ന വയലിലെ ലില്ലിപ്പുഷ്പങ്ങളെ ദൈവം എങ്ങനെ അണിയിക്കുന്നുവെന്നതു് നമ്മെ ചിന്തിപ്പിക്കേണ്ടതാണ്. അമിതമായ ഉത്ക്കണ്ഠ ദൈവപരിപാലനയിലുള്ള വിശ്വാസക്കുറവിനെയാണ് സൂചിപ്പിക്കുന്നത്. തന്നെയുമല്ല ലോകജീവിതം ദൈവത്തെക്കൂടാതെ മനുഷ്യൻതന്നെ കരുപ്പിടിപ്പിക്കേണ്ടതാണ് എന്നൊരു മിഥ്യാധാരണയും അതിൻെറ പിന്നിലുണ്ട്. 'കർത്താവ് ഭവനം പണിയുന്നില്ലെങ്കിൽ പണിക്കാരുടെ അദ്ധ്വാനം നിഷ്ഫലമാകുന്നു' (സങ്കീ. 124: 1).

ഇതു മനസ്സിലാക്കാതെ മനുഷ്യർ അന്വേഷണങ്ങളും പരിചിന്തനങ്ങളും നടത്തി ഭയത്തിനും പ്രത്യാശയ്ക്കുമിടയിൽ ആടുന്ന ഒരു പെൻഡുലമായി മാറാം. യഥാർത്ഥ ക്രിസ്തുശിഷ്യൻെറ അന്വേഷണം ഒരിക്കലും ഭക്ഷിക്കുന്നതിലും പാനം ചെയ്യുന്നതിലുമാകരുത്. സ്നേഹമുള്ള പിതാവിൽ വിശ്വസിക്കാത്ത പുറജാതികളാണ് ഇതു ചെയ്യുക. ക്രിസ്തുശിഷ്യർക്ക് ഒരു വ്യഗ്രത മാത്രം.–ദൈവത്തിൽെറ രാജ്യം അന്വേഷിക്കുക. കാരണം അവക്കറിയാം അവരുടെ ജീവിതം എപ്പോഴും സുഖപ്രദമായിരിക്കയില്ലെന്ന്. എന്തുകൊണ്ടെന്നാൽ വിശുദ്ധരും പട്ടിണിയും ദുരിതങ്ങളുമനുഭവിച്ചിട്ടുണ്ട് (2 കൊറി. 11. 23f).

ഈ യാഥാർത്ഥ്യം ക്രിസ്തുശിഷ്യന്മാരെ ഭയപ്പെടുത്തരുത് (വാ. 32). കാരണം ദൈവം അവർക്ക് രാജ്യവും ശക്തിയും മഹത്വവും അധികാരവും യുഗാന്ത്യത്തിൽ പ്രദാനം ചെയ്യും. അവർ അത്യുന്നതൻെറ വിശുദ്ധ ജനമാണ് (ദാനി. 7: 27). അവർ ദൈവസ്നേഹത്തിൽ ജീവിക്കുന്നു. ദൈവഹിതമനുസരിച്ച് അവർ വലിയ കാര്യങ്ങൾക്കായി ഉദ്ദേശിക്കപ്പെട്ടിരിക്കുന്നവരാണ്. പിതാവിൻെറ നിത്യമായ സ്നേഹമാണ് ദൈവരാജ്യം അവർക്ക് വാഗ്ദാനം ചെയ്യുന്നത്. അതുകൊണ്ട് അവർക്ക് ഭയംകൂടാതെ പറയുവാൻ കഴിയും "മിശിഹായിലുള്ള ദൈവസ്നേഹത്തിൽനിന്ന് യാതൊരു സൃഷ്ടിക്കും എന്നെ വേർപെടുത്താനാവില്ല" (റോ: 8:39). അതെ, ദൈവം പ്രസാദിച്ചിരിക്കുന്ന മനുഷ്യനാണ് ഭൂമിയിൽ ഭയമില്ലാത്ത സമാധാനം ഉള്ളത് (ലൂക്കാ. 2: 14).

അതുകൊണ്ടാണ് സമ്പാദ്യം വിററ് ഭിക്ഷകൊടുക്കുവാനുള്ള ആഹ്വാനം അവക്കു സ്വീകരിക്കുവാൻ സാധിക്കുന്നത് (വാ. 33–34). കാരണം അതുവഴി അവർ സ്വർഗ്ഗത്തിൽ അനശ്വരമായ നിക്ഷേപം കൂട്ടുകയാണ്.

www.malankaralibrary.com

അതു് നശിക്കുകയില്ല, കുറയുകയില്ല, മോഷ്ടിക്കപ്പെടുകയില്ല. ചുരുക്കത്തിൽ മനുഷ്യൻ ദൈവത്തിനുവേണ്ടി ചെയ്യുന്നതെല്ലാം നിലനില്ക്കും. ദൈവത്തിനു വേണ്ടി ജീവിക്കുന്ന ജീവിതം നിത്യജീവനായി മാറും. ദൈവത്തിനുവേണ്ടി ജീവിക്കുക ദൈവത്തിൽ ഹൃദയമർപ്പിക്കുകയാണു്. സ്വർഗ്ഗത്തിലാണു് അവരുടെ നിക്ഷേപവും ഹൃദയവും ആഗ്രഹവുമെല്ലാം.

കൂടാതെ ക്രിസ്തുശിഷ്യന്മാർ ഉണർവും വിശ്വസ്തതയുമുള്ളവരായിരിക്കണം (വാ. 35-40). കാരണം കർത്താവിന്റെ രണ്ടാമത്തെ ആഗമനത്തിന്റെ കൃത്യസമയം അറിഞ്ഞുകൂടാ. അതുകൊണ്ടു് അവർ വിവാഹവിരുന്നിനുശേഷം തിരിച്ചുവരുന്ന യജമാനനെ സ്വീകരിക്കുവാൻ തയ്യാറെടുത്തുനില്ക്കുന്ന ദാസനെപ്പോലെ അരകൾ കെട്ടിയും തങ്ങളുടെ വിളക്കുകൾ തെളിച്ചുകൊണ്ടുമിരിക്കണം. അതായതു്, അവർ ക്രിസ്തുവിനെ സ്വീകരിക്കുവാൻ സാന്മാർഗ്ഗികമായി എപ്പോഴും ഒരുങ്ങിയിരിക്കണം. അവർ സൂര്യനെപ്പോലെ പ്രകാശിക്കുന്നവരും നീതിയുടെ ഫലങ്ങൾ നിറഞ്ഞവരുമായിരിക്കണം (1 കൊറി. 15: 53; ഫിലി. 1, 11f).

ഇങ്ങനെ ഉണർവ്വുള്ള, തയ്യാറുള്ള ദാസരെ യജമാനൻ അനുഗ്രഹിക്കുന്നു. യജമാനൻതന്നെ അവർക്കു് ശുശ്രൂഷ ചെയ്യുന്നു (Cf. ലൂക്ക. 22; 27). ബന്ധങ്ങളുടെ ഈ തകിടംമറിച്ചിൽ അത്ഭുതാവഹമാണു്; ചിന്തോദ്ദീപകമാണു്. ദാസൻ യജമാനനും, യജമാനൻ ദാസനും!! ദൈവം തന്റെ മഹത്വത്തിൽ അവരെ പങ്കുകാരാക്കുന്നു.

വീണ്ടും ഒരുദാഹരണംവഴി ഒരുങ്ങിയിരിക്കുവാൻ ക്രിസ്തു ഉദ്ബോധിപ്പിക്കുകയാണു്. കള്ളൻ എപ്പോഴാണു് വരുന്നതെന്നു് അറിയാമെങ്കിൽ വീട്ടുടമസ്ഥൻ ഉണർന്നു് ജാഗ്രതയുള്ളവനായിരിക്കും. ഇതുപോലെ ക്രിസ്തുശിഷ്യനും കർത്താവിന്റെ വരവു് കൃത്യമായി അറിഞ്ഞിരുന്നെങ്കിൽ ഒരുങ്ങിയിരിക്കുമായിരുന്നു. പക്ഷേ, ക്രിസ്തു രണ്ടാമതു വരുമെന്നു തീർച്ചയുണ്ടെങ്കിലും എപ്പോൾ എങ്ങനെ വരുമെന്നും എന്തു സംഭവിക്കുമെന്നും അറിഞ്ഞുകൂടാ. അതുകൊണ്ടു് നമ്മൾ എപ്പോഴും കർത്താവിന്റെ ദിവസത്തിനു് ഒരുങ്ങിയിരിക്കണം; ക്രിസ്തുവിനു് നമ്മുടെ ജീവിതത്തിനു് സാക്ഷ്യംവഹിച്ചുകൊണ്ടു്.

ഫാ. ജോസഫ് തുരുത്തുമാലി

## സ്ളീവാക്കാലം 5-ാം ഞായർ- യോഹ. 16: 16-22

### ക്രിസ്തുവിന്റെ പ്രത്യാഗമനം ശിഷ്യരെ സന്തുഷ്ടരാക്കും

**വിയോഗവും പ്രത്യാഗമനവും (വാ. 16):** ഈ സുവിശേഷഭാഗത്തു് വരാനിരിക്കുന്ന നവയുഗത്തിലേയ്ക്കു് ക്രിസ്തുനാഥൻ ശ്രദ്ധ തിരിക്കുന്നു. ഈ ഖണ്ഡികയുടെ കേന്ദ്രവാക്യംതന്നെ (വാ. 16) അവിടുത്തെ താല്ക്കാലിക വിയോഗത്തേയും അനന്തരം അവിടുത്തെ പ്രത്യാഗമനത്തേയും പരാമർശിക്കുന്നു. പ്രത്യക്ഷത്തിൽ, ക്രിസ്തുനാഥന്റെ മരണംവഴിയുള്ള വിയോഗത്തേയും പുനരുത്ഥാനംവഴിയുള്ള പുനരാഗമനത്തേയുമാണു് ഇതു വ്യഞ്ജിപ്പിക്കുക. വി. യോഹന്നാന്റെ വീക്ഷണത്തിൽ ക്രിസ്തുദർശനവും (seeing) തദ്വാരാ ലഭിക്കുന്ന ആനന്ദാനുഭൂതിയും ഉത്ഥാനാനന്തരമുള്ള ക്രൈസ്തവാസ്തിത്വത്തിന്റെ നേട്ടങ്ങളാണു്. ക്രിസ്തുവിനെ കാണുക (seeing christ) യെന്നതു് വിശ്വാസാനുഭവമാണു്: അവിടുത്തെ സാന്നിദ്ധ്യം ശിഷ്യരോടൊപ്പം ഉണ്ടാകേണ്ടതിനായിരുന്നു പാറക്ലേത്തായെ (Spirit) അവൻ അവർക്കു നല്കിയതു്. ഉത്ഥാനാനന്തരം പിതാവിനോടുകൂടിയാണു് അവിടുത്തെ വാസം.

**ശിഷ്യന്മാരുടെ സംശയം (വാ. 17-19):** ക്രിസ്തുനാഥൻ തന്റെ വിയോഗത്തെപ്പററിയും തിരിച്ചുവരവിനെപ്പററിയും പറഞ്ഞതിന്റെ അർത്ഥം

www.malankaralibrary.com

ശിഷ്യർക്ക് മനസ്സിലായില്ല (17–18.) ''ഞാൻ എന്റെ പിതാവിന്റെ പക്കലേയ്ക്കു പോകുന്നു;'' എന്ന പ്രസ്താവനയും അല്പം കഴിഞ്ഞാൽ നിങ്ങളെന്നെ കാണും എന്ന വാഗ്ദാനവും പരസ്പരവിരുദ്ധങ്ങളായി അവർക്ക് തോന്നി. ''ഞാൻ എന്റെ പിതാവിന്റെ പക്കലേയ്ക്കു പോകുന്നു. ഇനി നിങ്ങൾക്കെന്നെ കാണുക സാദ്ധ്യമല്ല'' (16: 10). ഈശോ അവരുടെ അന്തർഗ്ഗതം അറിഞ്ഞു് അവരുടെ സംശയങ്ങൾക്കു് കാലേക്കൂട്ടി ഉത്തരം നല്കുകയാണു് ചെയ്യുന്നതു്.

നിങ്ങളുടെ ദുഃഖം സന്തോഷമായി മാറും (വാ. 20–22): ശിഷ്യരുടെ ശാശ്വതമായ സന്തോഷവും ക്രിസ്തുനാഥന്റെ മരണത്തിൽ ശത്രുക്കൾക്കുണ്ടായ അയാഥാർത്ഥ്യവും ക്രൂരവുമായ സന്തോഷവും തമ്മിൽ താരതമ്യപ്പെടുത്തുകയാണിവിടെ. ശിഷ്യരുടെ ഈ സന്തോഷം ക്രിസ്തുവിന്റെ മരണത്തോടു ബന്ധപ്പെട്ടു നില്ക്കുന്നു. എന്നാൽ സഹനത്തിൽനിന്നു് വിജയപൂർവ്വം ഉദ്ഗമിക്കുന്നതാണതു്. ഈ വസ്തുത വ്യക്തമാക്കുവാനായി, പ്രസവവേദന അനുഭവിക്കുന്ന ഒരു സ്ത്രീയുടെ അനുഭവം ക്രിസ്തു വിവരിക്കുന്നു. ഈ ചിത്രീകരണമാകട്ടെ, രക്ഷകന്റെ വരവിനുമുമ്പായി ഇസ്രായേൽ അനുഭവിക്കുന്നതായി പഴയനിയമം സൂചിപ്പിക്കുന്ന ആ പ്രസവവേദനയുമായി ബന്ധപ്പെട്ടുനിൽക്കുന്നു (ഏശ. 26: 17–18; 66: 7–10). വെളിപാടു് 12: 2–5–ൽ നാം കാണുന്നതും ഈ വിധത്തിലുള്ള ഒരു ചിത്രീകരണമാണു്. അവിടെ ഒരു സ്ത്രീ സൂര്യനെ വസ്ത്രമായി ധരിച്ചിരിക്കുന്നു. അവൾ പ്രസവവേദന അനുഭവിക്കയും പീഡ സഹിക്കയും ചെയ്തിരുന്നു. ഇരുമ്പുവടിയാൽ ലോകത്തെ ഭരിക്കുവാനിരിക്കുന്ന ശക്തനായ ഒരു പുത്രനു് അവൾ ജന്മം നൽകി. (സങ്കീ. 2: 9). ക്രിസ്തുവിന്റെ മരണത്തിനോടും ഉയിർപ്പിനോടും ബന്ധപ്പെട്ടതാണു് ഈ വസ്തുത. മരണവും ഉത്ഥാനവുമായുള്ള ഈ സമീകരണം (equation) വെളിപാടുഗ്രന്ഥത്തിന്റെ ആദ്യഭാഗത്തുതന്നെ കാണാം (വെളി. 1: 5). ഇവിടെ ക്രിസ്തുവിനെ 'മരിച്ചവരിൽനിന്നുള്ള' ആദ്യജാതനായി ചിത്രീകരിച്ചിരിക്കുന്നു.

ക്രിസ്തുവിന്റെ മരണത്തിൽ ശിഷ്യർക്കുണ്ടായ ദു:ഖവും പീഡനങ്ങളും, ഉത്ഥാനംവഴി ലഭ്യമായ സന്തോഷവുമാണു് പ്രധാനമായും ഈ പശ്ചാത്തലവെളിച്ചത്തിൽ നാം ഇവിടെ കാണുക. യോഹ. 16: 33–ൽ പറയുന്ന മർദ്ദനങ്ങളും അവമൂലം ശിഷ്യർക്കുണ്ടാകുവാനിരിക്കുന്ന പ്രയാസങ്ങളും ഈ പീഡനങ്ങളുടെ തുടർച്ചയാണു്. ''ലോകത്തിൽ നിങ്ങൾക്കു ഞെരുക്കമുണ്ടാകും; എങ്കിലും നിങ്ങൾ സന്തോഷിക്കുവിൻ, എന്തെന്നാൽ ഞാൻ ലോകത്തെ ജയിച്ചിരിക്കുന്നു.' സഹനത്തിനു രണ്ടു ലക്ഷ്യങ്ങളുള്ളതുപോലെ, അതിനെ അനുഗമിക്കുന്ന സന്തോഷത്തിനുമുണ്ടു് രണ്ടു ലക്ഷ്യങ്ങൾ. ഉത്ഥാനംവഴി ക്രിസ്തുനാഥൻ മരണത്തെ കീഴടക്കിയതുകൊണ്ടു മാത്രമല്ല ക്രിസ്തുശിഷ്യന്റെ ആനന്ദം (യോഹ. 20: 20). പിന്നെയോ, പരിശുദ്ധാത്മാവിവഴിയായി ക്രിസ്തു നമ്മിൽ സഹവസിക്കുന്നതിലുള്ള ആനന്ദംകൂടിയാണിതു്. ഇതിൽ ആദ്യത്തേതാകട്ടെ, ക്രിസ്തുനാഥന്റെ പീഡാസഹനത്തോടും മരണംവഴിയുള്ള വേർപാടിനോടും ബന്ധപ്പെട്ടിരിക്കുന്നു ഇതിന്റെ തുടർച്ചതന്നെയായ രണ്ടാമത്തേതു് ലോകം നൽകിയ പീഡനങ്ങൾക്കു് വിപരീതമായി നിലകൊള്ളുന്നു.

ക്രിസ്തീയസന്തോഷത്തിലെ വിരോധാഭാസം: ക്രിസ്തുശിഷ്യനു് ദുഃഖദുരിതങ്ങളും ലൗകികനു് സന്തോഷവും മാത്രമേയുള്ളുവെന്നു് ചിലപ്പോൾ തോന്നിയേക്കാം. എന്നാൽ ഇതിനു് വിരുദ്ധമായുള്ളവ സംഭവിക്കുന്ന ദിവസങ്ങൾ വരുവാനിരിക്കുന്നു. ഈ ലോകത്തിന്റെ സന്തോഷം ദുഃഖമായി പകരും. അതേസമയം, ക്രിസ്തുശിഷ്യന്റെ സങ്കടങ്ങൾ സന്തോഷ

www.malankaralibrary.com

മായും. എപ്പോഴെങ്കിലും നമ്മുടെ വിശ്വാസം പ്രയാസമുള്ളതായിത്തോന്നു മ്പോൾ അതു കാര്യങ്ങളുടെ അവസാനമല്ലെന്നും ഈ ദുഃഖത്തിനുശേഷം സ ന്തോഷമുണ്ടാകുമെന്നും നാം ഓർക്കണം.

നിത്യമായസന്തോഷം: ക്രൈസ്തവസന്തോഷം നിത്യമാണ്. ലൗകികപരിവർത്തനങ്ങൾക്കതീതമാണത്. അതു മനുഷ്യപ്രവർത്തനങ്ങൾക്കും ആക്രമണങ്ങൾക്കും ഉപരിയായി നിലകൊള്ളുന്നു. ലോകം നൽകുന്ന സന്തോ ഷം ക്ഷണികവും ജഡികവുമാകുന്നു. ക്രിസ്തു നൽകുന്നതാകട്ടെ, ലോകം തരു ന്നതും എടുത്തുകളയപ്പെടുന്നതുമായ ഒന്നല്ല; മറിച്ച്, അവിടുത്തെ സാമീപ്യ ത്താൽ പ്രചോദിതവും ദൈവത്തിൽ അടിസ്ഥിതവുമാകുന്നു.

ഫാ. മാത്യു വെള്ളാനിക്കൽ

(വിവ. അലക്സ് പാലമററം)

## മൂശക്കാലം 1–ാം ഞായർ–യോഹ: 4: 31–41

### ദൈവേഷ്ടനിർവ്വഹണവും പ്രേഷിതദൗത്യവും

ഒരു ക്രിസ്തുശിഷ്യൻ അവശ്യം നിർവ്വഹിക്കേണ്ട രണ്ടു ദൗത്യങ്ങളാണ് ഇന്നത്തെ സുവിശേഷഭാഗ്യത്തിലൂടെ ക്രിസ്തുനാഥൻ വിശദമാക്കുന്നത്. ദൈ വതിരുമനസ്സിനോട് പൂർണ്ണവിധേയരായി ജീവിക്കുക; ക്രിസ്തുവിൻെറ പ്രേ ഷിതരാകുക. അറിയപ്പെടാത്ത ഭക്ഷണത്തിൻേറയും, കൊയ്ത്തിന് പാക മായി വിളഞ്ഞുകിടക്കുന്ന നിലങ്ങളുടേയും അന്യാപദേശങ്ങൾ വഴിയാണ് അവിടുന്ന് ഇവ വെളിപ്പെടുത്തുന്നത്.

ജീവൻെറ ജലത്തെക്കുറിച്ചുള്ള പ്രബോധനത്താൽ ഉത്തമപ്രേഷിത യായിത്തീർന്ന സമറായ സ്ത്രീ, ക്രിസ്തുവിൻെറ സുവിശേഷവുമായി, അടുത്ത ഗ്രാമങ്ങളിലേയ്ക്ക് ഓടിപ്പോയി. അപ്പോഴേയ്ക്കും ഭക്ഷണം വാങ്ങാനായി പോ യിരുന്ന ശിഷ്യന്മാർ മടങ്ങിവരുന്നു. അവർ ക്രിസ്തുവിനോടു ഭക്ഷണം കഴി ക്കാനാവശ്യപ്പെടുന്നു. ഇതാണ് ഈ അന്യാപദേശങ്ങളുടെ പശ്ചാത്തലം. അ വിടന്ന് അരുൾചെയ്തു, ''നിങ്ങൾ അറിയാത്ത ഭക്ഷണം എനിക്കുണ്ട്'' (യോഹ. 4; 32). ശിഷ്യന്മാർക്ക് ഗുരുവിൻെറ വാക്കുകളുടെ അർത്ഥം മനസ്സിലാ യില്ല. അവിടന്ന് അതു് വിശദീകരിക്കുന്നു: എന്നെ ''അയച്ചവൻെറ ഇഷ്ടം നിറവേററുന്നതാണ് എൻെറ ഭക്ഷണം'' (യോഹ. 4: 34).

ക്രിസ്തുനാഥൻെറ ജീവിതം മുഴുവൻ ദൈവതിരുമനസ്സിന് വിധേയമാ യിരുന്നു. അവിടന്നു സ്വന്തമിഷ്ടത്താലല്ല ലോകത്തിലേയ്ക്കു വന്നത് (യോഹ. 7: 28; 6: 38; 8: 42). പ്രത്യുത, പിതാവിൽനിന്നു ലഭിച്ച ദൗത്യം പൂർത്തി യാക്കാനും, അവിടന്നേല്പിച്ച ജോലി നിർവ്വഹിക്കുവാനാണുമാണ് (യോഹ. 9: 4). അവിടത്തെ ആഹാരംതന്നെ ദൈവേഷ്ടനിർവ്വഹണമായിരുന്നു (യോഹ. 4: 34; 5: 30). അവിടെ ശാരീരികമായ വിശപ്പും ദാഹവും വഴിമാറുന്നു. യേ ശുവിൻെറ ജീവിതം ദൈവികപദ്ധതിയുടെ പൂർത്തീകരണത്തിനായി അർപ്പി തമായിരുന്നു; അതു് അന്തിമിതപരമായി ഒരു പ്രേഷിതൻേറതായിരുന്നു.

യേശുവിൻെറ അനുയായികളും അവിടത്തെ പ്രേഷിതരാണ് (യോ ഹ. 20: 21). ജീവിതത്തിൻെറ ഓരോ നിമിഷവും ദൈവതിരുമനസ്സിന് വിധേയരായി ജീവിക്കുവാൻ, പ്രേഷിതദൗത്യനിർവ്വഹണം നടത്തുവാൻ, അ വർ കടപ്പെട്ടവരാണ്. ക്രിസ്ത്യാനിയുടെ ഓരോ ഹൃദയസ്പന്ദനവും അവിടത്തെ ചൈതന്യത്താൽ പൂരിതമായിരിക്കണം. ദൈവേഷ്ടനിർവ്വഹണം യഥാർത്ഥ സ മാധാനത്തിലേയ്ക്കും സന്തോഷത്തിലേയ്ക്കും സ്വാതന്ത്ര്യത്തിലേയ്ക്കുമുള്ള പാത യാണ്.

www.malankaralibrary.com

അടുത്തതായി, ക്രിസ്തുനാഥൻ വിളവെടുപ്പിനു പാകമായി വിളഞ്ഞു കിടക്കുന്ന നിലങ്ങളുടെ ഉപമയാണ് അവതരിപ്പിക്കുക. "നാലു മാസങ്ങളുടെശേഷം കൊയ്ത്തുകാലം വരും എന്നു നിങ്ങൾ പറയുന്നു.... നിങ്ങളുടെ കണ്ണുകളുയർത്തി, നിലങ്ങൾ പണ്ടേതന്നെ വെളുത്തു് കൊയ്ത്തിനു പാകമായിരിക്കുന്നതു് കാണുവിൻ" (യോഹ. 4: 35). യഹൂദരുടെ ഒരു പഴഞ്ചൊല്ലനുസരിച്ചു്, വിതച്ചുകഴിഞ്ഞാൽ, നാലു മാസം കാത്തിരിക്കണം വിളവെടുപ്പിനു്. എന്നാൽ യേശുനാഥൻ ഇവിടെ ഉദ്ദേശിക്കുന്ന വിളവെടുപ്പിനു് കാത്തിരിപ്പിന്റെ ആവശ്യം വന്നില്ല. സമറിയായിൽ ദൈവവചനമാകുന്ന വിത്തു വിതച്ചു. ദൈവപരിപാലനയിൽ അതു് ഉടൻ കൊയ്ത്തിനു് പാകമായി. സുവിശേഷം കേട്ടു് സമറിയായിൽനിന്നും ക്രിസ്തുവിലേയ്ക്കു് ഓടിയടുക്കുന്ന അയൽഗ്രാമങ്ങളിലെ ജനങ്ങളെയാണ് യേശു വിളഞ്ഞു പാകമായ വയലിനോടു് ഉപമിച്ചതു്. ഇവിടെ വിതക്കാരനും കൊയ്ത്തുകാരനും സന്തോഷിക്കുന്നു (4: 36). സാധാരണയായി വിതയ്ക്കുന്ന കാലം ദുഃഖത്തിന്റേയും, കൊയ്ത്തുകാലം സന്തോഷത്തിന്റേതുമാണ് (സങ്കീ. 136: 5; 6). എന്നാൽ യഹൂദന്മാർ ഒരു സുവർണ്ണകാലം, ദൈവരാജ്യം പ്രതീക്ഷിച്ചിരുന്നു. സുവർണ്ണ കാലത്തു്, വിതയും കൊയ്ത്തും, നടീലും കായ്ശേഖരണവും ഒരേസമയത്തു്, യാതൊരു കാത്തിരിപ്പുംകൂടാതെ, ഉണ്ടാകും. അത്യുത്ഭുതം ഫലഭൂയിഷ്ഠവും സമ്പന്നവുമായിരിക്കും നിലങ്ങൾ (ആമോ. 9: 13; 26: 5). ഇതാ! ആ സുവർണ്ണകാലം ആഗതമായിരിക്കുന്നു. ദൈവവചനമാകുന്ന വിത്തു വിതയ്ക്കേണ്ട താമസം, വിളവു് പാകമാകുന്നു.

"വിതയ്ക്കുന്നതൊരുവൻ, കൊയ്യുന്നതു് മറ്റൊരുത്തൻ എന്ന ചൊല്ലു് ഇവിടെ സാർത്ഥകമായിരിക്കുന്നു" (യോഹ. 4: 37). രണ്ടു് പ്രധാനാശയങ്ങളാണ് ഈ വാക്യം വ്യക്തമാക്കുക: (1) ക്രിസ്തുനാഥനാണ് ദൈവവചനമാകുന്ന വിത്തു വിതച്ചതു്. അതിന്റെ പൂർത്തീകരണമായ കുരിശുമരണത്തിന്റേയും ഉത്ഥാനത്തിന്റേയും ഫലം കൊയ്യുവാൻ പോകുന്നതു് തന്റെ ശിഷ്യന്മാരായിരിക്കും. (2) ശിഷ്യന്മാരുടെ കാര്യത്തിലും ഇതു് അന്വർത്ഥമാണ്. അവരുടെ പ്രവർത്തനങ്ങളുടെ ഫലം കൊയ്യുന്നതു് മറ്റൊരു കൂട്ടരായിരിക്കും. അവർ അവയുടെ ഫലമനുഭവിക്കുന്നതിനുമുമ്പു് ഈലോകത്തിൽനിന്നും തിരോധാനം ചെയ്യേക്കാം. അവരുടെ രക്തത്തുള്ളികളുടെ ഫലങ്ങളായിരിക്കും സഭ പിന്നീടനുഭവിക്കുന്നതു്.

ഇവിടെ ക്രിസ്തുനാഥൻ നമ്മുടെ പ്രേഷിതദൗത്യത്തെക്കുറിച്ചു് നമ്മെ കൂടുതൽ ബോധവാന്മാരാക്കുകയാണ്. ക്രിസ്തുവിലേയ്ക്കു തിരിയുവാൻ ആഗ്രഹിക്കുന്ന ജനങ്ങൾ ധാരാളമുണ്ടു്. എല്ലാവരും ക്രിസ്തുവിലേയ്ക്കു വരേണ്ടിയിരിക്കുന്നു. ഒരിടയനും ഒരു തൊഴുത്തുമാകണം (യോഹ. 10: 16). നമ്മുടെ പ്രേഷിതദൗത്യമാണ് ഇതിനു് വഴിയൊരുക്കുക.

റവ. പൗലോസ് പാലാട്ടി

## പള്ളിക്കൂദാശക്കാലം 1-ാം ഞായർ– യോഹ. 14: 1–7

### ക്രിസ്തു പിതാവിങ്കലേയ്ക്കുള്ള വഴി

**വ്യഥിതമായ ഹൃദയം (വാ. 1):** തന്റെ വിയോഗം ശിഷ്യരിൽ ഏല്പിക്കാനിരിക്കുന്ന ഹൃദയവ്യഥ മുമ്പില്കണ്ടുകൊണ്ടാണ് ക്രിസ്തുനാഥൻ തന്റെ വാക്കുകൾ ആരംഭിക്കുന്നതു്. ഈ മനോദുഃഖം കേവലം മാനസിക വിക്ഷേഭമല്ല, മറിച്ചു്, ക്രിസ്തുവും ലോകത്തിന്റെ പ്രമാണിയും തമ്മിലുള്ള സമരത്തിന്റെ ഭാഗമാണ്. ക്രിസ്തുവിനെ കഥാവശേഷനാക്കുക എന്നതു സാത്താന്റേയും പാപപങ്കിലമായ ഈ ലോകത്തിന്റേയും അവസാനത്തെ ശത്രുതാപ്രവർത്തനമാണ്. ക്രിസ്തുവിന്റെ മരണംമുഖാന്തിരം ക്രിസ്തുശിഷ്യരും

www.malankaralibrary.com

ലോകവും തമ്മിൽ തുടച്ചുമാററാനാവാത്ത ശത്രുത നിലനില്ക്കും (യോഹ. 15: 18; 17: 14). ഇപ്രകാരം തങ്ങളെ വെറുക്കുന്ന ലോകത്തെ അഭിമുഖീകരിക്കുന്ന ആ പ്രത്യേക സാഹചര്യത്തിൻെറ പ്രതിഫലനമാണ് ശിഷ്യരുടെ വിഷമാവസ്ഥയിൽ ദർശിക്കുക.

പ്രതിവിധി വിശ്വാസത്തിലൂടെ: ക്രിസ്തുനാഥൻ നമുക്കു നിർദ്ദേശിച്ചുതരുന്ന പ്രതിവിധി "ദൈവത്തിൽ വിശ്വസിക്കുവിൻ, എന്നിലും വിശ്വസിക്കുവിൻ" എന്നാണ്. ക്രിസ്തു ശിഷ്യരുടെ വിശ്വാസമാണു ലോകത്തെ കീഴടക്കേണ്ടതു് (1 യോഹ. 5: 4). കാരണം, ലോകത്തെ ജയിച്ച ക്രിസ്തുവുമായി അതു് അവരെ യോജിപ്പിക്കുന്നു (യോഹ. 16: 33). ക്രിസ്തുവിൻെറ മരണം വഴി ഈ ലോകത്തിൻെറ പ്രമാണി പുറംതള്ളപ്പെട്ടു (യോഹ. 12: 31). ലോകശക്തികളിന്മേലുള്ള ഈ വിജയത്തെ, വിശ്വസിക്കുന്നവർക്കുമാത്രമേ പരിശുദ്ധാരൂപി ദൃശ്യമാക്കുകയുള്ളൂ.

തെളിയിക്കാനാവാത്തവയെ വിശ്വസിക്കുകയും മനസ്സിലാക്കാനാവാത്തവയെ സ്വീകരിക്കുകയും ചെയ്യേണ്ട അവസരങ്ങൾ നമ്മുടെ ജീവിതത്തിലുണ്ടാകും. ജീവിതത്തിനു് ഒരു ലക്ഷ്യമുണ്ടെന്നും, ആ ലക്ഷ്യം സ്നേഹംതന്നെയായ ദൈവമാണെന്നും നാം അംഗീകരിച്ചാൽ നമുക്ക് അസ്വീകാര്യമായവയെല്ലാം സ്വീകാര്യമായിത്തീരും. ദൈവം നമ്മുടെ ആവശ്യങ്ങൾ സാധിച്ചുതരുമെന്നും അവിടുന്നു നമ്മെ സ്നേഹിക്കുന്നുവെന്നും ഉള്ളതിൻെറ പ്രത്യക്ഷമായ തെളിവാണ് ക്രിസ്തു. "തൻെറ പുത്രനോടു കരുണകാണിക്കാതെ നമുക്കുവേണ്ടി അവനെ ഏല്പിച്ചുകൊടുത്തുവെങ്കിൽ അവനോടുകൂടി സമസ്തവും അവൻ നമുക്കു തരാതിരിക്കുന്നതെങ്ങനെ? (റോമാ 8: 32). ആകയാൽ നാം ക്രിസ്തുവിൽ വിശ്വസിക്കയും അവനിൽ ദൈവത്തെ ദർശിക്കയും ചെയ്യുമെങ്കിൽ, ആ അനന്തസ്നേഹം വഴിയായി കാലത്തിൻെറ പരീക്ഷണങ്ങളെ അതിജീവിച്ചുകൊണ്ടു് അഗ്രാഹ്യമായ ദിവ്യരഹസ്യങ്ങളെ അംഗീകരിക്കുവാനെങ്കിലും നമുക്കു സാധ്യമാകും.

പിതാവിൻെറ ഭവനത്തിലെ വാസസ്ഥലങ്ങൾ (വാ 2-3): ക്രിസ്തുനാഥൻ തൻെറ ശിഷ്യരെ ബോദ്ധ്യപ്പെടുത്തി ഉറപ്പിക്കാനായി പറഞ്ഞു: "എൻെറ പിതാവിൻെറ ഭവനത്തിൽ വളരെ വാസസ്ഥലങ്ങളുണ്ടു്. നിങ്ങൾക്കു സ്ഥലമുറപ്പിക്കാനായിട്ടാകുന്നു ഞാൻ പോകുന്നതു്. ഞാൻ ഇരിക്കുന്നിടത്തു് നിങ്ങളും ആയിരിക്കേണ്ടതിനു് നിങ്ങളെ കൂട്ടിക്കൊണ്ടുപോകുവാനായി ഞാൻ വീണ്ടുംവരും." "എൻെറ പിതാവിൻെറ ഭവനത്തിൽ വളരെ വാസസ്ഥലങ്ങളുണ്ടു്" എന്ന പ്രയോഗം, മഹത്വപൂർണ്ണനായ പിതാവുമായുള്ള സമ്പൂർണ്ണ ഐക്യത്തെയാണു് ദ്യോതിപ്പിക്കുന്നതു്. ക്രിസ്തു മഹത്വപൂർണ്ണനായ തൻെറ പിതാവുമായി പുനസ്സംഗമിക്കുന്നതോടൊപ്പം നമ്മെ ഈ ഐക്യത്തിനു് അർഹരാക്കിത്തീർക്കയും ചെയ്യുന്നു. ഈ വിധത്തിലാണു് അവിടുന്നു് തൻെറ അനുയായികൾക്കു് വാസസ്ഥലങ്ങൾ ഒരുക്കുന്നതു്.

മഹത്വപൂർണ്ണനായ പിതാവുമായുള്ളതും ക്രിസ്തുവിൻെറ പ്രത്യാഗമനവുമായി ബന്ധപ്പെട്ടിരിക്കുന്നതുമായ ഈ ഐക്യം വിശ്വാസിയിലുള്ള പിതാവിൻേറയും പുത്രൻേറയും സഹവാസംവഴി ഇപ്പോൾത്തന്നെ അനുഭവവേദ്യമാകുന്നു (യോ. 14: 23).

വഴിയും സത്യവും ജീവനുമായ ഈശോ (വാ. 6): പിതാവിൻെറ പക്കലേയ്ക്കുള്ള ക്രിസ്തുവിൻെറ യാത്ര, ആ യാത്രയുടെ ഉദ്ദേശ്യത്തെപ്പററി ശിഷ്യർ അറിഞ്ഞിരിക്കേണ്ടതിൻെറ ആവശ്യകത ഇവയാണു് ആദ്യംമുതൽ ഈ ഖണ്ഡികയിലെ പ്രതിപാദ്യവിഷയം (വാ. 4). ഈ വസ്തുതയുടെ ദൈവശാസ്ത്രപരമായ പ്രത്യേകതകളെ വ്യക്തമാക്കുന്നതാണു് തദവസരത്തിലുള്ള തോമ്മായുടെ ചോദ്യം (വാ. 5).

www.malankaralibrary.com

ഞാനാകുന്ന വഴി: എന്നിലൂടെയല്ലാതെ ഒരുവനും പിതാവിങ്കലേയ്ക്കു വരുന്നില്ല (വാ. 6). മിശിഹാ പിതാവിന്റെ പക്കലേയ്ക്കുള്ള മാർഗ്ഗമാകുന്നു. അവിടുന്നുതന്നെയാണ് സത്യവും ജീവനും. സത്യമായിരിക്കുന്ന അവിടുന്ന് ജീവനും ആകുന്നു. കാരണം, ദൈവികജീവന്റെ സാന്നിദ്ധ്യത്തെ വെളിപ്പെടുത്തുക എന്നതാണ് സത്യത്തിന്റെ ധർമ്മം. എല്ലാവരേയും പിതാവിങ്കലേയ്ക്കു നയിക്കുകയായിരുന്നു ക്രിസ്തുനാഥന്റെ ദൗത്യം. ക്രിസ്തുവിലുള്ള വിശ്വാസവും, അവിടുത്തോടുള്ള സ്നേഹവും മാത്രമേ ദൈവികമായ ഒരു ആന്തരികജീവിതത്തിലേയ്ക്കു നമ്മെ നയിക്കുകയുള്ളു. ക്രിസ്തുവിനോടുള്ള സ്നേഹം ഒന്നുമാത്രമാണ് ഈ ആന്തരികാനുഭവം ലഭിക്കാനുള്ള മാർഗ്ഗം ''എന്നെ സ്നേഹിക്കുന്നവൻ (ക്രിസ്തുവിനെ)....'' (യോഹ. 14: 15, 21, 23).

ക്രിസ്തുവാകുന്ന വഴി: നമ്മെ ഉപദേശിക്കുക, ആശ്വസിപ്പിക്കുക, നമുക്കു മാർഗ്ഗനിർദ്ദേശം നൽകുക– ഇവ മാത്രമല്ല അവിടുന്ന് ചെയ്യുന്നത്; മറിച്ച്, നമ്മെ കൈപിടിച്ച് ശരിയായ മാർഗ്ഗത്തിലൂടെ നടത്തുകയും, നമ്മോടൊത്തു സഞ്ചരിക്കയും എപ്പോഴും നമ്മെ കാത്തുസൂക്ഷിക്കയും ശക്തിപ്പെടുത്തുകയും, നയിക്കുകയും ചെയ്യുന്നു. അവിടുന്ന് 'മാർഗ്ഗ'ത്തെപ്പററി നമ്മോടു പറയുന്നില്ല; എന്തെന്നാൽ അവിടുന്നുതന്നെയാണത്.

ഫാ. മാത്യു വെള്ളാനിക്കൽ.

(വിവ. അലക്സ് പാലമററം)

## പള്ളിക്കൂദാശക്കാലം 2–ാം ഞായർ– മത്താ. 22: 1–14

### വിവാഹസദ്യയുടെ ഉപമ

യേശു ദൈവരാജ്യം പ്രസംഗിച്ചു ചുററിനടന്നു. ദൈവജനമായ ഇസ്രായേൽ അതു സ്വീകരിച്ചില്ല. അവരുടെ നിലപാടിനെ അപലപിക്കുന്ന ഒരു ഉപമയാണ് ഇന്നത്തെ സുവിശേഷത്തിന്റെ ആദ്യഭാഗം (വാ. 1–10). യേശുവിന്റെ പ്രസംഗം സ്വീകരിക്കുന്നവർതന്നെയും യോഗ്യമായ ജീവിതരീതി പിൻതുടരാതിരുന്നാൽ തിരസ്ക്കരിക്കപ്പെടും എന്നു തെളിയിക്കുകയാണ് ഉപമയാണ് രണ്ടാം ഭാഗം (വാ. 11–14).

സ്വപുത്രന്റെ വിവാഹത്തിനു വിരുന്നൊരുക്കിയ ഒരു രാജാവിന്റെ ഉപമ പറഞ്ഞുകൊണ്ട്, ദൈവരാജ്യത്തെക്കുറിച്ചുള്ള തന്റെ പ്രസംഗം ചിലർ എങ്ങനെ സ്വീകരിക്കുന്നു, മററുചിലർ എങ്ങനെ തിരസ്ക്കരിക്കുന്നുവെന്ന് യേശു വ്യക്തമാക്കുന്നു. വിവാഹസദ്യയുടെ ഉപമ ദൈവരാജ്യത്തിലേക്കുള്ള നമ്മുടെ വിളിയുടെ ഉപമയാണ്. വിവാഹസദ്യയ്ക്കു രണ്ടു ക്ഷണം നടക്കുന്നതായി നാം കാണുന്നു. ആദ്യത്തേതു മുൻകൂട്ടിയുള്ളതും രണ്ടാമത്തേതു എല്ലാ ഒരുക്കങ്ങളും പൂർത്തിയായപ്പോഴുള്ളതുമാണ്. വി. ലൂക്കായുടെ സുവിശേഷമനുസരിച്ച് ഒരു ദാസൻ ഒരു പ്രാവശ്യം മാത്രമാണു ക്ഷണിക്കാൻ പോകുന്നതെങ്കിൽ (ലൂക്കാ. 14: 16–20), വി. മത്തായിയുടെ സുവിശേഷപ്രകാരം പല ദാസന്മാർ രണ്ടു പ്രാവശ്യമാണ് പോകുന്നത്. പലരുടേയും അഭിപ്രായത്തിൽ, സുഭാഷിതങ്ങളിൽ വിവരിക്കുന്ന വിവാഹസദ്യ (9: 2–5) യേശു പറയുന്ന ഉപമയെ സ്വാധീനിച്ചിട്ടുണ്ട്. അതനുസരിച്ച് താൻ ഒരുക്കിയ മെസയാനികസദ്യ ആസ്വദിക്കുവാനായി ദൈവം തന്റെ ജനത്തെ ദാസന്മാർ വഴി പല പ്രാവശ്യം ക്ഷണിച്ചിട്ടുണ്ട്. സദ്യയ്ക്കു ക്ഷണിക്കാൻ ചെന്നവരെ പിടിച്ചു അവമാനിച്ചു കൊന്നുകളഞ്ഞു (വാ. 6) വെന്നു പറഞ്ഞിരിക്കുന്നത്, മുന്തിരിത്തോട്ടസൂക്ഷിപ്പുകാരൻ ഉടമസ്ഥന്റെ ദാസരെക്കൊന്ന ഉപമ (21: 33–41) യുടെ സ്വാധീനത്തിലാണ്. സാധാരണഗതിയിൽ ഇതു അസംഭവ്യമാണ്. മുന്തിരിത്തോട്ടത്തിന്റെ ഉപമയിൽ ആദ്യത്തെ സൂക്ഷിപ്പുകാരെ മാററി തൽസ്ഥാനത്തു വിശ്വസ്തരായ സൂക്ഷിപ്പുകാരെ നിയമിക്കുന്നതായി കാണുന്നു.

www.malankaralibrary.com

അവിശ്വസ്തരായ പഴയ ഇസ്രായേലിന്റെ സ്ഥാനത്തു വിശ്വസ്തരായ ഒരു പുതിയ ജനം പ്രതിഷ്ഠിക്കപ്പെടുന്നു. വിവാഹസദ്യയുടെ ഉപമയിൽ, മുൻകൂട്ടി വിളിക്കപ്പെട്ടവരുടെ സ്ഥാനത്തു അവസാന നാളുകളിൽ വിളിക്കപ്പെട്ട ഒരു കൂട്ടം ആളുകളെ നാം കാണുന്നു. അവരാണു് വിവാഹസദ്യ ആസ്വദിക്കുന്നതു്.

ഇസ്രായേൽ ജനമാകുന്ന മുന്തിരിത്തോട്ടത്തെ നിയമംവഴി പരിപാലിച്ചുകൊണ്ടുപോകുവാൻ ദൈവം ഏല്പിച്ചതു ഇസ്രായേലിലെ പ്രമാണികളെയാണു്. പ്രവാചകന്മാരേയും നീതിമാന്മാരേയും അവർ കൊല്ലുകയാണു് ചെയ്തതു് (മത്താ. 21: 24–36). അവസാനം അയയ്ക്കപ്പെട്ട പുത്രനേയും അവർ കൊന്നുകളഞ്ഞു (വ. 39). പുത്രന്റെ മരണത്തോടെ രക്ഷാചരിത്രം പുനരാരംഭിക്കുന്നു (വാ. 41–43). രണ്ടാമത്തും ക്ഷണിക്കുവാൻ ദാസന്മാരെ അയയ്ക്കുന്നതിന്റെ പൊരുൾ ഇവിടെയാണു നാം കാണുന്നതു്. വിവാഹസദ്യയ്ക്കുള്ള ക്ഷണം ഒരു കൂട്ടർ നിസ്സാരമായി തള്ളിക്കളയുന്നു. മററൊരു കൂട്ടർ കുററകരമാംവിധം ക്ഷണിക്കാൻ ചെന്നവരെ കൊല്ലുന്നു. അവരോടു കോപിച്ച രാജാവു അവരുടെ പട്ടണങ്ങളെ ദഹിപ്പിക്കുന്നു. സദ്യയ്ക്കുള്ളതെല്ലാം തയ്യാറായിരിക്കെ, ശത്രുനഗരങ്ങളെ നശിപ്പിക്കുവാനുള്ള രാജാവിന്റെ നീക്കം അല്പം അസംഭാവ്യമാണു്. എങ്കിലും മുന്തിരിത്തോട്ടത്തിന്റെ ഉപമയുടെ സ്വാധീനത്തിൽ ഈ നീക്കം മനസ്സിലാക്കുവാൻ സാധിക്കും. A.D. 70–ൽ നടന്ന ജറുസലം നഗരത്തിന്റെ നാശം ക്രിസ്തുവിനേയും അവിടുത്തെ ശിഷ്യരേയും പീഡിപ്പിച്ച യഹൂദന്മാർക്കു ദൈവം നല്കുന്ന ശിക്ഷയായി മത്തായി അവതരിപ്പിക്കുകയായിരിക്കാം ചെയ്യുന്നതു്.

ഒരു കൂട്ടർ ക്ഷണം നിരസിച്ചെങ്കിലും സദ്യ നടക്കുകതന്നെ ചെയ്യും. വഴിയിൽ കാണുന്നവരെല്ലാം, ലോകത്തിന്റെ നാനാഭാഗങ്ങളിൽ ഉള്ളവരെല്ലാം ക്ഷണിക്കപ്പെടുന്നു. ക്ഷണിതാക്കൾ അവശ്യം പാലിക്കേണ്ട ചില വ്യവസ്ഥകളുണ്ടു്. അതിനെക്കുറിച്ചാണു് താഴെവരുന്ന ഉപമ.

ക്ഷണിതാക്കളെല്ലാം വന്നുചേർന്നപ്പോൾ രാജാവു വിരുന്നുശാലയിൽ പ്രവേശിക്കുന്നു. ക്ഷണിതാക്കളെല്ലാം വന്നുചേർന്നോയെന്നറിവാനും അവൾക്കുള്ള വിഭവങ്ങൾ ഉണ്ടോയെന്നു് അന്വേഷിക്കുവാനുമാകാം രാജാവു വന്നതു്. ഏതായാലും കല്യാണവസ്ത്രം ഇല്ലാതെ വിരുന്നുശാലയിൽ പ്രവേശിച്ച ഒരുവനെ നിഷ്ഠുരണം രാജാവു് പുറത്താക്കുകയാണു് ചെയ്യുന്നതു്. 'അവനെ അന്ധകാരത്തിലേയ്ക്കു എറിഞ്ഞുകളയുവാനുള്ള രാജശാസനമാണു്' (വാ. 13) ഉണ്ടാകുന്നതു്. മത്തായിയുടെ ശൈലിയിൽ 'പുറത്തുള്ള അന്ധകാരം' നരകത്തെ പ്രതിനിധാനം ചെയ്യുന്നു. വിവാഹസദ്യ രാത്രിയിൽ നടക്കുന്നുവെന്നുള്ളതിൽ കൂടുതലായി, അവസാനവിധിനാളിൽ, നിത്യവിരുന്നിനു യോഗ്യരല്ലാത്തവർ നരകത്തിൽ തള്ളപ്പെടും എന്നൊരു സത്യം പഠിപ്പിക്കുവാനായി മത്തായി ഈ ഉപമ ഉപയോഗപ്പെടുത്തുന്നു. കല്യാണവസ്ത്രം പ്രതിനിധാനംചെയ്യുന്നതു സൽകൃത്യങ്ങൾവഴി വിശുദ്ധർ ധരിക്കുന്ന മഹിമയുടെ വസ്ത്രമാണു്. ഒരു ക്രിസ്ത്യാനി മാമോദീസാവഴി ക്രിസ്തുവിനെ ധരിക്കുന്നു (ഗാല. 3: 27). കല്യാണവസ്ത്രം മാമോദീസായേയും അതിനു ചേർന്ന ക്രിസ്തീയജീവിതത്തേയും സൂചിപ്പിക്കുന്നു (റോമ. 6: 2–13). വിവാഹവിരുന്നിന്റെ ഉപമയുടെ സാരം ഇതാണു്: നിത്യവിരുന്നിനുള്ള ക്ഷണം എല്ലാവർക്കുമുണ്ടു്. ചിലർ അതു സ്വീകരിക്കുന്നു. മററു ചിലർ അതു തിരസ്കരിക്കുന്നു. സ്വീകരിക്കുന്നവരിൽത്തന്നെയും പലരും യോഗ്യമാംവിധം വ്യാപരിക്കായ്കയാൽ അവസാനനാളുകളിൽ പുറംതള്ളപ്പെടുന്നു. സുവിശേഷംവഴി സഭ ഇന്നു നല്കുന്ന ആഹ്വാനം, ദൈവത്തിന്റെ ക്ഷണം എല്ലാവരും സ്വീകരിക്കുവാനും നിത്യവിരുന്നിനായി ഒരുങ്ങി ജീവിക്കുവാനുമാണു്.

ഫാ. തോമസ് കയ്യാലപറമ്പിൽ.

www.malankaralibrary.com

## ഉയിർപ്പുകാലം 3-ാം ഞായർ— യോഹ. 17: 20-26

### ക്രിസ്തുവിൻെറ പുരോഹിതപ്രാർത്ഥന

ക്രിസ്തുവിൻെറ പുരോഹിതപ്രാർത്ഥനയുടെ (Priestly Prayer) മൂന്നാം ഭാഗമാണ് ഇന്നത്തെ സുവിശേഷഭാഗത്തുള്ളത്. ഒന്നാംഭാഗത്തിൽ ക്രിസ്തു തൻെറ മഹത്വീകരണത്തിനായും, തൻെറ ദൗത്യസംപൂർത്തീകരണത്തിനായും പ്രാർത്ഥിക്കുന്നു (വാ. 1–8). രണ്ടാം ഭാഗത്തിൽ ക്രിസ്തു തൻെറ ശിഷ്യർക്കായി പ്രാർത്ഥിക്കുന്നു (വാ. 9–19). മൂന്നാം ഭാഗത്തിലാകട്ടെ, അവിടുന്ന് തന്നിൽ വിശ്വസിക്കാതിരിക്കുന്നവർക്കുവേണ്ടിയാണ് പ്രാർത്ഥിക്കുന്നത്.

''അവർ ഒന്നാകുവാൻ'': വിശ്വാസികളുടെ തലമുറകൾക്കായി ക്രിസ്തു പ്രാർത്ഥിക്കുന്നു. തൻെറ സഭയുടെ അസ്ഥിവാരമാകുവാനിരിക്കുന്നവർക്കു വേണ്ടിയുള്ള ഈ പ്രാർത്ഥനയുടെ ലക്ഷ്യം, 'പിതാവേ നാം ഒന്നായിരിക്കുന്നതുപോലെ അവരും നമ്മിൽ ഒന്നായിത്തീരണം' എന്നതായിരുന്നു (വാ. 21–22). ക്രിസ്തുവിന് പിതാവുമായുള്ള ബന്ധം സ്നേഹത്തിൻേറയും അനുസരണത്തിൻേറതുമാണ്. ഇതുപോലെ, വ്യക്തികൾ തമ്മിലുള്ള ബന്ധത്തിൽ അധിഷ്ഠിതമായ ഒരു ഐക്യമാണ് ക്രിസ്തു തൻെറ സഭയിലും ആവശ്യപ്പെടുന്നത്. പരസ്പരസ്നേഹത്തിൽ അധിഷ്ഠിതമായ ഈ ഐക്യം, സഭാപാരമ്പര്യം, ആരാധനക്രമം, അച്ചടക്കം തുടങ്ങിയവയുടെ വ്യത്യാസങ്ങൾക്കതീതമായിരിക്കണം. മനുഷ്യർ തങ്ങൾക്കിടയിലും തങ്ങളുടെ സഭകൾക്കിടയിലും പടുത്തുയർത്തിയിരിക്കുന്ന വേലിക്കെട്ടുകളെ പൊളിച്ചെറിയുവാൻ മനുഷ്യഹൃദയങ്ങളിൽ ദൈവം വർഷിച്ചിരിക്കുന്ന സ്നേഹത്തിനു മാത്രമേ സാധിക്കുകയുള്ളു.

**'അവർ ഐക്യപ്പെടുവാൻ':** ഈ ഐക്യം സമാന്തരവും ലംബവുമായ രണ്ടു മാനങ്ങൾ ഉൾക്കൊള്ളുന്നു. വിശ്വാസിക്ക് ക്രിസ്തുവിനോടും അവിടുത്തെ പിതാവിനോടുമുള്ള ബന്ധം (ലംബം), വിശ്വാസികൾക്കു പരസ്പരമുള്ള സ്നേഹബന്ധം (സമാന്തരം). പരസ്നേഹത്തെ സംബന്ധിക്കുന്ന എല്ലാ പ്രസ്താവനകളിലും പ്രാധാന്യം നല്കിയിട്ടുള്ളത് ഈ രണ്ടാമത്തെ മാനത്തിനാണ് (യോഹ. 13: 34–35, 15: 12, 17). ദൈവവുമായുള്ള നിഗൂഢമായ ബന്ധത്തെയല്ല 'ഐക്യം'കൊണ്ട് യോഹന്നാൻ ഉദ്ദേശിക്കുന്നത്. ഈ ഐക്യം കേവലം വ്യക്തിബന്ധങ്ങളോ ക്രൈസ്തവർ തമ്മിലുള്ള സുഗമമായ ഇടപെടലുകളോ മാത്രമല്ല; കാരണം, ഈ ഐക്യത്തിൻെറ മാനദണ്ഡമായി നില്ക്കുന്നത് പിതാവും പുത്രനുമായുള്ള സമ്പൂർണ്ണഐക്യമാണ്. പിതാവും പുത്രനും തമ്മിലുള്ള ബന്ധം സുദൃഢമാണ്. കാരണം പിതാവാണ് പുത്രനു ജീവൻ നല്കുന്നത് (യോഹ. 6: 57). എല്ലാ ക്രൈസ്തവരും ഈ ദൈവികജീവൻതന്നെ പ്രാപിച്ചിരിക്കയാൽ അവരെല്ലാം ഒന്നായി യോജിക്കപ്പെട്ടിരിക്കുന്നു.

**''ലോകം വിശ്വസിക്കേണ്ടതിനു''':** ഈ ഐക്യം ക്രൈസ്തവവിശ്വാസത്തിലേയ്ക്കു ലോകത്തെ വെല്ലുവിളിക്കുന്നതായി തീരണമെങ്കിൽ അത് സമൂഹത്തിൽ ദൃശ്യമായിത്തീരണം (വാ. 21, 23). അന്യോന്യം സഹകരിക്കയും സംരക്ഷിക്കുകയും ചെയ്യുന്ന ഒരു സമൂഹത്തെ വാർത്തെടുക്കുന്ന ഈ ക്രൈസ്തവസഹവർത്തിത്വമാണ് തൻെറ പുത്രനിലൂടെ യാഥാർത്ഥ്യമായിത്തീർന്ന ദൈവത്തിൻെറ രക്ഷാകരപദ്ധതിയെ, ലോകത്തിനു കാട്ടിക്കൊടുക്കുന്ന അടയാളമായി നിലകൊള്ളുന്നത്.

നടപടി 2: 44–47 വരെ ഭാഗങ്ങളിൽ കാണുന്ന വിവരണം ഈ വസ്തുത ആദിമസഭയെ സംബന്ധിച്ചിടത്തോളം ഒരു യാഥാർത്ഥ്യമായിരുന്നു

www.malankaralibrary.com

വെന്നു വ്യക്തമാക്കുന്നു. ഈ സഹവർത്തിത്വം സഭയിൽ യഥാർത്ഥമായി കണ്ടാൽ ലോകം ഉടനെ ക്രിസ്തുവിനെ സ്വീകരിക്കുമെന്നു ധരിക്കേണ്ട. മറിച്ച്, തന്നിൽ ദൈവത്തെ ദർശിക്കുവാനായി ക്രിസ്തുനാഥൻ നമ്മുടെ മുൻപിൽ വച്ചതുപോലൊരു വെല്ലുവിളി ക്രിസ്ത്യാനിയായിക്കൾ ലോകസമക്ഷം വയ്ക്കുന്നു എന്നേ അതിനർത്ഥമുള്ളു.

''ഞാൻ ആയിരിക്കുന്നിടത്ത് അവരും എന്നോടുകൂടി ആയിരിക്കുവാൻ'': സ്വർഗ്ഗീയപിതാവിനോടുകൂടി ഇരിക്കുന്ന ക്രിസ്തുവിനോടുകൂടി ആയിരിക്കുകയും നിത്യമഹത്വം ദർശിക്കുകയുമാണ് ഒരു ക്രൈസ്തവന്റെ ജീവിതലക്ഷ്യം (വാ. 24). ക്രിസ്തുവിന്റെ പരസ്യജീവിതത്തിൽ ശിഷ്യർ അവിടുത്തെ മഹത്വം കണ്ടറിഞ്ഞു (യോഹ. 2: 11). ക്രിസ്തുവിന്റെ മഹത്വം ഉത്ഥാനാനന്തരസഭയിലാണ് പൂർണ്ണമായും പ്രത്യക്ഷമാകേണ്ടതും അനുഭവവേദ്യമാകേണ്ടതും (യോഹ. 17: 10, 22). എന്നാൽ സ്വർഗ്ഗത്തിൽ നാഥനുമായി യോജിക്കുവാനിരിക്കുന്ന ക്രൈസ്തവനെ എതിരേല്ക്കാൻ പൂർണ്ണമഹത്വത്തോടെ അവിടുന്നു കാത്തിരിക്കുന്നു. തന്റെ അനുഗാമികൾ തന്നോടുകൂടെ ഉണ്ടായിരിക്കണമെന്നുള്ളതു ക്രിസ്തുനാഥന്റെ അന്തിമാഭിലാഷമാണ്. ക്രിസ്തുശിഷ്യൻ ഈ ലോകത്തിൽനിന്ന് എടുക്കപ്പെടണമെങ്കിൽ ആദ്യമായി ദുഷ്ടശക്തികളോടു സമരംചെയ്തു ജയിക്കേണ്ടിയിരിക്കുന്നു. ക്രിസ്തുനാഥൻ ഈ വസ്തുത അംഗീകരിക്കുന്നുണ്ട്. ഈ സമരത്തിനുശേഷം സ്വശിഷ്യർ ലൗകികശക്തികളിൽനിന്ന് പൂർണ്ണമായും രക്ഷിക്കപ്പെട്ടു സ്വർഗ്ഗീയഗേഹത്തിൽ നിത്യാനന്ദമനുഭവിക്കണമെന്നതാണ് ക്രിസ്തുനാഥന്റെ ആഗ്രഹം. (യോഹ. 14: 2-3).

ഫാ. മാത്യു വെള്ളാനിക്കൽ

(വിവ. അലക്സ് പാലമററം.)

## പള്ളിക്കൂദാശക്കാലം 4-ാം ഞായർ– യോഹ. 18: 33-37

### മിശിഹായുടെ രാജത്വം

റോമൻ വിചാരണയിൽ വരുന്ന ഈ സുവിശേഷഭാഗം, ''നീ യഹൂദന്മാരുടെ രാജാവാകുന്നുവോ'' എന്ന പീലാത്തോസിന്റെ ചോദ്യവുമായി സഗാഢം ബന്ധപ്പെട്ടു നില്ക്കുന്നു.

**ക്രിസ്തുവിന്റെ രാജ്യം ഐഹികമല്ല:** ക്രിസ്തു തന്റെ രാജ്യത്തെപ്പററിയല്ലാതെ തന്നെപ്പററിയല്ല പ്രസംഗിച്ചതു്. തന്റെ രാജ്യവും രാജത്വവും ഈ ലോകത്തെ ബാധിക്കുമെന്നുള്ള വസ്തുതയെ അവിടുന്നു നിഷേധിക്കുന്നില്ല. കാരണം, തന്നിൽ വിശ്വസിക്കുന്നവർ ലോകത്തെ കീഴടക്കുമെന്ന് അവിടുത്തേയ്ക്ക് അറിയാമായിരുന്നു (1 യോഹ. 6: 4). എന്നാൽ തന്റെ രാജ്യം ലൗകികമാണെന്ന ആശയത്തെ അവിടുന്നു നിഷേധിക്കുന്നു. കാരണം, തന്നെപ്പോലെതന്നെ തന്റെ രാജ്യവും സ്വർഗ്ഗീയമാകുന്നു. ആ രാജ്യം ജഡികമല്ല; ആത്മീയമാകുന്നു. ക്രിസ്തുനാഥൻ ഇവിടെ ഒരു കാര്യം വ്യക്തമാക്കുന്നു. താൻ രാജാവാകുന്നു; പക്ഷേ, തന്റെ രാജ്യം ശക്തികളിലോ, ആയുധബലത്തിലോ അടിസ്ഥിതമല്ല; അതു മനുഷ്യഹൃദയങ്ങളിലാകുന്നു. അവിടുന്നു ലോകത്തെ കീഴടക്കാൻ ശ്രമിച്ചു; ശക്തിയാലല്ല സ്നേഹത്താൽ.

**ക്രിസ്തു സത്യത്തിനു സാക്ഷ്യം വഹിക്കുന്നു:** ക്രിസ്തുവിന്റെ പ്രസ്താവനകളെ യഥാതഥം മനസ്സിലാക്കുന്നതിൽ പീലാത്തോസ് പരാജയപ്പെട്ടു. ക്രിസ്തു തന്റെ രാജ്യത്തെപ്പററി പറഞ്ഞപ്പോൾ അതൊരു രാഷ്ട്രീയ പ്രതിഭാസമായേ പീലാത്തോസിനു തോന്നിയുള്ളു. 'അപ്പോൾ നീ രാജാ

www.malankaralibrary.com

വാണോ'' എന്നു ചോദിച്ചുകൊണ്ടു് ക്രിസ്തുവിൻെറ രാജത്വം ഏററുപറയിക്കാൻ പീലാത്തോസു് ശ്രമിക്കുന്നു.

താൻ രാജാവായി അറിയപ്പെടുന്നതിനെ ക്രിസ്തുനാഥൻ വിലക്കുന്നില്ല; മറിച്ചു്, സത്യത്തിനു സാക്ഷ്യം വഹിക്കുകയാണു തൻെറ ലക്ഷ്യമെന്നു വ്യക്തമാക്കാൻ അവിടുന്നു കൂടുതൽ ആഗ്രഹിക്കുന്നു. സത്യത്തിനു സാക്ഷ്യം വഹിക്കുവാൻവേണ്ടിയാകുന്നു ഞാൻ ജനിച്ചിരിക്കുന്നതു്, ലോകത്തിലേയ്ക്കു് വന്നിരിക്കുന്നതു് (വാ. 3). ക്രിസ്തുവിൻെറ ജനനംവഴി ദൈവികസത്യം ഭൂമിയിലേയ്ക്കുവന്നു. ക്രിസ്തു സ്വർഗ്ഗീയനായതിനാൽ സത്യത്തിനു സാക്ഷ്യം വഹിക്കുവാൻ അവിടുത്തേയ്ക്കു സാധിക്കും (യോഹ. 8: 23). അവിടന്നാകട്ടെ സ്വർഗ്ഗത്തിൽ നിന്നിറങ്ങിവന്നിട്ടുള്ള ഏക വ്യക്തിയുമാകുന്നു (യോ. 3: 13). പിതാവിൻെറ പ്രവൃത്തികൾ അവൻ കണ്ടിരിക്കുന്നു (5: 19). പിതാവു പറഞ്ഞവ അവൻ ശ്രവിച്ചിരിക്കുന്നു (8. 26). അവൻ സത്യത്തിൻെറ മൂർത്തീഭാവമാണു് (14: 6). ആകയാൽ അവൻെറ വാക്കുകളും പ്രവൃത്തികളും സത്യത്തിനു സാക്ഷ്യം വഹിക്കും. വി. യോഹന്നാൻ ക്രിസ്തുവിനെ ചിത്രീകരിക്കുന്നതു ദൈവരാജ്യപ്രഘോഷകനായിട്ടല്ല; സത്യം കാട്ടിക്കൊടുക്കുവാനും വെളിപ്പെടുത്തുവാനും കഴിവുള്ള ഏക വ്യക്തിയെന്ന നിലയിലാണു്.

**ക്രിസ്തുവിൻെറ രാജ്യത്തിലെ അംഗങ്ങൾ:** ക്രിസ്തുവിൻെറ രാജ്യത്തിലെ അംഗങ്ങൾ സത്യത്തെ (ക്രിസ്തുവിനെ) സ്വീകരിക്കുന്നവരും അവിടുത്തെ വാക്കു കേൾക്കുന്നവരും'' മാത്രമാകുന്നു. ''സത്യത്തെ സ്വീകരിക്കുന്നവൻ എൻെറ വാക്കു കേൾക്കുന്നു.'' മനസ്സിലാക്കുകയും സ്വീകരിക്കുകയുമാണു് 'കേൾക്കുക' എന്നതുകൊണ്ടു് ഇവിടെ അർത്ഥമാക്കുക. ക്രിസ്തു 'സത്യ'മായി അവതരിച്ചിരിക്കുന്നു. ഊഹങ്ങളുടേയും കപടവൃത്തികളുടേയും അർദ്ധസത്യങ്ങളുടെയും നാളുകൾ കടന്നുപോയി. അതിനാൽ നാം ഒന്നുകിൽ ക്രിസ്തുവിനെ സ്വീകരിക്കണം അല്ലെങ്കിൽ നിരാകരിക്കണം. ഈ 'സത്യ'ത്തിലേയ്ക്കു കുറുക്കുവഴികളൊന്നുമില്ല. അതായതു്, ഒരുവൻ ഒന്നുകിൽ സത്യത്തെ സ്വീകരിക്കണം; അഥവാ അതിനെ തിരസ്കരിക്കണം. ക്രിസ്തു തന്നെയാണു് ഈ സത്യം. ഒരുവൻ ക്രിസ്തുവിൻെറ വചനങ്ങളെ ശ്രവിക്കയും അവിടുത്തെ സ്വീകരിക്കയും ചെയ്താൽ അവൻ സ്വർഗ്ഗരാജ്യത്തിലെ അംഗമാകുന്നു.

എന്നാൽ കേവലം മനുഷ്യപ്രയത്നത്താൽ സാധിക്കുന്ന ഒന്നല്ല ഇതു്. ക്രിസ്തുവിനെ സ്വീകരിക്കുകയും അവിടുത്തെ വചനങ്ങൾ ശ്രവിക്കയും ചെയ്യണമെങ്കിൽ ഒരുവൻ 'സത്യത്തിനുള്ളവനായിരിക്കണം.' സത്യത്തിനുള്ളവനായിരിക്കുക – എന്നാൽ ദൈവത്തിൻെറ അനുഗ്രഹത്തിന് അനുയോജ്യൻ അഥവാ സ്വീകാര്യൻ ആയിരിക്കുക എന്നാണു് മനസ്സിലാക്കേണ്ടതു്. ഈ ദൈവാനുഗ്രഹമാണു നമ്മെ ക്രിസ്തുവിലേയ്ക്കു നയിക്കുന്നതു്. എൻെറ പിതാവു് വരം നല്കിയാലല്ലാതെ ഒരുവനും എൻെറ അടുക്കൽ വരുവാൻ സാധിക്കുകയില്ല.

ഫാ. മാത്യു വെള്ളാനിക്കൽ

(വിവ. അലക്സ് പാലമററം)

## ആഗമനകാലം 1–ാം ഞായർ – ലൂക്കാ 1 : 5–25

### സ്നാപകയോഹന്നാൻെറ അത്ഭുതകരമായ ഉത്ഭവം

യോഹന്നാൻ കർത്താവിൻെറ മുമ്പിൽ എത്രയോ വലിയവനാണെന്നു് (വാ. 15 കാണുക) അദ്ദേഹത്തിൻെറ അത്ഭുതകരമായ ഉത്ഭവത്തിൻെറ പശ്ചാത്തലത്തിൽ വെളിപ്പെടുത്തുന്ന സുവിശേഷഭാഗമാണു് ലൂക്കാ 1 : 5–25.

www.malankaralibrary.com

രക്ഷാകര ചരിത്രത്തിൽ സുപ്രധാനമായ പങ്കുവഹിച്ച മഹാവ്യക്തികൾക്കെന്നതുപോലെ (ഉദാ – ഇസഹാക്ക്: ഉൽപ. 17; സാമുവൽ: 1 സാമു. 1; സാംസൺ: ന്യായ. 13) അദ്ദേഹത്തിനും ജന്മം ലഭിക്കുന്നത് ദൈവത്തിന്റെ അത്ഭുതകരമായ പ്രവർത്തനം വഴിയാണ്. യോഹന്നാന്റെ ദൈവദത്തമായ ദൗത്യത്തിന്റെ വൈശിഷ്ട്യത്തേയും ആധികാരികതയേയും ഇത് പ്രദ്യോതിപ്പിക്കുന്നു.

**യോഹന്നാന്റെ മാതാപിതാക്കന്മാർ** (വാ. 5–7): പിതാവായ സ്കറിയായും ( = ''ദൈവം സ്മരിക്കുന്നു'') മാതാവായ ഏലീശ്ബായും (= ''ദൈവം ശപഥം ചെയ്തു'') പുരോഹിത വംശജരായിരുന്നു. ദൈവപ്രമാണങ്ങളും അനുശാസനങ്ങളും വിശ്വസ്തമായി അനുഷ്ഠിച്ച് ദൈവസന്നിധിയിൽ പരിശുദ്ധരായി ജീവിച്ചിരുന്ന ഭക്തരുമായിരുന്നു അവർ. എന്നിട്ടും അവക്ക് സന്താനഭാഗ്യം ലഭിച്ചില്ല. ഇരുവരും വൃദ്ധരും ഏലിശ്ബാ വന്ധ്യയും ആയിരുന്നതിനാൽ അവരുടെ ഈ അവസ്ഥ തീർത്തും പ്രത്യാശാരഹിതമായിരുന്നു. അബ്രാഹത്തേയും സാറായേയും (ഉൽപ. 17–18) മനോആയേയും ഭാര്യയേയും (ന്യായാ. 13) എൽക്കന്നായേയും ഹന്നായേയും (1 സാമു. 1) പോലെ ദൈവത്തിന്റെ പ്രവർത്തനംവഴി മാത്രമാണ് സ്കറിയായും ഏലീശ്ബായും വാർദ്ധക്യകാലത്ത് പുത്രന് ജന്മം നൽകിയതെന്ന് ഇത് പ്രസ്പഷ്ടമാക്കുന്നു. ദൈവത്തിന്റെ നിർണ്ണായകമായ രക്ഷാകരപ്രവർത്തനം ആസന്നമായിരിക്കുന്നു എന്ന സൂചന ഇവിടെ നമുക്ക് കാണാം.

**സ്കറിയാ ദേവാലയത്തിൽ** (വാ. 8–12): അഹറോന്റെ പിൻതുടർച്ചയായ യഹൂദപുരോഹിതഗോത്രത്തെ 24 ഗണങ്ങളായി വിഭജിച്ചിരുന്നു. ഇതിൽ 8–ാമത്തേതായ ആബിയായുടെ ഗണത്തിൽപ്പെട്ടവനായിരുന്നു സ്കറിയാ. ഓരോ ഗണവും വർഷത്തിൽ രണ്ടുതവണ ഓരോ ആഴ്ചവീതം ദേവാലയശുശ്രൂഷ നടത്തിയിരുന്നു. നറുക്കിട്ടാണ് ശുശ്രൂഷാകർമ്മങ്ങൾക്കുള്ള പുരോഹിതരെ നിശ്ചയിച്ചിരുന്നത്. അനവധി പുരോഹിതന്മാർ ദേവാലയത്തിൽ സന്നിഹിതരായിരുന്നുവെന്ന വസ്തുത പരിഗണിക്കുമ്പോൾ സ്കറിയാസ്സ് നറുക്കു ലഭിച്ചതിൽ ദൈവപരിപാലന ദൃശ്യമാണ്. വിശുദ്ധസ്ഥലത്തു പ്രവേശിച്ച് ധൂപം അർപ്പിക്കുക ഒരു പുരോഹിതനു് ജീവിതത്തിലൊരിക്കൽമാത്രം അനുവദിച്ചിരുന്ന ഏററം പവിത്രമായ ആരാധനകർമ്മമായിരുന്നു. തന്റെ ജീവിതത്തിലെ ഏററം മഹത്തരമായ ഈ ധൂപാർപ്പണത്തിനായി സ്കറിയാ വിശുദ്ധസ്ഥലത്ത്, അതിവിശുദ്ധ സ്ഥലത്തിന്റെ തിരശ്ശീലയ്ക്കു മുമ്പിൽ, പ്രവേശിച്ചപ്പോൾ ജനങ്ങൾ വെളിയിലുള്ള മണ്ഡപത്തിൽ സമ്മേളിച്ചിരുന്നു. തങ്ങളുടെ പ്രാർത്ഥനകൾ ധൂപാർപ്പണത്തോടു് യോജിപ്പിച്ചുകൊണ്ടു് ധൂപാർപ്പണാനന്തരമുള്ള ആശീർവാദത്തിനായി അവർ കാത്തുനിന്നു. ധൂപാർപ്പണത്തിനുള്ള സുവർണ്ണബലിപീഠത്തിന്മേൽ ജ്വലിച്ചിരുന്ന തീക്കനലിൽ ധൂപദ്രവ്യങ്ങൾ നിക്ഷേപിച്ചിട്ട് സ്കറിയാ സാഷ്ടാംഗപ്രണാമം ചെയ്തു. പാവനഗംഭീരമായ ഈ സന്ദർഭത്തിലാണ് ബലിപീഠത്തിന്റെ വലത്തുഭാഗത്ത് ദൈവദൂതപ്രധാനിയായ ഗബ്രിയേൽ പ്രത്യക്ഷനായത് (cf. ദാനി. 9 : 21). ദൈവദൂതസാന്നിദ്ധ്യത്തിൽ സ്കറിയാസ്സ് അസ്വസ്ഥതയും ഭീതിയും അനുഭവപ്പെട്ടതു് സ്വാഭാവികമാണ്. ദൈവിക വെളിപാടിനുമുമ്പിലുള്ള മാനുഷികപ്രതികരണം മാത്രമാണത്. ദൈവദൂതമഹത്വത്തെപ്പററിയുള്ള വിവരണങ്ങളൊന്നും സുവിശേഷകൻ നൽകുന്നില്ല. കാരണം, ഇവിടെ പ്രസക്തമായതു് ദൈവികസന്ദേശം മാത്രമാണ്.

**ദൈവദൂതന്റെ സന്ദേശം** (വാ. 13–17): ഒരു ദൈവികവാഗ്ദാനം നൽകുന്നതിനാണ് ദൂതൻ ആഗതനായിരിക്കുന്നത്. ഒരു പുത്രനെ ലഭിക്കുന്നതിനായി സ്ക്കറിയാ നിരന്തരമായി പ്രാർത്ഥിച്ചിരുന്നു. ഈ വൈകിയ

www.malankaralibrary.com

വേളയിലാണ് ദൈവം ആ പ്രാർത്ഥന അപ്രതീക്ഷിതമായി കൈക്കൊള്ളുന്നതു്. അബ്രാഹത്തിനു് ദൈവം പുത്രനെ വാഗ്ദാനം ചെയ്ത അതേ വചനങ്ങൾ (ഉൽപ. 17 : 19) ദൂതൻ സ്കറിയായോട് ആവർത്തിക്കുന്നു. ശിശുവിന്റെ നാമം ദൈവംതന്നെ മുൻകൂട്ടി നിശ്ചയിക്കുന്നു. ഇപ്രകാരം ദൈവം നാമകരണം ചെയ്തവരാണു് ഇസ്മായേൽ (ഉൽപ. 16 : 11), ഇസഹാക്ക് (ഉൽപ. 17 : 19), യോസിയാ (1 രാജാ. 13 : 2), എമ്മാനുഏൽ (ഏശ. 7: 14) മുതലായവർ. ശിശു പ്രത്യേകമായ വിധത്തിൽ ദൈവത്തിന്റെ സ്വന്തമാണെന്നു് ഇതു സൂചിപ്പിക്കുന്നു. യോഹന്നാൻ ( = ''ദൈവം കാരുണ്യവാനാകുന്നു'') എന്ന പേരു് തികച്ചും അന്വർത്ഥമാണ്. സ്കറിയായോടും ഏലീശ്ബായോടും മാത്രമല്ല സർവ്വജനത്തോടുമുള്ള ദൈവകാരുണ്യത്തിന്റെ അന്തിമമായ ആവിഷ്കാരത്തിന്റെ തുടക്കമാണല്ലോ യോഹന്നാന്റെ ജനനം. ഈ കാരുണ്യത്തിൽനിന്നുത്ഭവിക്കുന്ന രക്ഷയെ സ്വീകരിക്കുവാൻ ജനത്തെ ഒരുക്കുകയത്രേ അദ്ദേഹത്തിന്റെ ദൗത്യം.

പ്രവാചക പാരമ്പര്യത്തെ ആധാരമാക്കി യോഹന്നാന്റെ ഭാവി ദൗത്യത്തെപ്പററിയുള്ള സൂചനകൾ ദൈവദൂതൻ നൽകുന്നു. യോഹന്നാന്റെ ജനനവും പ്രവർത്തനവും രക്ഷയെപ്പററിയുള്ള പ്രതീക്ഷ നൽകി എങ്ങും ആനന്ദം പരത്തും. കർത്താവിന്റെ മുമ്പിൽ വലിയവനാണദ്ദേഹം. താപസനായ ഒരു മഹാപ്രവാചകൻ. അമ്മയുടെ ഉദരത്തിൽവച്ചുതന്നെ പരിശുദ്ധാത്മാവിന്റെ നിറവുവഴി പ്രവാചകാഭിഷേകം അദ്ദേഹത്തിനു ലഭിക്കും (cf. ഏശ. 49 : 1 ff; ഏറമ്യാ 1 : 5 ; ന്യായാ. 13 : 5, 7; 16 : 17). ജനത്തെ ദൈവത്തിങ്കലേയ്ക്കു തിരിച്ചുകൊണ്ടു വരുകയത്രേ അദ്ദേഹത്തിന്റെ പ്രവാചകധർമ്മം. മലാക്കി പ്രവചിച്ച മുന്നോടിയായി യുഗാന്ത്യ ഏലിയായുടെ (4 : 5) ചൈതന്യത്തോടും ശക്തിയോടുംകൂടിയാണു് അദ്ദേഹം പ്രവർത്തിക്കുക. വരുവാനിരിക്കുന്ന കർത്താവിനെ സ്വീകരിക്കുവാനായി ജനത്തെ അദ്ദേഹം ഒരുക്കും. മററു പ്രവാചകന്മാരുടേതിനെ അതിലംഘിക്കുന്ന ഉൽകൃഷ്ടമായ ഒരു ദൗത്യമാണു് യോഹന്നാന്റേതു് (cf. 7 : 26).

സ്കറിയായുടെ അവിശ്വാസവും ശിക്ഷയും (വാ. 18 – 22): ഏലീശ്ബായുടെ വന്ധ്യത്വവും വാർദ്ധക്യവും ദൈവികവാഗ്ദാനവുമായി പൊരുത്തപ്പെടാത്തതിനാൽ സ്കറിയാ ഒരടയാളം ആവശ്യപ്പെട്ടു–അബ്രാഹവും (ഉൽപ. 15 : 8) ഗിദെയോനും (ന്യായാ. 6 : 27), എസെക്കിയായും (2 രാജാ. 20 : 8) മററും ചെയ്തതുപോലെ. ചില സന്ദർഭങ്ങളിൽ ദൈവം സ്വമേധയാ അടയാളങ്ങൾ നൽകിയിട്ടുമുണ്ടു് (1 സാമു. 10 : 2–16; ഏശ. 10:7; 38 : 4–8; ലൂക്കാ 1 : 26; 2 : 12). എങ്കിലും യുഗാന്ത്യരക്ഷയെപ്പററിയുള്ള ദൈവത്തിന്റെ വ്യക്തമായ വാഗ്ദാനത്തെ സാധൂകരിക്കുന്നതിനായി അടയാളങ്ങൾ ആവശ്യപ്പെടുക അനുവദനീയമല്ല (cf. മർക്കോ 8 : 11 f; മത്താ. 12 : 38 ff; ലൂക്കാ 17 : 20 f; 1 കൊറി. 1 : 22). നിരുപാധികമായ വിശ്വാസമാണു് ഇവിടെ സ്വീകാര്യമായ പ്രതികരണം. വിശദീകരണങ്ങൾ നൽകുകയല്ല, താൻ ആരെന്നും, തന്റെ സന്ദേശം ആരുടേതെന്നും പ്രഖ്യാപിക്കുകയാണു് ദൈവദൂതന്റെ മറുപടി. തന്റെ പ്രധാനദൂതൻ വഴി ദൈവം നൽകുന്ന സദ്വാർത്തയാണു് സ്കറിയാ ശ്രവിച്ചതു്. സ്കറിയായുടെ അവിശ്വാസത്തിനു തക്കതായ ശിക്ഷയും ഗബ്രിയേൽ നൽകുന്നു: വാഗ്ദാനം നിറവേറുന്നതുവരെ ദീർഘിക്കുന്ന ഊമത്വം. ഈ ശിക്ഷ ഒരടയാളം മാത്രമല്ല, ദൈവിക രഹസ്യത്തിന്റെ നിഗൂഢാത്മകത പാലിക്കുന്നതിനുള്ള ഒരുപാധിയും കൂടിയാണു്. ഈ അടയാളത്തിന്റെ യാഥാർത്ഥ്യം വ്യക്തമാക്കുന്നതാണു് ജനക്കൂട്ടത്തെ ആശീർവ്വദിക്കുന്നതിനായി സ്കറിയാ മണ്ഡപത്തിൽ പ്രവേശിച്ചപ്പോഴത്തെ രംഗം (വാ. 21–12). ആശീർവ്വാദ വചനങ്ങൾ ഉച്ചരിക്കുന്നതി

www.malankaralibrary.com

ന്ന പകരം ആംഗ്യങ്ങറം കാണിക്കുന്നതിന്ന മാത്രമേ അദ്ദേഹത്തിന്ന കഴി ഞ്ഞുള്ളു.

വാഗ്ദാനത്തിന്റെ സാക്ഷാത്കരണം (വാ. 23-25): താമസി യാതെതന്നെ ഏലീശ്ബാ ഗർഭവതിയായി. അവളുടെ അജ്ഞാതവാസം ദൈവികപ്രവർത്തനത്തിന്റെ രഹസ്യാത്മകതയും നിഗൂഢതയും കാത്തു സൂ ക്ഷിക്കുന്നു. മാത്രമല്ല, ദൈവികശക്തിയെ തെളിയിക്കുന്ന അടയാളമായി ദൂതൻ മറിയത്തിന്ന ചൂണ്ടിക്കാണിക്കുന്ന (ലൂക്കാ 1 : 36-37). ഈ അത്ഭുതസം ഭവം തക്കസമയത്തു മാത്രമേ വെളിപ്പെടാവൂ. ഏലീശ്ബായുടെ കൃതജ്ഞതാ സ്തോത്രം (വാ. 25) മറിയത്തിന്റെ സ്തുതിഗീതത്തിന്റെ (വാ. 46-55) നാ ന്ദിയാണ്. ദൈവദൂതൻ വാഗ്ദാനം ചെയ്ത ആനന്ദം (വാ. 14) ആദ്യമായി ഏലീശ്ബായുടെ ഹൃദയത്തിന്റെ അഗാധത്തിൽ അനുഭവപ്പെട്ടു തുടങ്ങി.

മുന്നോടിയായ യോഹന്നാന്റെ അത്ഭുതകരമായ ഉത്ഭവം കർത്താവായ ഈശോയുടെ അത്യത്ഭുതകരമായ ഉത്ഭവത്തിന്റെ നാന്ദിയും ദ്യോതകവുമാ ണ്. സ്കറിയായ്ക്കു ലഭിച്ച മംഗലവാർത്ത മറിയത്തിന്ന ലഭിക്കുന്ന മംഗല വാർത്തയ്ക്കു പശ്ചാത്തലമൊരുക്കുകയും ഈശോയുടെ വ്യക്തിത്വത്തിന്റേയും ദൗ ത്യത്തിന്റേയും അനുപമമായ ശ്രേഷ്ഠതയിലേക്ക് നമ്മുടെ ശ്രദ്ധ ക്ഷണിക്കുക യും ചെയ്യുന്നു.

ഫാ. ജോർജ്ജ് മണ്ടാട്ട്

## ആഗമനകാലം 2-ാം ഞായർ-ലൂക്കാ 1: 26-38

### മംഗളവാർത്ത

യേശുമിശിഹാ ദൈവത്താൽ അയയ്ക്കപ്പെട്ട ലോകരക്ഷകനാണെന്ന സന്ദേശത്തിനാണ് ലൂക്കായുടെ സുവിശേഷം സർവ്വോപരി പ്രാധാന്യം കല്പി ക്കുന്നത്. ഈ അടിസ്ഥാനതത്ത്വം ക്രിസ്തുവിനെപ്പററി ആദ്യമായിപരാമ ർശിക്കുന്ന മംഗളവാർത്തയിലും തെളിഞ്ഞുകാണാം. നാഥാന്റെ പ്രവചനത്തിൽ (2 സാമു. 7: 12-16) പരാമർശിച്ചിരിക്കുന്ന ശാശ്വതസിംഹാസനത്തിന്റെ ഉടമയായ ദാവീദിന്റെ സുതനാണ് മിശിഹാ. അവിടുന്ന് രാജാവാണ്. അവിടുത്തെ ജനനം പരിശുദ്ധാത്മാവിയുടെ പ്രവർത്തനം വഴിയത്രേ.

സ്നാപകയോഹന്നാന്റെ ജനനം അറിയിച്ചുകൊണ്ടു് സഖറിയാസി ന് ദൈവദൂതൻ പ്രത്യക്ഷപ്പെട്ടിട്ട് ആറുമാസം കഴിഞ്ഞാണ് മംഗളവാർത്ത അറിയിക്കുന്നത്. അവിടെ ഏലീശ്വാക്കല്ല, സഖറിയാസിനാണ് "ഒരു" ദൈവദൂതൻ പ്രത്യക്ഷപ്പെട്ടത്. ഇവിടെയാകട്ടെ മറിയത്തിന് "ഗബ്രി യേൽ" ദൂതൻ പ്രത്യക്ഷപ്പെട്ടതായി പറയുന്നു. "ഗബ്രിയേൽ എന്ന പേരി ന്റെ അർത്ഥം യൂദന്മാരുടെ ഭാഷയിൽ, "ദൈവത്തിന്റെ മനുഷ്യൻ" എ ന്നോ, "ദൈവത്തിന്റെ ശക്തി" എന്നോ ആണ്. "മറിയം" എന്ന വാ ക്കിന് അറുപതിൽപരം വ്യാഖ്യാനങ്ങറം കാണുന്നുണ്ട്. വിശുദ്ധ ജെറോം നല്കുന്ന "സ്വാമിനി" എന്ന അർത്ഥമായിരിക്കാം കൂടുതൽ സ്വീകാര്യം. "യേ ശു" എന്ന പദം, "യെഹോഷുവാ" എന്ന ഹീബ്രുവാക്കിന്റെ ലോപമാ ണ്. അർത്ഥം, "യാഹ്വെ രക്ഷിച്ചു" എന്നത്രേ. അങ്ങനെ ആ പദത്തിന് "രക്ഷകൻ" എന്ന വ്യാഖ്യാനം ലഭിച്ചു.

മറിയത്തിന്റെ വിശേഷണമാണ് 26, 27 വാക്യങ്ങളിലുള്ളത്. ദാവീ ദിന്റെ ഗോത്രത്തിൽപ്പെട്ട യൗസേപ്പിന്ന വിവാഹം ചെയ്തിരുന്ന കന്യകയാ യിരുന്നു അവറം. യഹൂദന്മാരുടെ നടപ്പനുസരിച്ച് വൈവാഹിക ജീവിത ത്തിലേയ്ക്കുള്ള ആദ്യത്തെ പടിയാണ് അച്ചാരക്കല്യാണം. വധുവിന് പന്ത്ര ണ്ടോ പതിമൂന്നോ വയസ്സും, വരന് പതിനെട്ടുമുതൽ ഇരുപത്തിനാലുവരെ



www.malankaralibrary.com

വയസ്സമാണ് പൊതുവെ നിർദ്ദേശിച്ചിരിക്കുന്ന പ്രായം. അച്ചാരക്കല്യാണം വഴി അവർ ഭാര്യാഭർത്താക്കന്മാരെപ്പോലെ ആയിത്തീരുമെങ്കിലും അവരിരുവരും ഒരുമിച്ച് താമസിക്കുന്ന പതിവ് ഉണ്ടായിരുന്നില്ല. കുറഞ്ഞതു് ഒരു വർഷമെങ്കിലും കഴിഞ്ഞിട്ടേ അവർ ശരിയായ രീതിയിൽ വീണ്ടും വിവാഹിതരാകാറുള്ളൂ.

ദൈവദൂതൻ കന്യകയെ സമീപിച്ച് "നന്മനിറഞ്ഞവളേ, സ്വസ്തി! കർത്താവു നിന്നോടുകൂടെ" എന്നരുളിച്ചെയ്തു. "സ്ത്രീകളിൽ അനുഗ്രഹീതേ" എന്നുള്ളതു്, 'വൾഗേററ്' ഒഴികെ പ്രധാനപ്പെട്ട പല കയ്യെഴുത്തു പ്രതികളിലും ഇല്ലാത്തതുകൊണ്ടും, 1: 42-ൽ ഉള്ളതുകൊണ്ടും അതു് എലീശ്വാ പറഞ്ഞതായിരിക്കണമെന്നതാണ് പണ്ഡിതാഭിമതം. സ്വസ്തിയുടെ ഉദ്ദേശ്യമോ അർത്ഥമോ ഗ്രഹിക്കുവാൻ കഴിയാതെ മറിയം അമ്പരന്നുനിന്നു.

അപ്പോൾ ഗബ്രിയേൽദൂതൻ മറിയത്തെ ആശ്വസിപ്പിച്ചുകൊണ്ടു് രക്ഷകൻെറ ഉത്ഭവത്തെക്കുറിച്ചുള്ള രഹസ്യം വെളിപ്പെടുത്തി. മറിയത്തിൽനിന്നും ഒരു ശിശു പിറക്കും. ആ ശിശു ദൈവപുത്രനായിരിക്കും. ക്രിസ്തുവിവിനെ സംബന്ധിച്ച ആവിഷ്കരണത്തിൻെറ ആദ്യപടിയായി ചില പഴയനിയമപ്രവചനങ്ങൾ അങ്ങനെ പൂർത്തിയാക്കപ്പെട്ടതായും അറിയിച്ചു (1: 30-33).

ഈയവസരത്തിൽ മറിയം തന്നെസംബന്ധിച്ച ഒരു രഹസ്യം ദൈവദൂതനെ അറിയിച്ചു. അവൾക്കു് ഗർഭമില്ല. പിന്നെ എങ്ങനെ പ്രസവിക്കും! ഈ യാഥാർത്ഥ്യമാണ് "ഞാൻ പുരുഷനെ അറിയുന്നില്ലല്ലോ" എന്ന വാക്കുകൾവഴി മറിയം വെളിപ്പെടുത്തിയതു് (1: 34). സഖറിയാസ്സന്നയിച്ച ന്യായമോ, സംശയമോ ഒന്നുമല്ല മറിയത്തിൻേറതു്. അതുകൊണ്ടു് ദൈവദൂതൻ വിശദീകരിച്ചു, പരിശുദ്ധാത്മാവിൻെറ ശക്തിയാൽ അതിസ്വാഭാവികമായ രീതിയിൽ ഇതെല്ലാം സംഭവിക്കുമെന്നു്. അതിനൊരടയാളമായി എലീശ്വാ വാർദ്ധക്യകാലത്തു് ഗർഭിണിയായിരിക്കുന്ന വിവരവും വെളിപ്പെടുത്തി. തൽക്ഷണം ഒരു ദാസിയെപ്പോലെ മറിയം ദൈവേഷ്ടത്തിനു് സ്വയം സമർപ്പിച്ചു.

അസ്തിത്വത്തിൻെറ ആരംഭംമുതൽ ക്രിസ്തുവിനെ ദൈവപുത്രനായി അവതരിപ്പിക്കുന്നതു്, സുവിശേഷത്തിൻെറ അവസാനത്തിലും നടപടി പുസ്തകത്തിലും ഉദ്ഘോഷം ചെയ്തിരിക്കുന്ന മഹത്വം തെററിദ്ധരിക്കപ്പെടാതിരിക്കുവാൻ സഹായകമാണ്. അല്ലാത്തപക്ഷം, ക്രിസ്തുവിനു് പുനരുത്ഥാരണസമത്തു് മാത്രമാണ് ദൈവപുത്രസ്ഥാനം ലഭിച്ചതു് എന്ന തെററായ ധാരണയ്ക്കു് ഇടംലഭിക്കുമായിരുന്നു.

മത്തായിയുടേയും ലൂക്കായുടേയും സുവിശേഷങ്ങൾക്കുമുൻപ് എഴുതപ്പെട്ട പൗലോസ് അപ്പസ്തോലൻെറ ലേഖനങ്ങളിലൊന്നും കന്യകാജാതനായ ക്രിസ്തുവിനെപ്പററി പറഞ്ഞിട്ടില്ല. അവിടുത്തെ ജനനത്തെപ്പററി ആകപ്പാടെയുള്ള പരാമർശനം ഗാലാത്യക്കുള്ള ലേഖനത്തിലാണ്. അവിടെ പറഞ്ഞിരിക്കുന്നതു്, സമയത്തിൻെറ പൂർണ്ണതയിൽ ദൈവസുതൻ നിയമത്തിനു് വിധേയനായി സ്ത്രീയിൽനിന്നു് ജനിച്ചുവെന്നു മാത്രമാണ് (ഗാല. 4: 4). പ്രകൃത്യാ ദൈവമായ ക്രിസ്തു തന്നെത്തന്നെ ശൂന്യമാക്കി മരണത്തോളം അനുസരണയുള്ളവനായി മനുഷ്യാവതാരംചെയ്ത സ്ഥിതിക്കു് (ഫിലി. 2: 6-8). അവിടുത്തെ ജനനവും സ്വാഭാവികനിയമങ്ങൾക്കനുസൃതമായിട്ടായിരിക്കാനല്ലേ കൂടുതൽ സാധ്യത എന്നു ശങ്കിക്കുന്ന പണ്ഡിതന്മാരും ഇന്നുണ്ടു്. എന്തു തന്നെയായാലും മനുഷ്യാവതാരത്തെക്കുറിച്ചുള്ള വിശദാംശങ്ങൾ മനുഷ്യന്നു് ഗ്രഹിക്കാനാവാത്ത ദൈവികരഹസ്യങ്ങൾ ഉൾക്കൊള്ളുന്നുവെന്നതിൽ സംശയമില്ല.

"ദൈവത്തിനു് ഒന്നും അസാധ്യമല്ലല്ലോ" എന്ന ഗബ്രിയേൽ ദൂതൻെറ ചിന്തോദ്ദീപകമായ വാക്കുകൾ അതേപടി അംഗീകരിച്ചുകൊണ്ടു്, "ഇതാ

www.malankaralibrary.com

കർത്താവിന്റെ ദാസി; അങ്ങു പറഞ്ഞതുപോലെ എന്നിൽ ഭവിക്കട്ടെ'' എന്നരുളംചെയ്ത മാതാവിന്റെ ആഴമായ വിശ്വാസവും അർപ്പണമനോഭാവവും ഉത്തമവിശ്വാസത്തിന്റെ നിത്യസ്മാരകമായി എന്നും നിലനില്ക്കും.

ഫാ. ജോസഫ് കോട്ടയ്ക്കൽ

## ആഗമനകാലം 3-ാം ഞായർ– ലൂക്കാ 1: 39–56

### ''ഞാനെൻ നാഥനെ വാഴ്ത്തുന്നു''

മംഗളവാർത്താസംഭവം കഴിഞ്ഞയുടൻ മറിയം ഏലീശ്വായെ സന്ദർശിക്കുവാൻ പുറപ്പെട്ടു. ഇപ്രകാരം ഒരു സന്ദർശനത്തിനുള്ള പ്രേരണയും മംഗളവാർത്തയിലുണ്ടായിരുന്നു (1: 36). ഏലീശ്വാ മറിയത്തിന്റെ ചാർച്ചക്കാരിയാണെന്നു പറഞ്ഞിട്ടുണ്ട്. ഇരുവരും ഒരേ കുടുംബക്കാരായിരിക്കണം. വ്യക്തിപരമായിട്ട് മറിയത്തിന്റെ ഉത്തമസ്നേഹിതയും ഗുണകാംക്ഷിയുംകൂടിയായിരുന്നു ഏലീശ്വാ എന്നതിൽ സംശയമില്ല. ഉദ്ദേശ്യം എട്ടുമൈൽ അകലെ കുന്നും മലയുംനിറഞ്ഞ പ്രദേശത്തായിരുന്നു ഏലീശ്വായും സഖറിയാസും താമസിച്ചിരുന്നതെന്നാണ് സൂചന (1: 39; ജോഷ്വ. 15: 48–55).

സന്ദർശനത്തിന്റെ ഉദ്ദേശ്യം ഗബ്രിയേൽദൂതൻ പറഞ്ഞതിന് തെളിവ് അന്വേഷിക്കുന്നതിനോ, അഥവാ, ഏലീശ്വായെ ശുശ്രൂഷിക്കുന്നതിനോ ആയിരുന്നുവെന്നു തോന്നുന്നില്ല. ശുശ്രൂഷിക്കുന്നതിനായിരുന്നെങ്കിൽ മൂന്നുമാസംവരെ ഒരുമിച്ച് കഴിഞ്ഞിട്ട് ഏലീശ്വാ പ്രസവിക്കുന്നതിനു തൊട്ടുമുമ്പായി മറിയം സ്ഥലംവിടുകയില്ലായിരുന്നു (1: 56–57). അവരുടെ ഹൃദയരഹസ്യങ്ങൾ കൈമാറുന്നതിനും ദൈവാനുഭൂതിയിൽനിന്നുണ്ടായ സന്തോഷം പങ്കിട്ടനുഭവിക്കുന്നതിനുമായിരുന്നു ഈ സന്ദർശനം. ഏലീശ്വായുടെ പ്രസവാവസരത്തിൽ നാട്ടുകാരും ബന്ധുക്കളുമായി ധാരാളംപേർ കൂടുമെന്നുള്ളതുകൊണ്ടും, അവർ മറിയത്തിന് സംഭവിച്ചതെല്ലാം അറിഞ്ഞ് പരസ്യപ്പെടുത്തുമെന്നുള്ള ഭയംകൊണ്ടുമാകാം മറിയം ആ അവസരത്തിൽ അപ്രത്യക്ഷയായത്.

മറിയത്തിന്റെ സന്ദർശനം ഏലീശ്വായിൽ അനിർവ്വചനീയമായ അനുഭൂതിയുളവാക്കി. ഗർഭസ്ഥശിശു പരിശുദ്ധാത്മാവിനാൽ നിറഞ്ഞ് തുള്ളിച്ചാടി. ഏലീശ്വായ്ക്കും പരിശുദ്ധാത്മാവിന്റെ ദാനവരങ്ങൾ ലഭിച്ചു. പ്രവചനഭാഷയിൽ അവൾ മറിയത്തെ വാഴ്ത്തി. 'കർത്താവിന്റെ അമ്മ' 'സ്ത്രീകളിൽ അനുഗൃഹീത' 'ഉദരഫലം' 'അനുഗൃഹീത' എന്നിങ്ങനെ അവൾ ഉച്ചത്തിൽ പ്രകീർത്തിക്കുവാൻ തുടങ്ങി. വെറും ഒരു വികാരാവേശത്തിന്റെ ഫലമൊന്നുമല്ല ഈ അനുഭവങ്ങൾ. സ്നാപകയോഹന്നാന്റെ ജനനത്തെപ്പറ്റി പ്രവചിച്ച അവസരത്തിൽത്തന്നെ ഇക്കാര്യം ദൈവദൂതൻ അറിയിച്ചിരുന്നതാണ് (1: 15).

### ഞാനെൻ നാഥനെ വാഴ്ത്തുന്നു

ഏലീശ്വായുടെ ആന്തരികാനുഭവങ്ങൾക്ക് പ്രത്യുത്തരമായി മറിയം തന്റെ ഈശ്വരാനുഭവങ്ങൾ വെളിപ്പെടുത്തി. അതാണ് മാതൃകീർത്തനം (1: 46. 55). ''ഞാനെൻ നാഥനെ വാഴ്ത്തുന്നു'' എന്നാരംഭിക്കുന്ന ഈ കീർത്തനം പഴയനിയമവാക്യങ്ങൾ കൊരുത്തുണ്ടാക്കിയതാണ് (1 സാമു. 2: 1–10; ഉല്പ. 30: 13; സങ്കീ. 111: 9; 102: 17; 89: 10; 107: 9; 98: 3; ഏശ. 51: 1–12). ആംഗ്ലിക്കൻ സഭയുടെ ലിററർജിയിൽ പഴയനിയമവും പുതിയനിയമവും വായിക്കുന്നതിനിടയ്ക്ക് പതിവായി പാടുന്ന കീർത്തനമാണിത്.

www.malankaralibrary.com

ഈ കീർത്തനംവഴി ലൂക്കാ രണ്ടു കാര്യങ്ങൾ അവതരിപ്പിക്കുന്നുണ്ട്. പഴയ ഇസ്രായേൽജനത്തിന്റെ സ്ഥാനമാണ് മാംസം ധരിച്ച ക്രിസ്തുവിന്റേതു്. പഴയ ഇസ്രായേലിലെ മാതൃകാമാതാവായ ഹന്നായെപ്പോലെ, പുതിയ ഇസ്രായേലായ സഭയുടെ യഥാർത്ഥ മാതാവാണ് മറിയം. സാമുവേലിന്റെ അമ്മയായ ഹന്നായുടെ കീർത്തനവുമായി ഇതിനു സാമ്യമുണ്ട് (1 സാമു. 2: 1–10). സുവിശേഷകനായ യോഹന്നാനും ഇതേ ആശയം തന്നെ അവതരിപ്പിച്ചു കാണുന്നു (യോഹ. 2: 1–11, 19: 25–27).

ഈ കീർത്തനത്തെ രണ്ടു് ഭാഗങ്ങളായി വിഭജിക്കാം. മാതാവിന്റെ വ്യക്തിപരമായ കൃതജ്ഞതാപ്രകാശനവും (1: 46–50), ദൈവമാതൃത്വത്തിലാരംഭിക്കുന്ന യുഗാന്ത്യരക്ഷയും (1: 51–55). ലൂക്കായുടെ സുവിശേഷത്തിൽ ആദ്യമായി രക്ഷകനെപ്പററി പ്രതിപാദിച്ചിരിക്കുന്നതു് ഈ സ്തുതിഗീതത്തിലാണ് (1: 47). പഴയനിയമത്തിൽ ദൈവത്തെ രക്ഷകനായി വീക്ഷിക്കുന്ന പാരമ്പര്യം ഉണ്ടു് (ഏശ. 12: 2; 17: 10; 25: 9; ഹബ. 3: 18). "എന്റെ രക്ഷകനായ ദൈവം" എന്ന പ്രയോഗം സങ്കീർത്തനങ്ങളിൽ സുലഭമാണ് (സങ്കീ. 18: 46; 27: 19; 38: 22; 40: 17).

എളിയവനോടു് കാരുണ്യം കാണിക്കുന്ന രക്ഷകനായ ദൈവത്തെ മറിയം സ്തുതിക്കുന്നു. ആ കാരുണ്യംവഴി അവരം രക്ഷകന്റെ മാതാവായി. അവളുടെ ആത്മാവു് ആനന്ദംകൊണ്ടു നിറഞ്ഞു. രക്ഷായുഗത്തിന്റെ അടയാളം കൂടിയത്രേ ഈ ആനന്ദം. മാത്രമല്ല, മറിയത്തോടുള്ള ദൈവത്തിന്റെ കാരുണ്യം സാർവ്വത്രിക രക്ഷയ്ക്കുള്ള നാന്ദിയാണെന്നു് 50–ാം വാക്യം പറയുന്നുണ്ടു്.

ദൈവത്തിന്റെ രക്ഷാകരപ്രവർത്തനം തുടങ്ങിക്കഴിഞ്ഞതായി കീർത്തനത്തിന്റെ രണ്ടാംഭാഗം ചിത്രീകരിക്കുന്നു. അവശരോടും ദരിദ്രരോടും, മർദ്ദിതരോടും കാരുണ്യം കാണിച്ചുകൊണ്ടാണ് രക്ഷാകരവിപ്ലവത്തിന്റെ മുന്നേററം. ഇതിന്റെ പിന്നിലുള്ള പ്രേരകശക്തി, ദൈവത്തിന്റെ കാരുണ്യവും പിതാക്കന്മാരോടു് ചെയ്ത വാഗ്ദാനങ്ങളോടുള്ള അവിടുത്തെ വിശ്വസ്തതയുമത്രേ. മറിയത്തിൽനിന്നു പിറക്കാനിരിക്കുന്ന രക്ഷകന്റെ ദൗത്യമാണ് ആ പ്രവർത്തനത്തെ പൂർണ്ണതയിലെത്തിക്കുകയെന്നുള്ളതു്.

മാതാവിന്റെ സ്തുതിഗീതത്തിലെ ഒരു പ്രധാന വിഷയം, ദൈവത്തെ ഭയപ്പെടുന്നവരെ, ദൈവത്തിൽ ആശ്രയിക്കുന്നവരെ, അഥവാ, ദൈവത്തിൽ വിശ്വസിക്കുന്നവരെ അവിടുന്നു് സദാ കാരുണ്യപൂർവ്വം സംരക്ഷിക്കുന്നു; അവർ എളിയവരും ബലഹീനരുമായിരുന്നാൽപോലും അവിടുന്നു് അവരെ അത്ഭുതകരമായി അനുഗ്രഹിക്കുന്നു. മറെറാന്നു്, ദൈവം തന്റെ വാഗ്ദാനങ്ങളിൽ വിശ്വസ്തനാകകൊണ്ടു് ഒരിക്കലും അവിടുത്തെ അവിശ്വസിക്കരുതു്. ചുരുക്കത്തിൽ, സ്നേഹവും സത്യവുമാകുന്ന ദൈവത്തിൽ വിശ്വസിച്ചുകൊണ്ടു് സദാ പ്രത്യാശാപൂർവ്വം ജീവിക്കുവാൻ ഈ സ്തുതിഗീതം പ്രചോദനം നൽകുന്നു. സുവിശേഷങ്ങളിലെ സന്ദേശത്തിന്റെ സാരംതന്നെയാണ് ഈ കീർത്തനത്തിലുള്ളതു്.

ഫാ. ജോസഫ് കോട്ടയ്ക്കൽ

## ആഗമനകാലം 4–ാം ഞായർ– മത്താ. 1: 18–25

### നീതിമാനായ യൗസേപ്പ്

മറിയത്തിന്റെ ഭർത്താവും യേശുമിശിഹായുടെ വളർത്തുപിതാവുമായ യൗസേപ്പിനെപ്പററി വളരെ ചുരുങ്ങിയ വിവരങ്ങൾ മാത്രമേ സുവിശേഷകർ രേഖപ്പെടുത്തിയിട്ടുള്ളു. മത്തായി ഏഴു പ്രാവശ്യവും (മത്താ. 1: 16– 2: 19) ലൂക്കാ 5 പ്രാവശ്യവും (ലൂക്കാ 1: 27– 4: 22) യോഹന്നാൻ രണ്ടു പ്രാ

www.malankaralibrary.com

വശ്യവും (യോഹ. 1: 4; 6: 42) യൗസേപ്പിനെപ്പററി പരാമർശിച്ചിട്ടുണ്ട്. മററാരുംതന്നെ അദ്ദേഹത്തിൻെറ കാര്യം പറയുന്നില്ല.

ഒത്തുകല്യാണംവഴി ഭർത്താവായിത്തീർന്ന യൗസേപ്പിൻെറ അറിവുകൂടാതെയാണ് പരിശുദ്ധാത്മാവിനാൽ മറിയം ഗർഭിണിയായതെന്ന് മത്തായി പ്രത്യേകം പ്രസ്താവിക്കുന്നു (1: 18). ക്രിസ്തു ദൈവപുത്രനാണെന്ന വസ്തുതയാണ് ഇതിലടങ്ങിയിരിക്കുന്നത്. ലൂക്കാ സുവിശേഷകനും ഇക്കാര്യം വ്യക്തമാക്കുന്നുണ്ട്. യൗസേപ്പിൻെറ പുത്രനായി എല്ലാവരും പരിഗണിച്ചുവന്ന ഈശോ സാക്ഷാൽ ദൈവപുത്രനാണെന്ന് കാണിക്കുന്ന വംശാവലിയാണ് ലൂക്കായുടേത് (ലൂക്കാ 3: 23, 38).

മറിയം ഏലീശ്വായെ സന്ദർശിച്ചു മടങ്ങിയെത്തിയപ്പോഴായിരിക്കണം അവരം ഗർഭവതിയായ വിവരം യൗസേപ്പ് ഗ്രഹിക്കുന്നത്. ഒത്തുകല്യാണംവഴി ഭാര്യാഭർത്താക്കന്മാരായിത്തീരുമെങ്കിലും ഇരുവരും അവരവരുടെ ഭവനങ്ങളിൽത്തന്നെ ഒരു വഷം കഴിഞ്ഞുകൂടുന്ന പതിവാണ് യഹൂദർക്കുള്ളതു്. ആ അവസരത്തിലാകണം മംഗളവാർത്തയും ഏലീശ്വായെ സന്ദശിക്കലും നടന്നതു്.

ഭർത്താവറിയാതെ ഭാര്യ ഗർഭിണിയായി കാണപ്പെട്ടാൽ ആക്കാണ് സംശയവും വിദ്വേഷവും തോന്നാത്തതു്? യഹൂദനിയമമനുസരിച്ച് അങ്ങനെയുള്ള ഒരു ഭാര്യയെ പരസ്യമായി ഉപേക്ഷിക്കുന്നതിനും അപമാനവിധേയമാക്കുന്നതിനും സാധിക്കുമായിരുന്നു.

''മറിയത്തിൻെറ ഭർത്താവായ യൗസേപ്പ് നീതിമാനായിരുന്നതിനാൽ അവളെ അപമാനവിധേയയാക്കാൻ അദ്ദേഹം ഇഷ്ടപ്പെട്ടില്ല. രഹസ്യമായി അവളെ ഉപേക്ഷിക്കണമെന്ന് അദ്ദേഹം നിശ്ചയിച്ചു''വെന്നു മത്തായി രേഖപ്പെടുത്തുന്നു (1: 19). മറിയത്തെ അപമാനിക്കേണ്ടെന്ന് തീരുമാനിച്ചതു് യൗസേപ്പ് നീതിമാനായിരുന്നതുകൊണ്ടായിരുന്നു. ''നീതിമാൻ'' എന്നുവച്ചാൽ, ദൈവത്തെ സ്നേഹിക്കുന്നവനും അവിടത്തെ നിയമങ്ങളും അനുസരിക്കുന്നവനുമെന്നുമത്രേ അത്ഥം.

മറിയത്തിൻെറ വിശുദ്ധിയിലും വിശ്വസ്തതയിലും ശങ്കിക്കുന്ന രീതിയിൽ പരസ്യമായ വിധി പ്രസ്താവിക്കാൻ യൗസേപ്പു തയ്യാറായില്ല. യഥാത്ഥവിധിയാളൻ ദൈവമാണെന്ന ഉറപ്പാണ് ഇപ്രകാരം പ്രവർത്തിക്കുന്നതിനു് അദ്ദേഹത്തെ പ്രേരിപ്പിച്ചതു്. പരിശുദ്ധാത്മാവിലാണ് തൻെറ ഭാര്യ ഗർഭിണിയായതെന്നു കേട്ട സ്ഥിതിക്കു് പെട്ടെന്നൊരു തീരുമാനമെടുക്കുവാനും അദ്ദേഹത്തിനു ബുദ്ധിമുട്ടുണ്ടായിരുന്നിരിക്കണം. ഈ സ്ഥിതിയിൽ അവളെ ദൈവത്തിനു കയ്യാളിക്കുകയായിരുന്നു അദ്ദേഹത്തിനു കരണീയമായി തോന്നിയതു്.

ഈ ദുർഘടാവസ്ഥയിൽ ദൈവം അത്ഭുതകരമായി യൗസേപ്പിനെ ആശ്വസിപ്പിക്കാനെത്തി. പരിശുദ്ധാത്മാവിനാലാണ് മറിയം ഗർഭിണിയായതെന്നും അവളിൽനിന്ന് പിറക്കുന്ന ശിശു പ്രവാചകന്മാരിൽ പ്രകീർത്തിതനായ രക്ഷകനായിരിക്കുമെന്നും ദൈവദൂതൻ അദ്ദേഹത്തിനു വെളിപ്പെടുത്തി. സ്വയം ന്യായീകരിക്കുവാനറിയാതെ നിസ്സഹായാവസ്ഥയിൽ കഴിഞ്ഞിരുന്ന് മറിയത്തിനു ഇതു വലിയൊരാശ്വാസമായി.

അതേത്തുടന്ന്, യൗസേപ്പു മറിയത്തെ തൻെറ ഭവനത്തിലേയ്ക്കു സ്വീകരിച്ചു എന്നു പറഞ്ഞിരിക്കുന്നതു് ഒത്തുകല്യാണത്തിൻെറ പൂർത്തീകരണമായ വിവാഹാഘോഷത്തെയാണ് സൂചിപ്പിക്കുന്നതു്. ''അവരം തൻെറ കടിഞ്ഞൂൽ പുത്രനെ പ്രസവിച്ചതുവരെ അദ്ദേഹം അവളെ അറിഞ്ഞില്ല'' എന്ന പ്രസ്താവനവഴി അവർ തമ്മിൽ ലൈംഗികബന്ധം ഉണ്ടായിരുന്നില്ലെന്നതാണ് വിവക്ഷ.

ഈശോമിശിഹാ ദൈവപുത്രനാണെന്ന യാഥാർത്ഥ്യം മത്തായി ഇവിടേയും സ്പഷ്ടമാക്കാനുദ്ദേശിക്കുന്നു. മറിയത്തിൻെറ നിത്യകന്യാത്വവും അദ്ദേ

www.malankaralibrary.com

ഹം സൂചിപ്പിക്കുന്നുണ്ട്. നീതിമാനായ യൗസേപ്പിന്റെ സമാധാനപ്രിയവും സ്നേഹവും വിവേകവും പരിഗണിക്കുമ്പോൾ അദ്ദേഹത്തെ സമാധാനത്തിന്റെ പിതാവെന്ന് സംബോധന ചെയ്യാവുന്നതാണ്. കുടുംബചരിത്രം ഒഴിവാക്കാനും ദൈവാനുഗ്രഹത്തിന്റെ സമൃദ്ധിയിൽ സംതൃപ്തിയോടെ ജീവിക്കുവാനും അദ്ദേഹത്തിന്റെ ശാന്തസ്വഭാവം സഹായിച്ചു. കുടുംബകലഹങ്ങൾ ഒഴിവാക്കി സമാധാനത്തോടെ ജീവിക്കുവാൻ ഈ പിതാവിന്റെ സന്മാതൃക സർവ്വോപരി. കുടുംബനാഥന്മാർക്കൊരു പാഠമായിരിക്കട്ടെ.

ഫാ. ജോസഫ് കോട്ടയ്ക്കൽ

## പിറവിത്തിരുനാൾ (i) – ലൂക്ക 2: 1–14

ക്രിസ്തുവിന്റെ ജനനത്തെപ്പററിയാണല്ലോ ഈ സുവിശേഷഭാഗം. റോമാ ചക്രവർത്തിയായ അഗസ്റ്റസ്സീസറിന്റെ കാലത്ത്, പ്രവാചകന്മാർ പറഞ്ഞിട്ടുള്ളതുപോലെ ബത്‌ലഹേമിലാണ് ക്രിസ്തു ജനിച്ചത് (വാ. 1–7). ഈ ശിശു ആരാണെന്നും, രക്ഷാകരചരിത്രത്തിൽ അവനുള്ള സ്ഥാനമെന്താണെന്നും സ്വർഗ്ഗത്തിൽനിന്നുള്ള ദൂതന്മാരുടെ പ്രഖ്യാപനംവഴിയാണ് മനസ്സിലാക്കുക (വാ. 8–14).

### ബത്‌ലഹേമിൽ ജനിക്കുന്നു (വാ: 1 – 7)

വാ. 1–3: അഗസ്റ്റസ്സീസറാണ് റോമാസാമ്രാജ്യത്തിന്റെ ചക്രവർത്തി (30 BC – 14 AD). ഈ ചക്രവർത്തിയുടെ ജനനത്തെപ്പററി പ്രീൻ ലിഖിതങ്ങളിൽ (Prine Inscriptions) കാണുന്നത് ഇപ്രകാരമാണ് "അവൻ ലോകത്തിന് പുതിയ ഒരു വെളിച്ചം പ്രദാനം ചെയ്യും. അവന്റെ ജനനം ജീവന്റെ ആരംഭമാണ് കുറിക്കുക.... ദൈവപരിപാലനയിൽ മനുഷ്യരാശിയെ രക്ഷിക്കുവാനുള്ള അനുഗ്രഹങ്ങൾ അവനു കൊടുത്തിരിക്കുന്നു. ദൈവം അവനെ നമ്മുടെയും ഭാവിയിലെ എല്ലാ ജനതകളുടേയും രക്ഷകനായി അയച്ചിരിക്കുന്നു.... പൂർവ്വികരുടെ പ്രതീക്ഷകൾ അവന്റെ ജനനത്തിലാണ് പൂർത്തിയാകുക.... അവനെക്കാൾ വലിയവൻ ഉണ്ടാകുക സാദ്ധ്യമല്ല...." അഗസ്റ്റസ് തന്റെ കല്പനവഴി യഥാർത്ഥത്തിലുള്ള ലോകരക്ഷകന്റെ സേവനത്തിന് എത്തുകയാണ്; യഥാർത്ഥമായ പ്രകാശവും ജീവനും രക്ഷയും പ്രദാനംചെയ്യുന്ന ക്രിസ്തുവിന് കളമൊരുക്കുകയാണ്.

സെൻസസ് എടുപ്പിക്കുന്നതിന്റെ ലക്ഷ്യം സ്ഥാവരവസ്തുക്കളും മററ് ആദായമാർഗ്ഗങ്ങളും തിട്ടപ്പെടുത്തി നികുതിചുമത്തുന്നതിനാണ്. ചക്രവർത്തിയുടെ ഈ കല്പന സിറിയായിലെ ഗവർണ്ണറായ ക്വീറീനസ്‌വഴി പാലസ്തീനായിൽ എത്തുന്നു. അവിടെ ഭരിച്ചിരുന്ന വലിയ ഹേറോദേസ്‌രാജാവ് ഇതിന് വഴങ്ങുകതന്നെ ചെയ്തു.

എന്തുകൊണ്ടാണ് ലൂക്കാസുവിശേഷകൻ ഇതെല്ലാം വിവരിക്കുന്നത്? യഥാർത്ഥസമയം കൃത്യമായി കാണിക്കുന്നതിന്. കൂടാതെ സെൻസസിന് എല്ലാവരും, ഭർത്താവും ഭാര്യയും അവരവരുടെ വാസസ്ഥലത്തേയ്ക്ക്, സ്വന്തമുള്ള പട്ടണത്തിലേയ്ക്ക് പോകണമായിരുന്നു. അങ്ങനെ ജോസഫ് മറിയത്തോടുകൂടി ബത്‌ലഹേമിൽ എത്തുന്നു.

വാ. 4 – 5: ജോസഫിന് ബത്‌ലഹേമിൽ വസ്തുവകകൾ ഉണ്ടായിരിക്കണം. ദാവീദിന്റെ പിൻഗാമികൾക്ക് അവിടെ സ്ഥാവരവസ്തുക്കൾ ഉണ്ടായിരുന്നു. പക്ഷേ, ലൂക്കാസുവിശേഷകൻ സൂചിപ്പിക്കുന്നത് അവർ ദാവീദിന്റെ പട്ടണത്തിലേയ്ക്ക് പോയെന്നാണ്. ഇവിടെ മിഖാദീർഘദർശിയുടെ പ്രവചനം പൂർത്തിയാകുന്നതായി സുവിശേഷകൻ മനസ്സിലാക്കുന്നു (മിഖ. 5, 1). ചുരുക്കത്തിൽ, ദൈവം ലോകചരിത്രത്തെ രക്ഷാചരിത്രത്തിലേയ്ക്കു നയിക്കുന്നു.

www.malankaralibrary.com

വാ. 6–7: അവർ അവിടെയായിരുന്നപ്പോൾ ക്രിസ്തുവിൻെറ ജനനദിവസം വന്നെത്തി. അങ്ങനെ മറിയം തൻെറ കടിഞ്ഞൂൽപുത്രനെ പ്രസവിച്ച് പിള്ളക്കച്ചകൾകൊണ്ട് ചുററി. കടിഞ്ഞൂൽപുത്രൻ എന്ന പദംകൊണ്ട് ലൂക്കാ സുവിശേഷകൻ ഉദ്ദേശിക്കുന്നത് ഇതാണ് – വാഗ്ദാനംചെയ്ത രക്ഷ കൊണ്ടുവരുന്നതുകൊണ്ട് ക്രിസ്തുവിന് ആദ്യജാതൻെറ ചുമതലകളും അവകാശങ്ങളുമുണ്ട് (Cfr. 2, 23). പഴയ ആചാരമനുസരിച്ച് അവയവങ്ങൾ ശരിയായി വളരുന്നതിനാണ് പിള്ളക്കച്ചകൾകൊണ്ട് ശിശുവിനെ ചുററുന്നത്. പുൽത്തൊട്ടിയിൽ കിടത്തിയത് സ്ഥലമില്ലാഞ്ഞിട്ടാണ്. പുൽത്തൊട്ടിയുണ്ടെങ്കിൽ തൊഴുത്തും കാണണം. വി. ജസ്റ്റിൻെറ (A. D. 155) അഭിപ്രായപ്രകാരം ക്രിസ്തു ഒരു ഗ്രോട്ടോയിലാണ് പിറന്നത്. വാഗ്ദാനംചെയ്യപ്പെട്ട രക്ഷകൻ, ബലഹീനനായ ഒരു ശിശുവായി പുൽത്തൊട്ടിയിൽ കിടക്കുന്നു. നമ്മോടുള്ള സ്നേഹത്തെപ്രതി ദരിദ്രനായിത്തീർന്ന നമ്മുടെ കർത്താവായ ഈശോ (2 കൊറി. 8,9); തന്നെത്തന്നെ ശൂന്യനാക്കി ദാസൻെറ സാദൃശ്യം എടുത്ത ക്രിസ്തു; തന്നെത്തന്നെ താഴ്ത്തി, കുരിശുമരണത്തോളം താഴ്ത്തിയ രക്ഷകൻ (ഫിലി. 2, 6–11). മനുഷ്യപുത്രന് തലചായ്ക്കുവാൻ സ്ഥലമില്ല (ലൂക്കാ 9, 58). "അവൻ തൻെറ സ്വന്തജനങ്ങളുടെ അടുക്കലേക്ക് വന്നു. എങ്കിലും സ്വകീയർ അവനെ സ്വീകരിച്ചില്ല" (യോഹ. 1, 11).

സ്വർഗ്ഗം പ്രഘോഷിക്കുന്ന സന്തോഷവാർത്ത (2,8–14):

വാ. 8: ഇടയന്മാർ എപ്പോഴും അവഗണിക്കപ്പെട്ടവരാണ്. സാക്ഷിപറയുന്നതിന് അവർക്ക് അവകാശമില്ല. പണമിടപാടിൽ അവരെ എപ്പോഴും സംശയിച്ചിരുന്നു. ചുങ്കക്കാരും ഇടയരുമെല്ലാം ഒരേഗണത്തിൽപ്പെട്ടവരായിരുന്നു. പക്ഷേ, ദൈവം ഇങ്ങനെ ബലഹീനരും അവഗണിക്കപ്പെട്ടവരുമായവരെ വെളിപാടും രക്ഷയും സ്വീകരിക്കുവാൻ തെരഞ്ഞെടുത്തു.

ഇവർ മാർച്ചുമുതൽ ഡിസംബർവരെ തീററിസ്ഥലങ്ങളിൽ ആടുകളോടൊപ്പം രാവും പകലും കഴിച്ചുകൂട്ടുന്നു, അവയെ സംരക്ഷിക്കുവാൻ. അവർ രണ്ടാമത്തേയും മൂന്നാമത്തേയും യാമത്തിൽ ഉണർന്നിരിക്കുന്നവരാണ്. അങ്ങനെ അവർക്ക് കർത്താവിനെ സ്വീകരിക്കുന്നതിന് ഭാഗ്യം ലഭിക്കുന്നു (cfr ലൂക്കാ 12, 37 f).

വാ. 9–12: ചരിത്രത്തിലെ ഈ നിമിഷത്തിൻെറ പ്രാധാന്യം ദൈവംതന്നെ മാലാഖാവഴി ഇടയന്മാർക്ക് കാണിച്ചുകൊടുക്കുന്നു. കർത്താവിൻെറ മഹത്വം അവരുടെമേൽ പ്രകാശിക്കുന്നു (പുറ. 16, 10). ഇതിന് മനുഷ്യനിലുണ്ടാകുന്ന പ്രതികരണം ഭയമാണ്. എന്നാൽ സന്ദേശമെപ്പോഴും മഹാ സന്തോഷത്തിൻേറയും വിജയത്തിൻേറതുമാണ്. ഇതുതന്നെയാണ് യോഹന്നാൻമാംദാന കർത്താവിന് വഴിയൊരുക്കിക്കൊണ്ട് നൽകിയത് (ലൂക്കാ. 3, 3f). ഇതാണ് ക്രിസ്തുവിൻെറ ദൗത്യം (4, 18); അതാണ് അവിടുന്ന് നിർവ്വഹിച്ചത് (8, 1). അപ്പസ്തോലന്മാരും പ്രഖ്യാപിച്ചത് ഈ സന്ദേശംതന്നെ (നട. 5, 42). യേശുവിൻെറ ജനനം ഈ മഹാസന്തോഷത്തിൻേറയും ശാന്തിയുടേയും സന്ദേശത്തിന് തുടക്കംകുറിച്ചു. ഇതിലാണ് ദൈവത്തിൻെറ മഹത്വം വെളിപ്പെടുന്നത്.

ഈ സദ്‌വാർത്ത ഭയത്തെ അകററുന്നു; വലിയ സന്തോഷം പ്രദാനം ചെയ്യുന്നു. ഇതു പ്രഘോഷിക്കപ്പെടുന്നിടത്തെല്ലാം സന്തോഷം ഉളവാകുന്നു (ലൂക്കാ. 1, 14–41, 47). ഈ വലിയ ആനന്ദത്തിന് അർഹരാകുന്നവർ ഇടയന്മാരാണ്. ഇതുപോലെ പിന്നീട് അപ്പസ്തോലന്മാരും (ലൂക്കാ. 10, 17). പീഡസഹിക്കുമ്പോൾപോലും (നട. 5, 40 f) ആനന്ദിക്കുന്നു. ഈ ആനന്ദം സർവ്വലോകത്തിനും ഉള്ളതാണ്. ഈ മഹാ സന്തോഷം– ഇന്നു രക്ഷകൻ പിറന്നു എന്ന വാർത്ത– ലോകംമുഴുവൻ വ്യാപിക്കേണ്ടിയിരിക്കുന്നു. ഈ ശിശു

www.malankaralibrary.com

രക്ഷകനും, ക്രിസ്തുവും, കർത്താവുമാണ്. ഈ പേരുകളിലാണ് ഈശോയെ അപ്പസ്തോലന്മാർ മനസ്സിലാക്കുന്നതും പ്രഘോഷിപ്പിക്കുന്നതും (നട. 2, 36; ഫിലി. 2, 11).

പക്ഷേ, ഇടയന്മാർക്കു കിട്ടിയ അടയാളം പിള്ളക്കച്ചകൾകൊണ്ട് ചുററി പുൽത്തൊട്ടിയിൽ കിടത്തിയിരിക്കുന്ന ഒരു ശിശുവിനെ കാണുമെന്നാണ്. ലോകരക്ഷകൻ ബലഹീനനായ ഒരു ശിശുവോ? കർത്താവു പുൽത്തൊട്ടിയിലോ പള്ളികൊള്ളുന്നത്? ഈ ശിശു യൂദന്മാർക്കു ഇടർച്ചയും പുറജാതികൾക്ക് ഭോഷത്തവുമാണ് (1 കൊറി. 1, 23). പക്ഷേ, ദൈവത്തിന്റെ ഭോഷത്തം മനുഷ്യന്റെ എല്ലാ അറിവിനേയുംകാൾ ജ്ഞാനമുള്ളതാണ്; ദൈവത്തിന്റെ ബലക്ഷയം മനുഷ്യന്റെ സർവ്വശക്തിയേക്കാൾ ബലമുള്ളതാണ് (1 കൊറി. 1, 25).

വാ. 13-14- ഇതു മനസ്സിലാക്കിത്തരുവാൻതന്നെയായിരിക്കണം സ്വർഗ്ഗീയസൈന്യങ്ങൾ പാടിസ്തുതിച്ചത്: "അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതിയും, ഭൂമിയിൽ ദൈവം പ്രസാദിച്ച മനുഷ്യർക്ക് സമാധാനവും." അവർ ദൈവത്തിന്റെ ആദ്യജാതനെ ആരാധിക്കുന്നു (ഹെബ്രാ. 1, 6). അവരെല്ലാം ദൈവത്തിന്റെ സേവകന്മാരാണ്. അവരുടെ ഗാനം ദൈവത്തിന്റെ ചെയ്തികളെ സ്തുതിക്കലാണ്, ആരാധിക്കലാണ്. സ്വർഗ്ഗത്തിലും ഭൂമിയിലും, ദൈവത്തിന്റെ പക്കലും മനുഷ്യരുടെ ഇടയിലും യേശുവിന്റെ ജനനം എന്താണു സൂചിപ്പിക്കുന്നതെന്നാണ് അവർ പാടിയ പാട്ടിന്റെ അർത്ഥം.

'അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി'; ദൈവം അത്യുന്നതങ്ങളിൽ വസിക്കുന്നു. യേശുവിന്റെ ജനനത്തിൽ അവിടുന്ന് മഹത്വപ്പെടുന്നു. യേശു ദൈവത്തിന്റെ പൂർണ്ണമായ ആവിഷ്കാരമാണ് (ഹെബ്രാ. 1, 3). അവനിൽ ദൈവസ്നേഹം ഗോചരമാകുന്നു (യോ. 3, 16). അവൻ ലോകത്തിൽ ദൈവത്തെ മഹത്വപ്പെടുത്തുന്നു (17, 4).

'ഭൂമിയിൽ ദൈവം പ്രസാദിച്ച മനുഷ്യർക്ക് സമാധാനം'. യേശുവിൽ നിന്നാണ് ലോകം സമാധാനം സ്വീകരിക്കുന്നത്. കാരണം, യേശുവാണ് സമാധാനരാജൻ, ശക്തനായ ദൈവം, മഹാനായ ഉപദേഷ്ടാവ് (ഏശ. 9,5f). സമാധാനം രക്ഷയുടെ എല്ലാ അനുഗ്രഹങ്ങളും ഉൾക്കൊള്ളുന്നതാണ്. മനുഷ്യനു് പാപംനിമിത്തം നഷ്ടപ്പെട്ടതെല്ലാം സമൃദ്ധമായി വീണ്ടുകിട്ടുകയാണ് സമാധാനംവഴി (Cfr ഏശ. 54,10). സമാധാനം അനുരഞ്ജനമാണ്, പൂർണ്ണസന്തോഷമാണ്; അതു് ക്രിസ്തുവിന്റെ സുവിശേഷമാണ് (എഫേ. 6,15). ക്രിസ്തുതന്നെയാണ് ഈ സമാധാനം.

ഇതു് സമീപസ്ഥനും ദൂരസ്ഥനും ഉള്ളതാണ്. എന്നാൽ ദുഷ്ടന്മാർക്കു സമാധാനമില്ല (ഏശ. 57, 19-21). ഇതാണ് സ്വർഗ്ഗത്തേയും ഭൂമിയേയും തമ്മിൽ അടുപ്പിക്കുന്നത്. ഈ സമാധാനപുത്രനെയാണ് ഓശാനഞായറാഴ്ച ആളുകൾ ആർത്തുവിളിച്ചുകൊണ്ട് സ്വീകരിക്കുന്നത് – 'കർത്താവിന്റെ നാമത്തിൽവരുന്ന രാജാവ് അനുഗൃഹീതനാകുന്നു! സ്വർഗ്ഗത്തിൽ സമാധാനം! ഉന്നതങ്ങളിൽ മഹത്വം!' (ലൂക്ക 19, 38). സ്വർഗ്ഗത്തിലെ സമാധാനവും മഹത്വവും ക്രിസ്തുവഴി മനുഷ്യർക്കു നൽകപ്പെട്ടു. ക്രിസ്തുവിന്റെ രക്ഷ ബത്‌ലഹേമിൽ ആരംഭിച്ച്, ജറൂസലംവഴി ലോകത്തിനു മുഴുവനുമുള്ളതായിത്തീരുന്നു. ഇതാണ് ലൂക്കാസുവിശേഷകൻ ചരിത്രപരമായും പ്രവചനാത്മകമായും പ്രതീകാത്മകമായും അവതരിപ്പിക്കുന്ന സത്യം.

ഫാ. ജോസഫ് തുരുത്തുമാലി.

www.malankaralibrary.com

## പിറവിത്തിരുനാൾ (ii) – ലൂക്കാ 2: 15–20

ഈ സുവിശേഷഭാഗത്ത് ഇടയന്മാർ തങ്ങൾക്കു കിട്ടിയ സ്വർഗ്ഗീയ സന്ദേശം വാസ്തവമാണെന്ന് പോയി കാണുന്നു (15: 16), അതു പ്രസിദ്ധമാക്കുന്നു (വ. 17–19). അതു നിമിത്തം ദൈവത്തെ സ്തുതിക്കയും മഹത്വപ്പെടുത്തുകയും ചെയ്യുന്നു.

വ. 15–16: ദൈവത്തിന്റെ വചനം സന്ദേശം മാത്രമല്ല, സംഭവം കൂടിയാണ്. സന്ദേശം യാഥാർത്ഥ്യമായിരിക്കുന്നു. അത് അന്വേഷിച്ചറിയുവാൻ കഴിയാത്ത ക്രിസ്തുവിന്റെ സമ്പത്താണ്; ദൈവത്തിന്റെ തിരുമനസ്സാണ്; നിത്യമായി മറഞ്ഞിരുന്ന ദൈവരഹസ്യത്തിന്റെ പ്രത്യക്ഷീകരണമാണ് (എഫേ. 3, 8). ഇതു മനസ്സിലാക്കുവാൻ ഭാഗ്യം ലഭിക്കുന്നത് വിനീതരായ ആട്ടിടയന്മാർക്കാണ്. വിനീതരായവർ എന്നും അതിനർഹരാകുന്നു (1 കൊറി. 15, 8; 2 കൊറി. 4, 5).

ഈ സന്ദേശം സ്വീകരിച്ചതുകൊണ്ട് ഇടയന്മാർ തൃപ്തരാകുന്നില്ല. അവർ ധൃതിയിൽ അതിന്റെ യാഥാർത്ഥ്യം മനസ്സിലാക്കുവാൻ പോകയാണ്. കാരണം, രക്ഷയുടെ ക്ഷണം ലഭിച്ചാൽ മടിപിടിച്ചിരിക്കുക വയ്യ. യേശുവിലാണ് ദൈവത്തിന്റെ രക്ഷയും മഹത്വവും. ദൈവം നയിച്ചതുകൊണ്ട് ഇടയന്മാർ രക്ഷ കണ്ടെത്തുന്നു. അവരുടെ കണ്ണുകൾകൊണ്ട് മറിയത്തെയും, ജോസഫിനേയും, ശിശുവിനേയും കണ്ടെത്തുന്നു. പക്ഷേ, ദൈവവെളിപാടിന്റെ വെളിച്ചത്തിലാണ് അവർ അതു നോക്കിക്കാണുന്നത്.

വാ. 17–19: രക്ഷയുടെ ഈ സംഭവം കണ്ടു ധ്യാനിച്ചതിന്റെ ഫലമെന്താണ്? അവർ അതു പ്രസിദ്ധമാക്കുന്നു. അതിന്റെ സന്ദേശവാഹകരും അപ്പസ്തോലന്മാരുമാകുന്നു. ഇങ്ങനെ സാക്ഷ്യം വഹിക്കുക എല്ലാവർക്കുമുള്ളതല്ല; മറിച്ച്, ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ടവർക്ക് മാത്രം (നട. 10, 40–43). മറ്റുള്ളവർ അതു കേൾക്കുന്നു, വിസ്മയഭരിതരാകുന്നു. ക്രിസ്തുവിന്റെ വാക്കുകളും പ്രവൃത്തികളും അത്ഭുതമുളവാക്കുന്നതായി ലൂക്കായുടെ സുവിശേഷത്തിൽ ഉടനീളം കാണാം. ദൈവികമായ വെളിപാടിനു മുമ്പിലുള്ള പ്രതികരണം പലതാണ്, ചിലർ വിശ്വാസവും ഭക്തിയും നിറഞ്ഞവരാകുന്നു; ചിലർ അതിനെ മറ്റു മുൻവിധികൾ കൂടാതെ അംഗീകരിക്കുന്നു; മറ്റു ചിലരോ അതിനെ വിമർശിക്കുകയും പുച്ഛിച്ചു തള്ളുകയും ചെയ്യുന്നു. വിശ്വാസത്തിന്റെ തീരുമാനം ഓരോ വ്യക്തിയുടേതുമാണ്.

മറിയവും ഇടയന്മാരിൽനിന്ന് തന്റെ ശിശുവിനെപ്പറ്റി ഒരു സന്ദേശം സ്വീകരിക്കുന്നു. ഗബ്രിയേൽ മാലാഖയും ഇളയമ്മയായ എലിസബത്തും പറഞ്ഞത് ഇടയന്മാരാൽ പൂർത്തിയാക്കപ്പെടുന്നു. അവൾ വിസ്മയിക്കുക മാത്രമല്ല, 'ഈ കാര്യങ്ങളെല്ലാം തന്റെ ഹൃദയത്തിൽ സംഗ്രഹിച്ച് ധ്യാനിക്കുകയും' ചെയ്തു. അവൾ ദൈവം ആഗ്രഹിക്കുന്നതുപോലെ ശ്രവിച്ചു. നല്ലപോലെ ഫലം തരുന്ന നിലമായിരുന്നു മറിയത്തിന്റെ ഹൃദയം. മറിയം തുടർച്ചയായി തന്റെ ശിശുവിനെപ്പറ്റി പുതിയ കാര്യങ്ങൾ കേൾക്കുന്നു. ക്രിസ്തുസംഭവത്തിന്റെ സമ്പന്നത ഇങ്ങനെ തുടർച്ചയായ സന്ദേശങ്ങൾവഴി മാത്രമേ വെളിപ്പെടുത്താൻ സാധിക്കൂ. ഈ സന്ദേശശകലങ്ങൾ ബന്ധപ്പെടുത്തുകയും പഴയ വിശ്വാസപാരമ്പര്യത്തിൽ ഇണക്കിച്ചേർക്കുകയും വേണം. അതുതന്നെയാണ് മറിയം ചെയ്തത്. മംഗലവാർത്തയിലും, എലിസബത്തിന്റെ വാക്കിലും, ആട്ടിടയന്മാരുടെ സന്ദേശത്തിലും, നിരന്തരമായ ധ്യാനത്തിനും, ആരാധനയ്ക്കും, സ്തുതിക്കും, നന്ദിപറച്ചിലിനും, സന്തോഷപ്രകടനത്തിനും, വിശ്വസ്ഥതാപ്രകടനത്തിനുമുള്ള വിഷയമാണ് മറിയം കാണുക. ദൈവവചനം ശരിയായി സ്വീകരിക്കുന്നവരുടെ മാതൃകയാണ് മറിയം. വിശ്വാസത്തിൽ ക്രിസ്തുവിനെ സ്വീകരിച്ച് സംവഹിക്കുന്ന, സഭയുടെ വിശ്വാസികളുടെ, മാതൃകയാണ് മറിയം.

www.malankaralibrary.com

വ. 20: ദൈവം വിനീതരായ ആട്ടിടയരെ രക്ഷകന്റെ ജനനസന്ദേശം സ്വീകരിക്കുവാൻ വിളിക്കുന്നു. അവർ അതിന് ദൃക്സാക്ഷികളായി അവരുടെ അനുദിന ജീവിതത്തിലേയ്ക്ക് മടങ്ങിപ്പോകുകയാണ്. പക്ഷേ, അവർ ദൈവത്തെ സ്തുതിച്ചുകൊണ്ടും മഹത്വപ്പെടുത്തിക്കൊണ്ടുമാണ് മടങ്ങിപ്പോകുക. ഈ സ്തുതിയുടെ ശബ്ദം സുവിശേഷത്തിൽ എല്ലായിടത്തും നാം കേൾക്കുന്നു. ദൈവത്തെ മഹത്വപ്പെടുത്തുന്ന ശതാധിപൻ (ലൂക്കാ 23. 40), ദേവാലയത്തിൽ ദൈവത്തെ സ്തുതിക്കുന്ന ശ്ലീഹന്മാർ (24, 53), സ്തുതി പാടുന്ന ആദിമക്രിസ്ത്യാനികൾ (നട. 2, 42) ദൈവത്തിന്റെ രക്ഷാകരപദ്ധതികൾ ദൈവത്തെ സ്തുതിക്കുന്നതിനും, പുകഴ്ത്തുന്നതിനും, മഹത്വപ്പെടുത്തുന്നതിനും പ്രേരിപ്പിക്കുന്നു.

ദൈവം യേശുവഴി രക്ഷിക്കുന്നു എന്ന രക്ഷാകര യാഥാർത്ഥ്യം ഗ്രഹിക്കുന്നവരും അതു പ്രസിദ്ധമാക്കുന്നവരും അതു നിമിത്തം ദൈവത്തെ സ്തുതിക്കുന്നവരും ഭാഗ്യവാന്മാർ.

ഫാ. ജോസഫ് തുരുത്തമാലി

Printing: St. Joseph's Press, Mannanam
Published from St. Thomas Ap. Seminary, Kottayam-10
By Msgr. Z. Vazhappilly.

www.malankaralibrary.com

Reg. No. R. N. 27314/72

BIBLEBHASHYAM
St. Thomas Ap. Seminary
Vadavathoor
Kottayam – 686010
Kerala, India

www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com